LIBRARY ARCHIVES Kerala Legislative Assembly

മൊബൈൽ മെഡിക്കൽ യൂണിറ്റ് വളരെ അത്യാവശ്യമാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ ബി. ഡി. ദേവസ്സി ഉന്നയിച്ച ആവശ്യം ആരോഗ്യവകുപ്പ് വളരെ ഗൗരവത്തോടുകൂടിയാണ് കാണുന്നത്. ഇപ്പോൾ തന്നെ ഇടുക്കിയിലും കണ്ണൂരിലും മറ്റും മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ ആദിവാസി കോളനികളിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലൻ പട്ടികവർഗ്ഗ കോളനികളിലേക്ക് ആവശ്യമായിട്ടുള്ള മൊബൈൽ മെഡിക്കൽ വാൻ അല്ലെങ്കിൽ ചെറിയ ആമ്പുലൻസ് നൽകാമെന്ന് വാഗ്ദാനം ചെയ്തിട്ടുണ്ട്. പതിമൂന്നാം ധനകാര്യ കമ്മീഷന്റെ പ്രാക്തനാ ഗോത്ര വിഭാഗങ്ങൾക്കുള്ള പാക്കേജുകളിൽ ഉൾപ്പെടുത്തി ഈ പദ്ധതി നടപ്പിലാക്കാമെന്ന് അദ്ദേഹം സമ്മതിച്ചിട്ടുമുണ്ട്. നിലവിൽ അതിരപ്പിള്ളി ആദിവാസി മേഖലകളിൽ വെറ്റിലപ്പാറ പി.എച്ച്.സി. യുടെ ആഭിമുഖ്യത്തിലുള്ള മെഡിക്കൽ ക്യാമ്പുകളും തൃശ്ശൂർ ഡി.എം.ഒ.-യുടെ നേതൃത്വത്തിലുള്ള സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള മെഡിക്കൽ ക്യാമ്പുകളും നടത്തിവരുന്നുണ്ട്. ആദിവാസി മേഖലകളിൽ കൂടുതൽ ചികിൽസാ ഉറപ്പുവരുത്തുന്നതിന് തീർച്ചയായിട്ടും അതിരപ്പിള്ളിയിൽ ഒരു മൊബൈൽ മെഡിക്കൽ യൂണിറ്റ് തുടങ്ങുന്നതാണ്.

V റിപ്പോർട്ട് സമർപ്പണം

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്യുതാനന്ദൻ): സർ, ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച XIV-ാം സബ്ജക്ട് കമ്മിറ്റിയുടെ ചെയർമാനായ ഞാൻ 2010-ലെ മൂന്നാർ പ്രത്യേക ട്രൈബ്യൂണൽ ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും സമർപ്പിക്കുന്നു.

VI ധനകാര്യം

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): സർ, നഗരവികസനം XXII പഞ്ചായത്ത് XXXV സാമൂഹ്യ വികസനം - XXXVI എന്നീ നമ്പർ ധനാഭ്യർത്ഥനകളുടെ പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കു നേരെ 7-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുക 2010-11-ലെ സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ബഡ്ജറ്റ് എസ്റ്റിമേറ്റ് 2010-2011

ധനാഭ്യർത്ഥന നമ്പർ	ധനാഭ്യർത്ഥനയുടെ പേര്	16-3-2010-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക		സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക		ആകെ (രൂപ)
		റവന്യൂ (രൂപ)	മൂലധനം (രൂപ)	റവന്യൂ (രൂപ)	മൂലധനം (രൂപ)	
(1)	(2)	(3)	(4)	(5)	(6)	(7)
XXII	നഗര വികസനം	310,72,24,000	1,16,67,000	621,44,47,000	23,33,30,000	623,77,80,000
XXXV	പഞ്ചായത്ത്	46,18,26,000	6,66,67,000	92,36,53,000	13,33,33,000	105,69,86,000
XXXVI	സാമൂഹ്യ വികസനം	95,15,37,000	1,50,00,000	190,30,74,000	3,00,00,000	193,30,74,000

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): സർ, ഞാൻ പ്രമേയങ്ങളെ പിൻതാങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): സർ, നഗരവികസനം - XXII, പഞ്ചായത്ത്-XXXV, സാമൂഹ്യക്ഷേമം- XXXVI എന്നീ നമ്പർ ധനാഭ്യർത്ഥനകളേയും കുറിച്ചുള്ള സബ്ജക്ട് കമ്മിറ്റി ശുപാർശകളിൻമേൽ 236(3) അനുസരിച്ചുള്ള പ്രസ്താവന ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ: മൂന്ന് ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ച ഒരുമിച്ച് നടത്താവുന്നതാണ്.

(ഖണ്ഡനോപക്ഷേപങ്ങൾ)

2010-2011 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റ് സംബന്ധിച്ച ഉപക്ഷേപങ്ങൾ

ധനാഭ്യർത്ഥനയുടെ നമ്പർ	ധനാഭ്യർത്ഥനയുടെ പേര്
XXII	നഗരവികസനം
XXXV	പഞ്ചായത്ത്
XXXVI	സാമൂഹ്യവികസനം

LIBRARY ARCHIVES Kerala Legislative Assembly

ധനാഭ്യർത്ഥന നമ്പർ XXII-നഗരവികസനം

സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക 623,77,80,000 രൂ.

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. എൻ. ശക്തൻ : സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 623,77,80,000 രൂ. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്.

(സംസ്ഥാനത്തെ നഗരപ്രദേശങ്ങളിൽ നടപ്പാക്കേണ്ട നഗര തൊഴിലുറപ്പ് പദ്ധതിക്കായി അംഗമാകുന്നവരുടെ രജിസ്ട്രേഷൻ നടത്തുക, തൊഴിൽ കാർഡ് വിതരണം നടത്തുക എന്നീ പ്രാഥമിക പ്രവർത്തനങ്ങൾ പോലും സമയബന്ധിതമായി നടത്താൻ കഴിയാത്തതായി പറയപ്പെടുന്ന നയം നിരാകരിക്കുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് : സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 623,77,80,000 രൂ. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്.

(കോർപ്പറേഷനുകളിൽ കെട്ടിടപ്ലാനും അപേക്ഷയും ഓൺലൈനായി നൽകുന്നതിനുള്ള സംവിധാനത്തിൽ ക്രമക്കേടുകളും അഴിമതിയും നടത്താനും ഈ സംവിധാനം അട്ടിമറിക്കാനും നടത്തുന്നതായി പറയപ്പെടുന്ന ശ്രമങ്ങൾ അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെടുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 623,77,80,000 രൂ. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്.

(കോർപ്പറേഷനുകൾ മുനിസിപ്പാലിറ്റികൾ എന്നിവയുടെ പദ്ധതി വിഹിതം യഥാസമയം ചെലവഴിക്കുന്നതിൽ വീഴ്ച വരുത്തിയതായി പറയപ്പെടുന്ന നയം നിരാകരിക്കുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. എ. വാഹിദ് : സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 623,77,80,000 രൂ. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്.

(മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി നഗരപ്രദേശങ്ങളിലും നടപ്പിലാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന നയം നിരാകരിക്കുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. കാർത്തികേയൻ : സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 623,77,80,000 രൂ. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്.

(എ.ഡി.ബി. സഹായത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കുന്ന സുസ്ഥിര നഗര പദ്ധതിയുടെ നടത്തിപ്പിൽ യാതൊരു പുരോഗതിയും കൈവരിക്കാനാകാത്തതായി പറയപ്പെടുന്ന നയം നിരാകരിക്കുന്നതിന്) എന്ന വെട്ടിച്ചുരുക്കൽ പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ജോർജ് മേഴ്സിയർ : സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 623,77,80,000 രൂ. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്.

(തലസ്ഥാന നഗരവികസനത്തിനായി ഏറ്റെടുത്ത റോഡുകളുടെ നിർമ്മാണം യഥാസമയം പൂർത്തിയാക്കാത്തതുമൂലം പൊതുജനങ്ങൾക്ക് ഉണ്ടായതായി പറയപ്പെടുന്ന ബുദ്ധിമുട്ടുകൾ ചർച്ച ചെയ്യുന്നതിന്) എന്ന വെട്ടിച്ചുരുക്കൽ പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. റ്റി. എൻ. പ്രതാപൻ : സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 623,77,80,000 രൂ. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്.

(നഗരപ്രദേശങ്ങളിൽ കോർപ്പറേഷനുകളുടെ അനുമതിയില്ലാതെ വൻകിട നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത് തടയുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന നയം നിരാകരിക്കുന്നതിന്) എന്ന വെട്ടിച്ചുരുക്കൽ പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 623,77,80,000 രൂ. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്.

(ജവഹർലാൽ നെഹ്റു നാഷണൽ അർബൻ റിന്യൂവൽ മിഷന്റെ സംസ്ഥാനത്തു നടപ്പാക്കിവരുന്ന പല പദ്ധതികളും സമയ ബന്ധിതമായി പൂർത്തിയാക്കാത്തതായി പറയപ്പെടുന്ന നയം നിരാകരിക്കുന്നതിന്) എന്ന വെട്ടിച്ചുരുക്കൽ പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. എ. ഷുക്കൂർ : സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 623,77,80,000 രൂ. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്.

(നഗരപ്രദേശങ്ങളിൽ ഉള്ളതായി പറയപ്പെടുന്ന അനധികൃത കശാപ്പു ശാലകൾ കണ്ടെത്തി അവ നിരോധിക്കാനും വൃത്തിയും ശാസ്ത്രീയ അടിത്തറയുമുള്ള പുതിയ കശാപ്പുശാലകൾ നിർമ്മിക്കുന്നതിനും നടപടി ഉണ്ടാകണമെന്ന് ആവശ്യപ്പെടുന്നതിന്) എന്ന വെട്ടിച്ചുരുക്കൽ പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 623,77,80,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്.

(കെട്ടിട നിർമ്മാണ പെർമിറ്റുകൾക്കുള്ള അപേക്ഷകളിന്മേൽ യഥാസമയം തീർപ്പ് കൽപ്പിക്കാതിരുന്നത് അഴിമതിക്കിടയാകുന്നതായി പറയപ്പെടുന്ന നയം നിരാകരിക്കുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. ഉമ്മർ: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 623,77,80,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്.

(നഗരസഭാ ഓഫീസുകളിൽ പൊതുജനങ്ങൾക്ക് ആവശ്യമായ സേവനങ്ങൾ ഏർപ്പെടുത്തി വിവിധാവശ്യങ്ങൾക്ക് അവിടെ എത്തുന്നവരുടെ സൗകര്യത്തിനുള്ള കൂടുതൽ നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറയ്ക്കൽ

നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 623,77,80,000 ക. യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ പ്രത്യേകം പ്രത്യേകം അവതരിപ്പിച്ചു:

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

1. പ്രൊഫ. എൻ. ജയരാജ്
2. ശ്രീ. തോമസ് ഉണ്ണിയാടൻ
3. " ജോസഫ് എം. പുതുശ്ശേരി
4. " കെ. ബി. ഗണേഷ് കുമാർ
5. " റോഷി അഗസ്റ്റിൻ
6. " കെ. പി. മോഹനൻ
7. " ഡൊമിനിക് പ്രസന്റേഷൻ
8. " തേറമ്പിൽ രാമകൃഷ്ണൻ
9. " അടൂർ പ്രകാശ്
10. " കെ. ബാബു
11. " കെ. സി. ജോസഫ്
12. " ആര്യാടൻ മുഹമ്മദ്

LIBRARY ARCHIVES Kerala Legislative Assembly

ധനാഭ്യർത്ഥന നമ്പർ XXXV പഞ്ചായത്ത്

സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക 105,69,86,000 രു.

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ:

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 105,69,86,000 രൂ. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്.

(ദേശീയ തൊഴിലുറപ്പു പദ്ധതിയിൽ കേന്ദ്ര നിർദ്ദേശമനുസരിച്ചുള്ള തൊഴിൽദിനങ്ങൾ ലഭ്യമാക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന നയം നിരാകരിക്കുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 105,69,86,000 രൂ. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്.

(തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പിനായി വാർഡു വിഭജനം നടത്തിയതിലും വോട്ടർപ്പട്ടിക തയ്യാറാക്കിയതിലും ഉണ്ടായതായി പറയപ്പെടുന്ന ക്രമക്കേടുകൾ ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു : സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 105,69,86,000 രൂ. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്.

(തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഇ.എം.എസ് ഭവനപദ്ധതിക്കായി അപേക്ഷ സമർപ്പിച്ച അർഹരായ പലരേയും റേഷൻകാർഡ് സംബന്ധിച്ച നിബന്ധനകൾ കാരണം ഒഴിവാക്കിയതായി പറയപ്പെടുന്ന നയം നിരാകരിക്കുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അടൂർ പ്രകാശ് : സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 105,69,86,000 രൂ. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്.

(പഞ്ചായത്തുകളിൽ രാജീവ് ഗാന്ധി ഭവനനിർമ്മാണ പദ്ധതിയിലൂടെ വീട് വച്ച് നൽകുന്നതിന് അപേക്ഷകരെ തെരഞ്ഞെടുക്കുന്നതിൽ പക്ഷപാത നിലപാട് സ്വീകരിച്ചതായി പറയപ്പെടുന്ന നയം നിരാകരിക്കുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. സി. ജോസഫ് : സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 105,69,86,000 രൂ. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതിയനുസരിച്ച് അപേക്ഷിച്ച പലർക്കും അർഹരായിരുന്നിട്ടും റേഷൻകാർഡ് സംബന്ധിച്ച നിബന്ധനകൾ കാരണം പദ്ധതിയിൽ ഉൾപ്പെടുത്താതിരിക്കുന്നതായി പറയപ്പെടുന്ന നയം നിരാകരിക്കുന്നതിന്) എന്ന വെണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 105,69,86,000 രൂ. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്.

(സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഖരമാലിന്യ നിർമ്മാർജ്ജനത്തിന് പൊതുവായ മാർഗ്ഗനിർദ്ദേശങ്ങൾ നല്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന നയം നിരാകരിക്കുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് : സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 105,69,86,000 രൂ. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്.

(തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ വാർഡ് പുനർനിർണ്ണയത്തിന് വേണ്ടി രൂപീകരിച്ച കമ്മീഷൻ അംഗീകരിച്ചതായ റിപ്പോർട്ടിൽ അതാതു ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർ നൽകിയ ശുപാർശകൾ മാറ്റം വരുത്താതെ പഞ്ചായത്തുകളുടെ വാർഡ് പുനർനിർണ്ണയം നടത്തണമെന്നിരിക്കെ ഇത്തരം നിർദ്ദേശങ്ങൾ ഒഴിവാക്കി വാർഡ് പുനർനിർണ്ണയം നടത്തിയിട്ടുള്ള സാഹചര്യംമൂലം ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന അപാകതകൾ ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 105,69,86,000 രൂ. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്.

(1995-ന് ശേഷം പതിനാറാണ കെട്ടിടനമ്പർ, വാർഡുകൾ എന്നിവയ്ക്ക് പുറമെ പല പഞ്ചായത്തുകളിലും ഘടനാപരമായ മാറ്റംതന്നെ സംഭവിച്ച സാഹചര്യത്തിൽ പുതുതായി എന്യൂമറേഷൻ നടത്തി വോട്ടർ പട്ടിക തയ്യാറാക്കാത്തതിനാൽ വ്യാപകമായ ക്രമക്കേട് വോട്ടർപട്ടികയിൽ സംഭവിക്കുന്നത് തിരുത്താൻ വേണ്ട സംവിധാനമോ സമയമോ ഇല്ലാത്തതായി പറയപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ശക്തൻ: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 105,69,86,000 രൂ. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്.

(സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിന് പ്രസിദ്ധീകരിച്ച വോട്ടർപട്ടികയിൽ വ്യാപകമായ തെറ്റുകളും

LIBRARY ARCHIVES Kerala Legislative Assembly

ക്രമക്കേടുകളും കടന്നുകൂടിയതായി പറയപ്പെടുന്ന ആക്ഷേപങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിന് സംസ്ഥാനതലത്തിൽ ഒരു ഉന്നതാധികാര സമിതിയെ രൂപീകരിക്കണമെന്ന് ആവശ്യപ്പെടുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. എ. വാഹിദ് : സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 105,69,86,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്.

(സംസ്ഥാനത്തെ പല പഞ്ചായത്തുകളിലും പുതുതായി രൂപീകരിച്ചതോ നേരത്തെ നിലവിലുണ്ടായിരുന്നതോ ആയ വാർഡുകൾ പോയിട്ട് സമീപംപോലും ഇല്ലാത്ത സാങ്കല്പികമായ വാർഡുകൾ രൂപീകരിച്ച് കരട് വോട്ടർപട്ടിക പ്രസിദ്ധീകരിച്ചതായി പറയപ്പെടുന്ന സംഭവങ്ങൾ ശ്രദ്ധയിൽക്കൊണ്ടുവരുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. ഉമ്മർ: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 105,69,86,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്.

(വൃദ്ധരുടെയും, അനാഥരുടെയും, അഗതികളുടെയും സംരക്ഷണത്തിനും, പുനരധിവാസത്തിനും പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 105,69,86,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്.

(വൃദ്ധരുടെയും, അനാഥരുടെയും, അഗതികളുടെയും സംരക്ഷണത്തിനും, പുനരധിവാസത്തിനും പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറയ്ക്കൽ

പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 105,69,86,000 ക. യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ പ്രത്യേകം പ്രത്യേകം അവതരിപ്പിച്ചു:

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

1. ശ്രീ. ജി. കാർത്തികേയൻ
2. " ജോർജ് മേഴ്സിയർ
3. " റ്റി. എൻ. പ്രതാപൻ
4. " എ. എ. ഷുക്കൂർ
5. " തോമസ് ഉണ്ണിയാടൻ
6. " ജോസഫ് എം. പുതുശ്ശേരി
7. പ്രൊഫ. എൻ. ജയരാജ്
8. ശ്രീ. കെ. ബി. ഗണേഷ് കുമാർ
9. " റോഷി അഗസ്റ്റിൻ
10. " കെ. പി. മോഹനൻ

ധനാഭ്യർത്ഥന നമ്പർ XXXVI സാമൂഹ്യ വികസനം

സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക 193,30,74,000 രൂ.

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. എ. പി. അനിൽകുമാർ : സർ, സാമൂഹ്യവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 193,30,74,000 രൂ. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ്.

(കേന്ദ്രാവിഷ്കൃത പദ്ധതിയായ മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ ഗ്രാമീണ മേഖലയിലെ സാധാരണക്കാരുടെ ജീവിത നിലവാരം മെച്ചപ്പെടുത്താനുതകുന്ന തരത്തിൽ പദ്ധതി വിനിർദ്ദേശിക്കുന്ന തൊഴിൽ ദിനങ്ങൾ ലഭ്യമാക്കാത്തതായി പറയപ്പെടുന്ന നയം നിരാകരിക്കുന്നതിന്) എന്ന ഭേദഗതിപ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : സർ, സാമൂഹ്യവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 193,30,74,000 രൂ. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ്.

(നിരവധി കേന്ദ്രാവിഷ്കൃത പദ്ധതികൾ യഥാസമയം നടപ്പാക്കുന്നതിൽ വീഴ്ച വരുത്തിയതുകാരണം ഗ്രാമീണ മേഖലയിലെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള നിരവധി പേർക്ക് ജീവിത സാഹചര്യം മെച്ചപ്പെടുത്താനുള്ള അവസരം നഷ്ടപ്പെടുത്തിയതായി പറയപ്പെടുന്ന നയം നിരാകരിക്കുന്നതിന്) എന്ന ഭേദഗതിപ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ജി. കാർത്തികേയൻ: സർ, സാമൂഹ്യവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 193,30,74,000 രൂ. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലെ സ്വയം സഹായ സംഘങ്ങൾ നിർമ്മിക്കുന്ന വിവിധ വസ്തുക്കൾ വിപണനം നടത്താനും അവയ്ക്ക് പ്രചാരണം നൽകുന്നതിനും ആവശ്യമായ വിപണന മേളകൾ സംഘടിപ്പിക്കുന്നതിന് എൻ.ഇ.എസ്. ബ്ലോക്കുകളുടെ പങ്കാളിത്തത്തോടെ ഊർജ്ജിതമായ ശ്രമം ഉണ്ടാകണമെന്ന് ആവശ്യപ്പെടുന്നതിന്) എന്ന ധനാഭ്യർത്ഥനാക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറയ്ക്കൽ

സാമൂഹ്യവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 193,30,74,000 രൂ. യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ധനാഭ്യർത്ഥനാക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ പ്രത്യേകം പ്രത്യേകം അവതരിപ്പിച്ചു :

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

1. ശ്രീ. എൻ. ശക്തൻ
2. " പി. സി. വിഷ്ണുനാഥ്
3. " എം. എ. വാഹിദ്
4. " ജോർജ് മേഴ്സിയർ
5. " റ്റി. എൻ. പ്രതാപൻ
6. " തിരുവഞ്ചൂർ രാധാകൃഷ്ണൻ
7. " എ. എ. ഷുക്കൂർ
8. " ഡൊമിനിക് പ്രസന്റേഷൻ
9. " തേറമ്പിൽ രാമകൃഷ്ണൻ
10. പ്രൊഫ. എൻ. ജയരാജ്
11. ശ്രീ. തോമസ് ഉണ്ണിയാടൻ
12. " കെ. ബി. ഗണേഷ് കുമാർ
13. " റോഷി അഗസ്റ്റിൻ
14. " എം. ഉമ്മർ
15. " അബ്ദുറഹിമാൻ രണ്ടത്താണി
16. " കെ. പി. മോഹനൻ

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. അധികാരവികേന്ദ്രീകരണത്തിന്റെ കാര്യത്തിൽ നാം മാതൃകയാണെന്നാണ് നമ്മുടെ മേനി പറച്ചിൽ. എന്നാൽ തദ്ദേശ

LIBRARY ARCHIVES Kerala Legislative Assembly

സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണം മിക്കവാറും എല്ലായിടത്തും കാര്യക്ഷമമല്ലെന്നതാണ് യാഥാർത്ഥ്യം. പദ്ധതി ആസൂത്രണത്തിലും ഫണ്ട് വിനിയോഗത്തിലും പിടിപ്പുകേടുണ്ടെന്ന് ഓഡിറ്റ് റിപ്പോർട്ടിൽതന്നെ ചൂണ്ടിക്കാണിക്കുന്നു. മാനദണ്ഡങ്ങൾ നിത്യേന മാറ്റുന്നതുകൊണ്ട് പദ്ധതികളുടെ അംഗീകാരം ലഭ്യമാക്കുന്നതിൽ കാലതാമസം വരികയാണ്. സാമ്പത്തിക വർഷത്തിന്റെ അവസാന മാസങ്ങളിൽ എല്ലാംതട്ടിക്കൂട്ടി ചെലവഴിക്കാനുള്ള ഒരു ചാകരയായിട്ടാണ് അവിടെ വയ്ക്കുന്നത്. പദ്ധതികൾ വേണ്ടവിധം ശാസ്ത്രീയമായി തയ്യാറാക്കാനുള്ള വൈദഗ്ദ്ധ്യം ഇതുവരെ തദ്ദേശ സ്ഥാപനങ്ങൾക്ക് കൈവന്നിട്ടില്ല. ഉദ്യോഗസ്ഥൻമാരുടെ പുനർവിന്യാസം പതിമൂന്ന് കൊല്ലമായിട്ടും യാഥാർത്ഥ്യമായിട്ടില്ല. അനുവദിക്കുന്ന തുകയിൽ ചെലവഴിക്കുന്നത് കുറവ്, കോടികൾ പാഴാക്കുന്നു. ചെലവഴിക്കുന്ന പണത്തിന്റെ കണക്കിൽത്തന്നെ തദ്ദേശ സ്വയംഭരണസ്ഥാപനത്തിന്റെ കണക്കുകളും ആസൂത്രണ ബോർഡിന്റെ കണക്കുകളും തമ്മിൽ വ്യത്യാസം. രാഷ്ട്രീയത്തിനതീതമായ കൂട്ടായ്മക്ക് പകരം കുടുംബശ്രീയെ ഏതാണ്ട് പാർട്ടിയുടെ പോഷക സംഘടനയായി മാറ്റി. സാങ്കേതിക സമിതികൾ പാർശ്വവർത്തികളെ നിർത്താനുള്ള ഇടമാക്കിമാറ്റി. ഉപഭോക്തൃ സമിതികൾ പലതും ബിനാമി കരാറിനുള്ള മറകളാണ്. ബഡ്ജറ്റും പദ്ധതിയും തമ്മിൽ യാതൊരു ബന്ധവുമില്ല. കമ്പ്യൂട്ടർവത്ക്കരണവും കമ്പ്യൂട്ടർ നെറ്റ്‌വർക്കും ഇന്നും യാഥാർത്ഥ്യമാക്കിയിട്ടില്ല. അങ്ങനെ ജനങ്ങളിലേക്ക് എത്താത്ത ജനകീയാസൂത്രണം കാര്യക്ഷമതയില്ലായ്മയുടേയും അഴിമതിയുടേയും ധൂർത്തിന്റേയും മേഖലകളായി മാറിക്കൊണ്ടിരിക്കുകയാണ്. ഉത്പാദന മേഖല പാടേ അവഗണിക്കപ്പെടുന്നു. സംഖ്യകൾ പലതും വകമാറി ചെലവ് ചെയ്യുന്നു. നികുതി പിരിവ് പോലും കൃത്യമായി നടത്താത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറെയാണ്. അധികാരവും പണവും മാത്രം നൽകിയാൽ പോര, അത് ഫലപ്രദമായി ചെലവഴിക്കുന്നതിനുള്ള സാഹചര്യവും സംവിധാനവും വേണം. ഇ.എം.എസ്, എം.എൻ. ഭവന പദ്ധതികൾ പ്രതലത്തിൽ മാത്രം ഒതുങ്ങുകയാണ്. അതിന് സംഭരിച്ച പിരിവ് പങ്കുവയ്ക്കുന്ന അനുപാതത്തെപ്പറ്റിയാണ് ഇപ്പോൾ തർക്കം. അഞ്ചുലക്ഷം വീടുകൾ പ്രഖ്യാപിച്ചു. എത്ര വീടുകൾ നാളിതുവരെ കൊടുത്തുവെന്ന് മന്ത്രി വ്യക്തമാക്കണം. വീടില്ലാത്തവരുടെ ലിസ്റ്റുണ്ടാക്കുന്നതിനും പദ്ധതിയുടെ ആസൂത്രണ/നിർവഹണ കാര്യങ്ങളിലും പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഗുരുതരമായ വീഴ്ച വരുത്തിയിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി തന്നെ പരസ്യമായി സമ്മതിക്കുന്നു. സുസ്ഥിര വികസനത്തിന്റെ പേരിൽ എ.ഡി.ബി. വായ്പ തോന്നിയതുപോലെ ചെലവിടുകയാണ്. കാര്യക്ഷമതയില്ലായ്മയും കെടുകാര്യസ്ഥതയും വികസന പദ്ധതികളെയെല്ലാം തകിടംമറിച്ചിരിക്കുന്നു. സാമ്പത്തിക വർഷത്തിൽ എത്രശതമാനംതുക ചെലവഴിച്ചുവെന്നതിന്റെ അടിസ്ഥാനത്തിലാണ് പലപ്പോഴും നാം ഭരണത്തെ വിലയിരുത്തുന്നത്. എത്ര ചെലവഴിച്ചു എന്നുള്ളതല്ല, എന്തിനുവേണ്ടി ചെലവഴിച്ചു, അതുവഴി എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞു എന്ന ഒരു സോഷ്യൽ ഓഡിറ്റിംഗ് നടത്തുമ്പോഴാണ് കൊട്ടിഘോഷിക്കപ്പെടുന്ന

LIBRARY ARCHIVES Kerala Legislative Assembly

ജനകീയാസൂത്രണത്തിന്റെ പൊള്ളത്തരം നാം ശരിക്കും മനസ്സിലാക്കുന്നത്. ജനകീയാസൂത്രണത്തിന്റെ വിശ്വാസ്യത കുറഞ്ഞുകുറഞ്ഞുവരികയാണ്. ഗ്രാമസഭകൾ ശുഷ്കിച്ചുശുഷ്കിച്ചു വരുന്നു. തിരിഞ്ഞു നോക്കിയാൽ ആളുകളെ കാണുന്നില്ല. ആദ്യഘട്ടത്തിൽ വ്യക്തിപരമായ ആനുകൂല്യങ്ങൾക്കുവേണ്ടി അവിടെ വലിയ തിരക്കായിരുന്നു. ഇപ്പോൾ ആരുമില്ലാത്ത ഒരു സമിതിയിലേക്ക് സമിതികൾ മാറിയിരിക്കുകയാണ്. അധികാര വികേന്ദ്രീകരണം വന്നിട്ട് ഒരു വ്യാഴവട്ടത്തിലധികമായി. പദ്ധതി വിഹിതത്തിന്റെ ഭാഗമായ 1500 കോടിയിലധികം രൂപയും വിവിധ, കേന്ദ്രാവിഷ്കൃത പദ്ധതിയിലെ നൂറു കോടിയിലധികം രൂപയും ഇന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ് ചെലവഴിക്കുന്നത്. ആസൂത്രണവും നിർവ്വഹണവും മെച്ചപ്പെടുത്താനും ധനമാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിനും കാര്യപ്രാപ്തി വികസനം ഫലപ്രദമാക്കുന്നതിനും ആവശ്യമായ ഭേദഗതികൾ പഞ്ചായത്ത്/മുനിസിപ്പൽ നിയമങ്ങളിൽ വരുത്തണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അംഗങ്ങളുടെ കാര്യശേഷിയും ഉദ്യോഗസ്ഥരുടെ കാര്യക്ഷമതയും വർദ്ധിപ്പിക്കണമെന്ന ലക്ഷ്യംവച്ചുകൊണ്ടാണ് പരിശീലനത്തിനുവേണ്ടി 'കില' സ്ഥാപിച്ചത്. സ്ത്രീസംവരണം 50 ശതമാനമാക്കിയതോടെ ഇതിന്റെ പ്രസക്തി കൂടുതൽ വർദ്ധിച്ചു. പക്ഷേ കിലയെ ശക്തിപ്പെടുത്തുന്നതിനുപകരം 'കില'യുടെ ശാഖകൾ തുടങ്ങുന്നതിനാണ് ഇന്ന് കൂടുതൽ പ്രാധാന്യം കൊടുക്കുന്നത്. കിലയെ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു പഠന ഗവേഷണ പരിശീലന കേന്ദ്രമാക്കി മാറ്റണം. തദ്ദേശ സ്വയംഭരണ വകുപ്പുകൊണ്ടുവന്ന പല പരിഷ്കരണങ്ങളും ജനദ്രോഹമാണ്. പുതിയ കെട്ടിട നിർമ്മാണ ചട്ടങ്ങൾമൂലം ചില്ലറ പണികൾ നടത്താൻപോലും പ്രയാസമാണ്. കെട്ടിട നിർമ്മാണ ഫീസിലെ വർദ്ധനവ് സാധാരണക്കാർക്ക് കനത്ത ഭാരമായിരിക്കുന്നു. സ്വന്തം പ്ലോട്ടിൽ കിണർ കുഴിക്കണമെങ്കിലോ സെപ്റ്റിക് ടാങ്ക് പണിയണമെങ്കിലോ ചുറ്റുമതിൽ കെട്ടണമെങ്കിലോ അയൽക്കാരന്റെ അനുവാദം വേണം. അഞ്ചുമീറ്റർ മതിയെന്നായിരുന്നു പഴയ നിയമം. ദാരിദ്ര്യ നിർമ്മാർജ്ജനം ലക്ഷ്യംവച്ചുകൊണ്ട് കേന്ദ്ര ഗവൺമെന്റ് ആവിഷ്കരിച്ച മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പു പദ്ധതി നടപ്പാക്കുന്ന കാര്യത്തിൽ സംസ്ഥാന സർക്കാർ അക്ഷന്തവ്യമായ വീഴ്ചയാണ് വരുത്തിയിരിക്കുന്നത്. 2008-09 കാലത്ത് ശരാശരി 22 തൊഴിൽ ദിനങ്ങളാണ് ഇവിടെ കൊടുക്കാൻ കഴിഞ്ഞത് എന്ന് പതിനൊന്നാം പദ്ധതിയുടെ ഇടക്കാല അവലോകന റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. 224 കോടി രൂപയാണ് ചെലവഴിച്ചത്. അഖിലേന്ത്യാതലത്തിൽ നമ്മുടെ സ്ഥാനം 27-ാമതാണ്. വെറും രണ്ടുശതമാനം മാത്രം. 2009-10-ലേക്ക് 597.17 കോടി രൂപ കേന്ദ്ര സർക്കാർ അനുവദിച്ചെങ്കിലും നാം ചെലവഴിച്ചത് 287.19 കോടി രൂപമാത്രം. ശരാശരി തൊഴിൽ ദിനങ്ങൾ 41. ഈ കാര്യത്തിൽ സംഘടനാപരമായ മികവുകൊണ്ടും പദ്ധതി നടപ്പാക്കുന്നതിന് കാണിച്ച താത്പര്യംകൊണ്ടും മറ്റ് സംസ്ഥാനങ്ങൾ മുന്നിലെത്തിയപ്പോൾ നാം ആ അവസരം ഉപയോഗിച്ചില്ല. ഗ്രാമീണ മേഖലയ്ക്ക് ലഭിച്ച ഏറ്റവും വലിയ വരദാനമായ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കുനേരെ മുഖം തിരിക്കുന്നത് ശരിയല്ല. ഇത്രയും

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വലിയ ഒരു സാമൂഹ്യക്ഷേമ പദ്ധതിയുടെ നേരെ മാനദണ്ഡങ്ങളുടെ സാങ്കേതികത്വം പറഞ്ഞ് തിരിഞ്ഞു നിൽക്കുന്ന സർക്കാരിന്റെ നയം അപലപനീയമാണ്. ഒരു പ്രൊഫഷണൽ സമീപനത്തിന് ഇനിയെങ്കിലും സർക്കാർ തയ്യാറാകണം. സർക്കാരിന്റെ പണം എങ്ങനെയെങ്കിലും ചെലവഴിക്കാമെന്ന ചിന്ത ശരിയല്ല. തൊഴിലാളികൾക്ക് കൂലി കൊടുത്താൽ മാത്രം പോരാ, അവർ യഥാർത്ഥത്തിൽ തൊഴിലെടുക്കുന്നുണ്ടോയെന്നും അത് നാടിന് പ്രയോജനകരമാണോയെന്നും ശ്രദ്ധിക്കണം. തൊഴിലുറപ്പ് പദ്ധതി നിലവിൽവന്ന ഈ സാഹചര്യത്തിൽ തൊഴിലില്ലായ്മ വേതനക്കാര്യത്തിൽ ഒരു പുനർചിന്തനം ആവശ്യമാണ്. തൊഴിലില്ലായ്മ വേതനം അർഹരായവർക്ക് മാത്രം ലഭിക്കാനും വേതനം വാങ്ങുന്നവരെക്കൊണ്ട് പണിയെടുപ്പിക്കാനും നാം ശ്രദ്ധിക്കണം. നഗര തൊഴിലുറപ്പ് പദ്ധതി ഈ വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയെങ്കിലും പദ്ധതിയുടെ സംസ്ഥാനതല നിർവ്വഹണ ഏജൻസിയെ ഇതുവരെ നിശ്ചയിച്ചിട്ടില്ല. അതുസംബന്ധിച്ച യാതൊരു ഉത്തരവുകളും മാർഗ്ഗനിർദ്ദേശങ്ങളും ഇതുവരെ പുറപ്പെടുവിച്ചിട്ടില്ല. 20 കോടി രൂപയുടെ സാമ്പത്തിക ലക്ഷ്യം പ്രഖ്യാപിച്ചെങ്കിലും തുടർ നടപടികൾ യാതൊന്നും ഇവിടെ കൈക്കൊണ്ടിട്ടില്ല. അതിവേഗം നടന്നുകൊണ്ടിരിക്കുന്ന നഗരവത്ക്കരണം നമ്മുടെ സംസ്ഥാനത്ത് ഉയർത്തുന്ന പ്രശ്നങ്ങൾ അതീവ സങ്കീർണ്ണങ്ങളാണ്. അനുദിനം ഉയർന്നുകൊണ്ടിരിക്കുന്ന ബഹുനില ഫ്ളാറ്റുകളും വ്യാപാര സമുച്ചയങ്ങളും നഗരങ്ങളെ അക്ഷരാർത്ഥത്തിൽ കോൺക്രീറ്റ് വനങ്ങളായി മാറ്റിക്കൊണ്ടിരിക്കുകയാണ്. ഇടുങ്ങിയ റോഡുകളും വാഹന വർദ്ധനവുംമൂലം സർവ്വത്ര ഗതാഗതക്കുരുക്കുകളാണ്. ആധുനിക രീതിയിലുള്ള അറവുശാലകളോ മാർക്കറ്റുകളോ നമുക്കില്ല. കെട്ടിക്കിടക്കുന്ന മലിനജലം കൊതുകുവളർത്ത് കേന്ദ്രങ്ങളാകുന്നു. ചേരിനിർമ്മാർജ്ജനവും ഫലപ്രദമായി നടക്കുന്നില്ല. ശുദ്ധമായ വായുവും വെള്ളവും വെളിച്ചവും ലഭിക്കാതെ നാം നട്ടംതിരിയുകയാണ്. നമ്മുടെ നഗരങ്ങൾ നരകങ്ങളായി മാറിക്കൊണ്ടിരിക്കുന്നു. ഈ ദുഃസ്ഥിതിക്ക് പരിഹാരം കാണാൻ നഗരസഭകൾമാത്രം ശ്രമിച്ചാൽ പോരാ, സർക്കാരും തയ്യാറാകണം.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

നമ്മുടെ നഗരങ്ങളിലെ സ്ഥിതി ഇന്ന് വളരെ കഷ്ടമാണ്. കേരളത്തിൽ വെള്ളവും വെളിച്ചവും ഉള്ള ഏക മുനിസിപ്പാലിറ്റി തൃശ്ശൂരായിരുന്നു. 11.00 AM] കോർപ്പറേഷൻ രൂപീകൃതമായതോടെ അവിടെ രണ്ട് വിധത്തിലാണ് കാര്യങ്ങൾ നടക്കുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ : അങ്ങ് തൃശ്ശൂരിന്റെ കാര്യംകൂടി പറഞ്ഞ് അവസാനിപ്പിക്കുക.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : സർ, കേരളത്തിൽ 5 കോർപ്പറേഷൻ ഉണ്ടെങ്കിലും അവയെ വിവേചനപരമായി കാണുകയാണ്. തൃശ്ശൂർ, കൊല്ലം എന്നീ ജില്ലകൾ കോർപ്പറേഷനുമല്ല, മുനിസിപ്പാലിറ്റിയുമല്ലാതെ

LIBRARY ARCHIVES Kerala Legislative Assembly

തൃശ്ശങ്കുവിലാണ്. എറണാകുളത്തും തിരുവനന്തപുരത്തും കോഴിക്കോടും പല പദ്ധതികൾ നടക്കുന്നുണ്ട്. തൃശ്ശൂരും കൊല്ലത്തുമുള്ള നഗര വികസന അതോറിറ്റികൾ പിരിച്ചുവിട്ടു. തൃശ്ശൂരിന്റെ വികസന സാദ്ധ്യതകൾ അനന്തമാണ്. ബോംബെയും പൂനയുംപോലെ കൊച്ചിയും തൃശ്ശൂരും അടുത്തടുത്ത നഗരങ്ങളെന്ന നിലയ്ക്ക് അനന്തമായ വികസനസാദ്ധ്യതകൾ മുൻകൂട്ടി കണ്ടുകൊണ്ട് തൃശ്ശൂരിനെ ഒരു ആസൂത്രിതനഗരമായി വളർത്താൻ ഒരു സ്പെഷ്യൽ പാക്കേജ് തയ്യാറാക്കണം. ജനാധിപത്യം സാർത്ഥകമാകണമെങ്കിൽ നിഷ്പക്ഷവും നീതിപൂർവ്വകവുമായ തെരഞ്ഞെടുപ്പ് വേണം. അധികാരവികേന്ദ്രീകരണം വന്നതിനുശേഷം സുപ്രധാനമായ ഒരു തെരഞ്ഞെടുപ്പ് നടക്കുമ്പോൾ വാർഡ് വിഭജനത്തിലും വോട്ടേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിലും ബൂത്തുകൾ തീരുമാനിക്കുന്നതിലും കടുത്ത അശ്രദ്ധയാണ് കാണിക്കുന്നത്. ഇലക്ഷൻ കമ്മീഷനെ നോക്കുകുത്തിയാക്കിക്കൊണ്ട് സർക്കാർ നടത്തുന്ന ഇത്തരം പരിപാടികൾ അവസാനിപ്പിക്കണം. നീതിപൂർവ്വമായ തെരഞ്ഞെടുപ്പിനുള്ള സാഹചര്യം സൃഷ്ടിക്കാത്ത സർക്കാരിന്റെ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

ശ്രീ. കെ. കെ. ജയചന്ദ്രൻ : സർ, ഈ ധനാഭ്യർത്ഥനയെ ഞാൻ അനുകൂലിക്കുന്നു. കഴിഞ്ഞ 1997-ൽ സഖാവ് ഇ. കെ. നായനാരുടെ നേതൃത്വത്തിലുള്ള ഗവൺമെന്റാണ് 73, 74 ഭരണഘടനാഭേദഗതി പ്രകാരം അധികാരവികേന്ദ്രീകരണം സാധിതമാക്കുന്നതിന് ഇവിടെ തുടക്കം കുറിച്ചത്. നിങ്ങൾപറയും ഇങ്ങനെ തുടങ്ങിയിട്ടുണ്ട്. തുടർ പ്രവർത്തനങ്ങൾ നടന്നില്ലെന്നാണ് ഞാൻ പറയുന്നത്. അതു ഞാൻ പറയുന്നുണ്ട്. കഴിഞ്ഞ നാല് വർഷം കൊണ്ട് ത്രിതല പഞ്ചായത്തുകൾക്ക് വിഹിതമായി നൽകിയത് 6497 കോടി രൂപയാണ്. അതിന്റെ 75% വും ചെലവഴിച്ചുകഴിഞ്ഞു. ഇതുകൂടാതെ പൊതുഗ്രാന്റ് 1390 കോടി രൂപയും ആസ്തി സംരക്ഷണത്തിന് 1624 കോടി രൂപയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതവും തനതുഫണ്ടും കൂടി ചേർത്താണ് ഈ പദ്ധതികളെല്ലാം പ്രായോഗികമായി നടപ്പിലാക്കുന്നത്. 2001-06-ൽ യു.ഡി.എഫ്.ന്റെ ഭരണകാലത്ത് 5689.7 കോടി രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ഇത് പരിശോധിക്കുമ്പോൾത്തന്നെ ഈ രംഗത്ത് അധികാരവികേന്ദ്രീകരണത്തിന്റെ കാര്യത്തിൽ ഈ ഗവൺമെന്റ് കഴിഞ്ഞ നാല് വർഷക്കാലത്തിനിടയിൽ എത്ര സ്തുത്യർഹമായ പ്രവർത്തനമാണ് നടത്തിയിട്ടുള്ളതെന്ന് കാണാൻ കഴിയും. ഭവനം, കുടിവെള്ളം, അടിസ്ഥാനസൗകര്യവികസനം, വിദ്യാലയങ്ങൾക്കും ആശുപത്രികൾക്കുമുള്ള അനുബന്ധ സൗകര്യങ്ങൾ എന്നീ മേഖലകളിൽ അഭൂതപൂർവ്വമായ വികാസമാണ് ഈ കാലഘട്ടത്തിൽ ഉണ്ടായിട്ടുള്ളത്. തൊഴിലുറപ്പ് പദ്ധതിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിവിഹിതവും സംയോജിപ്പിച്ചുകൊണ്ട് നടത്തിയ പ്രവർത്തനത്തിന്റെ ഫലമായി കാർഷികമേഖലയിൽ ഒരു വൻമുന്നേറ്റമുണ്ടാക്കാൻ ഈ കാലഘട്ടത്തിൽ കഴിഞ്ഞിട്ടുണ്ട്. അധികാരവികേന്ദ്രീകരണം ഫലപ്രദമായി നടപ്പിലാക്കിയതിനുള്ള അഖിലേന്ത്യാപുരസ്കാരം കേരളത്തിന് രണ്ടരകോടി രൂപയുടെ സമ്മാനത്തുകയാണ് ലഭിച്ചിട്ടുള്ളത്. എൽ.ഡി.എഫ്. ഗവൺമെന്റ് ഉൽപ്പാദനമേഖലയ്ക്കായി മാറ്റിവച്ച പ്ലാൻ ഫണ്ടിന്റെ

LIBRARY ARCHIVES Kerala Legislative Assembly

നാൽപത് ശതമാനം തുക ഫലപ്രദമായി ചെലവഴിക്കുന്നുവെന്ന കാര്യം ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. യു.ഡി.എഫ്. ഭരണകാലത്ത് നീക്കിവച്ചത് 30% ആണ്. ആ പണം തന്നെ മറ്റ് മേഖലകളിലേക്ക് വക മാറ്റി ചെലവഴിക്കുകയും ചെയ്തു. യഥാർത്ഥത്തിൽ ഇതിന്റെ ഫലമായിട്ടാണ് കേരളത്തിൽ നെൽക്കൃഷി നഷ്ടത്തിലാകാനും നെൽവയലുകൾ നികത്തി മറ്റ് ആവശ്യങ്ങൾക്ക് വിനിയോഗിക്കാനും ഇടയായത്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ കൃഷിയാവശ്യത്തിനായി അഞ്ച് വർഷം ആകെ ചെലവഴിച്ചത് 831.7 കോടി രൂപയാണ്. ഈ സർക്കാർ 3 വർഷം കൊണ്ടുമാത്രം 993.23 കോടി രൂപയാണ് ചെലവഴിച്ചിരിക്കുന്നത്. അപ്പോൾ കാർഷികമേഖലയോട് മുൻ സർക്കാർ എടുത്ത നിലപാടും ഇപ്പോഴത്തെ നിലപാടും തമ്മിലുള്ള വിത്യാസം ഈ ഒറ്റ കാര്യം പരിശോധിച്ചാൽ മനസ്സിലാകും. രണ്ട് വർഷം കൊണ്ട് നെൽക്കൃഷിക്ക് 281 കോടി 81 ലക്ഷം രൂപ ചെലവഴിച്ചപ്പോൾ പത്താം പദ്ധതിയിലെ 5 വർഷം ചെലവഴിച്ചത് 223.07 കോടി രൂപമാത്രമാണ്. കുടുംബശ്രീ, അയൽക്കൂട്ടങ്ങൾ വഴി കഴിഞ്ഞ ഒറ്റ വർഷം കൊണ്ടുമാത്രം 50,000 ഏക്കർ സ്ഥലത്താണ് കൃഷി നടത്താൻ കഴിഞ്ഞിട്ടുള്ളത്. പത്താം പദ്ധതിക്കാലത്ത് പച്ചക്കറി കൃഷിക്കുവേണ്ടി മാറ്റിവച്ചത് 22 കോടി 22 ലക്ഷം രൂപയാണ്. കഴിഞ്ഞ രണ്ട് വർഷംകൊണ്ട് ഇതിനുവേണ്ടി ചെലവഴിച്ചത് 37 കോടി 54 ലക്ഷം രൂപയാണ്. ഗ്രാമപഞ്ചായത്തുകൾ, മൃഗസംരക്ഷണ മേഖലക്ക് അഞ്ച് വർഷം ആകെ ചെലവഴിച്ചത്, 259.11 കോടി രൂപയാണ്. ഈ ഗവൺമെന്റിന്റെ ആദ്യത്തെ മൂന്നുവർഷം കൊണ്ട് ചെലവഴിച്ചത് 400 കോടി രൂപയാണ്. കുടുംബശ്രീയുടെ ആടുഗ്രാമം, നേച്ചർ ഫ്രെഷ് പദ്ധതികൾ ഈ രംഗത്ത് വലിയ ഉണർവ്വുണ്ടാക്കാൻ സഹായിച്ചിട്ടുണ്ട്. കൃഷി വകുപ്പ്, കാർഷിക സർവ്വകലാശാല, മൃഗസംരക്ഷണ വകുപ്പ്, ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട വിവിധ മേഖലകൾ ഇവയെല്ലാം ഏകോപിപ്പിച്ചുകൊണ്ട് നടത്തിയ ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനം ഈ രംഗത്ത് വൻമുന്നേറ്റത്തിനാണ് ഇടയാക്കിയിട്ടുള്ളത്. ഈ വർഷം തൊഴിലുറപ്പ് പദ്ധതിയിൻകീഴിൽ ചെലവഴിച്ചത് 467 കോടി രൂപയാണ്. അടുത്ത വർഷം മറ്റ് ജില്ലകളിലേക്ക് കൂടി ഈ പ്രവർത്തനം വ്യാപിപ്പിച്ചുകൊണ്ട് ആയിരം കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. സ്വാഭാവികമായും കഴിഞ്ഞ കാലങ്ങളിലെ നേട്ടവുമായി തട്ടിച്ചുനോക്കുമ്പോൾ കാർഷികമേഖലയിൽ വൻമുന്നേറ്റത്തിന് സഹായകരമാകുന്ന പദ്ധതിയാണിത്. വാസയോഗ്യമായ വീടില്ലാത്ത ഒരാൾപോലും കേരളത്തിലുണ്ടാകരുതെന്ന ലക്ഷ്യത്തോടുകൂടിയാണ് അയ്യായിരം കോടി രൂപ ചെലവുവരുന്ന എല്ലാവർക്കും വീട് നൽകുകയെന്ന പദ്ധതി ഇവിടെ പ്രായോഗികമാക്കുന്നത്. 5 ലക്ഷം ആളുകൾക്ക് വീടില്ലെന്നും ഒന്നരലക്ഷം കുടുംബങ്ങൾ ഭൂരഹിതരും എന്നാണ് കണക്കാക്കിയിട്ടുള്ളത്. അവർക്ക് സ്ഥലം വാങ്ങി വീടുവച്ചുനൽകുന്ന പദ്ധതിയാണ് ആവിഷ്ക്കരിക്കുന്നത്. തൊഴിലുറപ്പുപദ്ധതി 2005-06-ൽ യു.ഡി.എഫ്. ഭരിച്ചിരുന്ന സന്ദർഭത്തിലാണ് ആരംഭിച്ചത്. പക്ഷേ ആ വർഷം ഒരു നയാപൈസ പോലും മാറിയെടുക്കാൻ ആ സർക്കാരിന് കഴിഞ്ഞില്ല. എന്നാൽ ഈ ഗവൺമെന്റ് വന്നതിനുശേഷം ഈ രംഗത്ത് ഭാവനാപൂർണ്ണമായ പ്രവർത്തനങ്ങൾ

സംഘടിപ്പിക്കാനും നല്ല മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് കാണാൻ കഴിയും. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുകയല്ല. പത്തൊൻപത് ലക്ഷം കുടുംബങ്ങൾക്ക് 549.7 ലക്ഷം തൊഴിൽ ദിനങ്ങൾ നൽകാനും 806 കോടി രൂപ ചെലവഴിക്കാനും കഴിഞ്ഞു. രണ്ട് ലക്ഷം കുടുംബങ്ങൾക്ക് 50 ദിവസത്തിലധികവും 36746 കുടുംബങ്ങൾക്ക് നൂറുദിവസവും ജോലി കൊടുക്കാൻ കഴിഞ്ഞുവെന്ന് പറയുന്നത് മറ്റു സംസ്ഥാനങ്ങളിലെ പ്രവർത്തനവുമായി തട്ടിച്ചുനോക്കിയാൽ കേരളം വളരെയേറെ മുൻപിലാണെന്ന് കാണാൻ സാധിക്കും. അടുത്ത വർഷം 1113 കോടി രൂപ ചെലവഴിക്കാൻ കഴിയുന്ന തരത്തിലുള്ള പദ്ധതിയാണ് ആവിഷ്കരിച്ചുകൊണ്ടിരിക്കുന്നത്. ഇവിടെ ഏകദേശം 800-ഓളം പഞ്ചായത്തുകൾ, മൂന്നു ജില്ലാപഞ്ചായത്തുകൾ, ബ്ലോക്കുകൾ എന്നിവയുടെ സ്തുത്യർഹമായ സേവനത്തിന് നിർമ്മൽ പുരസ്കാര സമ്മാനത്തുക 91 കോടി രൂപയാണ് കേന്ദ്രഗവൺമെന്റിൽനിന്നും നേടിയെടുക്കാൻ കഴിഞ്ഞിട്ടുള്ളത്. മാലിന്യ നിർമ്മാർജ്ജനത്തിന്റെ കാര്യത്തിലും കുടുംബശ്രീ യൂണിറ്റുകളുടെ പ്രവർത്തനത്തിലും മാതൃകാപരമായ മുന്നേറ്റം ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. കമ്പ്യൂട്ടർവത്കരണത്തിന്റെ കാര്യത്തിൽ വളരെ ശ്രദ്ധേയമായ പ്രവർത്തനമാണ് സംഘടിപ്പിച്ചിട്ടുള്ളത്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ കണക്ക് സൂക്ഷിപ്പും പദ്ധതിപ്രവർത്തനങ്ങളുടെ മോണിറ്ററിംഗും ഇൻഫർമേഷൻ കേരള മിഷനിലൂടെ നടപ്പാക്കികഴിഞ്ഞു. ജനന മരണ രജിസ്ട്രേഷൻ ആശുപത്രി കിയോസ്കുകൾ വഴി നടത്തി ദിവസങ്ങൾക്കുള്ളിൽ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി. പഞ്ചായത്തുകളുടേയും നഗരസഭകളുടേയും സേവനം 13 പ്രോഗ്രാമുകളിലായി ലഭ്യമാകുന്ന രീതിയിൽ തയ്യാറാക്കാൻകഴിഞ്ഞു. ഐ.കെ.എം.-ന്റെ സേവന, സുലേഖ എന്നീ പ്രോഗ്രാമുകൾക്ക് കേന്ദ്രസർക്കാരിന്റെ പുരസ്കാരവും ഐ.കെ.എം-ന് കമ്പ്യൂട്ടർസൊസൈറ്റി ഓഫ് ഇൻഡ്യയിൽനിന്നും അവാർഡും ലഭിച്ചു. ജനന സർട്ടിഫിക്കറ്റ് ഓൺ ലൈനാക്കി ലഭ്യമാക്കാനുള്ള പ്രവർത്തനം നടക്കുകയാണ്. 2001-06-ൽ ആരംഭിച്ച ഇതിന്റെ പ്രവർത്തനത്തിന് 51.5 കോടി രൂപയാണ് ചെലവഴിച്ചു എന്നു പറയുന്നത്. നമ്മുടെ ലക്ഷ്യം നേടേണ്ടതിൽ 704 പോയിന്റുകൾ മാത്രമാണ് നേടാൻ കഴിഞ്ഞത്. എന്നാൽ 2006 മുതൽ ഈ ഗവൺമെന്റ് വന്ന് നാല് വർഷക്കാലത്തിനിടയിൽ 110 കോടി രൂപ ചെലവഴിക്കുകയും 18400 പോയിന്റുകൾ നേടിക്കൊണ്ട് അതിന്റെ ലക്ഷ്യത്തിലേക്ക് പ്രവേശിക്കുകയുമാണ്. ആ നിലയിൽ ഏറ്റവും സ്തുത്യർഹമായ പ്രവർത്തനം സംഘടിപ്പിക്കുവാൻ കഴിഞ്ഞിരിക്കുന്നു എന്നുള്ളതാണ്. അത് നമ്മുടെ കേരളത്തിൽ ജീവനക്കാരുടെ ജോലിഭാരം കുറയ്ക്കാനും മറ്റുതലത്തിലുള്ള പ്രവർത്തനങ്ങൾ സുതാര്യവും സമയബന്ധിതവുമായി പൂർത്തിയാക്കാൻ കഴിയുന്നുവെന്നുള്ളതാണ് അതിന്റെ പ്രത്യേകത. അതുകൊണ്ട് തീർച്ചയായും കഴിഞ്ഞ കാലഘട്ടങ്ങളിൽ അധികാര വികേന്ദ്രീകരണത്തെ തകർക്കാനും പരമാവധി ദുർബലപ്പെടുത്താനുമുള്ള നടപടികളാണ് സ്വീകരിച്ചത് എങ്കിൽ ഈ നാല് വർഷക്കാലത്തിനുള്ളിൽ പരമാവധി അധികാരവും സാമ്പത്തിക സഹായവും പഞ്ചായത്തുകൾക്ക് നൽകിക്കൊണ്ട് പഞ്ചായത്തിന്റെ പ്രവർത്തനങ്ങളെ ശരിയായ രൂപത്തിൽ മോണിട്ടർ ചെയ്യാനും സമസ്ത മേഖലകളിലും

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പുരോഗതി കൈവരിക്കാനും കഴിഞ്ഞു. പ്രാദേശിക ഗവൺമെന്റുകൾ എന്ന പദവി പഞ്ചായത്തുകൾക്ക് നൽകാൻ കഴിഞ്ഞുവെന്നത് ഈ ഗവൺമെന്റിന്റെ ഏറ്റവും പ്രധാനപ്പെട്ട നേട്ടമാണ്. ഇവിടെ ചില പ്രശ്നങ്ങൾ പരിശോധിക്കേണ്ടതുണ്ട്. ഏറ്റവും പ്രധാനമായത് നമ്മുടെ കേരളത്തിൽ ചില തീവ്രവാദ സംഘടനകൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുവെന്നുള്ളതാണ്. ഒരു അദ്ധ്യാപകന്റെ കൈവെട്ടി. ന്യൂമാൻ കോളേജിലെ ടി. ജെ. ജോസഫ് എന്നു പറയുന്ന അദ്ധ്യാപകന് ചോദ്യപേപ്പർ തയ്യാറാക്കുന്നതിൽ അപാകതകൾ സംഭവിച്ചു അല്ലെങ്കിൽ ആ അദ്ധ്യാപകന് വികാരപരമായി തോന്നാനിടയായ സാഹചര്യമുണ്ടായതിന് അദ്ദേഹത്തിന്റെ പേരിൽ ജാമ്യം കിട്ടാത്ത വകുപ്പനുസരിച്ച് കേസെടുത്ത് സസ്പെൻഷനും അതുപോലെയുള്ള ശിക്ഷാ നടപടികളും നൽകിക്കൊണ്ടിരിക്കുന്ന സന്ദർഭത്തിലാണ് അദ്ദേഹത്തിന്റെ കൈവെട്ടി മാറ്റുന്ന ക്രൂരമായ സംഭവമുണ്ടായത്. ഇവിടെ പ്രധാന പ്രശ്നം, ഈ തീവ്രവാദ സംഘടനകൾക്ക് യു.ഡി.എഫ്-ഉം കോൺഗ്രസ്സും നിർലോഭമായ പിൻതുണ നൽകിക്കൊണ്ടിരിക്കുന്നു. ഞാൻ വളരെ ഗൗരവമായ ആക്ഷേപമാണ് പറയുന്നത്. ടി. ജെ. ജോസഫിന്റെ കൈവെട്ടിയത് ആരാണെന്ന് പേര് പറയാൻ ഇവർക്ക് കഴിയാത്തത് എന്തുകൊണ്ടാണ് ? അവർക്ക് പറയാൻ കഴിയില്ല. അവർക്ക് പേരു പറയാതെയുള്ള വിമർശനങ്ങൾ മാത്രമേ പറ്റുകയുള്ളൂ. ഞങ്ങൾ ഭീകരവാദികളെയൊക്കെ എതിർക്കുകയാണ്. ഞങ്ങൾക്ക് ഭീകരവാദികളുമായി ഒരു ബന്ധവുമില്ല എന്ന മട്ടിലാണ് പറയുന്നത്. നിങ്ങളുടെ ചരിത്രമെടുത്ത് നോക്കിയാൽ നിങ്ങൾക്ക് ഭീകരവാദികളുമായുള്ള ബന്ധം എക്കാലത്തുമുണ്ടായിരുന്നുവെന്ന് കാണാൻ കഴിയും. ഭിന്ദ്രൻവാലയെ പ്രോത്സാഹിപ്പിച്ചത് കോൺഗ്രസ്സാണ്. അകാലിദളിനെ ദുർബലപ്പെടുത്താനും തങ്ങളുടെ സ്വാധീനം ഉറപ്പിക്കാനും വേണ്ടിയായിരുന്നു പ്രോത്സാഹിപ്പിച്ചത്. അവസാനം അത് സുവർണ്ണക്ഷേത്രത്തിൽ പ്രവേശിക്കാനും അവിടെ വലിയ ഒരു ദുരന്തമുണ്ടാകുന്ന സ്ഥിതിയിലേക്ക് നയിക്കാനും ഇടയായി. അങ്ങനെ അത് ഇന്ദിരാ ഗാന്ധിയുടെ ദാരുണമായ അന്ത്യത്തിലേക്ക് നയിച്ചു. ഭിന്ദ്രൻ വാലയും അയാളുടെ ഭീകരസംഘവുമായുള്ള കൂട്ടുകെട്ടിന്റെ ഫലമായിട്ടാണ് അങ്ങനെ സംഭവിച്ചത്.

ശ്രീ.കെ. ബാബു : ഇന്ദിരാഗാന്ധിയെ കൊലചെയ്ത ബിയാന്ത് സിംഗിന്റെ ഭാര്യയെ പൊതുസ്ഥാനാർത്ഥിയായി നിർത്തി വിജയിപ്പിച്ചതിൽ നിങ്ങളുടെ പാർട്ടിയും ഉണ്ടായിരുന്നു എന്ന കാര്യം അങ്ങ് നിഷേധിക്കുമോ ?

ശ്രീ. കെ. കെ. ജയചന്ദ്രൻ : ഞങ്ങളുടെ പാർട്ടിയൊന്നും അതിലുണ്ടായിരുന്നില്ല. അസംബന്ധങ്ങൾ പറഞ്ഞ് പഠിച്ചിട്ട് ഒരു കാര്യവുമില്ല. അവിടെ ഞങ്ങളുടെ പാർട്ടിക്ക് ഒരു ബന്ധവുമുണ്ടായിരുന്നില്ല. ത്രിപുരയിലെ ഗോത്ര വർഗ്ഗ ഭീകരസംഘടനയുമായിട്ടുള്ള ബന്ധം നിങ്ങൾക്കാണ്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ കേരളത്തിലെ എൽ.ഡി.എഫ്.-നെ പരാജയപ്പെടുത്താൻ വേണ്ടി കണ്ണൂർ മുതൽ ആലപ്പുഴയിലും, ഇടുക്കി ജില്ലയിലെ

കുമിളിയിലടക്കം പോപ്പുലർ ഫ്രണ്ടിന്റെ പ്രവർത്തകന്മാർ യു.ഡി.എഫ്.-ന്റെ ബൂത്ത് ഏജന്റുമാരായി പ്രവർത്തിച്ചിരുന്നു. ഞാൻ തെളിവ് തരാം. അപ്പോൾ നിങ്ങൾക്ക് അവരോട് എതിർത്ത് ഒരു വർത്തമാനം പറയാൻ കഴിയില്ല. അതു കൊണ്ട് നിങ്ങൾ ഒരു നാടകമാണ് കളിച്ചുകൊണ്ടിരിക്കുന്നത്. ഒരേ സമയത്ത് തന്നെ ക്രിസ്ത്യൻ ന്യൂനപക്ഷത്തെ കൈയിൽ നിർത്താൻവേണ്ടി അതിനെ അപലപിക്കുന്നു. ഇപ്പുറത്ത് ഇവരെകൂടെ കൂട്ടാൻവേണ്ടി ഇവരുടെ പേര് പറയാതിരിക്കുന്നു. ഈ രൂപത്തിലുള്ള നാടകമല്ലേ കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ നടത്തിക്കൊണ്ടിരിക്കുന്നത്? ടി. വി. യുടെ മുൻപിൽ വന്നിരിക്കുമ്പോൾ ചോദിക്കുന്ന ചോദ്യത്തിന് ശ്രീ. സതീശനൊക്കെ വിയർക്കുന്നതുകണ്ടാൽ, ഞാൻ ഇതുവരെ അങ്ങനെ ശ്രീ. സതീശൻ വിയർക്കുന്നത് കണ്ടില്ല. അതാണ് നിങ്ങളുടെ അനുഭവം. നിങ്ങൾക്ക് മറുപടി പറയാൻ കഴിയില്ല. അത്രയും അപമാനകരമാണ് നിങ്ങളുടെ സ്ഥിതി.

ശ്രീ. വി. ശശികുമാർ : അദ്ധ്യാപകന്റെ കൈ വെട്ടിയത് പോപ്പുലർ ഫ്രണ്ടാണെന്ന് മുൻവിധിയില്ല. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ ഒരു പ്രസ്താവനയാണ്. ആരോപിക്കപ്പെടുന്നവർ തന്നെ ആയിരിക്കണമെന്നില്ല എന്നും അദ്ദേഹം ബഹ്റിനിൽ ഒരു വാർത്താസമ്മേളനത്തിൽ പറഞ്ഞുവെന്നാണ് അറിയുന്നത്. സ്ത്രീകൾ ഭർത്താവിനെക്കുറിച്ച് പറയുമ്പോൾ ഭർത്താവിന്റെ പേര് പറയില്ല. എങ്ങനെ ഞാൻ നാവെടുത്ത് പേര് വിളിക്കുമെന്നാണ്. അതുകൊണ്ട് കുട്ടികളുടെ അച്ഛൻ എന്നേ സ്ത്രീകൾ പറയുകയുള്ളൂ. കുറ്റവാളികളെക്കുറിച്ച് പറയുന്നത് കേൾക്കുമ്പോൾ കോൺഗ്രസ്സും സ്ത്രീകളുടെ ആ ഒരു നിലപാടാണെന്ന് അങ്ങേയ്ക്ക് തോന്നുന്നുണ്ടോ ?

ശ്രീ. കെ. കെ. ജയചന്ദ്രൻ : തീർച്ചയായിട്ടും.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ശ്രീ. ജയചന്ദ്രനെ അങ്ങ് വിട്ടുകളയാമെന്നാണ് കരുതിയത്. നിങ്ങൾ ഈ തീവ്രവാദ വിരുദ്ധത പറയുന്നത് നിങ്ങളെ മ്അദനിയുടെ കോഴിക്കൂട്ടിൽ നിന്ന് കൈയോടെ പിടിച്ചതു കൊണ്ടാണ് നിങ്ങൾ ഇപ്പോൾ ഈ പറയുന്ന പോപ്പുലർ ഫ്രണ്ടുമായി ഇറങ്ങിയിരിക്കുന്നത്. അതൊന്ന് താഴത്ത് വയ്ക്കണം എന്നിട്ട് ഈ മുഖമൊന്ന് കൊണ്ടുവരണം. ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിനെയും യു.ഡി.എഫ്.നെയും സംബന്ധിച്ചിടത്തോളം ഇടതുതീവ്രവാദികളായാലും ശരി മതതീവ്രവാദികളായാലും ശരി ഞങ്ങൾ അവരുമായി ഏറ്റുമുട്ടി രക്തസാക്ഷിത്വമുണ്ടായിട്ടുള്ള രാഷ്ട്രീയ പാർട്ടിയാണ്. അതാണ് ഞങ്ങളുടെ ചരിത്രം. എന്നെക്കുറിച്ച് പറഞ്ഞല്ലോ. മനോമ.. അത് വർത്തമാന പത്രത്തിലല്ല, പാർട്ടി പത്രത്തിലാണ്. പാർട്ടിപ്പത്രത്തിൽ ഞാൻ പറഞ്ഞതല്ല വന്നിരിക്കുന്നത്. ഞാൻ ആ ചെറുപ്പക്കാരനോട് ഒരു കാര്യം പറഞ്ഞു. ഞാൻ പറഞ്ഞതാണെങ്കിൽ ഞാൻ പറഞ്ഞ രൂപത്തിൽ വരണം. അല്ലെങ്കിൽ അനിയന്റെ പ്രസ്താവനയായിട്ട് നേരെ കൊടുത്തുകൊള്ളണം എന്നുപറഞ്ഞു. അത് അവിടത്തെ അനിയന്റെ പ്രസ്താവനയായിട്ട് അങ്ങ് എടുത്താൽ മതി.

ശ്രീ. കെ. കെ. ജയചന്ദ്രൻ : രണ്ട് കാര്യങ്ങൾക്ക് മറുപടി പറയാതെ പോകുന്നത് ശരിയല്ല, ഒന്ന്, മ്അദനി അടക്കമുള്ളവർ ഈ നാടിന് ഇഷ്ടമില്ലാത്തതും ഈ നാടിന് ദഹിക്കാത്തതുമായ ഏത് പ്രവർത്തനം നടത്തിയാലും

LIBRARY ARCHIVES Kerala Legislative Assembly

ഈ ഗവൺമെന്റ് അവരുടെ പേരിൽ നിയമപരമായി നടപടി സ്വീകരിക്കും. രണ്ട്, ഇപ്പോൾ പന്ത് നിങ്ങളുടെ കോർട്ടിലാണല്ലോ കിടക്കുന്നത്. അതുകൊണ്ട് നിങ്ങൾക്ക് അത് സംബന്ധിച്ച് തീരുമാനിക്കാം പോപ്പുലർ ഫ്രണ്ട് ഇതിന് ഉത്തരവാദികളാണെന്ന കാര്യം ഈ കേരളവും ഇവിടത്തെ മാധ്യമങ്ങളും എല്ലാം പറഞ്ഞിട്ടും ആ പേരൊന്ന് പറയാനുള്ള ആർജ്ജവവും ധൈര്യവു മില്ലാത്തവരാണ് ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണനെ പോലെയുള്ളവർ എന്നു പറഞ്ഞാൽ നിഷേധിക്കാൻ കഴിയുമോ ? അതുകൊണ്ട് പോപ്പുലർ ഫ്രണ്ടിന്റേയും അതുപോലെതന്നെ കൈ നഷ്ടപ്പെട്ട ജോസഫിന്റെയും വോട്ട് വേണമെന്നതിനുള്ള കാര്യങ്ങളാണ് കോൺഗ്രസ്സ് ചെയ്യുന്നത്. ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിച്ചുകൊണ്ട് നിർത്തുന്നു.

പ്രൊഫ. എൻ. ജയരാജ് : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഈ ഗവൺമെന്റിന്റെ കാലത്ത് നമ്മുടെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്ക് ലഭ്യമായ തുക വളരെ ഭംഗിയായി വിനിയോഗിച്ചു എന്ന് എനിക്ക് മുമ്പ് സംസാരിച്ച ബഹുമാന്യനായ ശ്രീ. ജയചന്ദ്രൻ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അടുത്ത കാലത്ത് മാധ്യമങ്ങളിലും അതോടൊപ്പംതന്നെ C&AG റിപ്പോർട്ടിലുമൊക്കെ വന്ന കണക്കുകൾ സൂചിപ്പിക്കുന്നത് അങ്ങനെ ലഭിച്ച തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പൂർണ്ണമായും വിനിയോഗിക്കാൻ കഴിഞ്ഞില്ല എന്നുള്ളതാണ്. 2006-2007-ൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിഹിതമായി ലഭിച്ചത് ഏതാണ്ട് 1,400 കോടി രൂപയാണ്. അതിൽ ചെലവഴിച്ചത് 1209.83 കോടി രൂപ മാത്രമാണ്. അതായത് 86 ശതമാനം. 2007-2008-ൽ 1,540 കോടി രൂപ ലഭിച്ചപ്പോൾ ചെലവഴിച്ചത് 1,232 കോടി രൂപയാണ്. ഏതാണ്ട് 80 ശതമാനം. 2006-07-ൽ നിന്ന് 2007-08 എത്തിയപ്പോഴേക്ക് ഏതാണ്ട് 6 ശതമാനത്തോളം പദ്ധതി വിഹിതം ചെലവഴിക്കുന്ന കാര്യത്തിൽ കുറവുകയുണ്ടായി. 2008-09-ൽ പദ്ധതി വിഹിതമായി ലഭിച്ചത് 1,690.6 കോടി രൂപയാണ്. അത് 2009-10-ൽ അങ്ങനെ ആകെ ലഭിച്ച 1960.94 കോടി രൂപയിൽ ചെലവഴിച്ചത് കേവലം 1,441.43 കോടി രൂപയാണ്. ഏതാണ്ട് 70 ശതമാനം മാത്രമേ 2009-10-ൽ ചെലവഴിച്ചിട്ടുള്ളു. ഈ കണക്കുകൾ സൂചിപ്പിക്കുന്നത് 2006-07-മുതൽ 2009-10 വരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം നൽകിയ പണത്തിന്റെ ശരാശരി എടുക്കുമ്പോൾ ഏതാണ്ട് 16 ശതമാനത്തോളം ചെലവഴിച്ചിട്ടില്ല എന്ന് കാണാൻ കഴിയും. മാത്രമല്ല, ചെലവിന്റെ കണക്കുകൾ സത്യത്തിൽ വളരെ വ്യക്തതയില്ലാത്ത ചെലവുകളാണ് എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഇൻഫർമേഷൻ കേരള മിഷനെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. പ്ലാനിംഗ് ബോർഡിന് കണക്കുകൾ കൊടുക്കുന്നത് അവരാണ്. ഇക്കണോമിക് റിവ്യൂവിൽ പറയുന്ന കണക്ക്, അത് പ്ലാനിംഗ് ബോർഡിന്റെ കണക്കാണ്, ആ കണക്കും അതോടൊപ്പംതന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വെബ്സൈറ്റിൽ കാണുന്ന കണക്കുമായി സത്യത്തിൽ യാതൊരു ബന്ധവുമില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. ആസൂത്രണ ബോർഡ് ശേഖരിച്ച ഇക്കണോമിക് റിവ്യൂവിൽ വന്ന കണക്ക് പ്രകാരം 2008-09-ൽ 1,966.94 കോടി രൂപ തദ്ദേശ

LIBRARY ARCHIVES Kerala Legislative Assembly

സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയതിൽ 1441.43 കോടി രൂപ ചെലവഴിച്ചു എന്നാണ്. അതായത് 73.28 ശതമാനം. എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ കാണുന്നത് 2008-2009-ൽ 86.13 ശതമാനത്തോളം ചെലവഴിച്ചു എന്നാണ്. നമ്മുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചെലവുകളുടെ കാര്യത്തിൽപ്പോലും ഒരു വ്യക്തതയില്ല എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം. ഏത് കണക്കാണ് ശരി എന്നുള്ളത് യഥാർത്ഥത്തിൽ ഇനി ഗവേഷണം നടത്തി കണ്ടുപിടിക്കേണ്ട കാര്യമാണ്. ബഹുമാനപ്പെട്ട മന്ത്രി ഈ കാര്യത്തിൽ ഒരു മറുപടി നൽകുമെന്ന് ഞാൻ വിശ്വസിക്കുകയാണ്. യഥാർത്ഥത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചെലവുമായി ബന്ധപ്പെട്ട ഓഡിറ്റുകൾ കൃത്യമായി നടക്കുന്നില്ല എന്നുള്ള പരാതി ദീർഘകാലമായിട്ടുള്ളതാണ്. C &AG റിപ്പോർട്ടിൽ സൂചിപ്പിക്കുന്നത്, 2008 മാർച്ച് 31 വരെ ഏതാണ്ട് 1724 അക്കൗണ്ടുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ലോക്കൽ ഫണ്ട് ഓഡിറ്റിന് നൽകിയിട്ടില്ല എന്നുള്ളതാണ്. കഴിഞ്ഞ 10 വർഷക്കാലമായിട്ട് 137 സ്ഥാപനങ്ങൾ അക്കൗണ്ടുകൾ നൽകിയിട്ടേയില്ല എന്നാണ് C & AG റിപ്പോർട്ട് സൂചിപ്പിക്കുന്നത്. ഇതൊക്കെ സൂചിപ്പിക്കുന്നതിന്റെ പ്രധാനപ്പെട്ട കാര്യം നമ്മുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ പ്രതീക്ഷിച്ചതുപോലെ അത്ര ആശാസ്യമായ രീതിയിലല്ല മുന്നോട്ട് പോയതെന്ന് പറയാതിരിക്കാൻ കഴിയുകയില്ല. എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചതെന്നു പറയുമ്പോൾ, ഒട്ടനവധി വിഷയങ്ങൾ ഇതുമായി ബന്ധപ്പെട്ടുണ്ട്. ഞാൻ ജില്ലാ പഞ്ചായത്ത് അംഗമായി പ്രവർത്തിച്ച ഒരാളാണ്. ആ കാലയളവിൽ പ്രോജക്ട് തയ്യാറാക്കുന്നത് വളരെ എളുപ്പത്തിലായിരുന്നു. ഈ ഗവൺമെന്റ് വന്നശേഷമാണ് കുറെ പുതിയ ഫോർമാലിറ്റീസ് കൊണ്ടുവന്നത്. അതുമായി ബന്ധപ്പെട്ട് ആദ്യം ഒരു ഫോറം തയ്യാറാക്കി, പിന്നെ ഫോമിന്റെ പുറകെ അനുബന്ധ ഫോമുകളുടെഒരു വലിയ ഘോഷയാത്രയാണ്. വളരെ ലഘൂകരിക്കേണ്ടതായ പ്രക്രിയയെ വളരെയേറെ സങ്കീർണ്ണമാക്കുകയാണ് യഥാർത്ഥത്തിൽ ചെയ്തിട്ടുള്ളത്. അതുപോലെതന്നെ പ്രോജക്ട് തയ്യാറാക്കുക എന്ന് പറയുന്നത് വല്ലാത്ത ഒരു കോംപ്ലിക്കേറ്റഡായിട്ടുള്ള ഇഷ്യുവായി പലപ്പോഴും ഗ്രാമപഞ്ചായത്തുകളുടെ മുമ്പിൽ വരുന്നു. നമുക്ക് അറിയാം, പഞ്ചായത്തുകൾക്ക് വിട്ട് കിട്ടിയ സ്ഥാപനങ്ങളിലെ കോ-ഓർഡിനേറ്റർമാരെ വയ്ക്കാൻ നിലവിൽ നേരത്തെ അനുവാദമുണ്ടായിരുന്നു. പക്ഷേ ഇന്ന് കൃഷി ഓഫീസർമാരെയാണ് കോ-ഓർഡിനേറ്റർമാരായി വച്ചിരിക്കുന്നത്. എനിക്ക് അറിയാവുന്ന പല സ്ഥലങ്ങളിലും കൃഷി ഓഫീസർമാർ കോ-ഓർഡിനേറ്റർമാർ എന്ന നിലയിൽ ആകെ കൂടി വരുന്നത് ഈ പ്രോജക്ടിന്റെ താഴെ ഒപ്പിടാൻവേണ്ടി മാത്രമാണ്. അവിടെ പ്രോജക്ട് തയ്യാറാക്കുന്നത് പലപ്പോഴും ആരാണെന്ന് ചോദിച്ചാൽ അവിടത്തെ ക്ലാർക്കാണെന്നുള്ളതാണ് യാഥാർത്ഥ്യം. *Report of the Committee for Evaluation of Decentralised Planning and Development – March* 2009, ഉമ്മൻ സാറിന്റെ നേതൃത്വത്തിൽ ഈ ഗവൺമെന്റ് തന്നെ രൂപീകരിച്ച ഒരു കമ്മിറ്റിയുടെ റിപ്പോർട്ടാണ്. അതിൽ അദ്ദേഹം പറയുന്ന ഒരു വാചകം, *"It is disclosed that one junior clerk was forced to*

LIBRARY ARCHIVES Kerala Legislative Assembly

prepare 120 projects with respect to production and social service sectors in less than one month's time. Similarly one lady clerk who is incharge of SC/ST welfare prepared the entire projects in less than two weeks time in another local body." യഥാർത്ഥത്തിൽ ഈ റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചത് 2009-ലാണ്. ഇന്നും കാര്യങ്ങൾക്ക് വലിയ മാറ്റം ഇല്ലെന്നുള്ളതാണ് ഒരു യാഥാർത്ഥ്യം. ഇവിടെ ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ സൂചിപ്പിക്കുകയുണ്ടായി, 4 ഗ്രാമസഭകൾ കൂടണമെന്നുള്ളത് 3 ഗ്രാമസഭകൾ കൂടുന്നു. കൂടുന്ന ഗ്രാമസഭകൾ കേവലം ഔപചാരികമായി കൂടുന്നതിനപ്പുറത്ത് പ്രത്യേകിച്ച് ഇൻഡിവിഡ്വൽ ബെനിഫിഷ്യറീസിന് പ്രയോജനപ്രദമല്ലാത്ത ഗ്രാമസഭകളിൽ പലപ്പോഴും തട്ടിക്കൂട്ടിയുണ്ടാക്കുന്ന അറ്റൻഡൻസാണെന്നുള്ളതാണ് യാഥാർത്ഥ്യം. വികസന സെമിനാറുകൾ ചായ കുടിക്കാനുള്ള വേദികളായി മാറുന്നു എന്നല്ലാതെ അവിടെ ചർച്ചക്ക് വരുന്ന കാര്യങ്ങൾ ഒന്നുംതന്നെ പദ്ധതിയുടെ നിർമ്മാണ ഘട്ടത്തിനകത്ത് വരുന്നില്ല. ഗ്രാമസഭകളിലും വികസന സമിതികളിലും പഞ്ചായത്തിലും ബ്ലോക്കിലും എടുക്കുന്ന തീരുമാനങ്ങൾ പ്രോജക്ടിലേക്ക് വരുന്നില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. ഈ കാര്യത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്ത് ഒത്തിരി അലംഭാവമുണ്ട്. ഉദ്യോഗസ്ഥന്മാർക്ക് കാര്യമായ ട്രെയിനിംഗ് ഇല്ല ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതിയുടെ കാര്യത്തിൽ നമ്മുടെ തദ്ദേശ സ്വയംഭരണ വകുപ്പുസെക്രട്ടറി വളരെയേറെ പരിണതപ്രജ്ഞനായ ഒരു വ്യക്തിയാണ്. പക്ഷെ ഒന്നര വർഷംകൊണ്ട് ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട് ഒരേ വിഷയത്തിൽ 2 ഡസനോളം സർക്കാർ ഉത്തരവുകളാണ് വന്നത്. അതുകൊണ്ട് പഞ്ചായത്ത് ഭരണസമിതികൾക്കും നടപ്പാക്കുന്ന ആളുകൾക്കും ആ കാര്യത്തിൽ വ്യക്തതയില്ലാതെ പോയി എന്നുള്ളതാണ്. ഉത്തരവുകൾ വേണ്ട എന്നല്ല പറഞ്ഞത്. കാരണം മാനദണ്ഡങ്ങൾ ഇടയ്ക്കിടക്ക് മാറുകയും ആ മാനദണ്ഡങ്ങൾക്കനുസരിച്ച് വീണ്ടും വീണ്ടും പദ്ധതി രൂപീകരിക്കേണ്ടി വരികയും ചെയ്യുന്നതുകൊണ്ടാണ് ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി പല സ്ഥലങ്ങളിലും പൂർത്തീകരിക്കാൻ സാധിക്കാത്തത്. ഒരു അച്ഛൻ മകൾക്ക് അയച്ച കത്ത് എന്നതുപോലെ ഭാവിയിൽ ഗവൺമെന്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അയച്ച കത്തുകൾ എന്ന് പറഞ്ഞ് വേണമെങ്കിൽ ഒരു പുസ്തകം തന്നെ പബ്ലിഷ് ചെയ്യാം. അതുപോലുള്ള ഉത്തരവുകളാണ് വൻതോതിൽ വന്ന് കൂടി കിടക്കുന്നത്. മറ്റൊരു പ്രധാനപ്പെട്ട കാര്യമുണ്ട്. ഇവിടെ ഈ കോ-ഓർഡിനേറ്റർമാർ ഉൾപ്പെടെയുള്ള ആളുകൾ അത് ഒരു ഭാഗത്ത് നിൽക്കും. അതിനിടയിലാണ് അടുത്ത കാലത്ത് ഒരു പുതിയ വിഷയം, 2009-10-ലെ പദ്ധതിയോടൊപ്പംതന്നെ 2010-2011-ലെ പദ്ധതികൾകൂടി തയ്യാറാക്കണമെന്ന് പഞ്ചായത്തുകൾക്ക് നിർദ്ദേശം കൊടുത്തു. പഞ്ചായത്തുകൾ അത് ഏതാണ്ട് തയ്യാറാക്കി വരികയാണ്. കാരണം തെരഞ്ഞെടുപ്പ് വരാൻ പോകുകയാണ്. കൃത്യമായ സമയത്ത് ഈ റേറ്റ് വർദ്ധിപ്പിക്കുകയുണ്ടായി. ഈ റേറ്റ് വർദ്ധനവ് മൂലമുണ്ടായ ഏറ്റവും വലിയ അപാകടമെന്ന് പറയുന്നത് പഞ്ചായത്തുകൾ തയ്യാറാക്കിയ പദ്ധതികൾ മുഴുവൻ വെറുതെ ഒരു *waste of time and energy* എന്ന് പറയുന്നതിനപ്പുറത്തേക്ക് കാര്യങ്ങൾ സംഭവിച്ചില്ല എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സാജു പോൾ : സർ, ഈ വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട് നിരവധി ഉത്തരവുകളും അതുപോലെ കൈപ്പുസ്തകങ്ങളുമൊക്കെ ഇറക്കിയിട്ടുണ്ട്. പക്ഷേ ഈ ഗവൺമെന്റിന്റെ കാലത്ത് പഞ്ചായത്തുകൾക്ക് അനുവദിച്ച തുക വെട്ടിക്കുറച്ചുകൊണ്ടോ തിരിച്ചുപിടിച്ചുകൊണ്ടോ ഒരു ഉത്തരവുപോലും ഇറക്കിയിട്ടില്ല എന്നുള്ള വിവരം ബഹുമാനപ്പെട്ട ജയരാജൻ സാറിന് അറിയാമോ ?

പ്രൊഫ. എൻ. ജയരാജ് : അതിൽ ഒരു കാര്യമുള്ളത് തിരിച്ചുപിടിക്കേണ്ട കാര്യമില്ല. തിരിച്ചുപിടിക്കാതെ തന്നെ കൊടുത്തപണം ചെലവഴിക്കുന്നില്ല. പിന്നെ എന്തിനാണ് തിരിച്ചുപിടിക്കുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ഒരു ദിവസം 100 രൂപ പഞ്ചായത്തിന് കൊടുത്തുവെന്നിരിക്കട്ടെ, എന്നിട്ട് ഒരു 80 രൂപയുടെ പദ്ധതി സംസ്ഥാന സർക്കാർ തന്നെ നിർദ്ദേശിച്ചുകൊടുക്കുകയാണ്. അപ്പോൾ പഞ്ചായത്ത് സമിതിക്ക് സ്വയം തിരുമാനമെടുത്ത് ചെലവഴിക്കുന്നതിനുവേണ്ടി കയ്യിൽ കിട്ടുന്ന തുക വളരെ തുച്ഛമാണ്. 40 ശതമാനം തുക നൽകുമെന്ന് ഈ ഗവൺമെന്റ് പറയുന്നുണ്ടെങ്കിലും 25-ഓ 30-ഓ ശതമാനം മാത്രമേ കൊടുക്കുകയുള്ളൂ. അങ്ങനെ കൊടുക്കുന്ന 30 ശതമാനം തുകയിൽ തന്നെ ഗവൺമെന്റ് പുതിയ പദ്ധതികൾ കൂടി കൊടുക്കുകയാണ്. അതോടുകൂടി പഞ്ചായത്തുകളെ ഒന്നും ചെയ്യാൻ പറ്റാത്ത സ്ഥിതിയിലാക്കി മരവിപ്പിക്കുന്നു എന്നുള്ള സത്യം അങ്ങേക്ക് അറിയില്ലേ ?

പ്രൊഫ. എൻ. ജയരാജ് : തീർച്ചയായിട്ടും വളരെ പ്രധാനപ്പെട്ട കാര്യമാണ് അത്. ഞാൻ സൂചിപ്പിച്ചതും അതുതന്നെയാണ്. യഥാർത്ഥത്തിൽ കാണാച്ചരടുകളാണ്.

ശ്രീമതി പി. അയിഷാ പോറ്റി : അങ്ങ് സംസാരിച്ചപ്പോൾ ഒട്ടേറെ ഉത്തരവുകൾ മാറിമാറി വരുന്നതുകൊണ്ട് പദ്ധതികൾ നടപ്പിലാക്കുവാൻ കഴിയുന്നില്ല എന്ന് പറയുന്നു. അപ്പോൾ അതിന് ഒരു പരിഹാരമായി നമ്മുടെ ഭരണഘടനയുടെ 243 (ZXd) അനുസരിച്ചുതന്നെ ജില്ലാ പഞ്ചായത്തുകളുടെയും ഡി.പി.സി. യുടെയും നേതൃത്വത്തിൽ ഓരോ ജില്ലയിലും അതാത് പഞ്ചായത്തുകളിലും ജില്ലാ പഞ്ചായത്തുകളിലും ബ്ലോക്ക് പഞ്ചായത്തുകളിലും ഒക്കെ ഇന്നയിന്ന കാര്യങ്ങൾ ചെയ്യാമെന്ന് സമഗ്രപരാസൂത്രണ രീതിയിലൂടെ ഒരു പദ്ധതി തയ്യാറാക്കി വച്ചാൽ 20 കൊല്ലത്തെ കാഴ്ചപ്പാടോടുകൂടി, അഞ്ചുകൊല്ലത്തെ കാഴ്ചപ്പാടോടുകൂടി കൊല്ലം ജില്ലാ പഞ്ചായത്ത് നടപ്പിലാക്കിയിരുന്നു. ഞാനും ജില്ലാ പഞ്ചായത്ത് പ്രസിഡന്റായിരുന്ന സമയത്ത് അതിന്റെ 90 ശതമാനം പണിയും പൂർത്തീകരിച്ചിരുന്നതാണ്. അത്തരത്തിലൊരു പദ്ധതി തയ്യാറാക്കിയാൽ ഈ ഉത്തരവുകൾ കൊണ്ടുണ്ടാകുന്ന ബുദ്ധിമുട്ട് അതിജീവിക്കാൻ നമുക്ക് കഴിയില്ലേ, അതിനെപ്പറ്റി അങ്ങയുടെ അഭിപ്രായമെന്താണ് ?

പ്രൊഫ. എൻ. ജയരാജ് : യഥാർത്ഥത്തിൽ ഞാൻ മുന്നോട്ടു വയ്ക്കാനിരുന്ന ഒരു നിർദ്ദേശം അതായിരുന്നു. ഒരു വർഷത്തെ പദ്ധതി എന്നുള്ളതിനപ്പുറത്തേക്ക് അഞ്ച് വർഷത്തേയ്ക്കെങ്കിലുമെന്ന ധാരണയോടുകൂടിയുള്ള

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതികൾ യഥാർത്ഥത്തിൽ തയ്യാറാകണം. ഓരോ വർഷവും പദ്ധതികൾ ഉണ്ടാക്കുക, മാത്രമല്ല, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകളെ സംബന്ധിച്ചിടത്തോളം അവരുടെ ക്ഷേമ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ചില മേഖലകളിൽ കൂടുതൽ പണം ചെലവഴിക്കേണ്ടതുണ്ട്. അവിടെ പണം കൊടുക്കുന്നില്ല. ഇത് ഫിക്സഡായിട്ടുള്ള ഒരു തുകയായി മാറുകയാണ്. ചില മേഖലകളിലാകട്ടെ പണം ആവശ്യമില്ല. സ്വാഭാവികമായി ഈ വർഷത്തെ പദ്ധതിയിൽ പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകളുടെ പണം ചെലവഴിച്ചില്ലായെങ്കിൽ അത് അടുത്ത വർഷത്തേക്കുള്ള കോമ്പൻസേഷനായി മാറ്റി വയ്ക്കുന്നു. ആ കോമ്പൻസേഷനും ഗവൺമെന്റ് അടുത്ത വർഷം കൊടുക്കേണ്ട എസ്.സി/എസ്.ടി. വിഭാഗത്തിൽപ്പെട്ട തുകയും കൂടി വരുമ്പോൾ ഓട്ടോമാറ്റിക്കായി ജനറൽ ഫണ്ടിലുള്ള ഫണ്ട് വീണ്ടും തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾക്ക് കുറയുകയാണ്. അതാണ് ഓരോ മേഖലയുടെയും പ്രത്യേകത, ഇപ്പോൾ നമ്മുടെ തൊഴിലുറപ്പ് പദ്ധതി പോലെയാണ്. ചില മേഖലകൾക്ക് ചെയ്യാൻ പറ്റുന്ന പദ്ധതികൾ ഏറ്റെടുത്ത് പൂർത്തിയാക്കുന്നതിന് റിലാക്സ്ഡായിട്ടുള്ള ഒരു നിലപാട് ഗവൺമെന്റ് കൈക്കൊള്ളണം. അതോടൊപ്പം തന്നെ 'ടാഗ്' നേരത്തെയുണ്ടായിരുന്ന വി.ഐ.ടി.എ.ജി. ഞാൻ 'ടാഗ്'-ലെ ആളുകളെ കുറ്റപ്പെടുത്തുന്നില്ല. പക്ഷേ, അവരുടെ ധാരണ ഈ ഇരിക്കുന്ന ജനപ്രതിനിധികളെക്കാളുമൊക്കെ ഏതാണ്ട് കൂടിയ മിടുക്കന്മാരാണ് എന്നൊരു തെറ്റിദ്ധാരണ അറിഞ്ഞോ അറിയാതെയോ അവർക്കുണ്ട്. അവർ ഈ കാര്യത്തിൽ എക്സ്പെർട്ടുകളാണെന്നും മറ്റുള്ളവരൊക്കെ മണ്ടന്മാരാണെന്നുമുള്ള ധാരണയുണ്ട്. പലയിടത്തും അവരെ നിർത്തിയിരിക്കുന്നത്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയുമായി ബന്ധപ്പെടുത്തി എന്തെങ്കിലും അപാകതയുണ്ടെങ്കിൽ പരിഹരിക്കാൻ വേണ്ടിയാണ്. അവിടെയിരുന്നുകൊണ്ട് കുറിപ്പ് എഴുതുകയാണ് ഇവരുടെ പ്രധാന ജോലി. ഇവർ ഗവൺമെന്റ് സെക്രട്ടറിമാരെപ്പോലെ അതിന്റെ സൈഡിലൊരു കുറിപ്പ് എഴുതിയിട്ട് താഴോട്ട് വിടുന്ന ഒരവസ്ഥയുണ്ട്. സത്യത്തിൽ ഈ കുറിപ്പെഴുത്ത് സംഘമായി പലപ്പോഴും പലസ്ഥലങ്ങളിലും 'ടാഗ്' മാറിയിട്ടുണ്ട്. യഥാർത്ഥത്തിൽ എന്തെങ്കിലും അപാകതയുണ്ടെങ്കിൽ പരിഹരിക്കുന്നതിനുവേണ്ടിയാണ് അവരെ എക്സ്പെർട്ട് കമ്മിറ്റിയായി അവിടെ വച്ചിരിക്കുന്നത്. എക്സ്പെർട്ട് കമ്മിറ്റികൾ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളെക്കാൾ കൂടിയ ആളുകളാണെന്നുള്ള രൂപത്തിൽ നിൽക്കുന്ന അവസ്ഥ. മാത്രമല്ല, ഇവരെയെല്ലാം ഒരുമിച്ച് കണ്ടുകിട്ടാൻ വലിയ പാടാണ്. ഇവരെ പലപ്പോഴും ഒരുമിച്ച് കാണുകയില്ല. പ്രോജക്ടുമായി ഓരോരുത്തരുടെയും അടുത്ത്ചെന്ന് ഒപ്പീടിപ്പിച്ച് വാങ്ങിക്കുക എന്നുള്ള ഒരവസ്ഥ പലപ്പോഴും ഉണ്ടാകാറുണ്ട്. ആ ഒരു അവസ്ഥയ്ക്ക് മാറ്റം ഉണ്ടാവുകയും പദ്ധതി നിർവ്വഹണത്തിലുണ്ടാകുന്ന കാലതാമസത്തിൽ ഏറ്റവും പ്രായോഗികമായി പ്രവർത്തിക്കുന്ന ഒരു ബോഡിയായി 'ടാഗ്'-നെ മാറ്റുവാനായിട്ടുള്ള ഒരു തീരുമാനമുണ്ടാവുകയും വേണം. മറ്റൊരു പ്രധാനപ്പെട്ട കാര്യം, നേരത്തെ പ്ലാനിംഗ് ബോർഡായിരുന്നു തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കുള്ള തീരുമാനങ്ങളും ഉത്തരവുകളും കൊടുത്തിരുന്നത്. ഇന്ന് ആ അധികാരങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

പൂർണ്ണമായി തദ്ദേശ സ്വയംഭരണ വകുപ്പ് ഏറ്റെടുത്തിരിക്കുകയാണ്. ഇവിടെ ഉണ്ടായ പ്രധാനപ്പെട്ട ഒരു കാര്യം ഉദാഹരണത്തിന്, പല മേഖലകളിലും വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയേഴ്സ് ഉൾപ്പെടെയുള്ള ആളുകൾ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിൽ വരുന്നില്ല. തദ്ദേശസ്വയംഭരണ വകുപ്പ് നൽകുന്ന നിർദ്ദേശങ്ങൾ പലപ്പോഴും പാലിക്കുവാൻ തയ്യാറാകാത്തതിന് ഒരു കാരണം, ഇതുമായി ബന്ധപ്പെട്ട് വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥന്മാർ പ്ലാനിംഗ് ബോർഡിൽ നിന്ന് നേരത്തെ ഉത്തരവുവഭിച്ചപ്പോൾ കുറേക്കൂടി ബൈൻഡിംഗ് ആയിരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അല്ലെങ്കിൽ ആ വകുപ്പിൽ നിന്നും വരുന്ന ഉത്തരവുകൾ അവർക്ക് ബൈൻഡിംഗല്ല എന്നൊരു കാഴ്ചപ്പാട് ഉണ്ട്. അക്കാര്യത്തിൽ എന്തെങ്കിലും മാറ്റമുണ്ടാകണം. ഞാൻ ഒരു കാര്യം കൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം ഇപ്പോൾ ഇല്ലാത്ത യാതൊരു ജോലിയുമില്ല. കൊച്ചിന്റെ ഇരുപ്പത്തിയെട്ട് കെട്ടു മുതൽ മരണാനന്തര ചടങ്ങുവരെ നിർവ്വഹിക്കേണ്ട ഒരു അവസ്ഥയിലേക്കാണ് കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾ. എം.എൽ.എ ഫണ്ട്. എം.പി.ഫണ്ട് ബ്ലോക്ക് പഞ്ചായത്തിന്റേത്, ജില്ലാ പഞ്ചായത്തിന്റേത് ഫണ്ട് തുടങ്ങി ഇനി വർക്കുകളില്ല അവർക്ക്. ആവശ്യത്തിനുള്ള സ്റ്റാഫ് അവിടെയില്ലാത്തതിനാൽ സത്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ജീവനക്കാർ വളരെയേറെ മാനസിക സംഘർഷത്തിലാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് കൺക്ലൂഡ് ചെയ്യൂ..........

പ്രൊഫ. എൻ. ജയരാജ്: ഈ അടുത്ത കാലത്തായി വോട്ടർ പട്ടികയിലുണ്ടായ അപാകത സത്യത്തിൽ എന്താണെന്നുവച്ചാൽ വോട്ടർ പട്ടിക തയ്യാറാക്കേണ്ട സമയത്തുതന്നെ ഉദ്യോഗസ്ഥന്മാരെ പ്രൊമോഷൻ നൽകി മറ്റു ജില്ലകളിലേക്ക് വിട്ടു. പല പഞ്ചായത്തുകളിലും പല ഉദ്യോഗസ്ഥന്മാർക്കും വോട്ടർ പട്ടിക തയ്യാറാക്കുന്നതിന് ചാർജ്ജ് കൊടുത്തിട്ടില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: അത് നമ്മൾ ചർച്ച ചെയ്തതാണ്.

പ്രൊഫ. എൻ. ജയരാജ്: അങ്ങനെയാണ് സത്യത്തിൽ ഈ കുഴപ്പമുണ്ടായത്. ....(മൈക്ക് ഓഫ്)..........ഒരു കാര്യം കൂടി പറഞ്ഞ് അവസാനിപ്പിക്കാം.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് അവസാനിപ്പിക്കണം. ഇനിയും പറയാൻ സമയമില്ല.

പ്രൊഫ. എൻ. ജയരാജ്: നമ്മുടെ ത്രിതല പഞ്ചായത്ത് സംവിധാനത്തിന്റെ മൂന്നു തട്ടുകളിലും കോ ഓർഡിനേഷൻ വേണം. ഇപ്പോഴില്ല, ... (മൈക്ക് ഓഫ്)..........കഴിഞ്ഞ കാലയളവിൽ നൽകിയ പണം പൂർണ്ണമായി ചെലവഴിക്കാൻ നേതൃത്വം നൽകാതിരുന്ന ഗവൺമെന്റിന്റെ തെറ്റായ നയത്തിൽ പ്രതിഷേധിച്ചുകൊണ്ട് ഞാൻ ഒരിക്കൽകൂടി ഈ ധനാഭ്യർത്ഥനയെ എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

[അദ്ധ്യക്ഷവേദിയിൽ മി. ചെയർമാൻ]

ശ്രീ. ബാബു പോൾ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. എൽ.ഡി.എഫ് ഗവൺമെന്റ് അധികാര വികേന്ദ്രീകരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി മുന്നേറിക്കൊണ്ടിരിക്കുകയാണ്. വൈവിധ്യ പൂർണ്ണവും ജനോപകാരപ്രദവുമായ ഒട്ടനവധി വികസന ക്ഷേമപദ്ധതികളാണ് നമ്മുടെ പഞ്ചായത്തുകളുടെയും നഗര സഭകളുടെയും നേതൃത്വത്തിൽ നാട്ടിൽ നടന്നുകൊണ്ടിരിക്കുന്നത്. ദൂരദർശനിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ഗ്രീൻ കേരള എക്സ്പ്രസ്സ് എന്ന ഒരു സോഷ്യൽ റിയാലിറ്റി ഷോ കാണുന്നവർ വളരെ അതിശയപ്പെട്ടു പോവുകയാണ്. അധികാരം ജനങ്ങളിലേക്ക് എന്ന മുദ്രാവാക്യം ഉയർത്തി ആരംഭിച്ച ജനകീയാസൂത്രണ പ്രവർത്തനങ്ങളുടെ വിജയഗാഥകളാണ് ദൂരദർശനിലൂടെ നമുക്കെല്ലാവർക്കും ഇന്ന് കാണാൻ കഴിയുന്നത്. അധികാര വികേന്ദ്രീകരണം ഫലപ്രദമായി നടപ്പിലാക്കുന്നതിൽ ഒട്ടേറെ പരിമിതികൾ കഴിഞ്ഞ കാലങ്ങളിൽ ഉണ്ടായിട്ടുണ്ട്. കഴിഞ്ഞകാല അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ആ പരിമിതികളും പോരായ്മകളും പരിഹരിക്കുന്ന കാര്യത്തിൽ ഈ ഗവൺമെന്റ് അഭിനന്ദനം അർഹിക്കുന്ന വിധത്തിലുള്ള നടപടികളാണ് സ്വീകരിക്കപ്പെട്ടിട്ടുള്ളത്. ഉദ്യോഗസ്ഥന്മാരുടെ പുനർവിന്യാസമായിരുന്നു അതിലെ ഒരു വലിയ പ്രശ്നം. യു.ഡി.എഫ്-ന്റെ ഭരണകാലത്ത് ഇക്കാര്യത്തിൽ കാര്യമായ യാതൊരു പുരോഗതിയുമുണ്ടായിരുന്നില്ല. ഇന്ന് ഈ ഗവൺമെന്റ് വിവിധ വിഭാഗങ്ങളിൽപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥന്മാരെ പ്രാദേശിക ഭരണ കൂടങ്ങളിലേക്ക് പുനർവിന്യസിപ്പിച്ചു എന്നുമാത്രമല്ല, അവർക്കാവശ്യമായ സൗകര്യങ്ങളും ഇതിനോടകം തന്നെ ഉണ്ടായിട്ടുണ്ട്. പക്ഷേ, ഒരു കാര്യം കൂടി സൂചിപ്പിക്കുവാനുള്ളത്, ഇങ്ങനെ പുനർവിന്യസിപ്പിക്കപ്പെട്ട ഉദ്യോഗസ്ഥന്മാരെല്ലാം ഇപ്പോഴും അവരവരുടെ ഓഫീസുകളിൽ മാത്രമാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. അവരെയെല്ലാം അതാത് പഞ്ചായത്തുകളിൽ അത്യാവശ്യം സൗകര്യങ്ങൾ ഉണ്ടാക്കി അവിടെ ഇരുന്ന് പ്രവർത്തിക്കാൻ കഴിയുന്ന വിധത്തിലുള്ള ഒരു മാറ്റം ഉണ്ടാകേണ്ടതായിട്ടുണ്ട് എന്നാണ് സൂചിപ്പിക്കുവാനുള്ളത്. എല്ലാ പഞ്ചായത്തുകളിലും അക്കൗണ്ടന്റുമാരുടെ തസ്തിക സൃഷ്ടിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു. അതൊരു മുഖ്യ വിഷയമായിരുന്നു. അതിനാവശ്യമായ നടപടികളെല്ലാം സ്വീകരിച്ചു. ഇതടക്കം ഏതാണ്ട് 1342 തസ്തികകളാണ് ഈ കഴിഞ്ഞ നാല് വർഷക്കാലംകൊണ്ട് ഇവിടെ പുതുതായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. തദ്ദേശ സ്വയംഭരണ വകുപ്പിന് തനതായ ഒരു എഞ്ചിനീയറിംഗ് വിഭാഗമില്ലായിരുന്നു എന്നുള്ളത് ഏറ്റവും വലിയ ഒരു അപാകതയായിരുന്നു. അതിപ്പോൾ പരിഹരിക്കപ്പെടുന്നതിനുള്ള നടപടികൾ പൂർത്തിയായിക്കഴിഞ്ഞിട്ടുണ്ട്. അതിന്റെ ഫലമായി നമ്മുടെ മരാമത്ത് ജോലികളുടെ നിർവ്വഹണത്തിൽ വരുന്ന കാലതാമസവും ഇപ്പോൾ ഒഴിവാക്കപ്പെടാൻ കഴിയുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്. ഭരണസമിതികളിലെ വനിതാപ്രാതിനിധ്യം 50 ശതമാനമായി ഉയർത്താൻ നിയമനിർമ്മാണം നടപ്പിലാക്കി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് 50 ശതമാനം സംവരണം ഏർപ്പെടുത്തുമെന്ന് പ്രസ്താവനകളിൽ മാത്രമായി കേന്ദ്ര ഗവൺമെന്റ് ഒതുങ്ങിക്കഴിയുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പക്ഷേ ഇവിടെ അത് ഫലപ്രദമായി നടപ്പിലാക്കാൻ കഴിഞ്ഞപ്പോൾ, വരുന്ന തെരഞ്ഞെടുപ്പോടുകൂടി ഭരണനേതൃത്വത്തിലും ഭരണരംഗത്തുമൊക്കെ സ്ത്രീകളുടെ ഇൻവോൾവ്മെന്റ് വർദ്ധിപ്പിക്കാൻ കഴിയുന്ന ഒരു സാഹചര്യമാണ് സംജാതമാകാൻ പോകുന്നത്. ഉൽപ്പാദന മേഖലയ്ക്കുള്ള പദ്ധതിവിഹിതത്തിൽ വലിയ വർദ്ധനവാണ് ഈ ഗവൺമെന്റ് വരുത്തിയിട്ടുള്ളത്. പട്ടിക വിഭാഗങ്ങൾക്കും വനിതകൾക്കുള്ള പ്രത്യേക ഘടക പദ്ധതി, ദുർബലവർക്കുള്ള വിഹിതം എന്നിവ ചെലവഴിക്കുന്നതിലൊക്കെ ഉറപ്പുവരുത്താൻ ഇപ്പോൾ ഗവൺമെന്റ് നിഷ്ക്കർഷിക്കുന്നുണ്ട്. ഓരോ മേഖലയ്ക്കും അനുവദിച്ച പദ്ധതി വിഹിതം, പ്രത്യേകിച്ചും കാർഷികമേഖലയ്ക്കും എസ്.സി./എസ്.റ്റി. വിഭാഗങ്ങൾക്കും വകയിരുത്തിയിട്ടുള്ള വിഹിതം വകമാറ്റി ചെലവഴിക്കുന്നില്ല എന്ന് ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടുണ്ട്. അത് വകമാറ്റി ചെലവഴിക്കപ്പെട്ടാൽപ്പോലും അടുത്ത വർഷം അതിന് പരിഹാരവകയിരുത്തൽ നിഷ്ക്കർഷിച്ചിട്ടുണ്ട്. അത് ഏറ്റവും നല്ല കാര്യമാണ്. യു.ഡി.എഫ്.-ന്റെ കാലഘട്ടത്തിൽ അത്തരത്തിലുള്ള യാതൊരു നടപടികളുമുണ്ടായിരുന്നില്ല. കാർഷിക മേഖലയിൽ വലിയ മുരടിപ്പാണുണ്ടായതെന്ന് ബഹുമാന്യനായ തേറമ്പിൽ രാമകൃഷ്ണൻ സൂചിപ്പിക്കുകയുണ്ടായി. കാർഷിക മേഖലയിൽ, യു. ഡി. എഫ്.-ന്റെ ഭരണകാലയളവിലാണ് പദ്ധതിവിഹിതത്തിൽ വലിയ കുറവ് വരുത്തിയിട്ടുള്ളത്. ഉൽപ്പാദന മേഖലയ്ക്ക് 40 ശതമാനമുണ്ടായിരുന്നത് 30 ശതമാനമായി വെട്ടിക്കുറച്ചത് യു. ഡി. എഫ്.-ന്റെ കാലയളവിലാണ്. എന്നാൽ ഈ ഗവൺമെന്റ് വന്നപ്പോൾ അത് പുനഃസ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കപ്പെട്ടിരിക്കുകയാണ്. പദ്ധതി വിഹിതത്തിന്റെ എൺപതോ എഴുപതോ ശതമാനം മാത്രമേ ചെലവഴിച്ചിട്ടുള്ളൂവെന്നാണ് പ്രൊഫ. എൻ. ജയരാജ് സൂചിപ്പിച്ചത്. പക്ഷേ ഒരു കാര്യം മനസ്സിലാക്കണം, 2001 മുതൽ 2006 വരെ അനുവദിക്കപ്പെടുന്ന പദ്ധതിവിഹിതത്തിൽ വെട്ടിക്കുറവും തിരിച്ചുപിടിത്തവുമായിരുന്നു യു. ഡി. എഫ്.-ന്റെ ഭരണകാലയളവിലുണ്ടായിരുന്നത്. 'രണ്ട് കാലിലും മന്തുള്ള ആൾ രണ്ട് കാലും മണലിൽ താഴ്ത്തിവച്ചിട്ട് ഒരു കാലിൽ ചെറിയ നീരുള്ളയാളിനെ മന്താ മന്താ' എന്ന് വിളിക്കുന്നതുപോലെയാണ് പ്രൊഫ. ജയരാജിന്റെ പ്രസംഗം കേട്ടപ്പോൾ എനിക്ക് തോന്നിയത്. ആ തരത്തിൽ ഇവിടെ പദ്ധതിവിഹിതം വർദ്ധിപ്പിച്ചു കൊടുക്കുന്നതിനും കാർഷിക മേഖലയ്ക്ക് പ്രത്യേകിച്ച് ഉൽപ്പാദന മേഖലയ്ക്ക് 40 ശതമാനംഫണ്ട് വിനിയോഗിക്കണമെന്നുള്ള കാര്യത്തിൽ നിഷ്ക്കർഷ വരുത്തിയതും എൽ. ഡി. എഫ്. ഗവൺമെന്റാണ്. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഫ്രണ്ട് ഓഫീസ് ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്. ജനങ്ങളെ സംബന്ധിച്ച് അത് ഏറ്റവും വലിയൊരു അനുഗ്രഹീതമായ കാര്യമാണ്. ഏതെങ്കിലും പരാതികളുമായി നിരന്തരമായി കയറിയിറങ്ങി നടക്കുന്ന പൊതുജനത്തെ സംബന്ധിച്ച്, അവർക്ക് കൃത്യമായി ഒരു വിവരവും പഞ്ചായത്തുകളിൽ നിന്നോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ ലഭിച്ചിരുന്നില്ല. ഇപ്പോൾ ഫ്രണ്ട് ഓഫീസിൽ ചെന്നാൽ അതിന് ഉത്തരവാദിത്തപ്പെട്ട ആളുകളുണ്ട്. അവിടെ അപേക്ഷ കൊടുത്ത് സമയാസമയങ്ങളിൽ കാര്യങ്ങൾ നടക്കുന്നത് മാത്രമല്ല, ഏത് സർട്ടിഫിക്കറ്റ് വേണമെങ്കിലും അന്നന്ന് തന്നെ ലഭ്യമാക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിയുന്ന ഒരു സാഹചര്യമുണ്ടായിട്ടുണ്ട്. കമ്പ്യൂട്ടർവൽക്കരണത്തിന്റെ കാര്യത്തിൽ ഇന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറെ മുന്നോട്ടുപോയിരിക്കുകയാണ്. ദേശീയ അംഗീകാരം വരെ ആ രംഗത്ത് നമുക്ക് നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇ-ഗവേണൻസ് അവാർഡ് പോലും കേന്ദ്ര ഗവൺമെന്റിൽ നിന്ന് കേരളത്തിനാണ് ലഭിച്ചിട്ടുള്ളത്. പഞ്ചായത്തീരാജ് സംവിധാനവും അധികാര വികേന്ദ്രീകരണവും ശക്തിപ്പെടുത്തുന്നതിലൂടെ ഏറ്റവും മികച്ച സംസ്ഥാനമായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത് കേരള സംസ്ഥാനമാണ്. നമ്മുടെ ബഹുമാന്യനായ മന്ത്രി കേന്ദ്ര ഗവൺമെന്റിൽ നിന്ന് അവാർഡ് സ്വീകരിക്കുന്ന പടം ഈ കഴിഞ്ഞ ദിവസങ്ങളിലെ പത്രങ്ങളിലെല്ലാം വന്നത് എല്ലാപേരും കണ്ടുകാണും. യു. ഡി. എഫ്.-ന്റെ ഭരണകാലയളവിലും ഈ ഗവൺമെന്റിന്റെ ഭരണകാലയളവിലും ഓരോ മേഖലയിലും ചെലവഴിച്ചതിനെ സംബന്ധിച്ചൊക്കെ ഇവിടെ ശ്രീ. കെ. കെ. ജയചന്ദ്രൻ സൂചിപ്പിച്ചു. ഞാൻ അത് ആവർത്തിക്കുന്നില്ല. കാർഷിക മേഖലയുടെ അഭിവൃദ്ധിക്കുവേണ്ടി ഒട്ടേറെ കാര്യങ്ങൾ ചെയ്യുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടെന്ന കാര്യം വ്യക്തമാണ്. നെൽകൃഷി ചെയ്യുന്നതിന് ഒരു ഏക്കറിന് 2500 രൂപവരെയാണ് ഇപ്പോൾ സബ്സിഡി അനുവദിച്ചുകൊണ്ടിരിക്കുന്നത്. വിത്തുകൾ സൗജന്യമായും വളം, കീടനാശിനി തുടങ്ങിയവ പകുതി വിലയ്ക്കുമാണ് ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്നത്. ജലലഭ്യത മെച്ചപ്പെടുത്തുന്നതിനാവശ്യമായ ഒട്ടേറെ പദ്ധതികൾ ഏർപ്പെടുത്തിയിട്ടുണ്ട്. നടീൽ, കൊയ്ത്ത്, മെതി എന്നിവയ്ക്കാവശ്യമായ യന്ത്രോപകരണങ്ങളെല്ലാംതന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പാടശേഖരങ്ങൾക്ക് ഒരുക്കിക്കൊടുത്തിട്ടുണ്ട്. ഇതിന്റെയൊക്കെ ഫലമായി നെൽക്കൃഷി ഉപേക്ഷിച്ച് പാടത്തുനിന്ന് കയറിപ്പോയിരുന്ന കൃഷിക്കാരൻ ഇന്ന് പാടത്തേക്ക് തിരിച്ചുവന്നുകൊണ്ടിരിക്കുകയാണ്. നെൽക്കൃഷി ലാഭകരമാണെന്നുള്ള ഒരു അനുഭവം ജനങ്ങളിലേക്ക് വളർന്നുകൊണ്ടിരിക്കുകയാണ്. കുടുംബശ്രീയും അയൽക്കൂട്ടങ്ങളും തരിശ് കിടക്കുന്ന ഭൂമി ഏറ്റെടുത്ത് കൃഷിചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. കാർഷിക മേഖലയിൽ ഒരു വലിയ മാറ്റമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഇന്ന് ഈ സംസ്ഥാനത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. അതുപോലെതന്നെയാണ് ഭവന നിർമ്മാണ രംഗത്ത്, സഖാവ് ഇ. എം. എസ്.-ന്റെ പേരിൽ ഇവിടെ ആവിഷ്ക്കരിക്കപ്പെട്ടിരിക്കുന്ന സമഗ്രമായ ഭവന പദ്ധതി ഈ ലോകത്തിനുതന്നെ മാതൃകയായി നടപ്പിലാക്കിയിട്ടുള്ള ഭവന പദ്ധതിയാണ്. ഈ വരുന്ന കാലയളവിലായി, ഏതാണ്ട് 8 ലക്ഷം വീടുകൾ ലക്ഷ്യമിട്ടതിൽ 3 ലക്ഷം വീടുകൾ ഇതിനോടകം തന്നെ പൂർത്തിയായിക്കഴിഞ്ഞിരുന്നു, 5 ലക്ഷം വീടുകൾ വരുന്ന ഒരു വർഷത്തിനകം പൂർത്തിയാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയാണ്. ഇവിടെ ഇങ്ങനെ ഒരു പദ്ധതി പ്രഖ്യാപിച്ചപ്പോൾ മറുഭാഗത്തു നിന്നൊക്കെ വളരെയധികം വിമർശനങ്ങൾ ഉയർന്നുവന്നിരുന്നു. ഇതിന് പണം എങ്ങനെ ലഭിക്കുമെന്നും ഈ പദ്ധതി നടപ്പിലാക്കാൻ പോകുന്നില്ലെന്നുമുള്ള വാർത്തകളൊക്കെ പത്രങ്ങളിൽ വന്നുകൊണ്ടിരുന്നത് നാം ശ്രദ്ധിച്ചതാണ്. ഈ കേരളത്തിൽ കയറിക്കിടക്കാൻ ഒരു കൂരയില്ലാത്ത മുഴുവൻ ആളുകൾക്കും വീടുണ്ടാക്കിക്കൊടുക്കാനുള്ള

പദ്ധതിയുമായി നിശ്ചയദാർഢ്യത്തോടുകൂടി, മുന്നോട്ട് പോയപ്പോൾ സഹകരണ മേഖലയുടെ നിർലോഭമായ സഹായമാണ് ഇവിടെ ലഭിച്ചിട്ടുള്ളത്. 4,000 കോടി രൂപ സഹകരണ മേഖലയിൽ നിന്ന് വായ്പ എടുത്തുകൊണ്ടാണ് ഇത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. അതുപോലെ തന്നെയാണ് എം. എൻ. ലക്ഷം വീട് പദ്ധതി. അത് പുനർ നിർമ്മിക്കുന്നതിനാവശ്യമായ നടപടികളും ഇപ്പോൾ സ്വീകരിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഭവന പദ്ധതിയാവശ്യത്തിനായി വരുന്ന വിഹിതത്തിൽ തന്നെ വർദ്ധന വരുത്തിയിട്ടുണ്ട്. ജനറൽ വിഭാഗത്തിന് 75,000 രൂപയും എസ്. സി. വിഭാഗത്തിന് 1 ലക്ഷം രൂപയും പട്ടികവർഗ്ഗ വിഭാഗത്തിന് ഒന്നേകാൽ ലക്ഷം രൂപയുമായി ഉയർത്തിക്കൊണ്ടാണ് ഈ ഭവന പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. അതുപോലെ തന്നെയാണ് ദേശീയ തൊഴിലുറപ്പ് പദ്ധതിയുടേയും കുടുംബശ്രീയുടേയും പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. 9.3 ലക്ഷം കുടുംബങ്ങൾക്ക് ഇതിനോടകം തന്നെ തുകയും നൽകാൻ കഴിഞ്ഞിട്ടുണ്ട്. ഇതിൽ 2 ലക്ഷം കുടുംബങ്ങൾക്ക് 50 ദിവസം പണികൊടുക്കാൻ കഴിഞ്ഞു എന്നുള്ളതാണ് വസ്തുത. വർഷത്തിൽ 100 ദിവസം പണികൊടുക്കണമെങ്കിൽ തൊഴിലുറപ്പ് പദ്ധതിക്ക് നിശ്ചയിക്കപ്പെട്ടിട്ടുള്ള നിബന്ധനകളിൽ മാറ്റംവരുത്താൻ കേന്ദ്ര ഗവൺമെന്റ് തയ്യാറാകണം. കേരളത്തിന് അനുയോജ്യമല്ലാത്ത നിബന്ധനകൾ വച്ചാൽ എവിടെയാണ് തൊഴിൽ കൊടുക്കാൻ പറ്റുക ? ഇപ്പോൾത്തന്നെ സംസ്ഥാന ഗവൺമെന്റ് മുന്നോട്ടുവച്ചിട്ടുള്ള കാർഷിക മേഖലയിലെ കർഷകത്തൊഴിലാളികളുടെ കുറവ് പരിഹരിക്കപ്പെടാൻവേണ്ടി തൊഴിലുറപ്പ് പദ്ധതി കാർഷിക മേഖലയിലും കൂടി നടപ്പിലാക്കണമെന്നുള്ള തരത്തിലുള്ള നിർദ്ദേശം കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചിട്ടില്ല. അതുകൂടി അംഗീകരിച്ചാൽ 100 ദിവസം ഉറപ്പായും ഇവിടെ തൊഴിൽ കൊടുക്കാൻ കഴിയുന്ന സാഹചര്യമുണ്ടാകും. അനുവദിച്ച തുകയിൽ 471.85 കോടി രൂപ ഇതിനോടകം തന്നെ ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരം നമ്മുടെ സംസ്ഥാനത്ത് ചെലവഴിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. ആ അനുഭവത്തിന്റെ വെളിച്ചത്തിലാണ് അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി കൂടി നടപ്പിലാക്കുമെന്ന് ഈ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്നത്. അത് നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിട്ടേയുള്ളൂ. അതിന്റെ ബഡ്ജറ്റ് പാസ്സാക്കുന്നതേയുള്ളൂ. വരുന്ന മാസങ്ങളിലായി അതിനാവശ്യമായ നടപടികളും മറ്റ് രൂപരേഖയുമെല്ലാം ഈ സംസ്ഥാനത്തുണ്ടാകുമെന്നുള്ള കാര്യത്തിൽ സംശയമില്ല. കുടുംബശ്രീ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ ഏറെ മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ 10 വർഷക്കാലത്തിനിടയിൽ 65 കോടി രൂപ മാത്രം അവിടെ ചെലവഴിച്ചപ്പോൾ ഈ കഴിഞ്ഞ സാമ്പത്തിക വർഷം മാത്രമായി 125 കോടി രൂപയാണ് ഇവിടെ നമുക്ക് ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളത്. അതുപോലെതന്നെ കാർഷിക മേഖലയിൽ വളരെ അഭിനന്ദനമർഹിക്കുന്ന വിധത്തിലുള്ള സംഭാവനയാണ് കുടുംബശ്രീ പ്രസ്ഥാനത്തിന്റെ ഭാഗത്തുനിന്നുണ്ടായിട്ടുള്ളത്. വിപണി വിപുലപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കപ്പെട്ടിട്ടുണ്ട്. ആശ്രയ പദ്ധതിയുടെ കാര്യത്തിൽ വളരെ വളരെ മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടുണ്ട്. മാലിന്യ നിർമ്മാർജ്ജന രംഗത്തും കേന്ദ്രാവിഷ്കൃത പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കൾ നടപ്പിലാക്കുന്ന കാര്യത്തിലും വളരെ മുന്നോട്ടാണ് ഈ സംസ്ഥാനം ഇന്ന് പോയിക്കൊണ്ടിരിക്കുന്നത്. പി. എം. ജി. എസ്. വൈ. പദ്ധതിക്ക്, യു. ഡി. എഫ്.-ന്റെ അഞ്ച് വർഷക്കാലയളവിൽ 815 കിലോമീറ്റർ നീളത്തിൽ 431 റോഡുകൾക്കായി 195 കോടി രൂപയ്ക്ക് അനുമതി ലഭിച്ചതിൽ 375 കി.മീ ദൂരത്തിൽ 194 റോഡുകളിലായി 78 കോടി രൂപ മാത്രമാണ് ചെലവഴിക്കപ്പെട്ടത്. എന്നാൽ ഈ ഗവൺമെന്റാകട്ടെ ഈ കാലയളവിൽ 1266 കിലോമീറ്റർ നീളത്തിൽ 522 റോഡുകൾക്കായി 525 കോടി രൂപയുടെ അനുമതി കേന്ദ്രഗവൺമെന്റിൽ നിന്നും നേടി. അതിൽ 655 കി.മീ ദൂരം വരുന്ന 325 റോഡുകൾക്കായി 282.85 കോടി രൂപ ഇതിനോടകം തന്നെ ചെലവഴിച്ചു കഴിഞ്ഞിരിക്കുന്നു. ഇനിയും ഏതാണ്ട് 175 റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. എസ്. ജി. എസ്. വൈ., ഹരിതശ്രീ തുടങ്ങിയ പദ്ധതികളുടെ നടത്തിപ്പിലും വലിയ പുരോഗതിയാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. ഈ നടപടികളെല്ലാം നടക്കുന്നതോടൊപ്പം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണത്തിൽ കുറേക്കൂടി വർദ്ധനവുണ്ടാകേണ്ടതായിട്ടുണ്ട്. അതിൽ വളരെ പ്രധാനപ്പെട്ടതാണ് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ. ഈ സംസ്ഥാനത്ത് ഇന്ന് ഏതാണ്ട് ആയിരത്തോളം ഒഴിവുകൾ നിലവിലുണ്ട്. ഈ ഒഴിവുകളിലേക്ക് ആളുകളെ നിയമിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. അവരുടെ ചുമതലകൾ ഇന്ന് വളരെക്കൂടുതലാണ്. ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ഏറ്റവുമധികം തുക കൈകാര്യം ചെയ്യുന്നത് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരാണ്. ഇവർ ഗ്രാമസഭകളുടെ നോഡൽ കോ-ഓർഡിനേറ്റർമാരാണ്. പഞ്ചായത്തുകളിലെ ദാരിദ്ര്യ നിർമ്മാർജ്ജനം, പ്രാദേശിക സാമ്പത്തിക വികസനം, പട്ടികജാതി വികസനം, കുടിവെള്ളം-ശുചിത്വം എന്നീ നാല് വർക്കിംഗ് ഗ്രൂപ്പുകളുടെ കൺവീനർമാർ ഈ വി.ഇ.ഒ. മാരാണ്. കുടുംബശ്രീകളിലെ ചാർജ് ഓഫീസർമാരും ബ്ലോക്ക് തലത്തിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പും ഇവർതന്നെയാണ്. ഇങ്ങനെയുള്ള നിരവധി ചുമതലകൾ ഇവർ നിർവ്വഹിച്ചുകൊണ്ടിരിക്കുകയാണ്. മാത്രവുമല്ല ഇ.എം.എസ്.ഭവന പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തി തുക അനുവദിക്കുക, കേന്ദ്ര പദ്ധതികളായ ഇന്ദിരാ ആവാസ് യോജന, എസ്.ജി. എസ്. വൈ. തൊഴിലുറപ്പ് പദ്ധതികളുടെ നിർവ്വഹണം നടത്തുക തുടങ്ങിയവയുടെ നടത്തിപ്പുമെല്ലാം വി.ഇ.ഒ.-മാരിൽ നിക്ഷിപ്തമാണ്. അതുകൊണ്ട് വി. ഇ.ഒ.-മാരുടെ ചുമതല വർദ്ധിച്ചിരിക്കുന്നു. പക്ഷേ അതിനനുസൃതമായി ശമ്പളത്തിൽ അവർക്ക് വർദ്ധനവുണ്ടായിട്ടില്ല. അവരുടെ സ്ഥിരം നിയമനം നടത്തുന്നതിനാവശ്യമായ നടപടികളുണ്ടാകണം. ശമ്പളത്തിൽ ആവശ്യമായ വർദ്ധനവുണ്ടാകണം. ഇതെല്ലാം അടിയന്തരമായി ഉണ്ടാകേണ്ടകാര്യമാണ്. ഇവിടെ വി.ഒ.മാരുടെ കുറവ് കൊണ്ട് തന്നെ കേന്ദ്രാവിഷ്കൃത പദ്ധതിയുടെ നടത്തിപ്പിന് വേഗത കുറയുന്നുണ്ട്, അതിന് പലപ്പോഴും കാലതാമസം വരുന്നുണ്ട്. മാത്രമല്ല അവരുടെ അടിസ്ഥാന യോഗ്യതമായി കണക്കാക്കുന്നത് എസ്.എസ്. എൽ.സി.യാണ്. അതേ അവസരത്തിൽ അവർ ഒരു കോടി രൂപയിൽ കൂടുതൽ വിനിയോഗിക്കുന്ന ഉദ്യോഗസ്ഥന്മാരാണ്. അവരുടെ അടിസ്ഥാന

LIBRARY ARCHIVES Kerala Legislative Assembly

യോഗ്യതയിൽ ഒരു മാറ്റം വരുത്തുന്നതിനെ സംബന്ധിച്ച് ഗൗരവമായിട്ട് ആലോചിക്കേണ്ടതുണ്ട്. അവർക്കു കൊടുക്കുന്ന ട്രെയിനിംഗ് കാലം, അത് അലവൻസ് മാത്രമായി കൊടുക്കുന്നതാണ്, അവരുടെ ട്രെയിനിംഗ് കാലം സർവ്വീസായി പരിഗണിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം........

മി. ചെയർമാൻ : ശ്രീ. ബാബു പോൾ അങ്ങ് ചുരുക്കണം...........

ശ്രീ. ബാബു പോൾ : ഒന്ന്-രണ്ട് കാര്യങ്ങൾ കൂടിയേയുള്ളൂ, ഞാൻ ചുരുക്കുകയാണ്. എല്ലാ പദ്ധതികളുടേയും ഇംപ്ലിമെന്റിംഗ് ഓഫീസർമാർ ഗസറ്റഡ് ഓഫീസർമാരാണ്. അവരുടെ മുകളിൽ പ്രവർത്തിക്കേണ്ട പഞ്ചായത്ത് സെക്രട്ടറിമാർ ഇപ്പോഴും ഗസറ്റഡ് റാങ്കിൽ എത്തിയിട്ടില്ല. അവരെ ഗസറ്റഡ് റാങ്കിൽ ഉയർത്തുന്നതിന് വേണ്ടിയുള്ള നടപടികളുണ്ടാകണം. സെക്രട്ടറിമാരെ നേരിട്ട് നിയമിക്കുന്നതുകൊണ്ട് മിനിസ്റ്റീരിയൽ ജീവനക്കാരുടെ പ്രമോഷനുണ്ടാകുന്ന കുറവ് പരിഹരിക്കുന്നതിന് സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം. നമ്മുടെ പഞ്ചായത്ത് മെമ്പർമാരുടേയും കൗൺസിലർമാരുടേയും ഒക്കെ കാലാവധി കഴിഞ്ഞാൽ അവരുടെ സ്ഥിതി വളരെ പരിതാപകരമാണ്. അവർക്ക് പെൻഷൻ കൊടുക്കുന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് ഗൗരവമായിട്ട് ആലോചിക്കണം. അതുപോലെ ലോക്കൽ ബോഡീസിൽ നിക്ഷിപ്തമായിട്ടുള്ള തോട് പുറമ്പോക്ക്, ആറ്റുപുറമ്പോക്ക്, എന്നിവിടങ്ങളിൽ കുടിൽ വച്ച് താമസിക്കുന്ന നൂറ് കണക്കിന് കുടുംബങ്ങൾ ഈ സംസ്ഥാനത്തുണ്ട്. അവർക്ക് കൈവശ രേഖയുമില്ല, പട്ടയവുമില്ല എന്നുള്ളതുകൊണ്ട് തന്നെ അവർക്ക് യാതൊരു ആനുകൂല്യങ്ങളും ലഭ്യമാകുന്നില്ല, അവർക്ക് പട്ടയം കൊടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം.

മി. ചെയർമാൻ : ശ്രീ. ബാബു പോൾ അങ്ങ് അവസാനിപ്പിക്കണം...........

ശ്രീ. ബാബു പോൾ : അതുപോലെത്തന്നെ ഗ്രാമസഭയിലും വികസന സെമിനാറിലുമുള്ള ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം. അഴിമതി രഹിതമാണ് പദ്ധതി നിർവ്വഹണം എന്ന് പൂർണ്ണമായും നമുക്ക് അവകാശപ്പെടാൻ കഴിയാത്ത സ്ഥിതിയുണ്ട്. അഴിമതി രഹിതമായി പദ്ധതി വിഹിതം നടപ്പിലാക്കുന്നു എന്ന് ഉറപ്പ് വരുത്താൻ കഴിയണം. ഈ വിധത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വലിയ മാറ്റം വരുത്തിക്കൊണ്ട് വളരെ അഭിമാനകരമായ നേട്ടങ്ങളിലൂടെയാണ് മുന്നോട്ട് പോകുന്നത്. അത് സംബന്ധിച്ച് ഒരക്ഷരം വിമർശിക്കാനില്ലാത്തതുകൊണ്ട് പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ തോൽവി മുന്നിൽ കണ്ടുകൊണ്ടുള്ള ഒരു വിഭ്രാന്തിയാണ് ഇപ്പോൾ പ്രതിപക്ഷത്ത് നിന്നും നമുക്ക് കാണാൻ കഴിയുന്നത്..... (മൈക്ക് ഓഫ്)..........

മി. ചെയർമാൻ : ശ്രീ. എം. എ. വാഹീദ് അങ്ങേക്ക് സംസാരിക്കാം.......... (മൈക്ക് ഓഫ്)...........

ശ്രീ. ബാബു പോൾ: ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് വാക്കുകൾ ചുരുക്കുന്നു.

ശ്രീ. എം. എ. വാഹീദ്: സർ, ഗ്രാമങ്ങളിൽ വികസന പ്രവർത്തനങ്ങൾ നടത്തേണ്ട പ്രാദേശിക സർക്കാരുകളെ ഒരു വ്യാഴവട്ടക്കാലംകൊണ്ട് തകർത്ത് തരിപ്പണമാക്കിയ കടുകടുത്ത കമ്മ്യൂണിസ്റ്റുകാരനായ മന്ത്രി ശ്രീ. പാലോളി മുഹമ്മദ്കുട്ടിക്ക് ഒരു വാൽസല്യം പറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. അതോടൊപ്പം ഈ മന്ത്രി മാർക്ക് ഒരു റ്റാറ്റാ പറയാനും ഈ അവസരം ഉപയോഗിക്കുകയാണ്. കണ്ടാൽ അദ്ദേഹം വളരെ സാത്വികനാണ്, നടന്നാൽ അതിനേക്കാൾ സാത്വികനാണ്, സംസാരിച്ചാൽ അതിനേക്കാൾ സാത്വികനാണ്. ഇനി ആര് എന്ത് പറഞ്ഞാലും പാർട്ടി പറയുന്നതിൽനിന്നും ഒരു വരയ്ക്കപ്പുറം പോകില്ല. ശ്രീ. പാലോളിയുടെ ഭരണം തുഗ്ളക്കിന്റെ ഭരണം പോലെയാണ്. ഒരു ദിവസം ആസ്ഥാനം ഡൽഹിയിൽ, പിറ്റെ ദിവസം ആസ്ഥാനം ആഗ്രയിൽ, പിന്നെ വീണ്ടും ആഗ്രയിൽ നിന്ന് ഡൽഹിയിലേക്ക്. ഇങ്ങനെയാണ് മുഗൾ ഭരണം അവസാനം തകർന്നത്. രാവിലെ സെക്രട്ടേറിയറ്റിലിരുന്നുകൊണ്ട് ശ്രീ. പാലോളി മുഹമ്മദ്കുട്ടി ഒരു ഉത്തരവിറക്കും, വൈകിട്ട് എ.കെ.ജി. സെന്ററിൽ ചെല്ലുമ്പോൾ പറയും ഇത് പോരാ, അവിടെയിരുന്നുകൊണ്ട് വേറൊരു ഉത്തരവിറക്കും. നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഉത്ത രവുകളുടെ കൂമ്പാരമാണ്. കെട്ട് കണക്കിനാണ് ഉത്തരവുകൾ ഇരിക്കുന്നത്. പുസ്തകമായിട്ടും അടിച്ച് തന്നിട്ടുണ്ട് ശ്രീ. പാലോളി മിനിസ്റ്റർ. നോക്കിയാൽ ഒന്ന് ഒന്നിന് എതിരാണ്. അദ്ദേഹത്തിന്റെ ഏറ്റവും ഭാവനാപൂർണ്ണമായ പരിപാ ടിയായ ഇ.എം.എസ്. പദ്ധതിക്ക് 24 ഉത്തരവുകളുണ്ട്. 24-ഉം ഒന്നിനൊന്നിന് വ്യത്യസ്തങ്ങളാണ്. ജനകീയാസൂത്രണത്തിനാണെങ്കിൽ ഉത്തരവുകളുടെ കൂമ്പാരമാണ്. 1996-ൽ അദ്ദേഹം കൊണ്ടുവന്ന ജനകീയാസൂത്രണം ഇന്ന് ഒരു ജനദ്രോഹ ആസൂത്രണമായി നമ്മുടെ ഗ്രാമങ്ങളിൽ മാറിയിരിക്കുക യാണ്. സംശുദ്ധമായ ജനകീയ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരുന്ന സ്ഥലത്ത് ഇന്ന് സംഘടിതമായ അഴിമതിക്കും വീതംവയ്പ്പിനും തുടക്കമിട്ടിരി ക്കുന്നു. അനുവദിച്ച ഫണ്ടിന് കണക്കുണ്ട്, പക്ഷെ ചെലവഴിച്ചതിന് കണക്കില്ല. ഞാൻ അതിലേക്ക് കൂടുതലായി കടക്കുന്നില്ല. അദ്ദേഹത്തിന്റെ തന്നെ സഹപ്രവർത്തകനായ ഡോ. കെ. എം. ഷാജഹാൻ ഒരു ലേഖനമെഴുതിയിട്ടുണ്ട്. 'ജനങ്ങളിലേക്ക് എത്താത്ത ജനകീയാസൂത്രണം' മുൻ പ്ലാനിംഗ് ബോർഡ് മെമ്പറും, ജനകീയാസൂത്രണത്തിന് ജന്മം കൊടുത്ത മെമ്പർമാരിലൊ രാളുമാണ്. ഈ ലേഖനം എല്ലാവരും വായിച്ചുകാണും, അതിലേക്ക് ഞാൻ കടക്കുന്നില്ല, ജനകീയാസൂത്രണംകൊണ്ട് ഇന്ന് നാട്ടിൽ ഒന്നുംനടക്കാത്ത സ്ഥിതിവിശേഷമാണ്. ഇ.എം.എസ്. ഭവന പദ്ധതി, തുടക്കത്തിലെ താളം തെറ്റിയ പദ്ധതിയാണ്. (തടസ്സം)..........എന്റെ സമയം പോകുന്നു.........

മി. ചെയർമാൻ: ശ്രീ. വാഹീദ് പോയിന്റ് ഓഫ് ഓർഡർ.............

ശ്രീ. എം. എ. വാഹീദ്: സർ എന്റെ സമയം പോകുന്നു..............

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ : സമയമൊന്നും പോകില്ല..........

ശ്രീ. പി. വിശ്വൻ : സർ, അധികാര വികേന്ദ്രീകരണത്തെ പൂർണ്ണതയിലെത്തിച്ചതിന് ബഹുമാനപ്പെട്ട പ്രധാന മന്ത്രിയുടെ കയ്യിൽ നിന്നും അവാർഡ് ലഭിച്ച ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയെക്കുറിച്ച് അദ്ദേഹം ആദ്യം ഉപയോഗിച്ച വാക്കുകൾ, യഥാർത്ഥത്തിൽ ഒരിക്കലും സഭയ്ക്ക് ഉചിതമല്ല. ആ വാക്കുകൾ അദ്ദേഹം പിൻവലിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. എം. എ. വാഹീദ് : സർ, ഒരു സർക്കാരിന്റെ പരമോപകാരത്തിന് ഇതിൽ കൂടുതലൊന്നും ആർക്കും പറയാനൊക്കില്ല. പരമോപകാരം നടക്കുമ്പോൾ, മാന്യനാണ്, ബഹുമാനമാണ്, അവാർഡ് കൊടുക്കേണ്ടതാണെന്നൊക്കെ പറയും. ഈ സർക്കാർ മരിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഒരുപാട് അവാർഡുകളൊക്കെ കിട്ടും. കാരണം ഇതെങ്ങനെയെങ്കിലും പോകട്ടെ എന്ന് വച്ച്, അതുണ്ടാകും. ഇ.എം.എസ്. ഭവന പദ്ധതി, വരുന്ന 10 വർഷക്കാലത്തെ ഗ്രാമ വികസന പദ്ധതികൾ തകർക്കുന്നതാണ്. 10 വർഷക്കാലം പഞ്ചായത്തിന് കൊടുക്കുന്ന പ്ലാൻ ഫണ്ടാണ് ഇ.എം.എസ്. ഭവന പദ്ധതിയിലേക്ക് മാറ്റിയിരിക്കുന്നത്. ഒരു പണവും സർക്കാർ കൊടുത്തിട്ടില്ല. വായ്പ നൽകുന്നത് സഹകരണ ബാങ്കാണ്. അത് കടത്തിൽ മുങ്ങുകയാണ്. ഇത് നടപ്പാക്കുന്ന പഞ്ചായത്ത് വികസന മുരടിപ്പ് നേരിടുകയാണ്. പ്ലാൻ ഫണ്ട് ഉപയോഗിച്ച് നടത്തേണ്ട കേന്ദ്രാവിഷ്കൃത പദ്ധതികൾ പോലും നടത്താൻ കഴിയാത്ത സ്ഥിതിയാണ്. ഐ.എ.വൈ. പദ്ധതി, അത് തകർത്തുകൊണ്ടിരിക്കുകയാണ്. ഐ.എ.വൈ. പദ്ധതിയുടെ അപേക്ഷ സ്വീകരിക്കാതെ, ഇ.എം.എസ് ഭവന പദ്ധതിക്ക് അപേക്ഷ സ്വീകരിക്കുകയാണ്. ഇ.എം.എസ്. ഭവന പദ്ധതിക്ക് സർക്കാർ ഒരു പണവും കൊടുക്കുന്നില്ല. വഴിയിൽ കിടക്കുന്ന തേങ്ങയെടുത്ത് കൂലി കൊടുക്കുന്നു എന്നൊരു പഴഞ്ചൊല്ല് നമ്മുടെ തിരുവിതാംകൂറിലുണ്ട്. വഴിയിൽ കിടക്കുന്ന തേങ്ങ എടുത്ത് കൊയ്യാൽ കൊടുക്കുന്നു എന്ന് പറയും. സർക്കാരിനോ ശ്രീ. പാലോളി മുഹമ്മദ് കുട്ടിക്കോ ഇതിനകത്ത് യാതൊരു കാര്യവുമില്ല. സഹകരണ ബാങ്ക് കടം കൊടുക്കുന്നു, പ്ലാൻ ഫണ്ട് നമ്മുടെ നികുതിയിൽ നിന്ന് കൊടുക്കുന്നു, പ്ലാൻ ഫണ്ട് 10 വർഷം തിരിച്ച് അടയ്ക്കുന്നു, സമ്പൂർണ്ണ ഭവന പദ്ധതി എവിടെയാണ്; പഞ്ചായത്തുകളിൽ, ഒന്നും നടന്നില്ല. എന്റെ കൈയിൽ കണക്കുണ്ട്. ഞാൻ കണക്കിലേക്ക് കടക്കുന്നില്ല. എന്റെ ബ്ലോക്കിൽ 2008-09-ൽ ഐ.എ.വൈ. പദ്ധതിക്ക് അപേക്ഷകരില്ലായെന്ന് പറഞ്ഞ് 69 ലക്ഷം രൂപ തിരിച്ചടച്ചു. ഈ തിരിച്ചടവ് അറിഞ്ഞുകൊണ്ട്. ഞാൻ ആ ബി.ഡി.ഒ.യെ വിളിച്ചുവരുത്തി, ചോദിച്ചു എന്താണ് കാരണം; അപേക്ഷകൾ ഗ്രാമപഞ്ചായത്തുകൾ തന്നിട്ടില്ല. ഗ്രാമപഞ്ചായത്തുകൾ ഐ.എ.വൈ. പദ്ധതി പൊളിക്കുകയാണ്. അപ്പോൾ ഞാൻ പറഞ്ഞു നിങ്ങൾ ഒരു പത്രപ്പരസ്യം കൊടുക്കണം. അതിന് എനിക്ക് ഡയറക്ഷനില്ലായെന്ന് ബി.ഡി.ഒ. പറഞ്ഞു, അവിടത്തെ എം.എൽ.എ. എന്ന നിലയിൽ ദാ പിടിച്ചോ ഡയറക്ഷൻ എന്ന് പറഞ്ഞ് ഞാൻ ഒരു കത്ത് എഴുതി കൊടുത്തു.

കത്തെഴുതി കൊടുത്തപ്പോൾ അയാൾക്ക് ഇത് ചെയ്യാതിരിക്കാൻ പറ്റില്ല, ചെയ്തില്ലെങ്കിൽ നിയമസഭാ കമ്മിറ്റിയുടെ മുൻപിൽ വരണം. അവിടെ വന്നാൽ ഇരിക്കാൻപോലും പറ്റില്ല നിൽക്കേണ്ടിവരും. അതുകൊണ്ട് അദ്ദേഹം പത്രത്തിലൊരു വാർത്ത കൊടുത്തു, അപേക്ഷകരാരെങ്കിലും ഉണ്ടെങ്കിൽ അപേക്ഷ ബി.ഡി.ഒ.-ക്ക് തരണമെന്ന്. 778 അപേക്ഷകളാണ് വന്നത്. 773 വീട് ഈ വർഷം തീർക്കുകയാണ്. കഴിഞ്ഞ തവണ പാസ്സായ പണമുൾപ്പെടെയുള്ള മുഴുവൻ പണത്തിനും ബ്ലോക്ക് പഞ്ചായത്തിന്റെ സെക്രട്ടറി നോട്ടിഫൈ ചെയ്തതനുസരിച്ചാണ് ഈ 778 അപേക്ഷ ബ്ലോക്ക് പഞ്ചായത്തിൽ വന്നത്, അത് ഗ്രാമപഞ്ചായത്തിലേക്ക് കൊടുത്തു. ഗ്രാമപഞ്ചായത്തിൽ വച്ച് ഗ്രാമസഭ അത് പാസാക്കി. ദാരിദ്ര്യത്തിന്റെ അങ്ങേ അറ്റത്ത് നിൽക്കുന്ന വീടില്ലാത്തവർ, എന്നാൽ വസ്തു ഉള്ളവർക്ക് വീട് കൊടുക്കാതെ ഇ.എം.എസ്. ഭവന പദ്ധതിക്ക് വീട് അന്വേഷിച്ച് നടക്കുന്ന ശ്രീ. പാലോളിയെക്കുറിച്ച് തുഗ്ളക്ക് ഭരണം നടത്തുന്ന മന്ത്രിയെന്നല്ലാതെ പിന്നെ എന്ത് പറയണമെന്ന് എനിക്ക് അറിയില്ല. ഇതിനുവേണ്ടി കോടാനുകോടി രൂപ പിരിച്ചിട്ടുണ്ട്. സർക്കാർ സ്ഥാപനങ്ങളിൽ നിന്നും സർക്കാർ ജീവനക്കാരിൽ നിന്നും പിരിച്ചിട്ടുണ്ട്, കുടുംബശ്രീകളിൽ നിന്നും സന്നദ്ധ സംഘടനകളിൽ നിന്നുംപിരിച്ചിട്ടുണ്ട്, ഈ പണം എവിടെപ്പോയെന്ന് അറിയില്ല. ഇപ്പോൾ മാത്രമല്ല ശ്രീ. പാലോളി ഇരുന്ന കാലത്തെല്ലാം അങ്ങനെയുണ്ട്.

മുമ്പ് ഞാൻ പഞ്ചായത്ത് പ്രസിഡന്റായിരുന്നപ്പോൾ റോഡ് റോളറിനുവേണ്ടി 50,000 രൂപ അടയ്ക്കണമെന്ന് പറഞ്ഞു. അന്നാണെങ്കിൽ പ്ലാൻ ഫണ്ട്

12.00 Noon]

ഒന്നുമില്ല. എന്റെ പഞ്ചായത്തിൽനിന്ന് 50,000 രൂപ കൊടുത്തു. റോഡ് റോളറിനെക്കുറിച്ച് അറിയാനേയില്ല. അതുകഴിഞ്ഞ് ശ്രീ. പാലോളി മുഹമ്മദ് കുട്ടി സഖാവിന്റെ കമ്പ്യൂട്ടർവൽക്കരണത്തിനും പഞ്ചായത്തുകളിൽനിന്നും 30,000-ഉം 20,000-ഉം ഒക്കെ വാങ്ങിച്ചു. 50,000 രൂപ വാങ്ങിച്ച പഞ്ചായത്തുകളുമുണ്ട്. ആ പൈസ എവിടെപ്പോയിയെന്ന് ഒരു പിടിയുമില്ല. ഇങ്ങനെ പഞ്ചായത്തുകളെ കൊള്ളയടിക്കുന്ന ഒരു ഭരണമായി ഈ ഭരണം മാറിയിരിക്കുന്നു. കേന്ദ്രാവിഷ്കൃത പദ്ധതികളെയെല്ലാം തകിടം മറിച്ചുകൊണ്ടിരിക്കുകയാണ്. എസ്.ജി.എസ്.വൈ. പൊളിഞ്ഞുകൊണ്ടിരിക്കുകയാണ്. രാജീവ് ഗാന്ധി ഡ്രിങ്കിംഗ് വാട്ടർ നടക്കുന്നില്ല. ടോട്ടൽ സാനിട്ടേഷൻ നടക്കുന്നില്ല, രണ്ടുകാലിലും കൊതുക് കടിച്ച് എനിക്ക് ഡങ്കിപ്പനിയും ചിക്കുൻഗുനിയയുമാണ്, നിൽക്കാൻ വയ്യ. ഇരുന്നാൽ എഴുന്നേൽക്കാൻ ഒക്കുകയില്ല. കിടന്നാൽ എഴുന്നേൽക്കാൻ ഒക്കുകയില്ല. അതാണ് എന്റെ സ്ഥിതി. ഇതാണ് നമ്മുടെ സംസ്ഥാനത്ത് നടക്കുന്നത്. എൻ.ആർ.ഇ.ജി.എസ്., എൻ.ആർ.ഇ.ജി.എ. എന്നുപറഞ്ഞ് വന്നതാണ്. ......(ബഹളം)...... എൻ.ആർ.ഇ.ജി.എസ്., തൊഴിൽ ദാന പദ്ധതിയാണ്, തൊഴിലുറപ്പ് പദ്ധതിയിൽ, എന്താണ് ഇവർ ചെയ്തത്? ഇവർ ഈ പണം തൊഴിൽ ഇരിപ്പ് പദ്ധതിക്കാണ് കൊടുക്കുന്നത്. ഓരോ വാർഡിലെയും സഖാക്കളെ പഞ്ചായത്ത് മെമ്പർ വിളിച്ച് റോഡിൽ ഇരുത്തും. എന്നിട്ട് രണ്ട് മൺവെട്ടി കൊടുക്കും. റോഡ് ചെത്തിപ്പറിക്കും. നാഷണൽ ഹൈവേയുടെ റോഡ് കിളയ്ക്കാൻ നാഷണൽ ഹൈവേ

LIBRARY ARCHIVES Kerala Legislative Assembly

യുടെ പൈസയുണ്ട്. പി.ഡബ്ല്യു.ഡി.ക്ക് റോഡ് കിളയ്ക്കാൻ പി.ഡബ്ലിയു.ഡി.യുടെ പൈസ ഉണ്ട്. അവർ കിളയ്ക്കുന്നിടത്ത് കൊണ്ടിരുത്തിയിട്ട് പൈകുന്നേരം 125 രൂപയ്ക്ക് വൗച്ചർ കൊടുക്കുന്ന, ഭാവനാസമ്പന്നമായ തൊഴിലുറപ്പ് പദ്ധതിയെ തകർത്ത് തരിപ്പണമാക്കിയ ഒരു ***** നമ്മുടെ മന്ത്രി മാറുന്നതിൽ എനിക്ക് ദുഃഖമുണ്ട്. ഈ സംസ്ഥാനത്ത് ഒരുപാട് വികസന പ്രവർത്തനങ്ങൾ നടത്താൻ കഴിയുന്നതാണ്. മറ്റ് സംസ്ഥാനങ്ങളിൽ ഈ തൊഴിലുറപ്പ് പദ്ധതിയുടെ ഫണ്ട് അവിടത്തെ ഡിപ്പാർട്ടുമെന്റിന്റെ വർക്കുകളുടെ ഭാഗമായിട്ടാണ് ഉപയോഗിച്ചിരിക്കുന്നത്.

മി. ചെയർമാൻ : പോയിന്റ് ഓഫ് ഓർഡർ.

ശ്രീ. എം. എ. വാഹീദ്: എന്റെ സമയം പോകരുത്.

ശ്രീ. പി. വിശ്വൻ : സർ, പോയിന്റ് ഓഫ് ഓർഡർ, റൂൾ 284 (7). ഒരു ബഹുമാനപ്പെട്ട അംഗം സഭയിൽ സംസാരിക്കുമ്പോൾ ഉപയോഗിക്കുന്ന വാക്കുകൾ ഡിഫമേറ്ററി ആകാൻ പാടില്ല. ആ രൂപത്തിൽ, ഞാൻ റൂൾസ് വച്ചുതന്നെയാണ് പറയുന്നത് 284(6), Defamatory words ഉപയോഗിക്കുക എന്നുപറഞ്ഞാൽ ഈ മഹത്തായ സഭയ്ക്ക് യോജിച്ചതല്ല. **** എന്നുള്ള ആ വാക്ക് എടുത്തുമാറ്റണം. അത് രേഖയിലുണ്ടാകാൻ പാടില്ല. ഒരു മന്ത്രിയെ ****

ശ്രീ. എം. എ. വാഹീദ് : പിന്നെ ദൈവമെന്ന് വിളിക്കാൻ പറ്റുമോ? അത് ബഹുമാനപ്പെട്ട മെമ്പർതന്നെ വിളിക്കട്ടെ. എനിക്ക് ദൈവമെന്ന് ഒന്നും വിളിക്കാൻ ഒക്കുകയില്ല. ഇതിനെ നശിപ്പിച്ച് കൊണ്ടിരിക്കുന്നതിനെ **** എന്നേ പറയാൻ പറ്റുകയുള്ളൂ. ....(ബഹളം).......... **** പ്രവൃത്തി ചെയ്യുന്നുവെന്നാണ് ഞാൻ പറഞ്ഞത്. അത് അദ്ദേഹത്തിന് വേദനിച്ചുവെങ്കിൽ ഞാൻ പിൻവലിച്ചോളാം. അദ്ദേഹത്തിന് വേദനിച്ചില്ല. എങ്കിൽ എഴുന്നേറ്റ് പറയുമായിരുന്നു.

മി. ചെയർമാൻ : **** എന്നുള്ള പദപ്രയോഗം ഉണ്ടാകില്ല.

ശ്രീ. എം. എ. വാഹീദ്: മറ്റ് സംസ്ഥാനങ്ങളിൽ തൊഴിലുറപ്പ് പദ്ധതിയുടെ പണം വിവിധ വികസന പ്രവർത്തനങ്ങളുമായി ലിങ്ക് ചെയ്തിരിക്കുന്നു. ഇവിടെ എന്താണ് ചെയ്തിരിക്കുന്നത് ? ഇവിടെ പുറത്തു പറയാൻ പറ്റുകയില്ല. ഇവിടെ മറ്റൊരു പ്ലാൻ ഫണ്ടിനോടും ചേർത്തിട്ടില്ല. മറ്റ് ഡിപ്പാർട്ടുമെന്റ് ഫണ്ടിനോടും ചേർത്തിട്ടില്ല. പക്ഷേ ശ്രീ. പാലോളി മുഹമ്മദ് കുട്ടി സഖാവ് ഒന്നിനോട് ചേർത്തു. ഇ.എം.എസ്. ഭവന പദ്ധതിയിൽ കുഴിമാന്തുന്നതിന്, മണ്ണ് നിറക്കുന്നതിന് 5,000 രൂപവരെ ഈ തൊഴിലുറപ്പ് പദ്ധതിയിൽനിന്ന് ചെലവാക്കാമെന്ന് പറഞ്ഞ് ഏതോ സഖാവിന്റെ കുടുംബസ്വത്തുപോലെ ഒരു ഉത്തരവ് ഇറക്കിയിട്ടുണ്ട്. അത് ഒരു വികസന പ്രവർത്തനമാണോ ? എത്രയോ എത്രയോ ചെക്കുഡാമുകൾ ചെയ്യാനുണ്ട്. എത്രയോ എത്രയോ നിർമ്മാണ പ്രവൃത്തികൾ ചെയ്യാനുണ്ട്.

**** സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം സഭാ രേഖകളിൽ നിന്നും നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ : അങ്ങ് ചുരുക്കണം.

ശ്രീ. എം. എ. വാഹീദ് : ഞാൻ നീട്ടുന്നില്ല. ജനകീയ ആസൂത്രണത്തിൽ തുറന്നുവിട്ട ദുർഭൂതം ഈ തൊഴിലുറപ്പ് പദ്ധതിയേയും ബാധിച്ചിരിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽ കഴക്കൂട്ടം പഞ്ചായത്തിൽ ഒരു മെമ്പർ വിജിലൻസ് കേസിനെ നേരിടുകയാണ്. അണ്ടൂർക്കോണം പഞ്ചായത്തിൽ ഈ തൊഴിലുറപ്പ് പദ്ധതിയിൽ കള്ള നഷ്ടങ്ങൾ ഉണ്ടാക്കിയതിന് ഒരു മെമ്പർ വിജിലൻസ് അന്വേഷണം നേരിടുകയാണ്. അതുമാത്രമല്ല പോത്തൻകോട് പഞ്ചായത്തിലും നേരിടുകയാണ്. ഈ ജനകീയ ആസൂത്രണം തുറന്നുവിട്ട ആ ദുർഭൂതം ഈ മഹത്തായ തൊഴിലുറപ്പ് പദ്ധതിയേയും പാരമാക്കും.

മി. ചെയർമാൻ : അങ്ങ് ചുരുക്കണം.

ശ്രീ. എം. എ. വാഹീദ്: ഞാൻ മതിയാക്കുകയാണ്. ഞാൻ തിരുവനന്തപുരം വഞ്ചിയൂർ കോടതിയിൽ പ്രാക്ടീസ് ചെയ്ത ഒരു വക്കീലാണ്. എം.എൽ.എ. ആയതിനുശേഷം പോകാൻ ഒക്കുന്നില്ല. ഞാൻ അവിടെ ചെന്നപ്പോൾ ഒരു കഥ കേട്ടിട്ടുണ്ട്. ഞാൻ അത് പറഞ്ഞ് അവസാനിപ്പിക്കാം. ഞാൻ അവിടെ ചെല്ലുന്നതിന് വളരെ മുമ്പ് ഒരു മജിസ്ട്രേറ്റുണ്ടായിരുന്നു. അദ്ദേഹം വാദി പറഞ്ഞാലും നമഃശിവായ, പ്രതിഭാഗം വക്കീൽ പറഞ്ഞാലും നമഃ ശിവായ, വാദിഭാഗം വക്കീൽ പറഞ്ഞാലും നമഃ ശിവായ, സാക്ഷി പറഞ്ഞാലും നമഃ ശിവായ, ബഞ്ച് ക്ലാർക്ക് പറഞ്ഞാലും നമഃ ശിവായ.

മി. ചെയർമാൻ : അങ്ങ് ചുരുക്കണം.

ശ്രീ. എം. എ. വാഹീദ്: അതേപോലെ ഇവിടെ എ.കെ.ജി. സെന്ററിൽനിന്ന് എന്തെങ്കിലും പറഞ്ഞാലും അതും നമഃ ശിവായ, സെക്രട്ടേറിയറ്റിലെ സെക്രട്ടറി പറഞ്ഞാലും അതും നമഃ ശിവായ.

മി. ചെയർമാൻ : അങ്ങ് ചുരുക്കണം.

ശ്രീ. എം. എ. വാഹീദ്: ഞങ്ങൾ എം.എൽ.എ.മാർ പറഞ്ഞാലും നമഃ ശിവായ.

മി. ചെയർമാൻ : ശ്രീ. എം. എ. വാഹീദ് അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. എം. എ. വാഹീദ്: ഇങ്ങനെ നമഃ ശിവായ മജിസ്ട്രേറ്റായി നമ്മുടെ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി മാറിയതിലുള്ള പ്രതിഷേധം രേഖപ്പെടുത്തിക്കൊണ്ട് ഈ ധനാഭ്യർത്ഥനകളെ അതിശക്തമായി ഞാൻ എതിർക്കുന്നു.

ശ്രീ. അൽഫോൺസ് കണ്ണന്താനം : സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ ശക്തമായി പിന്താങ്ങുന്നു. എന്റെ പ്രിയസുഹൃത്ത് ശ്രീ. എം. എ. വാഹീദ് സംസാരിച്ചപ്പോൾ അദ്ദേഹത്തിന് രണ്ടുകാലിനും പനിപിടിച്ച് വളരെ മോശമായിരിക്കുകയാണെന്ന് പറഞ്ഞു. ആ പനി കൂടിക്കൂടി മുകളിലേക്ക് വന്നിട്ട് ഏറ്റവും മുകളിൽവരെ എത്തിയിട്ടുണ്ടോ എന്നൊരു ചെറിയ

LIBRARY ARCHIVES Kerala Legislative Assembly

സംശയമുണ്ട് .... (ബഹളം)........ ഇവിടെ ഈ മന്ത്രിസഭയും ഈ സർക്കാരും ചെയ്തിരിക്കുന്ന കാര്യങ്ങളെപ്പറ്റി എല്ലാവരും പറഞ്ഞു. ഞാൻ അതിനെപ്പറ്റി കാര്യമായിട്ടൊന്നും പറയുന്നില്ല. രണ്ട് കാര്യങ്ങൾ മാത്രം. ലോകചരിത്രത്തിൽ ഏതെങ്കിലും സർക്കാർ ആറരലക്ഷം കുടുംബങ്ങൾക്ക് വീടുവച്ച് കൊടുത്തിട്ടുണ്ടോ ; ചരിത്രത്തിൽ ഏതെങ്കിലും സർക്കാർ 22 ലക്ഷം കുടുംബങ്ങൾക്ക് കറന്റ് എത്തിച്ചിട്ടുണ്ടോ ? കേരളത്തിൽ ഏറ്റവും പാവപ്പെട്ട പട്ടികജാതിക്കാർ, പട്ടിക വിഭാഗക്കാർ, പട്ടിണി കിടക്കുന്ന ഏറ്റവും ദരിദ്രരായ ആൾക്കാർക്ക്......... ശ്രീ. കെ. ബാബു ഇതൊന്നും കാണുന്നില്ലേ ; ശ്രീ. കെ. ബാബുവിനും പനി പിടിച്ചിട്ടുണ്ടോ ; ശ്രീ. കെ. ബാബുവിന് പനിയൊന്നുമില്ലല്ലോ ; കുഴപ്പം ഒന്നുമില്ലല്ലോ ? ശ്രീ. കെ. ബാബു ഇരിക്കൂ. .... (ബഹളം)....... ശ്രീ. കെ. ബാബു എനിക്ക് തോന്നുന്നു, ഇത് ഡിസ്കോ അല്ല, ഇങ്ങനെ തുള്ളിക്കളിക്കാൻ ഇത് ഡിസ്കോ ഒന്നുമല്ല. നിങ്ങൾ അവിടെപ്പോയി ഡാൻസ് കാണിക്കൂ. ഈ തുള്ളൽ ഏതെങ്കിലും ഡിസ്കോയിൽപ്പോയി കാണിച്ചാൽ പിരിപ്പോൾ കാണുന്നവർ കാശ് ഇട്ടുതരും. ശ്രീ. കെ. ബാബു ഈ അറിയാത്ത പണിയെപ്പറ്റി പറയേണ്ട. നിങ്ങൾ വലിയ രാജാവിനെപ്പോലെ കാറിന്റെ പുറകിലിരുന്ന് ഉറങ്ങുമ്പോൾ ഈ പണിയൊക്കെ പഠിച്ചുവച്ചാൽ ഇവിടെ നിന്ന് പോകുമ്പോൾ എന്നെങ്കിലും ജീവിക്കാൻ ഉപകരിക്കും. ഈ പണി അറിയത്തില്ലായെങ്കിൽ ഇത്തരത്തിൽ പറയരുത്.

മി. ചെയർമാൻ : പോയിന്റ് ഓഫ് ഓർഡർ.

ശ്രീ. കെ. ബാബു : സർ, പോയിന്റ് ഓഫ് ഓർഡർ.......... (ബഹളം)....... എന്താണ് പ്രശ്നം. .... (ബഹളം)....... ഇവിടെ ഈ ചർച്ചയുടെ തുടക്കത്തിൽ ശ്രീ. അൽഫോൺസ് കണ്ണന്താനം പറഞ്ഞ പ്രസംഗത്തിലെ തുടക്കം എങ്ങനെയാണെന്ന് അറിയാമോ? ശ്രീ. എം. എ. വാഹീദിന് കാറിൽനിന്ന് പണി തറയ്ക്ക് പിടിച്ചുകഴിഞ്ഞു എന്നാണ്. .... (ബഹളം).... തീർച്ചയായിട്ടും. അപ്പോൾ യഥാർത്ഥത്തിൽ അതിൽ ഒരു ദുഃസൂചനയുണ്ട്. അതുകൊണ്ടാണ് ശ്രീ. അൽഫോൺസ് കണ്ണന്താനത്തിനും പനി തലക്ക് പിടിച്ചിട്ടുണ്ടെന്നും അത് സ്ഥിരം പനിയാണെന്നും ഞാൻ പറയാൻ കാരണം. അത് സ്ഥിരം പനിയാണ്. അത് എല്ലാവർക്കും അറിയാം. എന്റെ പോയിന്റ് ഓഫ് ഓർഡർ ഞാൻ കാറിന്റെ പുറകിലിരുന്ന് രാജാവിനെപ്പോലെ ഉറങ്ങി പോകുകയാണെന്നാണ്. അതുമാത്രമല്ല, ഞാൻ കാറിൽ യാത്ര ചെയ്യുമ്പോൾ ഇത് കാണാൻ ഇദ്ദേഹം അതിന്റെ പുറകേ വരുന്നുണ്ടോ? .... (ബഹളം).......

മി. ചെയർമാൻ : ശ്രീ. അൽഫോൺസ് കണ്ണന്താനം അങ്ങേക്ക് സംസാരിക്കാം.

ശ്രീ. കെ. ബാബു : അപ്പോൾ ശ്രീ. അൽഫോൺസ് കണ്ണന്താനത്തിന്റെ ഈ പ്രയോഗം ഇൻഡീസന്റായിട്ടുള്ളതാണ്..........(ബഹളം).......

ശ്രീ. അൽഫോൺസ് കണ്ണന്താനം : ഇതിൽ പോയിന്റ് ഓഫ് ഓർഡർ

LIBRARY ARCHIVES Kerala Legislative Assembly

എവിടെയാണ് ? ശ്രീ. ബാബു എന്ത് പോയിന്റാണ്, എന്ത് ഓർഡറാണ് ഈ പറയുന്നത്? ഇൻഡ്യയുടെ പ്രധാനമന്ത്രി ശ്രീ. മൻമോഹൻ സിംഗ് ധരിക്കുന്നത് ഞാൻ ധരിക്കുന്നതുപോലുള്ള ജുബ്ബയാണ്. അപ്പോൾ ശ്രീ. കെ. ബാബു അങ്ങേക്ക് അങ്ങയുടെ പ്രധാനമന്ത്രിയെപ്പറ്റി ഇങ്ങനെയാണ് അഭിപ്രായമെങ്കിൽ, അങ്ങയുടെ പ്രധാനമന്ത്രി ധരിക്കുന്ന ഡ്രസ് ഇത്ര മോശമാണെന്ന് അങ്ങേക്ക് വിചാരമുണ്ടെങ്കിൽ അങ്ങ് എഴുതിക്കോളൂ, അങ്ങ് പ്രസംഗിച്ചോളൂ, കുഴപ്പം ഒന്നുമില്ല. .... (ബഹളം)....... ശ്രീ. കെ. ബാബു എന്തിനാണ് വെറുതെ വടി കൊടുത്ത് അടി വാങ്ങിക്കുന്നത്. .... (ബഹളം)...... ശ്രീ. എം. എ. വാഹിദ് തന്നെ പറഞ്ഞ കാര്യമാണ്. ഞാൻ തുടങ്ങിയ കാര്യമല്ല. .... (ബഹളം)....... ഇൻഡ്യയുടെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ പാവപ്പെട്ടവർക്കുവേണ്ടി കാര്യങ്ങൾ ചെയ്തിരിക്കുന്ന സർക്കാർ ഇതാണ്. ഞാൻ രണ്ട് കാര്യങ്ങൾ മാത്രമേ പറയുന്നുള്ളൂ. വേറെ കണക്കൊന്നും പറയുന്നില്ല. ധാരാളം കാര്യങ്ങൾ ഇവിടെ ചെയ്തിട്ടുണ്ട്.

നമ്മുടെ ത്രിതല പഞ്ചായത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട കടമകൾ ആയ ശുചിത്വം, മാലിന്യ സംസ്കരണം എന്നിവ പ്രാവർത്തികമാക്കുന്ന കാര്യത്തിൽ നമ്മുടെ ത്രിതല പഞ്ചായത്തുകൾ വിജയിച്ചിട്ടുണ്ടോ, എന്ന് പരിശോധിക്കണം. നമ്മുടെ കൊച്ചി നഗരം മനുഷ്യന് താമസിക്കാൻ പറ്റുന്ന നഗരമാണോ? ഈ സർക്കാരിന്റെ കുറ്റം കൊണ്ടാണോ അങ്ങനെ ആയിത്തീർന്നത്. അവിടെയത്തെ വെള്ളം കുടിക്കാൻ പറ്റുമോ ; അവിടെ ഡ്രെയിനേജ് ഉണ്ടോ ; അവിടെ വണ്ടി ഓടിക്കാൻ പറ്റുമോ ; എന്താണ് സ്ഥിതി ? നമ്മൾ ഇവിടെ മാറ്റങ്ങൾ വരുത്തണം. ഞാൻ അഞ്ചാറ് മാസം മുമ്പ് ഇവിടെ പ്രസംഗിച്ചതാണ്. കൊച്ചി നഗരത്തിൽ അടിസ്ഥാനപരമായി ട്രാഫിക് ജാം ഉണ്ടാകുന്നത് രണ്ട് പാലങ്ങളിലെ വീതി കുറവുകൊണ്ടാണ്. മൂന്ന് മാസംകൊണ്ട് ഈ പാലത്തിന് വീതി കൂട്ടാമെന്ന് ഞാൻ ഇവിടെ സജസ്റ്റ് ചെയ്തതാണ്. എന്താണ് നമ്മൾ ചെയ്തിരിക്കുന്നത്. ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ നഗര വികസനത്തിനുള്ള ഫണ്ട് ഉണ്ട്. ഈ ഫണ്ടൊക്കെയെടുത്ത് നമ്മൾ ചെലവാക്കി കൊച്ചി നഗരത്തിൽ നോർത്തിലെയും സൗത്തിലെയും പാലം ഒന്ന് വീതികൂട്ടണം. മാസങ്ങൾ കൊണ്ട് ചെയ്യാൻ പറ്റുന്ന കാര്യമല്ലേ. എന്തുകൊണ്ടാണ് ചെയ്യാതിരിക്കുന്നത്? എനിക്ക് മനസ്സിലാകുന്നില്ല.

രണ്ടാമത്, ചപ്പുചവറ്, ശുചിത്വത്തിന്റെ കാര്യത്തിൽ, ഞാൻ രാവിലെ എഴുന്നേറ്റുവരുമ്പോൾ കണികാണുന്നത് ഈ മാലിന്യമെടുത്തുകൊണ്ടു പോകാൻവരുന്ന വണ്ടിക്കാരനെയാണ്. നേരത്തെ ഇവര് കടിച്ചുതിന്നുന്ന വർഗ്ഗങ്ങളായിരുന്നു. ഇപ്പോൾ ഇയാൾ ചിരിച്ചുകൊണ്ടിരിക്കുന്ന മനുഷ്യനാണ്. പക്ഷേ ഈ ചപ്പുചവറുകളെല്ലാംകൂടി എവിടെ കൊണ്ടുപോയി നിക്ഷേപിക്കുന്നു എന്ന് എനിക്ക് വലിയ പിടിയൊന്നുമില്ല. ഇന്നും കൊച്ചി നഗരം നാറിക്കൊണ്ടിരിക്കുകയാണ്. ഇതുതന്നെയാണ് കേരളത്തിലെ എല്ലാ നഗരങ്ങളിലെയും സ്ഥിതി.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, അങ്ങും ഞാനും താമസിക്കുന്നത് അടുത്തടുത്താണല്ലോ; കൊച്ചി നഗരം കഴിഞ്ഞ ഇരുപത്തിയെട്ട്, ഇരുപത്തിയൊമ്പത് വർഷമായി ഒരു ഇടവേളയുമില്ലാതെ ഭരിക്കുന്നത് ഇടതുപക്ഷമാണ്. അങ്ങുകൂടി ഉൾപ്പെട്ട ആ ഇടതുപക്ഷം ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ച് അങ്ങേക്ക് എന്തെങ്കിലും അഭിപ്രായമുണ്ടോ? എത്ര കാലമായിട്ടാണ് നിങ്ങൾ കൊച്ചി നഗരസഭ ഭരിക്കുന്നത് ?

ശ്രീ. അൽഫോൺസ് കണ്ണന്താനം : സർ, ഇതൊക്കെ രാഷ്ട്രീയമായിട്ട് കാണരുത്. ഞാൻ ഇവിടെ പറയുന്ന കാര്യങ്ങളെല്ലാം രാഷ്ട്രീയത്തിന് അതീതമായി ഈ കേരളത്തിലും ഇന്ത്യയിലും നടക്കുന്ന കാര്യങ്ങളെ കുറിച്ചാണ്. അല്ലാതെ ഞാൻ പറയാറില്ല. ആര് ഭരിച്ചാലും ഈ കാര്യങ്ങൾ നടക്കണമെന്നാണ് ഞാൻ പറയുന്നത്. ഇത് നടത്തിയിരിക്കണം. മൂന്നാമത് പാർക്കിംഗിന്റെ കാര്യം. നമ്മുടെ ഏത് ടൗണിൽ പോയാലും പാർക്ക് ചെയ്യാനാവില്ല. കഴിഞ്ഞ ദിവസം ഞാൻ സെക്രട്ടേറിയറ്റിന്റെ മുമ്പിലൂടെ അഞ്ചാറ് പ്രാവശ്യം വണ്ടിയോടിച്ച് പോയി ഒരു കിലോമീറ്റർ ദൂരെ വണ്ടി പാർക്ക് ചെയ്തിട്ടാണ് സെക്രട്ടേറിയറ്റിൽ പോകാനായത്. നമുക്ക് സെക്രട്ടേറിയറ്റിന്റെ പിറകിൽ ഒരു ബാസ്ക്കറ്റ്ബാൾ കോർട്ട് ഉണ്ട്. ആ സ്ഥലത്ത് പത്ത് ആയിരം വണ്ടികൾ പാർക്ക് ചെയ്യാനുള്ള സ്ഥലം നമുക്ക് ഉണ്ടാക്കിയെടുക്കാം. മൾട്ടി സ്റ്റോറീഡ് പാർക്കിംഗ് ഉണ്ടാക്കിയാൽ മതി. കൊച്ചിയിലെ മറൈൻ ഡ്രൈവിൽ ഒരു വണ്ടി പാർക്ക് ചെയ്യാൻ സ്ഥലമില്ല. മറൈൻ ഡ്രൈവിൽ എട്ടോ പത്തോ ഏക്കർ സ്ഥലം വെറുതെ കിടപ്പുണ്ട്. ഇപ്പുറത്തും ആ പാലത്തിന് അപ്പുറത്തും. അവിടെ ഒരേക്കർ സ്ഥലമെടുത്ത് മൾട്ടി സ്റ്റോറീഡ് പാർക്കിംഗ് ഉണ്ടാക്കിയാൽ കൊച്ചി നഗരത്തിലെ പാർക്കിംഗ് പ്രശ്നം തീർക്കാൻ പറ്റും. അതുപോലെതന്നെ കോഴിക്കോടും നമ്മുടെ മറ്റ് പ്രധാന നഗരങ്ങളിലുമൊക്കെ മൂത്രപ്പുരകൾ കെട്ടാൻ സാധിക്കില്ലേ ? നമ്മുടെ ഏത് സിറ്റിയിൽ പോയാലും എവിടെയാണ് മൂത്രമൊഴിക്കാൻ വേണ്ടി ഒരു ടോയ്‌ലറ്റ് സംവിധാനമുള്ളത് ? കഴിഞ്ഞ ദിവസം ഞാൻ ഒരു ടൗണിൽ കൂടി ഓടിയണച്ച് രണ്ടുമൂന്ന് പ്രാവശ്യം വട്ടം കറങ്ങിയിട്ട് അവസാനം ഒരു മൂത്രപ്പുര കണ്ടത് ഒരു ബാർ ഹോട്ടലിലാണ്. അവിടെ കയറി ചെന്നപ്പോൾ നല്ല മേളമായിരുന്നു. എനിക്ക് അവിടെ കയറി ചെല്ലാൻ സാധിച്ചു. പക്ഷേ സ്ത്രീകൾക്ക് സാധിക്കുമോ; ടൗണിലൂടെ വണ്ടിയോടിച്ചുകൊണ്ട് വരുന്ന സ്ത്രീകൾക്കൊക്കെ പോകാൻ സൗകര്യത്തിന് ഹൈവേയിൽ എല്ലാ രണ്ടുമൂന്ന് കിലോമീറ്ററിലും ഒരു ടോയ്‌ലറ്റ് കോംപ്ലക്സ് ഉണ്ടാക്കണം. ഓരോ ചെറിയ ടൗൺഷിപ്പിന്റേയും പ്രധാന ഭാഗത്ത് ഒരു നല്ല ടോയ്‌ലറ്റ് കോംപ്ലക്സ് ഉണ്ടാകണം. ഇതൊക്കെയല്ലേ പഞ്ചായത്തിന്റെ അടിസ്ഥാന ഉത്തരവാദിത്വങ്ങൾ. പഞ്ചായത്തിന്റെ അടിസ്ഥാന ഉത്തരവാദിത്വം ആദ്യം ചെയ്തു കഴിഞ്ഞിട്ട് മാത്രമേ ബാക്കി കാര്യങ്ങൾ, പഞ്ചായത്തുകളെ ഏൽപ്പിക്കാവൂ എന്നാണ് എന്റെ വേറെ ഒരു സജഷൻ.

കൊച്ചി മെട്രോയെക്കുറിച്ച് വർഷങ്ങളായിട്ട് നമ്മൾ സംസാരിച്ചുകൊണ്ടിരിക്കുകയാണ്. കേന്ദ്ര അനുമതി കിട്ടി എന്നു പറഞ്ഞു,

LIBRARY ARCHIVES Kerala Legislative Assembly

പിന്നെ കിട്ടിയില്ലായെന്ന് പറഞ്ഞു. എന്താണ് സംഭവിക്കുന്നത്? കൊച്ചി നഗരത്തിലൂടെ ഒരു സൈഡിൽ നിന്നും മറ്റേ സൈഡിൽ ചെല്ലണമെങ്കിൽ രണ്ട് മണിക്കൂറെങ്കിലും മിനിമം എടുക്കും. ഞാൻ കേൾക്കുന്നത് മെട്രോ റെയിൽ വന്നുകഴിഞ്ഞാൽ ഏതോ ഒരു ജൗളി കടക്കാരന്റേയോ ജൗളി കടക്കാരത്തിയുടെയോ കാർ പാർക്കിംഗ് പോകും. അതുകൊണ്ട് ഈ കക്ഷി എവിടെയൊക്കെയോ പോയി സമ്മർദ്ദം ചെലുത്തി ഇത് വേണ്ടായെന്ന് വരുത്തി എന്നാണ്. നമ്മുടെ കേരള സംസ്ഥാനത്തിന് ഒരു പൊളിറ്റിക്കൽ ക്രൗഡില്ലേ ? എന്തുകൊണ്ടാണ് ഇത് നടക്കാത്തത്? മെട്രോ റെയിൽ വരുന്നില്ലെങ്കിൽ ഇടപ്പള്ളി മുതൽ വൈറ്റിലവരെ ഓവർ ബ്രിഡ്ജ് കണക്കെ ഒരു ഗ്രേഡ് സെപ്പറേറ്റർ ഉണ്ടാക്കുന്നതിനെക്കുറിച്ച് ആലോചിക്കണം. ഇതൊക്കെ നമ്മൾ പ്ലാൻ ചെയ്യണം. നമ്മൾ വർഷങ്ങളായി ചർച്ച ചെയ്യുകയാണ്. എന്തെങ്കിലും ഇംപ്രൂവ്മെന്റ് ഉണ്ടോ ? ഇത് ഉണ്ടാക്കാൻ സർക്കാരിന് കാശില്ലായെങ്കിൽ പ്രൈവറ്റ് പാർട്ടിസിപ്പേഷൻകൂടി ഉണ്ടാകണം. എങ്ങനെയെങ്കിലും വരട്ടെ. നമ്മുടെ കൊച്ചിൻ എയർപോർട്ട് പ്രൈവറ്റ് പാർട്ടിസിപ്പേഷനിലൂടെയല്ലേ വന്നത്. കേന്ദ്ര സർക്കാർ ചെയ്യേണ്ട കാര്യങ്ങളാണ് ഇതൊക്കെ. പക്ഷേ അവർ അതിന് സഹായിച്ചില്ലെങ്കിൽ നമ്മൾ ഇങ്ങനെ നിസ്സഹായരായിട്ട് കേന്ദ്രം തരുന്നില്ല എന്ന് പറഞ്ഞാൽ മതിയോ. നമ്മൾ മെട്രോ റെയിലിന്റെ കാര്യത്തിൽ തീരുമാനം എടുക്കണം. നമ്മൾ പൊളിറ്റിക്കൽ ക്രൗഡ് ഉപയോഗിക്കണം. അത് സാധിച്ചില്ലെങ്കിൽ അതിന്റെ കൂടെതന്നെയാണെങ്കിലും ഗ്രേഡ് സെപ്പറേറ്ററായിട്ട് ഇപ്പോൾ ഉള്ള റോഡിന്റെ മുകളിലൂടെ തന്നെ വേറൊരു റോഡ് ഉണ്ടാക്കി നമുക്ക് ഈ പ്രശ്നത്തിന് പരിഹാരം കാണണം.

ഞാൻ വേറെ ആരും സംസാരിക്കാത്ത ഒരു കാര്യത്തെപ്പറ്റി പറഞ്ഞുകൊള്ളട്ടെ. കേരളത്തിലെ പത്രങ്ങൾ മുഴുവൻ എഴുതിയ മിണ്ടാപ്രാണികളുടെ സുഹൃത്തായ ഒരു മനുഷ്യനെപ്പറ്റിയാണ്. അദ്ദേഹത്തിന്റെ പേര് ബാപ്പുട്ടി, യഥാർത്ഥ പേര് മുഹമ്മദ്കുട്ടി. 'മിണ്ടാപ്രാണികളുടെ കൂട്ടുകാരന് സർക്കാർ അംഗീകാരം' ഇത് മലയാള മനോരമ. `Beacon of hope for Stray Animals'.ഇന്ത്യൻ എക്സ്പ്രസ്. 'ഇതാ ഇവിടെ ഒരു ജന്തു സ്നേഹി' മംഗളത്തിൽ. 'ബാപ്പുവിന്റെ കാരുണ്യത്തിനും സ്നേഹത്തിനും അംഗീകാരം' മാതൃഭൂമിയിൽ. കേരളത്തിലെ സകല പത്രങ്ങളും ബാപ്പുട്ടിയെപ്പറ്റി സപ്ലിമെന്റ് ഇറക്കിയിട്ടുണ്ട്. ഈ മനുഷ്യന് എതിരെ കഴിഞ്ഞ ദിവസം കൊല്ലത്തുവച്ചുണ്ടായ ഒരു സംഭവം സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. അങ്ങയുടെ ഹെൽത്ത് ഇൻസ്പെക്ടർമാർ ഈ മനുഷ്യനെ ഉപദ്രവിച്ചു. ഇതാ പടം മുഴുവനുമുണ്ട് (ഒരു പത്രം ഉയർത്തിക്കാട്ടി). പാവപ്പെട്ട ടാക്സി ഡ്രൈവറായ ബാപ്പുട്ടി ടാക്സി ഓടിച്ചുകിട്ടുന്ന കാശുകൊണ്ട് 500 പട്ടികൾക്ക് ഭക്ഷണം കൊടുക്കുന്നു. (ശ്രീ. എം. എ. വാഹീദ്, പ്ലീസ്, ഹലോ വാഹീദേ, ഞാൻ ഒരു പ്രധാനപ്പെട്ട കാര്യം പറയുകയാണ്.) ഞാൻ മാനുഷികമായ പ്രശ്നങ്ങളെപ്പറ്റിയാണ് പറയുന്നത്. ഈ ടാക്സി ഡ്രൈവർ വണ്ടിയോടിച്ചു വന്നിട്ട് വൈകുന്നേരം ഹോട്ടലിൽ പോയി ഭക്ഷണം എടുത്തുകൊണ്ട് വന്ന് 500 പട്ടികൾക്ക് ഭക്ഷണം കൊടുക്കുന്നു. എന്റെ

1212/13

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കാഴ്ചപ്പാടിൽ ഈ മനുഷ്യൻ ചെയ്യുന്നത് കേരളത്തിലെ ഏറ്റവും വലിയ ലോറൽ കാര്യമാണ്. ഇദ്ദേഹത്തിനെ അവിടത്തെ തെരുവ് ഗുണ്ടകൾ മർദ്ദിച്ചു. രണ്ട് പ്രാവശ്യം അടിച്ചു. അദ്ദേഹത്തിന്റെ പട്ടികളെ ഇവിടത്തെ ഹെൽത്ത് ഇൻസ്പെക്ടർ കൊന്നു. എന്റെ വീട്ടിൽ നിന്നും കോർപ്പറേഷൻ സെക്രട്ടറിയെ വിളിച്ചുചോദിച്ചു. സെക്രട്ടറീ, സുപ്രീംകോടതിയുടെ ഓർഡർ ഉണ്ട്, ഇന്ത്യ ഗവൺമെന്റിന്റെ ഓർഡർ ഉണ്ട് പട്ടികളെ കൊല്ലരുതെന്ന്. സെക്രട്ടറി പറഞ്ഞത് എന്താണെന്ന് അറിയാമോ 'എന്നെ ഇത്രയും വലിയ കോർപ്പറേഷന്റെ ഉദ്യോഗസ്ഥനോട് വിളിച്ചു ചോദിക്കാൻ പബ്ലിക്കിൽ ആർക്കാണ് അധികാരം, ഞാൻ ഇത്ര വലിയ ഉദ്യോഗസ്ഥനാണെന്ന് നിങ്ങൾക്ക് അറിഞ്ഞുകൂടേ' എന്നാണ്. ബാപ്പൂട്ടി വളർത്തിയിരുന്ന 500 പട്ടികളെ ഹെൽത്ത് ഇൻസ്പെക്ടർമാർ കൊന്നു. ഹെൽത്ത് ഇൻസ്പെക്ടർമാരുടെ പണി എന്താണ്? ഇതാണോ പണി. ആരുമില്ലാതെ തെരുവിലൂടെ നടക്കുന്ന പട്ടികളെ സംരക്ഷിക്കുന്ന 40 വയസുള്ള കല്ല്യാണം കഴിക്കാത്ത പാവം ടാക്സി ഡ്രൈവറായ ഈ മനുഷ്യനെ നമ്മൾ പൂജിക്കണ്ടേ. ശരിക്ക് പറഞ്ഞാൽ കൊല്ലത്ത് ഇദ്ദേഹത്തിന്റെ പ്രതിമ ഉണ്ടാക്കിവയ്ക്കേണ്ടതല്ലേ. ഇദ്ദേഹത്തിനെ മർദ്ദിച്ചിട്ട് രണ്ടാഴ്ചയായി. ഞാൻ ഡി.ജി.പി.യെ കണ്ടു. ബഹുമാനപ്പെട്ട മന്ത്രിയെ കണ്ടു. ആദ്യം അടിച്ച ആൾക്കാരെ പിടിച്ചു. അദ്ദേഹത്തെ കൊല്ലുമെന്ന് പറഞ്ഞ് ഭീഷണിപ്പെടുത്തിയവരെ പിടിച്ചിട്ടില്ല. ഹെൽത്ത് ഇൻസ്പെക്ടർമാർ ഇദ്ദേഹത്തിന്റെ പട്ടികളിൽ 60 എണ്ണത്തിനെ കൊന്നു. ആദ്യം 10 എണ്ണത്തിനെ കൊന്നു. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ചിരിക്കുകയാണ്. അദ്ദേഹം പറയുന്നത് ഇത്രയും വലിയ ലോക കാര്യങ്ങളുള്ളപ്പോൾ അൽഫോൺസ് കണ്ണന്താനം പട്ടികളെ പറ്റിയാണോ സംസാരിക്കുന്നത്. സോറി, എന്റെ ജീവിതത്തിലും എന്റെ ലോകത്തിലും ഈ ജീവികൾ ഏറ്റവും പ്രധാനപ്പെട്ടതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, യഥാർത്ഥത്തിൽ അങ്ങ് ഈ പറഞ്ഞ ഇതേ കാരണങ്ങൾകൊണ്ടുതന്നെയാണ് ഞങ്ങൾ ഈ ധനാഢ്യർത്ഥനകളെ എതിർക്കുന്നത്. അതേ കാരണം മാത്രമേയുള്ളു. വേറെ ഒരു കാര്യവുമില്ല. ഇതാണ് ഞങ്ങളുടെയും പ്രധാന കാര്യം.

ശ്രീ. അൽഫോൺസ് കണ്ണന്താനം : ശ്രീ. തിരുവഞ്ചൂർ സാറെ, അങ്ങോ അങ്ങയുടെ പാർട്ടിയോ ഇതിനെപ്പറ്റി, ഒരു വാക്കുപോലും ഇതുവരെ പറഞ്ഞുകേട്ടില്ലല്ലോ. എല്ലാ പത്രത്തിലും അര പേജ് ഉണ്ടായിരുന്നല്ലോ. തിരുവഞ്ചൂർ സാർ. ഒരു മൃദുല ഹൃദയനാണെന്നാണ് ഞാൻ വിചാരിച്ചിരുന്നത്. അങ്ങ് പോലും മിണ്ടിയില്ലല്ലോ. നിങ്ങൾ എന്നും ഈ സഭയിൽ ഒരു അടിയന്തരപ്രമേയം എന്തിനെപ്പറ്റിയാണ് കൊണ്ടുവരുന്നത്. കേരളത്തിലെ എല്ലാ പത്രത്തിലും ഈ വാർത്ത അര പേജ് വന്നിരുന്നു. എനിക്ക് ഇവരെ പറ്റി ഒന്ന് പറയാനുണ്ട്. ഒരു മിനിട്ട് കൂടി തരണം. പ്ലീസ്. നമ്മുടെ ഇവിടെ നടക്കേണ്ട കാര്യങ്ങൾ നടക്കണം. നമ്മുടെ ശുചിത്വത്തിന് ഈ ഹെൽത്ത് ഇൻസ്പെക്ടർമാർ ചെയ്യേണ്ട കാര്യമെന്താണ്? നമ്മുടെ ഹോട്ടലിലൊക്കെ വിൽക്കുന്ന ഭക്ഷണമെന്താണ്? ഏത് ടൗണിലായാലും

റെസ്റ്റോറന്റിലെ അടുക്കള ഒന്നു കണ്ടാൽ അവിടത്തെ ഭക്ഷണം കഴിക്കാൻ തോന്നുകയില്ല. ഇവിടെയൊക്കെ ശുചിത്വം ഉറപ്പുവരുത്തുകയാണ് ഹെൽത്ത് ഇൻസ്പെക്ടർമാരുടെ ജോലി. അതിന് പകരം പാവപ്പെട്ട പട്ടികളെയൊക്കെ തല്ലിക്കൊല്ലുകയാണ്. ഇതിനെതിരെ നടപടിയെടുക്കണം. ഇതിനെപ്പറ്റി അന്വേഷിക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട ലോക്കൽ സെൽഫ് ഗവൺമെന്റ് സെക്രട്ടറിക്ക് ഇന്നലെ കത്ത് കൊടുത്തിട്ടുണ്ട്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, അങ്ങ് ജന്തുസ്നേഹിയാണ്. അക്കാര്യം അംഗീകരിക്കുന്നു. പട്ടിയെ കൊല്ലുന്നതിനെക്കുറിച്ച് പറഞ്ഞു. പക്ഷേ എന്താണ് കാര്യമെന്നു വച്ചാൽ ഗ്രാമങ്ങളിലെല്ലാം തെരുവുപട്ടികൾ കണ്ടമാനം പെരുകുന്നതിന്റെ ഭാഗമായി ജനങ്ങളെ വല്ലാതെ ദ്രോഹിക്കുന്ന അവസ്ഥ ഉണ്ടാകുന്നുണ്ട്. എങ്ങനെയാണ് അതിനെ നിയന്ത്രിക്കുക ?

ശ്രീ. അൽഫോൺസ് കണ്ണന്താനം : ടീച്ചറെ, കൂടുതൽ ഭ്രാന്തുള്ളത് മനുഷ്യനാണ്, പട്ടിക്കല്ല. കൊല നടത്തുന്നതും ലോകത്ത് യുദ്ധം ചെയ്യുന്നതും മനുഷ്യനാണ്. അങ്ങോട്ടുമിങ്ങോട്ടും കൊല്ലാനുള്ള ആയുധമുണ്ടാക്കുന്ന മനുഷ്യൻ ഏറ്റവും ക്രൂരനാണ്.

ശ്രീ. ജോസഫ് എം. പുതുശ്ശേരി : സർ, ശ്രീമതി കെ. കെ. ശൈലജ ടീച്ചർ പറഞ്ഞതിനോട് അനുബന്ധമായി ഒരു ചോദ്യം ചോദിക്കുകയാണ്. ഈ തെരുവു പട്ടികൾ സ്കൂളിൽ പോകുന്ന കുട്ടികളെ കടിച്ചുപദ്രവിക്കുന്നു. കന്നുകാലികളെ കടിക്കുന്നു. എന്നിങ്ങനെയുള്ള നിരവധി കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. അതിനുള്ള ഒരു പരിഹാരം കൂടി അങ്ങ് നിർദ്ദേശിക്കുമോ ?

ശ്രീ. കെ. ബാബു : തെരുവുനായ്ക്കളുടെ വർദ്ധനവ് നിയന്ത്രിക്കുന്നതിനുവേണ്ടി പട്ടികളെ വന്ധ്യംകരണം ചെയ്യുന്നുണ്ട്. അത് വിജയിക്കുമോ ?

ശ്രീ. അൽഫോൺസ് കണ്ണന്താനം : ഇതിനകത്ത് ഗവൺമെന്റ് ഓഫ് ഇൻഡ്യ രണ്ടുകാര്യങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. ഒന്ന്, പട്ടിക്ക് പേയുണ്ടെങ്കിൽ അതിനെ വെടിവച്ചുകൊല്ലാം. രണ്ട്, പഞ്ചായത്തുകാർ പട്ടികളെ സ്റ്റെറിലൈസ് ചെയ്ത് റോഡിൽ തന്നെ വിടണം എന്നാണ് ഗവൺമെന്റ് ഓഫ് ഇൻഡ്യയുടെ, സുപ്രീം കോടതി നിയമത്തിൽ പറഞ്ഞിരിക്കുന്നത്. ഇത് അൽഫോൺസ് കണ്ണന്താനം ഉണ്ടാക്കുന്ന നിയമങ്ങളല്ല. കാരുണ്യമുള്ള, സംസ്കാരമുള്ള, മോറലായിട്ടുള്ള, എത്തിക്കലായിട്ടുള്ള ഒരു സംസ്ഥാനമായിട്ട് കേരളം മാറണം. നമ്മൾ ഇവയോട് കരുണ കാണിക്കണം. ഇത് നമ്മുടെ ലോക്കൽ ബോഡീസിന്റെ, ത്രിതല പഞ്ചായത്തുകളുടെ ഉത്തരവാദിത്തമാണ്. ഈ ഉത്തരവാദിത്തം നമ്മൾ നിർവ്വഹിക്കണം.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : സർ, അങ്ങ് ഇവിടെ പട്ടിയെക്കുറിച്ച് പറഞ്ഞു. അങ്ങ് വിദേശരാജ്യങ്ങൾ സന്ദർശിക്കുകയും ഒരുപാട് വികസിത രാഷ്ട്രങ്ങളിൽ പോകുകയുമൊക്കെ ചെയ്തിട്ടുള്ള ആളാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഈ രാജ്യങ്ങളിലൊക്കെ കേരളത്തിലെപോലെ തെരുവിലൂടെ പട്ടികൾ നടക്കുന്നത് അങ്ങേക്ക് കാണാൻ സാധിച്ചിട്ടുണ്ടോ ? അവിടെയൊക്കെ ഇതിനെടുത്ത നടപടികളെന്താണെന്ന് അങ്ങ് പരിശോധിച്ചിട്ടുണ്ടോ ?

മി. ചെയർമാൻ : ശ്രീ. അൽഫോൺസ് കണ്ണന്താനം, അങ്ങ് ചുരുക്കണം.

ശ്രീ. എം. എ. വാഹീദ് : ബസ് പോയിട്ട് കൈ കാണിച്ചിട്ട് കാര്യമില്ലല്ലോ. വിഷയം കടന്നുപോയി. അങ്ങ് ഇ.എം.എസ്. ഭവന പദ്ധതിയിൽ 4,00,900 വീടു കൾ നിർമ്മിച്ചു എന്നു പറഞ്ഞു. അങ്ങയുടെ മണ്ഡലത്തിൽ എത്ര വീടുകൾ നിർമ്മിച്ചു എന്നുപറയാമോ ? എന്റെ നിയോജകമണ്ഡലത്തിൽ നടന്നതിന്റെ കണക്ക് എന്റെ കൈയിലുണ്ട്.

ശ്രീ. അൽഫോൺസ് കണ്ണന്താനം : അങ്ങ് ഇവിടെ അസംബ്ലിയെ ഒരു ക്വിസ് കോംപറ്റീഷന്റെ വേദിയാക്കി മാറ്റുകയാണെങ്കിൽ ഞാൻ തോറ്റു. ഒ. കെ. ഞാൻ തോറ്റിരിക്കുന്നു. ഇല്ല, എന്റെ കൈയിൽ കൃത്യമായ കണക്കില്ല. സോറി... I am sorry. ഞാൻ ഈ അസംബ്ലിയെ ഒരു ക്വിസിന്റെ മേളയാ യിട്ട്, കാണുന്നില്ല. എന്റെ കൈയിൽ കൃത്യമായ വിവരമില്ല. ....

മി. ചെയർമാൻ : ശ്രീ. അൽഫോൺസ് കണ്ണന്താനം, അങ്ങ് ചുരുക്കണം.

ശ്രീ. അൽഫോൺസ് കണ്ണന്താനം : ഇവിടെ ആറര ലക്ഷം വീടാണ് നമ്മൾ പണിയുന്നത്. ഈ വീടുകളിൽ എത്രയെണ്ണം പണി തീർത്തു എന്ന് ചോദിച്ചാൽ... സോറി, ഇതിന്റെ മൊത്തം പണി തീർത്തിട്ടില്ല. ഈ സർക്കാരിന്റെ കാലാവധി കഴിയുംമുമ്പ് മൊത്തം തീർക്കുമോ എന്നു ചോദിച്ചാൽ പ്രിയപ്പെട്ട വാഹീദേ, ജോസഫ് എം. പുതുശ്ശേരി പകുതി പഞ്ചായത്തുകളും ഭരിക്കുന്നത് യു.ഡി.എഫ്.കാരാണ്. തീർക്കണോ എന്ന് നിങ്ങൾ തീരുമാനിക്കണം. അല്ലാതെ എൽ.ഡി.എഫ്.കാർ മാത്രം വിചാരിച്ചാൽ പോര. നിങ്ങൾ കൂടി തീരുമാനിക്കണം. ഈ സർക്കാരിന്റെ സമയത്ത് ഞങ്ങൾ ഇത് പണിയില്ല എന്ന് നിങ്ങൾ വിചാരിച്ചാൽ.... സോറി, നടക്കില്ല. എന്റെ പൊന്നു പുതുശ്ശേരി, രാഷ്ട്രീയം മാറ്റിവച്ച് നമുക്ക് ഒരുമിച്ചു നിൽക്കാം. വിക സനത്തെപ്പറ്റി, പാവങ്ങളെപ്പറ്റി നമുക്ക് ഒരുമിച്ച് ചിന്തിക്കാം എന്ന് പറഞ്ഞു കൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, ഞാൻ ഈ ധനാഭ്യർത്ഥന കളെ വളരെ അഭിമാനത്തോടെ അനുകൂലിക്കുകയാണ്. രണ്ടു കാര്യം പ്രത്യേകം പ്രത്യേകം ഡെങ്കിപ്പനിയും ചിക്കുൻ ഗുനിയയും വന്നിട്ടുള്ള ശ്രീ. എം. എ. വാഹീദ് അടക്കം, പ്രതിപക്ഷത്തുനിന്നും ഈ ധനാഭ്യർത്ഥന കളെ എതിർത്തുകൊണ്ട് സംസാരിക്കുമ്പോൾ കേരളം എങ്ങനെ മറ്റ് സംസ്ഥാ നങ്ങളിൽനിന്നും വ്യത്യസ്തമായിരിക്കുന്നു എന്ന സൂചനയോടെ കഴിഞ്ഞ ദിവസം വന്നിട്ടുള്ള ഒരു പത്രവാർത്തയാണ് എന്റെ മനസ്സിലേക്ക് പെട്ടെന്നു വന്നത്. നൈജീരിയയിലെ ഒരു ഭാഗത്തു നിന്നും വന്നിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

വാർത്തയാണ്. നൈജീരിയയിൽ അറുപത് ശിശുക്കളുടെ മൃതദേഹങ്ങൾ ഒരു ചാക്കിൽ കെട്ടിയ അവസ്ഥയിൽ വഴിയരികിൽ നിന്നും കിട്ടി എന്നുള്ള വാർത്തയാണ്. ഈ ശിശുക്കളെ ആരെങ്കിലും കൊന്നതാണോ എന്ന് പരിശോധിച്ചു നോക്കുമ്പോൾ കൊന്നതല്ല, അവിടെ ജനിക്കുമ്പോൾത്തന്നെ കുഞ്ഞുങ്ങൾ മരിച്ചുപോകുകയാണ്. നൈജീരിയയിൽ ശിശുമരണ നിരക്ക് വളരെ കൂടുതലാണ് എന്നു പറഞ്ഞിട്ട് ആ പത്രവാർത്തയുടെ കൂടെയുള്ള മറ്റൊരു കാര്യം ഇക്കാര്യത്തിൽ നൈജീരിയയുടെ മുന്നിൽ ഇൻഡ്യയാണെന്നാണ്. ഇൻഡ്യയിലാണ് ശിശുമരണ നിരക്ക് ഏറ്റവും കൂടുതൽ. ഞാൻ മറ്റു സംസ്ഥാനങ്ങളെ കംപയർ ചെയ്തു. കേരളത്തിലാണോ ശിശുമരണ നിരക്ക് കൂടുതൽ ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : നമ്മുടെ എസ്.എ.ടി.യിൽ 32 നവജാത ശിശുക്കൾ മരിച്ചുപോയല്ലോ. അതിന്റെ ഒരു ഭാഗമാണ് താങ്കൾ പറഞ്ഞത്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെപ്പോലുള്ള ആളുകൾ ഇത്ര ലാഘവത്തോടെ ബാലിശമായി പറയരുത്. 1956-ൽ കേരളം രൂപം കൊണ്ടതിനുശേഷം ഇന്നോളം കേരളത്തിനുണ്ടായ ഒരു പുരോഗതിയുണ്ട്. അതിൽ മാറി മാറിവന്ന ഗവൺമെന്റുകൾ കുറെ കാര്യങ്ങളൊക്കെ ചെയ്തിട്ടുണ്ട്. എങ്ങനെയാണ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ കേരളത്തിലാണ് ശിശുമരണ നിരക്ക് കൂടുതലെന്നു പറയുന്നത്. എസ്.എ.ടി.യിൽ ഒരു പ്രത്യേക സംഭവമുണ്ടായിട്ടുണ്ടാകാം. പക്ഷെ കേരളത്തിന്റെ ഈ കണക്കെടുക്കുന്നത് കേരളത്തിലെ എൽ.ഡി.എഫ്. അല്ല. ഇൻഡ്യാ ഗവൺമെന്റ് എടുക്കുന്ന കണക്കുകളിൽ ശിശുമരണ നിരക്ക് ഏറ്റവും കുറഞ്ഞ സംസ്ഥാനം കേരളമാണ്. അത് തിരുവഞ്ചൂരടക്കം അംഗീകരിക്കേണ്ടതല്ലേ ? ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ കേരളത്തിനു വേണ്ടിയാണ് സംസാരിക്കേണ്ടത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ആരോഗ്യരംഗം നോക്കിയാൽ ഇൻഡ്യയിലെ നമ്പർ വൺ സ്ഥാനത്താണ് കേരളം. അതുകൊണ്ടാണ് അമ്മമാരുടെയും പുരുഷൻമാരുടെയും ആയുർദൈർഘ്യം കൂടിയത്. നമ്മളത് നൈജീരിയയുമായി കംപയർ ചെയ്യാൻ പോകരുത്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, നൈജീരിയയുമായി കേരളത്തെ കംപയർ ചെയ്യാൻ കഴിയില്ല. പക്ഷെ നൈജീരിയയുമായി കംപയർ ചെയ്യുന്നത് ഇൻഡ്യാ രാജ്യത്തെയാണ്, കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങളെയാണ്. ഈ പറയുന്ന ശിശുമരണ നിരക്കിൽ നൈജീരിയയോടൊപ്പമാണ് ഇൻഡ്യ എന്നു പറയുന്നത് കേരളത്തെ ചൂണ്ടിയിട്ടല്ല, കോൺഗ്രസ് ദീർഘകാലം ഭരിച്ചിട്ടുള്ള സംസ്ഥാനങ്ങളെ ചൂണ്ടിയിട്ടാണ്.

ശ്രീ. അൽഫോൺസ് കണ്ണന്താനം : സർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, അങ്ങയുടെ ജൻമസ്ഥലമായ കോട്ടയം ജില്ലയിലെ ആരോഗ്യനില സൂചിക അമേരിക്കയെക്കാളും മെച്ചമാണെന്നുള്ളത് അങ്ങേക്ക് അറിയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ഈ മെഡിക്കൽ കോളേജ് പോലെയുള്ള ഗവൺമെന്റ് മെഡിക്കൽ കോളേജുകൾ താഴോട്ടുപോകുന്നു. അതാണ് ഗവൺമെന്റിന് ദോഷം.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, താഴോട്ടൊന്നും പോയിട്ടില്ല. ചില കാലങ്ങളിൽ ചില പ്രത്യേക ഒറ്റപ്പെട്ട സംഭവങ്ങൾ ചിലയിടത്ത് ഉണ്ടാകും. അതിന് കേരളമായതുകൊണ്ടുതന്നെ വളരെ പെട്ടെന്ന് പരിഹാര നടപടികൾ സ്വീകരിക്കുകയും അതെല്ലാംതന്നെ റിക്കവർ ചെയ്യുകയും ചെയ്തിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങൾക്ക് അത് സാധിക്കുന്നുണ്ടോ ? ഒരു പ്രൈമറി ഹെൽത്ത് സെന്റർ ഗ്രാമത്തിലുണ്ടോ ? ഞാൻ കഴിഞ്ഞ തവണ പറഞ്ഞിട്ടുണ്ട്. മധ്യപ്രദേശിലെ ജാബുവ ഗ്രാമത്തിൽ കന്യാസ്ത്രീകളെ അവിടത്തെ സാമൂഹ്യദ്രോഹികൾ, വർഗ്ഗീയ വാദികൾ ചേർന്ന് മാനഭംഗപ്പെടുത്തിയത് എന്തിനാണ്? അവിടത്തെ പാവപ്പെട്ട ദളിത് ഗ്രാമത്തിൽ ഒരു ആശുപത്രിയുണ്ടാക്കാൻ സാധിച്ചിട്ടില്ല. ഒരു പാരസെറ്റമോൾ കിട്ടാൻ അവിടെ വഴിയില്ല. വയറിളക്കം വന്ന കുഞ്ഞിനെയുമെടുത്ത് 25 കിലോമീറ്റർ ദൂരം തോളിലിട്ട് നടന്നാലും അതിന് കൊടുക്കാൻ മരുന്നു കിട്ടുന്ന ഒരു കേന്ദ്രമില്ല. മധ്യപ്രദേശ് ആരാണ് ഭരിച്ചത് ? ഇടതുപക്ഷം ഭരിച്ചിട്ടുണ്ടോ ? അവിടെയാണ് പാവപ്പെട്ട കന്യാസ്ത്രീ അമ്മമാർ കുഞ്ഞുങ്ങളുടെ ചൊറിയും ചിരങ്ങും മാറ്റാൻവേണ്ടി മരുന്നുമായി പോയത്. ആ പാവപ്പെട്ട കന്യാസ്ത്രീ അമ്മമാരെയാണ് ഹിന്ദുവിന് ക്രിസ്ത്യാനി മരുന്നുകൊടുക്കണ്ട എന്നു പറഞ്ഞ് വർഗ്ഗീയവാദികൾ ദ്രോഹിച്ചത്. ഇത് ഇൻഡ്യയാണ്. ഇൻഡ്യയെക്കുറിച്ച് നന്നായി മനസ്സിലാക്കിയിട്ട് വേണം ഇവിടെ പറയാനെന്നുള്ളതാണ്. കേരളം ഒരുപാട് വ്യത്യസ്തമാണ്. കേരളാ മോഡൽ എല്ലാവർക്കും ഒരു പ്രതീക്ഷയാണ്. ലോകത്തിന് മാതൃകയായി കേരളാ മോഡൽ വരികയാണ്. അങ്ങനെ വരാൻ കാരണം 1957 മുതൽ നാം നടത്തിയ പരിഷ്ക്കാര നടപടികളാണ്. ഗവൺമെന്റുകൾ മാറി മാറി വന്നിട്ടുണ്ട്. നിങ്ങളൊന്നും ചെയ്തിട്ടില്ല എന്നു പറയാൻ സാധിക്കില്ല. പക്ഷേ ഇടതുപക്ഷം വരുമ്പോഴാണ് കേരളത്തിൽ ഏറ്റവും സമർത്ഥമായി ജനങ്ങൾക്ക് വേണ്ടി ആസൂത്രണവും അധികാര വികേന്ദ്രീകരണവും നടക്കുന്നത് എന്നുള്ളത് നിരവധി ഉദാഹരണങ്ങളിലൂടെ പറയാൻ സാധിക്കും.

ശ്രീ. ജോസഫ് എം. പുതുശ്ശേരി : സർ, കന്യാസ്ത്രീകൾ ചെയ്യുന്ന സേവനങ്ങളെക്കുറിച്ചു പറഞ്ഞു. ഇൻഡ്യയിലുടനീളം ആ വലിയ സേവന പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. കേരളത്തിലും ആ നിലയിലുള്ള സേവന പ്രവർത്തനങ്ങളാണ് നടക്കുന്നത്. പക്ഷേ കേരളത്തിന് പുറത്തുള്ള സേവന പ്രവർത്തനങ്ങളെക്കുറിച്ച് നല്ല വാക്ക് പറയുമ്പോൾ കേരളത്തിലെ കന്യാസ്ത്രീകളെയും അച്ചൻമാരെയും ടീച്ചറുടെ പാർട്ടി കടന്നാക്രമിക്കുന്നത് എന്താണെന്ന് കൂടി വ്യക്തമാക്കേണ്ടതല്ലേ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : ബഹുമാനപ്പെട്ട ജോസഫ് എം. പുതുശ്ശേരി, താങ്കളുൾപ്പെടെ വിചാരിക്കുന്നത് ക്രിസ്തീയ ജനവിഭാഗങ്ങൾ മുഴുവൻ, നിങ്ങളിൽ ചിലർ പറയുന്നതുപോലെ ഇടതുപക്ഷ

LIBRARY ARCHIVES Kerala Legislative Assembly

വിരോധികളാണെന്നാണ്. എന്നാൽ അങ്ങനെയല്ല. ക്രിസ്തീയ ജനവിഭാഗങ്ങളുടെ നല്ല സേവനത്തെ പ്രോത്സാഹിപ്പിച്ചിട്ടുള്ളതും കേരളത്തിൽ ഇന്ന് അംഗീകരിക്കുന്നതും ഇടതുപക്ഷമാണ്. ക്രിസ്തീയ ജനവിഭാഗങ്ങളിൽ ജനങ്ങൾക്ക് വേണ്ടി സേവനം ചെയ്യുന്നവരുടെ അനുഭാവം ഇടതുപക്ഷത്തോടു തന്നെയാണ്. പക്ഷേ നിങ്ങളതിനെയെല്ലാം വർഗ്ഗീയവൽക്കരിക്കാൻ ശ്രമിക്കുന്നു. ഇവിടെ ഏറ്റവും കൂടുതൽ അംഗീകാരം ന്യൂനപക്ഷത്തിന് കിട്ടിയിട്ടുള്ളതും ഇടതുപക്ഷ ജനാധിപത്യ മുന്നണി ഭരിക്കുമ്പോഴാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ദയവായി അവർക്ക് ഒരു ഇടയലേഖനമിറക്കാനുള്ള സ്വാതന്ത്ര്യമെങ്കിലും കൊടുക്കണം. അതിൽ കയറി പിടിക്കരുത്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഇടയലേഖനം ഇറക്കുന്ന ചില പുരോഹിതന്മാരുണ്ട്. പക്ഷേ കേരളത്തിലെ മുഴുവൻ പുരോഹിതന്മാരും തിരുവഞ്ചൂരിനുവേണ്ടി ഇടയലേഖനമിറക്കുന്നവരാണെന്ന് വിചാരിക്കരുത്. ആ ഇടയലേഖനം കണ്ടാൽ ക്രിസ്തീയ സഹോദരങ്ങളാകെ ഈ ഇടയലേഖനത്തിന്റെ പുറകെ പോകുമെന്ന വ്യാമോഹവും വേണ്ട. ഇവിടെ ചിലർ പറഞ്ഞല്ലോ. ഈ ഗവൺമെന്റിന്റെ അന്ത്യമാണ്. കാലൻ എന്ന പ്രയോഗമൊക്കെ നടത്തിയല്ലോ. എന്നാൽ അടുത്ത തെരഞ്ഞെടുപ്പിൽ നിങ്ങൾക്ക് കാണാൻ സാധിക്കുന്നത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ചെയ്ത ജനസേവനത്തിന്റെ ഭാഗമായി യു.ഡി.എഫ്-നെ പാടെ പിന്തള്ളി കൊണ്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ ഈ നാട്ടിലെ ജനങ്ങൾ അധികാരത്തിലേറ്റുമെന്നതാണ്. ഏറ്റാതിരിക്കാൻ നിവൃത്തിയില്ല. എന്തുകൊണ്ടാണെന്ന് അറിയാമോ ? നിങ്ങൾ 73-ഉം 74-ഉം വകുപ്പുകളിൽ ഭേദഗതി നടത്തികൊണ്ട് പഞ്ചായത്തീരാജ് നഗരപാലികനിയമം കൊണ്ടുവന്നെന്ന് പറഞ്ഞു. നിങ്ങൾ വളരെ നിഷ്പക്ഷമായി പരിശോധിക്കുക. ഏത് ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലാണ് അധികാരവികേന്ദ്രീകരണം ഇതുപോലെ നടന്നിട്ടുള്ളത്. ഇവിടെ നമ്മൾ ഉറക്കമിളച്ചിരുന്ന് നായനാർ ഗവൺമെന്റിന്റെ സമയത്ത് രണ്ടായിരത്തോളം ഭേദഗതികൾ കൊണ്ടുവന്ന് ചർച്ച ചെയ്യുകയും മഹാത്മജി പറഞ്ഞതുപോലെ അധികാരം ജനങ്ങളിലേക്ക് എത്തിക്കാൻ അതിനകത്തുള്ള ധാരാളം ഭേദഗതികൾ അംഗീകരിച്ചുകൊണ്ടാണ് പഞ്ചായത്തീരാജ് നഗരപാലികനിയമം കൊണ്ടുവന്നത്.

ശ്രീ. പി. ടി. എ. റഹീം: സർ, ഇവിടെ നമ്മൾ സ്ത്രീകൾക്ക് 50 ശതമാനം സംവരണം കൊണ്ടുവരാൻവേണ്ടി നിയമഭേദഗതി കൊണ്ടുവന്നപ്പോൾ അപ്പുറത്ത് നിന്നു പറഞ്ഞത് കേന്ദ്രം ഇതു കൊണ്ടുവരുന്നുണ്ട്, അത് മുൻകൂട്ടി കണ്ടുകൊണ്ടാണ് നമ്മൾ ഇതു ചെയ്തതെന്നാണ്. ഇപ്പോൾ കേന്ദ്രം അതുകൊണ്ടു വന്നിട്ടുണ്ടോ ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: അതിനെക്കുറിച്ച് പറയാതിരിക്കുകയല്ലേ ഭേദം. ഞാൻ അതിലേക്കാണ് വരുന്നത്. എല്ലാം അധരവ്യായാമമായിട്ട് പറയുകയെന്നല്ലാതെ എന്താണ് ചെയ്തത് ? ഇവിടെ 50

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശതമാനം സ്ത്രീകൾക്ക് സംവരണം, ഞാൻ പറഞ്ഞ നിയമഭേദഗതികളിൽ ഏറ്റവും പ്രധാനമായിട്ടുള്ളത് പഞ്ചായത്തീരാജ് നിയമത്തിൽ 50 ശതമാനം സ്ത്രീ സംവരണം കൊടുക്കാനും സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ എണ്ണം വർദ്ധിപ്പിക്കാനും സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ അടക്കം സംവരണത്തിലൂടെ സ്ത്രീകളെ കൊണ്ടുവരാനുള്ള ഭേദഗതിയാണ് വരുത്തിയത്. ഇത് ഇൻഡ്യാ രാജ്യത്ത് കേരളത്തിലല്ലാതെ ഏതു സംസ്ഥാനത്താണ് നടന്നിട്ടുള്ളത്. ഈ ഭേദഗതി കൊണ്ടുവരുമ്പോൾ നിങ്ങൾ അന്ന് എന്തു ബഹളമാണ് ഉണ്ടാക്കിയത്. ഞങ്ങളുടെ പ്രകടന പത്രികയിൽ പറഞ്ഞിരുന്നു, ഞങ്ങൾ കൊണ്ടുവരാൻ ആഗ്രഹിച്ചത് നിങ്ങൾ കൊണ്ടുവന്നു കളഞ്ഞു എന്നെല്ലാം പറഞ്ഞ് കരയുകയായിരുന്നില്ലേ ഇവിടെ. എന്നിട്ട് ദിവസമെത്രയായി. പാർലമെന്റ് സമ്മേളനം പിന്നേയും ചേർന്നല്ലോ. 50 ശതമാനം പോയിട്ട് 33 ശതമാനം സംവരണംപോലും ഇവിടെ നടപ്പിലാക്കാൻ പോകുന്നില്ല. നിങ്ങൾ പറയുകയല്ലാതെ ഒന്നും ഇൻഡ്യൻ ജനതക്ക് വേണ്ടി പ്രവർത്തിച്ചിട്ടില്ല. ഞങ്ങൾ പറയുക മാത്രമല്ല. നന്നായി പ്രവർത്തിച്ചതു കൊണ്ട് കേരളത്തിലെ ജനജീവിതത്തിൽ വലിയ മാറ്റമാണ് ഉണ്ടാക്കിയത് എന്നുള്ളതാണ്. ഒമ്പതാം പദ്ധതി ജനകീയ പദ്ധതിയാക്കി മാറ്റിക്കൊണ്ടല്ലേ പഞ്ചായത്തുകൾക്ക് കൂടുതൽ പണം കൊടുക്കാൻ തുടങ്ങിയത്.

ശ്രീ. സി. കെ. പി. പത്മനാഭൻ : സർ, മുപ്പത്തേഴ് ശതമാനം സംവരണം സംബന്ധിച്ച് ബില്ലനോപക്ഷേപം വന്ന സന്ദർഭത്തിൽ ലാലുപ്രസാദ് യാദവിനും മുലായം സിംഗ് യാദവിനും ഉറപ്പുകൊടുത്തതിന്റെ ഫലമായിട്ട് കോൺഗ്രസ്സ് അത് മാറ്റിവച്ചു എന്ന വാർത്ത അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, എന്തെല്ലാം തരത്തിലുള്ള ധാരണകളാണ് അവിടെ ഉണ്ടാകുന്നത് എന്ന് നമുക്ക് വ്യക്തമായിട്ടറിയാം. സ്ത്രീവിരുദ്ധ ഗവൺമെന്റ് എന്നുപോലും കേന്ദ്രത്തിലെ ഗവൺമെന്റിനെക്കുറിച്ച് പറഞ്ഞാൽ കുഴപ്പമില്ല. 2006 മുതൽ ജനകീയാസൂത്രണം വീണ്ടും ശക്തമാവുകയായിരുന്നു. യു.ഡി.എഫ് വന്നപ്പോൾ ജനകീയാസൂത്രണത്തെ അട്ടിമറിച്ചില്ലേ ? നായനാർ ഗവൺമെന്റ് വന്നസമയത്ത് 9-ാം പദ്ധതി ജനകീയ പദ്ധതിയായി നടപ്പാക്കുന്നതിന്റെ ഭാഗമായി ആഘോഷമായിട്ടാണ് ആ നാട്ടിൽ ഇറങ്ങിയത്. കോൺഗ്രസ് ഭരിക്കുന്ന പഞ്ചായത്തുകളും സഹകരിച്ചിട്ടുണ്ട്. അന്ന് എനിക്ക് ഓർമ്മയുണ്ട്, എന്റെ നിയോജക മണ്ഡലത്തിൽ കൂത്തുപറമ്പിൽ കണിച്ചാർ പഞ്ചായത്തിൽ മാത്രമാണ് അന്ന് കോൺഗ്രസ്സ് ഭരണമുണ്ടായിരുന്നത്. ആദ്യഗഡു വിതരണം ചെയ്യാൻവേണ്ടി നായനാർ കല്യാശ്ശേരിയിൽ പഞ്ചായത്ത് പ്രസിഡന്റുമാരെ വിളിച്ച് വരുത്തി, തിരിച്ചുവന്ന പ്രസിഡന്റിനോട് എത്ര പൈസ കിട്ടിയെന്ന് ഞാൻ ചോദിച്ചപ്പോൾ 45 ലക്ഷം രൂപ കിട്ടിയെന്ന് പറഞ്ഞു. ഇതിനുമുൻപ് അഞ്ചു വർഷക്കാലം എത്ര രൂപയാണ് പഞ്ചായത്തിന് ഉണ്ടായിരുന്നത് എന്ന് ചോദിച്ചപ്പോൾ കൂടിവന്നാൽ രണ്ടു ലക്ഷം രൂപയേ ചെലവഴിക്കാൻ ഉണ്ടായിരുന്നുള്ളൂ. ആ സ്ഥാനത്ത് 45 ലക്ഷം രൂപ കിട്ടിയപ്പോൾ ജനകീയാസൂത്രണത്തിന്റെ വ്യത്യാസം എന്താണെന്നറിഞ്ഞു. കർമ്മ സമിതികൾ രൂപീകരിച്ചും വിദഗ്ധ ഉപദേശക

സമിതികൾ രൂപീകരിച്ചും ഗ്രാമസഭകൾ ശക്തമാക്കിയും ജനകീയാസൂത്രണം ശക്തമാക്കാൻ നടത്തിയ ആ ഇടപെടൽ ലോക ചരിത്രത്തിൽ ഒരു മാതൃകയാണ്.

ശ്രീമതി പി. അയിഷാ പോറ്റി: സർ, അപ്പുറത്തുനിന്ന് വാഹിദ് മെമ്പറൊക്കെ സംസാരിച്ചപ്പോൾ ഈ സർക്കാരിന് പരമോപചാരം അർപ്പിക്കുക എന്നൊക്കെ പറഞ്ഞു. പഞ്ചായത്തുകളുടെ പ്രവർത്തനങ്ങളെ ഈ ഗവൺമെന്റ് അട്ടിമറിക്കുകയാണെന്നും പറഞ്ഞു. കഴിഞ്ഞ കാലത്തൊക്കെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശ്വാസംമുട്ടിച്ച് അവർക്ക് ഒരിക്കലും പണം കൊടുക്കാതെ, എന്നും ട്രഷറി നിയന്ത്രണംമൂലം വേയ്സ് ആന്റ് മീൻസ് ക്ലിയറൻസ് കിട്ടാൻവേണ്ടി കാത്തുകാത്തിരുന്ന് ഒരു വർഷമെങ്കിലും പദ്ധതികൾ നടപ്പാക്കാൻ കഴിയാതെ വന്ന അവസരം ടീച്ചറിന് ഓർമ്മയുണ്ടോ ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ശ്രീമതി അയിഷാ പോറ്റി പഞ്ചായത്ത് ഭരണംകൂടി നിർവ്വഹിച്ചിട്ടുള്ള ആളായതുകൊണ്ട് ആ കറുത്ത നാളുകളെക്കുറിച്ച് അവർക്ക് നന്നായിട്ട് ഓർമ്മയുണ്ട്. പദ്ധതി വിഹിതം വെട്ടിക്കുറയ്ക്കുക മാത്രമല്ല ചെയ്തത്. ആ പദ്ധതിയുടെ പേരുപോലും മാറ്റി. ജനങ്ങളുമായി ബന്ധമുണ്ടാക്കിക്കൊണ്ട് ഭരണം ജനങ്ങളിലേക്ക് എത്തിക്കുക എന്നതാണ് ഗാന്ധിജി വിഭാവനം ചെയ്തത്. അതൊക്കെ അട്ടിമറിച്ച് എല്ലാം ഉദ്യോഗസ്ഥന്മാരുടെ കയ്യിൽ കൊടുത്ത്, പത്താം പദ്ധതി എല്ലാ പദ്ധതിയേയും പോലെ ആകെ കഷ്ടത്തിലാക്കിയില്ലേ ? ജനകീയാസൂത്രണം മുഴുവൻ അട്ടിമറിച്ചു. പക്ഷേ കേരളത്തിലെ ജനങ്ങൾ വീണ്ടും ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ തെരഞ്ഞെടുത്തപ്പോൾ ജനകീയ പദ്ധതി നേരത്തേതുപോലെതന്നെ ശക്തമാക്കാൻ ജനങ്ങളുമായുള്ള ബന്ധം പുനഃസ്ഥാപിച്ചുകൊണ്ട് ഒരുങ്ങുകയാണ്. നാലു വർഷംകൊണ്ട് 6,497 കോടി രൂപ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതമായി അനുവദിച്ചു. ഇവിടെ പലരും പറഞ്ഞു, ഒന്നും ചെയ്തിട്ടില്ല എന്ന്. 75 ശതമാനം ചെലവഴിച്ചു. അത് റെക്കാർഡ് നേട്ടമാണ്. പൊതു ഗ്രാന്റ് ഇനത്തിൽ 1,390 കോടി രൂപയുടെ പ്രവൃത്തി ഈ ഗ്രാമപഞ്ചായത്തുകളിലൂടെ നടന്നിട്ടുണ്ട്. നദികളുടെ സംരക്ഷണത്തിന് 1,624 കോടി രൂപ വേറെ കൊടുത്തിട്ടുണ്ട്. തവണ വിഹിതം വേറെയുണ്ട്. ഇതെല്ലാംകൂടി ചേർന്നിട്ടാണ് ഭരണം നടത്തിയിട്ടുള്ളത്. കാർഷിക മേഖലയിൽ എന്തുമാത്രം ഉണർവ്വാണുണ്ടാക്കിയത്? കാർഷിക മേഖലയിൽനിന്നും ഇൻഡ്യ ഗവൺമെന്റ് പിൻമാറുകയാണ്. 3,000 കോടി രൂപയുടെ വിഷവിത്തുകൾ മൾട്ടിനാഷണൽ കമ്പനികളിൽനിന്നും വാങ്ങാൻ കേന്ദ്രത്തിലെ യു.പി.എ. ഗവൺമെന്റ് കരാർ എടുത്തിരിക്കുകയാണ്. 3,000 കോടി രൂപയുടെ ബി.ടി.വിത്തുകളും ജി.ഇ. വൈസുകളുമൊക്കെ വാങ്ങിയിട്ട് ഈ നാട്ടിലെ ജനങ്ങളെ കൊലയ്ക്ക് കൊടുക്കുകയാണ്. എന്താണ് ഈ ബാക്ടീരിയകളുടെ പ്രവർത്തനം ? ജനറ്റിക്കൽ എഞ്ചിനീയറിംഗിന്റെ ഭാഗമായിട്ടുണ്ടാക്കുന്ന ആധുനിക സാങ്കേതികവിദ്യയുടെ ഭാഗമായി മനുഷ്യന് തിന്നാൻ പറ്റാത്ത, എന്നാൽ കൂടുതൽ ലാഭം കൊയ്യാൻ സാധിക്കുന്ന വിത്തുകളുണ്ടാക്കിയിട്ട് കർഷകരുടെ പോക്കറ്റിൽ നിന്നും പണം

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പിഴിഞ്ഞെടുക്കുമ്പോൾ ഈ കേരളം പ്രകൃതിയുമായി ഇണങ്ങി ജനങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാനുള്ള ആസൂത്രണം നടത്തുകയായിരുന്നു. കാർഷിക മേഖലയെ ശക്തിപ്പെടുത്താൻവേണ്ടി പ്ലാൻ ഫണ്ടിന്റെ 40 ശതമാനം തുക വിനിയോഗിക്കാൻ തീരുമാനിച്ചു. നിങ്ങൾ എന്താണ് ചെയ്തത് ?.

ശ്രീ. പി. സി. വിഷ്ണുനാഥ് : സർ, നമ്മുടെ കാർഷിക മേഖലയിൽ എന്താണ് നടക്കുന്നതെന്ന് ടീച്ചറെപ്പോലെ അറിയുന്നവരാണ് ഞങ്ങളുമൊക്കെ. ഞങ്ങൾ താഴെ പ്രവർത്തിക്കുന്നവരാണ്. ആകാശത്ത് നിൽക്കുന്നവരല്ല. നമ്മുടെ പഞ്ചായത്തിന് കാർഷിക മേഖലയിൽ രാഷ്ട്രീയ വികാസ് യോജന വഴി കിട്ടുന്ന പണമാണ്. അത് കേന്ദ്ര സർക്കാരിന്റെ പദ്ധതിയാണ്. ജനകീയാസൂത്രണത്തിന്റെ നഷ്ടം ഉണ്ടായ ഒരു രാഷ്ട്രീയ പാർട്ടികൂടിയാണ് സി.പി.ഐ.(എം) കാരണം, ഈ ജനകീയാസൂത്രണം വരുന്നതിനുമുൻപ് വളരെ സംശുദ്ധരായ പല സി.പി.ഐ.(എം) നേതാക്കന്മാരും ജനകീയാസൂത്രണത്തിനുശേഷം ഒന്നാന്തരം അഴിമതിക്കാരായി മാറിയ സത്യം ടീച്ചറിനറിയാമോ ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, ഉത്തരം മുട്ടുമ്പോൾ കൊഞ്ഞനം കുത്തരുത്. കേന്ദ്രത്തിലുള്ള കോൺഗ്രസ്സുകാരും മറ്റു സംസ്ഥാനങ്ങളിലുള്ള കോൺഗ്രസ്സുകാരും ആകാശത്തുകൂടെയാണ് നടപ്പ്. എന്നാൽ ഞങ്ങളുടെ വിനീതമായ അഭ്യർത്ഥന, കേരളത്തിലെ കോൺഗ്രസ് സഹോദരങ്ങളെങ്കിലും ഞങ്ങളുടെകൂടെ ഭൂമിയിലേക്ക് ഒന്ന് നടക്കണമെന്നാണ്. പഞ്ചായത്തുകളിലുള്ള പ്രവർത്തനം വിഷ്ണുവിന്റെ മണ്ഡലത്തിലൊന്നും നടക്കുന്നില്ലെന്നാണോ ? എന്റെ നിയോജകമണ്ഡലത്തിൽ കാർഷിക മേഖലയിൽ പ്രത്യേക പ്രോജക്ട് ഉണ്ടാക്കിയിട്ട് ഹരിത പേരാവൂർ എന്ന പേരിൽ പഞ്ചായത്തുകളുടേ സഹകരണത്തോടെ നടത്തുകയാണ്. തരിശുഭൂമി കൃഷിയോഗ്യമാക്കുന്നു, വയലുകളിൽ കൃഷി അഭിവൃദ്ധിപ്പെടുത്തുന്നു, എല്ലാ വിളകളേയും പ്രോത്സാഹിപ്പിക്കുന്നു. വിഷ്ണു ഇത്ര നല്ല ചെറുപ്പക്കാരനായിട്ട് അവിടെയൊന്നും ചെയ്യാത്തതെന്താണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. നന്നായിട്ട് ചെയ്യണമെന്നുള്ളതാണ് എനിക്ക് വിഷ്ണുവിനോട് അപേക്ഷിക്കാനുള്ളത്. 10-ാം പദ്ധതിക്കാലത്ത് ഈ പറയുന്ന പ്ലാൻ ഫണ്ടിൽ 40 ശതമാനം 30 ശതമാനമായി ഉത്പ്പാദന മേഖലയിൽ കുറച്ചില്ലേ ? എന്താണ് അങ്ങനെ കുറച്ചത് ?

ശ്രീമതി കെ. എസ്. സലീഖ : സർ, ശ്രീ. പി. സി. വിഷ്ണുനാഥ് ഇവിടെ പറഞ്ഞു, കേന്ദ്രത്തിന്റെ സഹായംകൊണ്ടാണ് ആകെ കേരളത്തിൽ കാർഷിക മേഖല നിൽക്കുന്നതെന്ന്. എങ്കിൽ എന്താണ് കേന്ദ്രത്തിന്റെ സഹായംകൊണ്ട് കോൺഗ്രസ് ഭരിക്കുന്ന മറ്റു സംസ്ഥാനങ്ങളിൽ ഇപ്പോൾ ആത്മഹത്യ തുടരുന്നത് എന്നതിനെ സംബന്ധിച്ച് ടീച്ചർക്ക് എന്താണ് പറയാനുള്ളത് ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, വിദർഭയും മറ്റുമെല്ലാം മറന്നുകൊണ്ടാണ് ഇവിടെ സംസാരിക്കുന്നത്. കേന്ദ്രമെന്ന് പറയുമ്പോൾ നിങ്ങളെല്ലാം കൂടി എഴുന്നേറ്റു നിൽക്കുന്നത് എന്താണെന്ന് എനിക്ക് മനസ്സിലാകുന്നില്ല.

നമ്മുടെ സംസ്ഥാനത്തിന്റേയും കൂടി കേന്ദ്രമല്ലേ ? നമ്മുടെ കീശയിലെ നികുതി പണമല്ലേ അവിടെ കൊണ്ടു പോകുന്നത് ? നമ്മളും നിങ്ങളും കൊടുക്കുന്ന നികുതി പണത്തിന്റെ വിഹിതമല്ലേ നമുക്ക് തരേണ്ടത് ? അപ്പോൾ കേരളത്തിന് തരില്ല എന്നുപറയാൻ എന്താണ് അവകാശം ?. നല്ല വാക്ക് പറയാനുണ്ടാകുമ്പോൾ പറയാം. കേന്ദ്രാവിഷ്കൃത പദ്ധതിയിലെ കഥ യൊക്കെ നമുക്കറിയില്ലേ ? കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പല മാനദണ്ഡ ങ്ങളും നമുക്ക് യോജിച്ചതാണോ ? ഒന്നും തരുന്നില്ല എന്ന് പറയുന്നില്ല. പക്ഷേ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഇത്രയും നന്നായിട്ട് നടപ്പിലാക്കുന്നത് കേരളത്തിലാണെന്ന് നിങ്ങൾ നന്നായി ഓർമ്മിക്കണം. കഴിഞ്ഞ പ്രാവശ്യം നിങ്ങൾ വെട്ടിക്കുറച്ച 9 കോടി രൂപകൂടി ഉൽപ്പാദന മേഖലയിൽ ഞങ്ങൾക്ക് അധികം വകയിരുത്തേണ്ടതായി വന്നിട്ടുണ്ട്. ഭക്ഷ്യ സുരക്ഷാ പദ്ധതി മാത്രം പോരേ, ഏറ്റവും മേന്മയുണ്ടാക്കുന്ന രീതിയിൽ അഭിമാനിക്കാൻ. ഒരു കിലോ നെല്ലിന് 12 രൂപ നൽകി. വിത്തുകൾ സൗജന്യമായി നൽകിയിട്ടുണ്ട്.

ശ്രീ. വി. ഡി. സതീശൻ : സർ, ഭക്ഷ്യസുരക്ഷാ പദ്ധതിക്കുവേണ്ടി അഞ്ചുപൈസ മാറ്റിവയ്ക്കാത്ത ഇൻഡ്യയിലെ ഏക സംസ്ഥാനമാണ് കേരളം എന്നുള്ള കാര്യം അങ്ങേക്കറിയില്ലേ ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, ശ്രീ. സതീശൻ അങ്ങനെ പറയു മെന്ന് വിചാരിച്ചില്ല. 93 കോടി രൂപയാണ് പഞ്ചായത്തുകൾ നെൽക്കൃഷിക്കു വേണ്ടി മാത്രം ചെലവഴിച്ചത്. ഭക്ഷ്യസുരക്ഷ എന്നുപറഞ്ഞാൽ എന്താണ്? നെൽക്കൃഷി അഭിവൃദ്ധിപ്പെടുത്തിയിട്ട് കൂടുതൽ കാശ് വകയിരുത്തുകയല്ലേ ? 2009-10-ൽ മാത്രം 159 കോടി രൂപയാണ് നെൽകൃഷിക്കുവേണ്ടി വകയിരുത്തി യിട്ടുള്ളത്. 5 വർഷംകൊണ്ട് 23,000 ഏക്കർ തരിശുഭൂമി കൃഷി ചെയ്തിട്ടുണ്ട്. ഭക്ഷ്യ സബ്സിഡി കൊടുത്തുവെന്ന് ഞാൻ കഴിഞ്ഞ അസംബ്ലിയിൽ പ്രസം ഗിച്ചതുകൊണ്ട് ഞാൻ അതിനെക്കുറിച്ച് പ്രത്യേകിച്ച് പറയുന്നില്ല. കൃഷിവകുപ്പും കാർഷിക സർവ്വകലാശാലയും മൃഗസംരക്ഷണ വകുപ്പും സംയോജിത പ്രവർത്തനം നടത്തിക്കൊണ്ട് നീർത്തടാധിഷ്ഠിത പദ്ധതികളടക്കം വ്യാപിപ്പിച്ചുകൊണ്ട് കേരളത്തിലെ കാർഷിക മേഖലയിൽ വമ്പിച്ച മാറ്റമുണ്ടാ ക്കിയിട്ടുണ്ട്. അതുകൊണ്ടുതന്നെ പട്ടിണി കുറഞ്ഞു. ലോകത്ത് എവിടെ യെങ്കിലും ഒരു സംസ്ഥാനത്ത് 95 ശതമാനം ആളുകൾക്ക് പാർപ്പിടം കൊടുത്തു എന്ന് പറയുന്നുണ്ടോ ? ധാരാവി ചേരിയിൽ താമസിക്കുന്ന ആളുകളെ ഒരു കടലാസ് ടെന്റ് കെട്ടി മാറ്റി താമസിപ്പിക്കാൻ നിങ്ങൾക്ക് സാധിച്ചിട്ടുണ്ടോ ? കേരളത്തിലെ തെരുവിൽ താമസിച്ചിരുന്ന ആളുകളെ തെരുവിൽനിന്നും മാറ്റി വീടുകളിൽ പാർപ്പിക്കുകയല്ലേ ?

ശ്രീ. വി. ശശികുമാർ : ഒബാമക്ക് അമേരിക്കയിൽ ഇതുപോലൊരു പ്രഖ്യാപനം നടത്താൻ കഴിയുമെന്ന് തോന്നുന്നുണ്ടോ ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : ശ്രീ. വി. ശശികുമാർ പറഞ്ഞപ്പോഴാണ് എനിക്ക് മനസ്സിലായത്. അമേരിക്ക സമ്പന്ന രാഷ്ട്ര മെന്നാക്കെ പറയാറുണ്ടല്ലോ ? അമേരിക്കയിൽ കത്രീന കൊടുങ്കാറ്റ്

LIBRARY ARCHIVES Kerala Legislative Assembly

അടിച്ചപ്പോൾ ഉണ്ടായ അനുഭവം പത്രങ്ങളിൽ റിപ്പോർട്ട് ചെയ്തിരുന്നു. മാറ്റി പാർപ്പിച്ചു. എന്നാൽ കറുത്തവർ താമസിക്കുന്ന പ്രദേശത്താണ് വീശിയത് എന്ന് ഒബാമയും കൂട്ടരും മിണ്ടിയിട്ടില്ല. ആ ഭാഗത്ത് ആയിരക്കണക്കിന് ആളുകൾ മരിക്കുകയും മാസങ്ങളോളം വൈദ്യുതി ബന്ധംപോലും പുനഃസ്ഥാപിക്കാൻ സാധിക്കാതിരിക്കുകയും ചെയ്തത് മുതലാളിത്തത്തിന്റെ പ്രത്യേക കാഴ്ചപ്പാടാണ്. എല്ലാ കേന്ദ്രാവിഷ്കൃത പദ്ധതികളും ഇവിടെയാണ് ഏറ്റവും ഭംഗിയായി നടപ്പിലാക്കിയിട്ടുള്ളത് എന്ന് നമുക്ക് കാണാൻ സാധിക്കും.

തൊഴിലുറപ്പ് പദ്ധതിയുടെ കാര്യം പറയാതിരിക്കാൻ വയ്യ. കേന്ദ്രത്തിൽ യു.പി.എ. ഗവൺമെന്റിനെ ഇടതുപക്ഷം പിന്താങ്ങുന്ന സമയത്താണ് ഞങ്ങളുടെ മഹിളാ അസോസിയേഷൻ കമ്മിറ്റിയിൽ ഈ നിയമം പാസ്സാക്കുന്നതിനുവേണ്ടി അവിടത്തെ ഇടതുപക്ഷമടക്കം ഉണ്ടാക്കിയ നിയമത്തിന്റെ കരട് രൂപം ചർച്ച ചെയ്തിട്ട് സ്ത്രീകൾക്ക് ഇതിൽ എന്തെങ്കിലും നിർദ്ദേശം വയ്ക്കാനുണ്ടോ എന്ന് ചോദിക്കുകയും ഞങ്ങൾ ചില നിർദ്ദേശം വയ്ക്കുകയും ചെയ്തത്. കാർഷിക മേഖലയിലെ മിനിമം കൂലി തൊഴിലുറപ്പ് പദ്ധതിയിൽ കൊടുക്കണമെന്ന് പറഞ്ഞിട്ട് കേരളത്തിൽ 125 രൂപ കൊടുക്കുമ്പോൾ ഉത്തരേന്ത്യയിൽ 40 രൂപയാണ് കൊടുക്കുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഞങ്ങളുടെ കുട്ടിയെ തട്ടിയെടുത്തു കൊണ്ടുപോയി നിങ്ങൾ താലോലിക്കുന്നു എന്നല്ലേ പറഞ്ഞു കൊണ്ടിരിക്കുന്നത് ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, കുട്ടിയെ വളർത്തുന്നവരാണ് യഥാർത്ഥ രക്ഷിതാക്കൾ. രക്ഷിതാക്കൾ എന്ന് പറഞ്ഞിട്ട് കാര്യമില്ല. പീഡിപ്പിക്കുന്ന അച്ഛന്മാരെ പിടികൂടാൻ ഇവിടെ നിയമം കൊണ്ടുവരുകയാണ്. കുട്ടിയെ വളർത്തുന്നവരാണ് യഥാർത്ഥ രക്ഷിതാക്കൾ. തൊഴിലുറപ്പു പദ്ധതിയുടെ കൂലി 200 രൂപയായി വർദ്ധിപ്പിക്കാൻ കേന്ദ്രത്തോട് സമ്മർദ്ദം ചെലുത്തണം എന്നുകൂടി ആവശ്യപ്പെട്ടുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു.

ശ്രീ. എം. കെ. പ്രേമനാഥ് : സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ഇൻഡ്യയെ സംബന്ധിച്ചിടത്തോളം എന്താണ് ഇൻഡ്യ എന്നതിനെ സംബന്ധിച്ച് നമ്മൾ ആദ്യം ചർച്ചചെയ്യണം. പ്രസിദ്ധ ഭരണഘടനാ വിദഗ്ദ്ധൻ ഐവർ ജെന്നിംഗ് ചൂണ്ടിക്കാണിച്ചിട്ടുണ്ട് India has a unitary Constitution, but a federal character. നമ്മുടെ സംസ്ഥാനങ്ങളിൽ വ്യത്യസ്തമായ ജാതികൾ, ഭാഷകൾ അതുപോലെ വ്യത്യസ്തമായ രീതിയിലുള്ള ആളുകൾ ജീവിക്കുന്നു എന്നുള്ളതാണ് നമ്മുടെ ഏറ്റവും വലിയ പ്രത്യേകത. ജാതിവ്യവസ്ഥ ഹിന്ദുമതത്തിന്റെ ഒരു പ്രത്യേകതയാണ്. വർണ്ണാശ്രമ ധർമ്മങ്ങൾ യഥാർത്ഥത്തിൽ ഇൻഡ്യയുടെ ജാതിവ്യവസ്ഥയെ ശക്തിപ്പെടുത്തി. യൂറോപ്പിൽ ക്രിസ്തുമതം പ്രചരിപ്പിക്കുന്നതിനുമുമ്പുതന്നെ ഇൻഡ്യയിൽ ക്രിസ്തുമതം പ്രചരിപ്പിച്ചിട്ടുണ്ടായിരുന്നു. ക്രിസ്ത്യൻ

LIBRARY ARCHIVES Kerala Legislative Assembly

മിഷനറിമാർ ഇവിടെ വന്നിട്ടുണ്ടായിരുന്നു. ഡെൽഹിയിലെ ഭരണകൂടത്തിൽ നിരവധി മുസ്ലീം ഭരണാധികാരികൾ ഉണ്ടായിരുന്നു. ഈ സാഹചര്യത്തിലാണ് ഇൻഡ്യയുടെ സാമൂഹ്യ വ്യവസ്ഥിതിയെ നാം നോക്കിക്കാണേണ്ടത്. നമ്മുടെ ആർട്ടിക്കിൾ 40 Directive Principles of State Policy-യിലാണ് യഥാർത്ഥത്തിൽ പഞ്ചായത്ത് രാജ് വ്യവസ്ഥയെ സംബന്ധിച്ച് നമ്മൾ സംസാരിക്കുന്നത്. അധികാര വികേന്ദ്രീകരണത്തെ സംബന്ധിച്ച് അശോക് മേത്ത നൽകിയിട്ടുള്ള സംഭാവനകൾ വളരെ വലുതാണെന്ന് നമുക്കെല്ലാവർക്കുമറിയാം. ഇൻഡ്യയുടെ രാഷ്ട്രീയ ജീവിതത്തിൽ ഡോ. രാം മനോഹർ ലോഹ്യ ചെയ്തിട്ടുള്ള സംഭാവനകൾ അധികാരവികേന്ദ്രീകരണത്തിനു വേണ്ടി `Four Pillar State' എന്നുപറയുന്ന ആശയം 60 വർഷം മുമ്പ് ഇവിടെ സംസാരിച്ചതാണ്. ലോഹ്യ ഈ കാര്യത്തിൽ നൽകിയിട്ടുള്ള സംഭാവനകൾ ഇൻഡ്യയുടെ പൊതുജീവിതത്തിൽ വളരെയേറെ പ്രധാനപ്പെട്ടതാണ്. കേന്ദ്രം, ജില്ലാ, സംസ്ഥാനം, പഞ്ചായത്ത് എന്നീ നാല് തട്ടുകളിൽ അധികാരം വികേന്ദ്രീകരിക്കണമെന്നായിരുന്നു ഡോക്ടർ ലോഹ്യയുടെ കാഴ്ചപ്പാട്. ശ്രീ. ജയപ്രകാശ് നാരായണൻ ഇൻഡ്യയുടെ സാമൂഹ്യ വിപ്ലവത്തിനും രാഷ്ട്രീയ വിപ്ലവത്തിനും നൽകിയിട്ടുള്ള സംഭാവനകൾ എല്ലാവർക്കും അറിയാം. അധികാരം ജനങ്ങളിലേക്ക് വേണം എന്നായിരുന്നു അദ്ദേഹത്തിന്റെ വീക്ഷണങ്ങൾ. നിയമസഭയിലെ പ്രതിനിധികളെപ്പോലും തിരിച്ചുവിളിക്കുന്നതിനുള്ള അധികാരമുണ്ടായിരുന്നു എന്ന് ജെ. പി. പറഞ്ഞ കാര്യം നമുക്ക് അറിയാവുന്നതാണ്. രാജീവ് ഗാന്ധി ഈ രാജ്യത്തിന്റെ പ്രധാനമന്ത്രിയായിരുന്ന കാലഘട്ടത്തിലും അതുപോലെതന്നെ ബഹുമാന്യനായിട്ടുള്ള ഇ.എം.എസ്. ഈ നാട്ടിലെ മുഖ്യമന്ത്രിയും അതുപോലെ നേതാവുമായിരുന്ന കാലഘട്ടത്തിലും ഈ കാര്യത്തിൽ നൽകിയിരുന്ന സംഭാവനകൾ വളരെ വലുതാണ് എന്ന് ഇവിടെ ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇൻഡ്യയുടെ ഐക്യം തകർക്കുന്നതിനുവേണ്ടി ശ്രമിക്കുന്ന വർഗ്ഗീയ ശക്തികളെ ഇല്ലാതാക്കുന്നതിനു വേണ്ടിയിട്ടുള്ള പ്രവർത്തനങ്ങൾ ഈ രാജ്യത്ത് കേന്ദ്രത്തിലും സംസ്ഥാന തലങ്ങളിലും ഉണ്ടാകണം. നമ്മുടെ ഫെഡറൽ സ്വഭാവത്തെ ശക്തിപ്പെടുത്തണം. നമുക്കറിയാം. നമ്മുടെ നക്സലൈറ്റ് പ്രസ്ഥാനം ഇന്ന് വളരെ ശക്തമാണ്. ഇൻഡ്യയുടെ എല്ലാ ഐക്യവും. തകർക്കുന്നതിനു വേണ്ടിയിട്ടുള്ളതാണ് ഈ നക്സൽ പ്രസ്ഥാനമെന്നുള്ള കാര്യം ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കുകയാണ്. നമ്മുടെ പ്രിയപ്പെട്ട പ്രധാനമന്ത്രി പഞ്ചായത്ത് രാജിനെ പറ്റിയുള്ള അദ്ദേഹത്തിന്റെ വീക്ഷണത്തെപ്പറ്റി പത്രങ്ങളിൽ പറഞ്ഞിരിക്കുന്നത് Panchayatraj can help tracking the naxal problem. Prime Minister Manmohan Singh said that the challenge of naxalism could be countered by empowering and strengthening Panchayats. ഇത് വളരെ പ്രധാനപ്പെട്ടതാണ്. നമ്മുടെ എല്ലാ പുരോഗതിയും തടസ്സപ്പെടുത്തുന്നതിനു വേണ്ടിയുള്ള പ്രവർത്തനമാണ് നക്സലൈറ്റ് പ്രസ്ഥാനത്തിനുള്ളത്. സ്വതന്ത്ര ഭൂമി എന്നുപറയുന്ന ഒരു പത്രം കുറച്ച് ദിവസങ്ങൾക്കുമുമ്പുതന്നെ ഇതിന്റെ ഗൗരവം ഇവിടെ ചൂണ്ടിക്കാണിച്ചതാണ്. നമ്മുടെ ഭരണഘടനയുടെ ഡയറക്ടീവ് പ്രിൻസിപ്പിളിലാണ്, വളരെ പ്രധാനപ്പെട്ട ഒട്ടനവധി കാര്യങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ചൂണ്ടിക്കാണിക്കുന്നത്. അതുപോര, ഈ കാര്യത്തിൽ കൂടുതൽ നിയമ നടപടികൾ ആവശ്യമാണ്. പഞ്ചായത്ത് വ്യവസ്ഥയെ സംബന്ധിച്ച ആർട്ടിക്കിൾ ഇവിടെ ചൂണ്ടിക്കാണിക്കുകയാണ്. അതുപോലെതന്നെ ഡയറക്ടീവ് പ്രിൻസിപ്പിൾസിൽ രാജ്യത്തിന്റെ പുരോഗതിക്കുവേണ്ടിയിട്ടുള്ള ഒട്ടനവധി കാര്യങ്ങൾ പറയുന്നുണ്ട്. 36, 37 38, 39, 39 (എ), 40, 41, 42, 43, 43 (എ), 44, 45, 46, 47, 48, 48 (എ) 49, 50, 51 വകുപ്പുകളിൽ ഡയറക്ടീവ് പ്രിൻസിപ്പിൾ ഇൻഡ്യയുടെ സാമൂഹ്യ പുരോഗതിക്കുവേണ്ടിയും രാഷ്ട്രീയ പുരോഗതിക്കുവേണ്ടിയും സംസാരിച്ചിട്ടുണ്ട് എന്ന് നമുക്കറിയാം. ഏറ്റവും അടുത്ത് രാജീവ്ഗാന്ധി ഈ രാജ്യത്തിന്റെ പ്രധാനമന്ത്രിയായിരുന്ന കാലഘട്ടത്തിൽ വന്നിട്ടുള്ള മാറ്റങ്ങൾ നമുക്കെല്ലാവർക്കും അറിയാം. അതിനനുസൃതമായി കേരളത്തിലെ സർക്കാരുകൾ വിശേഷിച്ചും ഇടതുപക്ഷ സർക്കാരുകളും അതിനുമുമ്പുണ്ടായിരുന്ന സർക്കാരുമൊക്കെ നമ്മുടെ സംഭാവനകളെ മനസ്സിലാക്കിയിട്ടുണ്ട്. നമ്മുടെ പഞ്ചായത്ത് രാജ് ആക്ടിലെ 243 അതുപോലെതന്നെ 243 (എ), 243 (ബി) തുടങ്ങി (എൻ), (ഒ) - വരെയുള്ള വകുപ്പുകളിലുണ്ടാക്കിയിട്ടുള്ള മാറ്റങ്ങളാണ് യഥാർത്ഥത്തിൽ ഈ രംഗത്തുണ്ടാക്കിയിട്ടുള്ള മാറ്റങ്ങൾ. നമ്മുടെ ആർട്ടിക്കിൾ 74-ൽ ഉണ്ടാക്കിയിട്ടുള്ള മാറ്റങ്ങൾക്കനുസൃതമായി ഭരണഘടനയിലും മാറ്റങ്ങളുണ്ടാക്കിയിട്ടുണ്ട്. ആ രീതിയിൽ നമ്മുടെ പഞ്ചായത്ത് രാജിലും അതുപോലെതന്നെ മുനിസിപ്പൽ വ്യവസ്ഥിതികളിലും കൂടുതൽ മാറ്റങ്ങൾ ഉണ്ടാകണമെന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം. അധികാരം വികേന്ദ്രീകരിച്ചില്ലെങ്കിൽ നമ്മുടെ ഫെഡറൽ വ്യവസ്ഥ തന്നെ ഇല്ലാതാക്കുന്ന രീതിയിലാണ് ഇൻഡ്യയുടെ രാഷ്ട്രീയ രംഗത്തും വിശേഷിച്ചും നമ്മുടെ സാമൂഹ്യരംഗത്തും ഉണ്ടായിക്കൊണ്ടിരിക്കുന്ന വ്യവസ്ഥകൾ. നമ്മുടെ നാട്ടിൽ ഏറ്റവും പിന്നോക്കം നിൽക്കുന്നവരെ സഹായിക്കുന്നതിനു വേണ്ടിയിട്ടുള്ള പോരാട്ടങ്ങളാണ് നമുക്ക് ആവശ്യമായിട്ടുള്ളത്. നമ്മുടെ പഞ്ചായത്തീരാജ് ഉൾപ്പെടെ 1999-ൽ കേരളത്തിൽ ഉണ്ടാക്കിയിട്ടുള്ള മാറ്റങ്ങൾ നമുക്കറിയാം. 1994-ൽ ഉണ്ടാക്കിയിട്ടുള്ള പഞ്ചായത്ത് രാജ് നിയമം ഒട്ടനവധി മാറ്റങ്ങൾക്ക് വിധേയമാകേണ്ടതായിട്ടുണ്ട്.

മഹാത്മാഗാന്ധി തൊഴിലുറപ്പു പദ്ധതി യഥാർത്ഥത്തിൽ ഇൻഡ്യയെ സംബന്ധിച്ചിടത്തോളം ഏറ്റവും അടുത്തിടെ ഉണ്ടാക്കിയിട്ടുള്ള നമ്മുടെ നാട്ടിലെ വളരെ പ്രധാനപ്പെട്ട ഒരു നിയമമാണ്. ഇതിനനുസൃതമായി ഒട്ടനവധി മാറ്റങ്ങൾ നമ്മുടെ സംസ്ഥാന തലങ്ങളിലും പഞ്ചായത്തു തലങ്ങളിലും ഉണ്ടാകണമെന്നുള്ളതാണ്. കേന്ദ്ര നിയമപ്രകാരം തൊഴിൽ രഹിതരായിട്ടുള്ളവർക്ക് തൊഴിൽ കൊടുത്തിട്ടില്ലെങ്കിൽ തൊഴിൽരഹിത വേതനം കൊടുക്കുന്നതിനുള്ള സംവിധാനം നമ്മുടെ കേന്ദ്ര നിയമത്തിലുണ്ട്. ആ നിയമത്തിനനുസൃതമായി ഈ സംസ്ഥാനത്തിലും പഞ്ചായത്തിലും അതിനുവേണ്ടിയുള്ള മാറ്റങ്ങളുണ്ടാകണം അതുപോലെ തൊഴിലുറപ്പു പദ്ധതിയിൽപ്പെടുത്തി തരിശുഭൂമി കൃഷിയോഗ്യമാക്കുന്നതിനുവേണ്ടിയുള്ള നിയമ നടപടിയുണ്ടാകണം.

നമ്മുടെ നാട്ടിലെ മാലിന്യ പ്രശ്നം യഥാർത്ഥത്തിൽ ഒരു വലിയ വിപത്തായി മാറിയിരിക്കയാണ്. കൊച്ചിയിലെ പ്രശ്നങ്ങൾ നമുക്കറിയാം

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെതന്നെ കേരളത്തിലെ പല പ്രദേശങ്ങളിലുമുണ്ടാകുന്ന ഗുരുതരമായിട്ടുള്ള മാലിന്യ പ്രശ്നങ്ങളെ സംബന്ധിച്ച് വളരെ ഗൗരവത്തോടെ മന്ത്രിടയക്കമുള്ള ആളുകൾ ചിന്തിക്കണം. എന്റെ നിയോജകമണ്ഡലത്തിൽ വടകരയിൽ പുതിയ ട്രെഞ്ചിംഗ് റോഡ് ഉണ്ട്. അവിടെ ആളുകൾക്ക് ജീവിക്കാൻ കഴിയാത്ത ഒരു സാഹചര്യമാണ് കാണുന്നത്. ഈ കാര്യത്തെ സംബന്ധിച്ച് വളരെ ഗൗരവത്തോടുകൂടി നോക്കിക്കാണണമെന്ന് ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കുകയാണ്. കേരളത്തെ സംബന്ധിച്ച് 492 ഗ്രാമപഞ്ചായത്തുകളിൽ ശ്മശാനമില്ല. അധികാര വികേന്ദ്രീകരണത്തിനു വേണ്ടിയുള്ള പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ ഈ സംസ്ഥാനത്ത് കൂടുതൽ വ്യാപിപ്പിക്കണമെന്ന് ഞാൻ സൂചിപ്പിക്കുന്നു.

നമ്മുടെ സംസ്ഥാനത്തുള്ള ഏറ്റവും വലിയ ഒരു പദ്ധതിയായ കുടുംബശ്രീ പദ്ധതിയും കുടിവെള്ള പദ്ധതിയും മുഴുവൻ ആളുകളും ഒറ്റക്കെട്ടായി നിന്നുകൊണ്ട് ശക്തിപ്പെടുത്തേണ്ടതായിട്ടുണ്ട്. പ്ലാച്ചിമടയിലുണ്ടായിട്ടുള്ള പെരുമാട്ടി പഞ്ചായത്തിൽ എന്റെ പാർട്ടിയുടെ നേതൃത്വത്തിൽ ഉണ്ടാക്കിയിട്ടുള്ള വളരെ പുരോഗമനപരമായ നടപടി ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. ആ രീതിയിൽ ഏറ്റവും ശക്തവും പുരോഗമനപരമായിട്ടുള്ള നേതൃത്വം നൽകുന്നതിന് തീർച്ചയായും കേരളത്തിലെ പഞ്ചായത്തു സംവിധാനം വളരെ ഫലപ്രദമാണ്. ആ രീതിയിലുള്ള നടപടിയുണ്ടാകണമെന്ന് ഞാൻ വിനയപുരസ്സരം അഭ്യർത്ഥിക്കുകയാണ്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. ഇവിടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച് വലിയ നിലയ്ക്കുള്ള വിമർശനങ്ങളാണ് യു.ഡി.എഫ്-ന്റെ ഭാഗത്തുനിന്ന് ഉന്നയിക്കപ്പെട്ടത്. എന്നാൽ അവർ ഭരിച്ചിരുന്ന കാലത്ത് കേരളത്തിൽ ഉണ്ടായിരുന്ന പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ നില സംബന്ധിച്ച് പത്രവാർത്തകൾ കണ്ടുകഴിഞ്ഞാൽ എത്രമാത്രം വ്യത്യസ്തമാണ് ഇന്നത്തെ കാലം എന്ന് നമുക്ക് കാണാൻ കഴിയും. ഇവരുടെ കാലത്ത് വന്നിട്ടുള്ള പത്രവാർത്തകളാണ്, "അധികാരവികേന്ദ്രീകരണ ശിൽപ്പശാല കോൺഗ്രസ് മേളയാക്കുന്നു," ഈ നിലയ്ക്കുള്ള ഒരു ആക്ഷേപവും ഈ കാലത്ത് ഉയർന്നുവന്നതായി അവർക്കാർക്കും തന്നെ പറയാൻ കഴിയില്ല. "വികസനം അട്ടിമറിച്ചതിൽ യു.ഡി.എഫ് നേതാക്കൾ കൂട്ടുപ്രതികൾ". ഇതൊക്കെ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തുള്ള വാർത്തയാണ്. ദേശാഭിമാനിയുടേതല്ല, മറ്റ് പത്രങ്ങളിലെ വാർത്തയാണ്. "തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭവന പദ്ധതികൾ ലക്ഷ്യം കണ്ടില്ല" , സി.ആന്റ്.എ.ജി.-യുടെ റിപ്പോർട്ടാണ്. തദ്ദേശവ്യവസായത്തിനെന്ന പേരിൽ വൻ പലിശക്ക് വാങ്ങിയ കോടികൾ ദുരുപയോഗം ചെയ്തതിന് അക്കൗണ്ടന്റ് ജനറൽ വിശദീകരണം ചോദിച്ചു. ഇവരുടെ ഗവൺമെന്റിന്റെ കാലത്തെ തദ്ദേശ സ്ഥാപനങ്ങളുടെ നിലയാണ്. സഹരംമാറ്റ സ്റ്റേ ഉത്തരവുകളിലൂടെ ശ്രീ. പെർക്കളം അണ്ടുള്ള ഒന്നര കോടി രൂപയുടെ അഴിമതി നടത്തി. ഈ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞ നാല് കൊല്ലക്കാലമായി കേരളത്തിലെ ഒരൊറ്റ മന്ത്രിക്കെതിരായി, ഒരു പൈസ കൈക്കൂലി വാങ്ങിച്ചു അല്ലെങ്കിൽ അഴിമതി നടത്തിയെന്ന്, ഈ ചർച്ചകളെല്ലാം നടക്കുമ്പോഴും യു.ഡി.എഫ്-കാർക്ക് ഉന്നയിക്കാൻ കഴിയുന്നുണ്ടോ ? "ശ്രീ. ചെർക്കളം അബ്ദുള്ളയുടെ ബിനാമി മന്ദിരം വിവാദമുയർത്തുന്നു". മന്ത്രിയായ കാലത്തുള്ള വാർത്തയാണ്. "അനധികൃത കെട്ടിട നിർമ്മാണം വീണ്ടും, ഒത്താശയ്ക്ക് മന്ത്രി". ചീഫ് ടൗൺ പ്ലാനർ തസ്തിക വിറ്റു. അതും നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത്; വന്നിരിക്കുന്ന പത്ര വാർത്തയാണ്. "കോടികളുടെ ഇടപാടിന് കളമൊരുക്കുന്നു". ഉച്ചക്കഞ്ഞിക്കുള്ള തുകയും അനാഥാലയങ്ങളുടെ ഗ്രാന്റും സർക്കാർ പിടിച്ചെടുത്തു. "പ്രഖ്യാപനങ്ങൾ ജലരേഖയായി, പാഴായത് കോടികൾ". ഇതെല്ലാം യു.ഡി.എഫ്-ന്റെ അഞ്ച് കൊല്ലക്കാലം, ശ്രീ. ഉമ്മൻചാണ്ടി മുഖ്യമന്ത്രിയായിരുന്ന കാലത്ത് കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച് വന്നിട്ടുള്ള വാർത്തകളാണ്. ഞാൻ ചോദിക്കട്ടെ, ഈ പിന്നിട്ടുപോയ നാല് കൊല്ലക്കാലം, ഇതുപോലെയുള്ള ഒരൊറ്റ വാർത്ത കേരളത്തിലെ ഏതെങ്കിലും മന്ത്രിയെ സംബന്ധിച്ചോ അല്ലെങ്കിൽ തദ്ദേശ സ്ഥാപനങ്ങളെ സംബന്ധിച്ചോ വന്നിട്ടുണ്ടോ ? എന്നിട്ടാണ് നിങ്ങൾ ഈ ഗവൺമെന്റിനെ സംബന്ധിച്ച് ആക്ഷേപങ്ങൾ ഉന്നയിച്ചുകൊണ്ടിരിക്കുന്നത്. ഇവിടെ കേന്ദ്രാവിഷ്കൃത പദ്ധതികൾ ശ്രദ്ധിക്കുന്നില്ലെന്നുള്ള ആക്ഷേപമാണല്ലോ നിങ്ങൾ ഉന്നയിക്കുന്നത്. എസ്.ജി.എസ്.വൈ-ൽ 2604 സ്വയം സഹായ സംഘങ്ങളാണ് കഴിഞ്ഞ കൊല്ലം ആരംഭിച്ചത്.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ, ഈ സഭയിൽ അംഗമല്ലാത്ത ഒരാളെക്കുറിച്ച് അങ്ങ് ഈ രീതിയിൽ പരാമർശിച്ചത് ശരിയായില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : ആരും ശ്രദ്ധിക്കാതെപോയ ഒരു വിഷയമാണ്.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : ശ്രീ. ചെർക്കളം അബ്ദുള്ള മന്ത്രിയായിരുന്ന കാലഘട്ടത്തിൽ അദ്ദേഹം ഇവിടെ ട്രാൻസ്ഫറുകൾക്കും മറ്റും അഴിമതി നടത്തി, അതിന് ബിനാമികളുണ്ടായിരുന്നു എന്നുള്ള രീതിയിലാണ് ഇവിടെ സംസാരിച്ചത്. ഒരു ഗവൺമെന്റാണ്, ഇപ്പോൾ വർഷങ്ങളേറെയായല്ലോ, വേണമെങ്കിൽ ഒന്നുകിൽ അത് രേഖയിൽ നിന്ന് തിരുത്തണം, അല്ലെങ്കിൽ സർക്കാർ അതിനെക്കുറിച്ച് നാല് വർഷത്തിനിടയിൽ എന്ത് അന്വേഷണമാണ് നടത്തിയത്, നിങ്ങൾക്ക് എന്ത് വിവരമാണ് ലഭ്യമായതെന്ന് നിങ്ങൾ പറയണം. ഇത് രണ്ടുമില്ലാതെ ഒരാൾക്കെതിരെ ഇങ്ങനെ അനന്തമായ ഒരു പ്രസംഗത്തിലൂടെ ഉത്തരവാദിത്വമുള്ള ഒരു സഭയിൽ ആരോപണം ഉന്നയിച്ചത് ശരിയല്ല. അത് സഭാരേഖകളിൽ നിന്ന് നീക്കം ചെയ്യണം.

മി. ഡെപ്യൂട്ടി സ്പീക്കർ : പരിശോധിക്കാം.*

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : ബഹുമാനപ്പെട്ട മന്ത്രിക്കെതിരെ നാല് പത്രങ്ങളിൽ വന്നിരിക്കുന്ന വാർത്തയാണ്. ....(ബഹളം)............

* ഫയൽ നമ്പർ 3517/ഇ.ബി./2010 ലെജി. 3-9-2010 ഉത്തരവുപ്രകാരം നിലനിറുത്തുന്നു.

ദി. ഡെപ്യൂട്ടി സ്പീക്കർ : നോക്കാം.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : ബഹുമാനപ്പെട്ട ചെർക്കളത്തിന്റെ നേതൃത്വത്തിൽ കോടികളുടെ അഴിമതി നടത്തിയതുമായി ബന്ധപ്പെട്ടുവന്ന പത്രവാർത്തകളാണ്. ചെർക്കളം തന്നെയാണ് ഉത്തരവാദി. ചെർക്കളം അഴിമതി നടത്തിയെന്ന കാര്യം എല്ലാവർക്കും അറിയുന്നതാണ്.

ഇവിടെ ഐ.എ.ഇ പദ്ധതി പ്രകാരം കഴിഞ്ഞ കൊല്ലം 38,758 വീടുകളാണ് നിർമ്മിച്ചത്. പി.എം.ജി.എസ്.വൈ. പദ്ധതിയിൽ 263 കിലോമീറ്റർ റോഡ് ഈ ഗവൺമെന്റിന്റെ കാലത്ത് നിർമ്മിച്ചിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത്, പി.എം.ജി.എസ്.വൈ.-ൽ 282 കോടി രൂപ നഷ്ടപ്പെടുത്തിയ ഗവൺമെന്റാണ് യു.ഡി.എഫ്. ഗവൺമെന്റ്. ഈ ഗവൺമെന്റ് വന്നിട്ടാണ് ആ 282.85 കോടി രൂപ ചെലവഴിച്ചത്. കേന്ദ്രം ഇഷ്ടംപോലെ ഫണ്ട് തരുന്നു എന്നാണല്ലോ പറഞ്ഞുകൊണ്ടിരിക്കുന്നത്. ഇപ്പോൾ പി.എം.ജി.എസ്.വൈ.-ലുള്ള 25 കോടി രൂപയുടെ ബിൽ കൊടുക്കാൻ കഴിയാത്തത് കേന്ദ്ര ഗവൺമെന്റ് അതിന് പണം അനുവദിക്കാത്തതുകൊണ്ടാണ്. എന്നിട്ടാണ് ഇവർ കേന്ദ്ര ഗവൺമെന്റാണ് കാര്യങ്ങളെല്ലാം ചെയ്യുന്നത് എന്ന നിലയ്ക്ക് പ്രചരണം നടത്തിക്കൊണ്ടിരിക്കുന്നത്. ഈ ഗവൺമെന്റ് വന്നതിനു ശേഷം നടന്നിരിക്കുന്ന ഒരുപാട് നേട്ടങ്ങളെ സംബന്ധിച്ച് എന്റെ സഹപ്രവർത്തകൻമാർ സംസാരിച്ചു എന്നുള്ളതുകൊണ്ട് മറ്റ് കാര്യങ്ങളിലേക്ക് ഞാൻ കടന്നുപോകുന്നില്ല. ഞാൻ ഏതാണ്ട് എട്ട് കൊല്ലക്കാലം പഞ്ചായത്ത് പ്രസിഡന്റായിരുന്നു. അഞ്ച് കൊല്ലക്കാലം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റായിരുന്നു. ആ കാലത്തുള്ള പഞ്ചായത്തുകളും ഇപ്പോഴത്തെ പഞ്ചായത്തുകളും തമ്മിലുള്ള വ്യത്യാസം നല്ലതുപോലെ പഞ്ചായത്ത് ഭരണവുമായി ബന്ധമുള്ളവർക്കറിയാം. ഞാൻ പഞ്ചായത്ത് പ്രസിഡന്റായിരുന്ന കാലത്ത് എന്റെ പഞ്ചായത്തിന് ഒരു കൊല്ലം കിട്ടിക്കൊണ്ടിരുന്നത് ഒരു ലക്ഷം രൂപ, രണ്ട് ലക്ഷം രൂപയാണ്. ഇപ്പോൾ ആ പഞ്ചായത്തുകൾക്ക് കിട്ടുന്നത് ഒന്നര കോടി രൂപയാണ്. അതുണ്ടായത് ജനകീയാസൂത്രണത്തിന്റെ ഫലമായിട്ടാണ്. എൽ.ഡി.എഫ്. ഗവൺമെന്റ് ഒൻപതാം പദ്ധതിയുടെ ഭാഗമായി ജനകീയാസൂത്രണ പദ്ധതി കൊണ്ടുവന്നപ്പോൾ ആ പദ്ധതിയുടെ പേര് ഇഷ്ടപ്പെടാതെ കേരള വികസന പദ്ധതിയെന്ന് മാറ്റിയ ഗവൺമെന്റാണ് യു.ഡി.എഫ്. ഗവൺമെന്റ്. യഥാർത്ഥത്തിൽ കേരള വികസനത്തിന് നാം കടപ്പെട്ടിട്ടുള്ളത് ഒൻപതാം പദ്ധതിയുടെ ഭാഗമായി എൽ.ഡി.എഫ്.-ന്റെ ഗവൺമെന്റ് കൊണ്ടുവന്ന ജനകീയ പദ്ധതിയെന്ന നിലയ്ക്ക് നടപ്പിലാക്കിയിട്ടുള്ള ജനകീയാസൂത്രണ പദ്ധതിയോടാണ്. സഹകരണ മേഖലയിലെ ഫണ്ട് നമ്മുടെ തദ്ദേശ ഭരണസ്ഥാപനങ്ങളുടെ കീഴിലുള്ള വിവിധ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കണമെന്നുള്ളത് ഒരുപാട് കാലമായി നാം ഉന്നയിക്കുന്ന കാര്യമാണ്.

കേരളത്തിന്റെ ചരിത്രത്തിലാദ്യമായി ഇ.എം.എസ്. ഭവന പദ്ധതിക്ക് 1,805 കോടി രൂപയാണ് സഹകരണ ബാങ്ക് വായ്പ നൽകുന്നത്. ഇൻഡ്യാ രാജ്യത്ത് എവിടെയെങ്കിലും, ബാങ്കുകളുടെ ഫണ്ട് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് വിനിയോഗിക്കാൻ പറ്റാവുന്ന എന്തെങ്കിലും നടപടി കോൺഗ്രസ് ഭരിക്കുന്ന

1212/13

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഏതെങ്കിലും സംസ്ഥാനത്ത് ഉണ്ടാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കണം. ചരിത്രത്തിലാദ്യമായി ഇത്തരമൊരു പദ്ധതി ഉണ്ടാക്കിയിരിക്കുന്നത് കേരളാ ഗവൺമെന്റാണ്. ഇ.എം.എസ്. പദ്ധതിയെ അധിക്ഷേപിക്കുന്നവർ കഴിഞ്ഞ മൂന്ന് കൊല്ലക്കാലം കൊണ്ട് കേരളത്തിൽ മൂന്ന് ലക്ഷം വീടുകൾ ഇ.എം.എസ്. ഭവന പദ്ധതിയിൽ പൂർത്തീകരിച്ചു എന്നുള്ള യാഥാർത്ഥ്യം കൂടി മനസ്സിലാക്കിയിരിക്കണം. കോൺഗ്രസ് ഭരിക്കുന്ന ഏതെങ്കിലുമൊരു സംസ്ഥാനത്ത് മൂന്ന് കൊല്ലംകൊണ്ട് മൂന്ന് ലക്ഷം പേർക്ക് വീട് കൊടുത്തുവെന്ന് അഭിമാനിക്കാൻ കോൺഗ്രസ് ബന്ധുകൾക്ക് കഴിയുമോ ? തങ്ങൾക്ക് സാധിക്കാത്ത കാര്യങ്ങൾ നടപ്പിലാക്കുമ്പോഴെങ്കിലും അതിനെ അഭിനന്ദിക്കാൻ, കോൺഗ്രസ്സുകാർക്ക് സാധിക്കണമെന്ന് മാത്രമേ ഞാൻ പറയുന്നുള്ളൂ. ദേശീയ തൊഴിലുറപ്പ് പദ്ധതിയെ സംബന്ധിച്ച് ഒരുപാട് കാര്യങ്ങൾ ഇവിടെ അംഗങ്ങൾ സംസാരിച്ചിട്ടുണ്ട്. ഞാൻ വിശദമാക്കുന്നില്ല.

ഈ കഴിഞ്ഞ കൊല്ലം 9.52 ലക്ഷം കുടുംബങ്ങൾക്ക് തൊഴിലും 3,37,00,000 തൊഴിൽ ദിനങ്ങളും ലഭ്യമാക്കി. കഴിഞ്ഞ കൊല്ലത്തെ പദ്ധതി ചെലവ് 110 ശതമാനം വർദ്ധിച്ചു. 471.71 കോടി രൂപ കഴിഞ്ഞ കൊല്ലം ചെലവാക്കാൻ കഴിഞ്ഞു. മാത്രമല്ല, ഈ പദ്ധതിയിൽ 50 ദിവസത്തിലേറെ ജോലിയെടുക്കുന്ന ആളുകൾക്ക് രണ്ട് രൂപയ്ക്ക് അരി കൊടുക്കുമെന്ന് ഈ ഗവൺമെന്റ് പ്രഖ്യാപിച്ചിരിക്കുന്നു. എല്ലായിടത്തും തൊഴിലുറപ്പ് പദ്ധതി ഉണ്ട്. എന്നാൽ ഇൻഡ്യയിലെ മറ്റേതെങ്കിലും സംസ്ഥാനത്ത് ഈ പദ്ധതിയിൽ പണിയെടുക്കുന്ന ആളുകൾക്ക് ചെറിയ വിലയ്ക്ക് അരി കൊടുക്കുന്ന സമ്പ്രദായം ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ ഒന്നുരണ്ട് പ്രത്യേക പ്രശ്നങ്ങൾ പെടുത്തുകയാണ്. കണ്ണൂർ ജില്ലയിലെ കണ്ണൂർ കന്റോൺമെന്റ് നേരിട്ടുകൊണ്ടിരിക്കുന്ന ഗൗരവമായ പ്രശ്നങ്ങൾ പലവട്ടം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. ആറ് വർഷക്കാലമായി ആ കന്റോൺമെന്റിന് ഒരു പൈസ പോലും ഗവൺമെന്റ് ഗ്രാന്റ് ലഭിക്കുന്നില്ല. ആറ് കൊല്ലം മുൻപ് വരെ ഗ്രാന്റ് കൊടുത്തിരുന്നു. കഴിഞ്ഞ ആറ് കൊല്ലക്കാലം ആ ഗ്രാന്റ് വാങ്ങിയത് യു.ഡി.എഫ്. ഭരിക്കുന്ന കണ്ണൂർ മുനിസിപ്പാലിറ്റിയാണ്. കണ്ണൂർ മുനിസിപ്പാലിറ്റി ഒരൊറ്റ ഫണ്ട് കണ്ണൂർ കന്റോൺമെന്റിന് കൊടുക്കുന്നില്ല. അതിന്റെ ഫലമായി അവിടത്തെ റോഡുകളാകെ കുളമായി മാറി, ഓടകളാകെ മലിനജലം നിറഞ്ഞ് ദുർഗന്ധ പൂരിതമായി. പതിറ്റാണ്ടുകൾക്ക് മുൻപ് നിർമ്മിച്ച പൊതു കക്കൂസുകളെല്ലാം പൊട്ടിയൊലിക്കുകയാണ്. ഇപ്രാവശ്യമെങ്കിലും കണ്ണൂർ കന്റോൺമെന്റിന് ഫണ്ട് കൊടുക്കാനാവശ്യമായ ഏർപ്പാടുണ്ടാക്കണം. കേരളത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയുള്ള ഏക കന്റോൺമെന്റ് കണ്ണൂർ കന്റോൺമെന്റാണ്. ഡൽഹി പോലെയുള്ള സംസ്ഥാനങ്ങളിൽ ഇത്തരം കന്റോൺമെന്റുകളെ തദ്ദേശഭരണസ്ഥാപനങ്ങളായി അംഗീകരിച്ചിട്ടുണ്ട്. അതുകൊണ്ട് കണ്ണൂർ കന്റോൺമെന്റിനെ ഒരു തദ്ദേശസ്വയംഭരണ സ്ഥാപനമായി അംഗീകരിക്കാനും എല്ലാ നിലയ്ക്കുള്ള ഗവൺമന്റ് ഗ്രാന്റുകളും സഹായങ്ങളും കൊടുക്കാനും നടപടിയുണ്ടാകണമെന്നുമാണ് അക്കാര്യം സംബന്ധിച്ച് എനിക്ക് സൂചിപ്പിക്കാനുള്ളത്.

അതുപോലെ ഇന്നുരാവിലെ മാൻഗ്രൂവിന്റെ തീം പാർക്കുമായി ബന്ധപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉൾപ്പെടെ സംസാരിച്ചു. എനിക്ക് സംസാരിക്കാൻ വേണ്ടി സമയം ചോദിച്ചു. ബഹുമാനപ്പെട്ട സ്പീക്കർ അനുവദിക്കാത്തതുകൊണ്ട് പറയാൻ കഴിഞ്ഞില്ല. വനം വകുപ്പും മുഖ്യമന്ത്രിയുടെ വകുപ്പും തമ്മിൽ എന്തോ അഭിപ്രായവ്യത്യാസമുണ്ടെന്ന് സ്ഥാപിക്കാനാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ശ്രമിച്ചത്. വനം വകുപ്പ് അതുസംബന്ധിച്ച് എഴുതിയിട്ടുള്ള ഒരു കത്തിന്റെ കോപ്പി എന്റെ കയ്യിലുണ്ട്. വേണമെങ്കിൽ അത് മേശപ്പുറത്ത് വയ്ക്കാം. അതിലുള്ള രണ്ട് വാചകം മാത്രം ഞാൻ വായിക്കാം. നിലവിലുള്ള കണ്ടലുകളൊന്നും എവിടെയും വെട്ടിമാറ്റിയിട്ടില്ല. കണ്ടലുകൾ ഉള്ളത് അതേപടി നിലനിർത്തിയാണ് ട്രക്ക് പാത്തും ഷെഡ്ഡുകളും റൂട്ടുകളും പണിയുന്നത്. പ്രസ്തുത സ്ഥലത്തേക്ക് എത്തുന്ന പഴയ റോഡ് മണ്ണിട്ട് ഉയർത്തിയിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് കണ്ടൽ നശീകരണം മേൽ പ്രവൃത്തിയുടെ ഭാഗമായി നടന്നിട്ടില്ല. ഇത് വനം വകുപ്പിന്റെ കത്താണ്. ഇവിടെ വനം വകുപ്പും മുഖ്യമന്ത്രിയുടെ വകുപ്പും തമ്മിൽ എന്തോ അഭിപ്രായവ്യത്യാസമുണ്ടെന്ന് സ്ഥാപിക്കാൻ വേണ്ടിയാണല്ലോ ശ്രമിച്ചിട്ടുള്ളത്.

ശ്രീ. കെ. സി. ജോസഫ്: അങ്ങ് വായിച്ച റിപ്പോർട്ട് ആരുടെ റിപ്പോർട്ടാണ് ?

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: ഞാൻ മേശപ്പുറത്ത് വയ്ക്കാം. നിങ്ങൾ പരിശോധിച്ചോളൂ. ആ സ്ഥലത്ത് റോഡിന്റെ രണ്ടുഭാഗത്തും കണ്ടൽക്കാടുണ്ട്. പടിഞ്ഞാറ് ഭാഗത്താണ് ഈ പാർക്ക്, ഞാൻ നേരത്തെ പറഞ്ഞതുപോലെ അതിന്റെ കിഴക്ക് ഭാഗത്ത് ഒരു ഇക്കോ ടൂറിസം പ്രോജക്ട് നടപ്പിലാക്കാൻ കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്. 54 ലക്ഷം രൂപ അതിനു വേണ്ടി അനുവദിച്ചിട്ടുണ്ട്. ആ തുക പഞ്ചായത്തുകൾക്ക് കിട്ടിയിട്ടുണ്ട്. അവിടെ പാർക്കിനായി മാറ്റിയിരിക്കുന്ന എട്ട് ഏക്കർ സ്ഥലം ഈ സൊസൈറ്റി മൂവായിരം രൂപയ്ക്ക് വാങ്ങിയതാണ്. നിങ്ങൾക്ക് കാണാൻ കഴിയും. ആ പ്രദേശത്തുകൂടി പോകുന്നവർക്ക് മൂക്കുപൊത്തി പോകാനേ കഴിയൂ. കോഴി യുടെ അവശിഷ്ടങ്ങളും മറ്റ് അവശിഷ്ടങ്ങളും ഡമ്പ് ചെയ്യുന്ന സ്ഥലമാണ്. ആ സ്ഥലം എങ്ങനെ മെച്ചപ്പെടുത്താമെന്ന് ആലോചിച്ചപ്പോഴാണ്, കണ്ടൽ സംരക്ഷിക്കാനാവശ്യമായ നിലയ്ക്കുള്ള ഒരു സംവിധാനം വേണമെന്ന് ഈ സൊസൈറ്റി തീരുമാനിക്കുന്നത്. എനിക്ക് ഉറപ്പിച്ച് ഒരു കാര്യം പറയാൻ കഴിയും, ഒരൊറ്റ കണ്ടൽച്ചെടിപോലും ഈ പാർക്കിന്റെ ഭാഗമായി അവിടെ വെട്ടിനശിപ്പിച്ചിട്ടില്ലെന്ന് മാത്രമല്ല ഈ സൊസൈറ്റിയുടെ കയ്യിലേക്ക് വന്നതിനുശേഷം അവിടെ ഏതാണ്ട് എണ്ണായിരത്തോളം പുതിയ കണ്ടൽച്ചെടികൾ വച്ചുപിടിപ്പിച്ചിട്ടുമുണ്ട്. ഞാൻ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനെ അങ്ങോട്ട് ക്ഷണിക്കുകയാണ്, അദ്ദേഹം അവിടെ വന്നാൽ അക്കാര്യങ്ങൾ കാണാൻ കഴിയുന്നതാണ്. ഒരു കാര്യം കൂടി ഞാൻ പറയാം, അവിടെ ഒരു നിലയ്ക്കുള്ള കൺസ്ട്രക്ഷനുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി) : ശ്രീ. എം. പ്രകാശൻ മാസ്റ്റർ എല്ലാം ന്യായമായിട്ടാണ് ചെയ്തതെന്ന് പറയുമ്പോൾ, മുഖ്യമന്ത്രിയുടെ വകുപ്പിൽ നിന്നും ഒരു അഫിഡവിറ്റ് അവിടെ കൊടുത്തിട്ടുണ്ട്. അതിന്റെ കോപ്പി വേണമെങ്കിൽ ഞാൻ മേശപ്പുറത്തു വയ്ക്കാം. ഇത് എല്ലാവർക്കും അറിയാവുന്നതാണ്. അങ്ങ് പറഞ്ഞല്ലോ, റോഡ് അൽപ്പം മണ്ണിട്ട് പൊക്കിയതേയുള്ളു എന്ന്. മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്ന് കൊടുത്ത അഫിഡവിറ്റിൽ പറഞ്ഞിരിക്കുകയാണ്, Road constructed on the area will amount to violation of provisions of CRZ notification, 1991...... റോഡ് ഉൾപ്പെടെ അവിടെ നടന്നിട്ടുള്ള എല്ലാ കാര്യങ്ങളും നിയമവിരുദ്ധമാണെന്നാണ് മുഖ്യമന്ത്രിയുടെ വകുപ്പിൽ നിന്ന് കൊടുത്തിരിക്കുന്ന അഫിഡവിറ്റ്.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : സർ, നൈന ഇൻഡസ്ട്രീസ് എന്നു പറയുന്ന ഈ പാർക്കിന്റെ കിഴക്കുഭാഗത്തുള്ള ഒരു സ്ഥാപനത്തിലേക്ക് 33 കൊല്ലത്തിനു മുമ്പ് വെട്ടിയ റോഡാണ് അവിടെയുള്ളത്. അവിടെ

1.00 PM] ഒരൊറ്റ പുതിയ റോഡ് ഉണ്ടാക്കിയില്ല. ഞാൻ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് അടക്കമുള്ളവരും എം.പി.യും എം.എൽ.എ.യുമെല്ലാം ചേർന്ന് ഒരു കേന്ദ്ര സംഘത്തെ കൊണ്ടുവന്നു. ആ കേന്ദ്ര സംഘത്തെ മറൈൻ ഡ്രൈവിലേക്ക് കൊണ്ടുവരുമോ ; കോവളം ബീച്ചിലേക്ക് കൊണ്ടുവരുമോ ? വർക്കല ബീച്ചിലേക്ക് കൊണ്ടുവരാൻ കഴിയുമോ ? കൊണ്ടു വന്നാൽ എല്ലാ സ്ഥലത്തെക്കുറിച്ചും ഇതേ അഭിപ്രായമാണ് പറയാൻ പോകുന്നത്. അവിടെ ഒരു നിലയ്ക്കുള്ള കൺസ്ട്രക്ഷനും ഉണ്ടായിട്ടില്ല എന്നുള്ള കാര്യം ഞാൻ ഉറപ്പിച്ചു പറയുകയാണ്. നേരത്തേ ഉണ്ടാക്കിയിട്ടുള്ള നൈനാൻ ഇൻഡസ്ട്രിയിലേക്ക് പോകുന്ന ഒരു പാലം, പുതുക്കിപ്പണിതിട്ടുണ്ട്. അത് പഞ്ചായത്തിന്റെ പെർമിഷനോടുകൂടിയാണ്. അതുപോലെ അവിടെയുണ്ടായിരുന്ന രണ്ട് ബോട്ട്ജെട്ടികൾ ഉപയോഗപ്രദമാക്കിയിട്ടുണ്ട്. അതും പഞ്ചായത്ത് അനുമതിയോടെയാണ്. അതല്ലാതെ അന്യായമായ നിലയ്ക്ക് ഒരു കൺസ്ട്രക്ഷനും കണ്ടൽ പാർക്കുമായി ബന്ധപ്പെട്ട് അവിടെ നടത്തിയിട്ടില്ല എന്ന് ആ മണ്ഡലത്തിന്റെ പ്രതിനിധി എന്നുള്ള നിലയ്ക്ക് ആധികാരികമായി ഇവിടെ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. കെ. സി. ജോസഫ് : വളരെ വാചാലമായി ന്യായീകരിക്കുമ്പോഴും, രാവിലെ ചർച്ച ഉണ്ടായപ്പോഴും അങ്ങ് ഒഴികെ കണ്ണൂർ ജില്ലയിലെ ഒരു സി.പി.ഐ.(എം) മെമ്പറും അങ്ങേയ്ക്കുവേണ്ടി ശബ്ദിക്കുവാൻ ഉണ്ടായിരുന്നില്ല. എല്ലാവരും സൈലന്റ് ആയിരുന്നു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : സി.പി.ഐ.(എം).-ന്റെ നിലപാടിനെ സംബന്ധിച്ച് നിങ്ങൾക്ക് സംശയം ഉണ്ടാകേണ്ട കാര്യമില്ല. ....(ബഹളം)....... സി.പി.ഐ.(എം). നിങ്ങളുടെ പാർട്ടിപോലെയുള്ള ഒരു പാർട്ടിയല്ല. പോപ്പുലർ ഫ്രണ്ട്-നെ സംബന്ധിച്ച് പറയുമ്പോൾ........ (ബഹളം).... പോപ്പുലർ ഫ്രണ്ടിനെക്കുറിച്ച് പറയുമ്പോൾ ശ്രീ. ആര്യാടൻ മുഹമ്മദ്, പോപ്പുലർ ഫ്രണ്ടിന്റെ പേര് പറയുമ്പോൾ ....(ബഹളം)...... ഞാൻ പറയാം ശ്രീ. കെ. സി. ജോസഫ്, നിങ്ങളുടെ പാർട്ടിയെപ്പോലെയുള്ള ഒരു പാർട്ടിയല്ല

LIBRARY ARCHIVES Kerala Legislative Assembly

ഞങ്ങളുടെ പാർട്ടി. ഞങ്ങളുടെ പാർട്ടിക്കകത്ത് എല്ലാവർക്കും ഒരേ അഭിപ്രായമാണ്. ഇവിടെ പോപ്പുലർ ഫ്രണ്ട് കുറ്റക്കാരാണെന്ന് നിങ്ങളുടെ ബെഞ്ചിൽ ആര് പറയും ? ശ്രീ. ആര്യാടൻ മുഹമ്മദ് പറയും. കേരളത്തിലെ കോൺഗ്രസ് എം.എൽ.എ.മാരിൽ ആരെങ്കിലും പറയുമോ ? ഇപ്പോൾ പോപ്പുലർ ഫ്രണ്ടുമായി ബന്ധപ്പെട്ട് റെയ്ഡ് നടക്കുന്നു, ആയുധം പിടിക്കുന്നു, ബോംബ് പിടിക്കുന്നു, പോപ്പുലർ ഫ്രണ്ട് കുറ്റക്കാരാണെന്ന് പറയാൻ ധൈര്യമുള്ള ഒരു എം.എൽ.എ. എങ്കിലും ഈ നിയമസഭയിലുണ്ടോ എന്ന് ഞാൻ വെല്ലുവിളിക്കുന്നു. ശ്രീ. ആര്യാടൻ മുഹമ്മദ് ഒഴിച്ച് കേരളത്തിനകത്ത് പോപ്പുലർ ഫ്രണ്ട് അപകടകാരിയാണെന്ന് പറയാൻ ശ്രീ. ഉമ്മൻചാണ്ടി അടക്കമുള്ള ഒരു ഒറ്റ എം.എൽ.എ.മാർക്കും നാക്ക് പൊങ്ങുകയില്ല എന്നുള്ള കാര്യത്തിൽ എനിക്ക് ഉറപ്പുണ്ട്.

ശ്രീ. ഉമ്മൻചാണ്ടി : ശ്രീ. പ്രകാശൻ മാസ്റ്റർ, അങ്ങനെയൊന്നും പറയേണ്ട. നിങ്ങൾ തെരഞ്ഞെടുപ്പിനുവേണ്ടി ഏത് തീവ്രവാദത്തേയും അംഗീകരിക്കുകയും അവരുടെകൂടെ സ്റ്റേജ് പങ്കിടുകയും ചെയ്തതുപോലെയല്ല കോൺഗ്രസ്. കോൺഗ്രസ് വളരെ വ്യക്തമായിട്ടാണ് പറയുന്നത്. അക്രമം കാട്ടുന്നത് ആരുതന്നെ ആയിരുന്നാലും, അവരുടെ ലക്ഷ്യം .....(ബഹളം)...... എത്ര.....(ബഹളം)...... എത്ര......... (ബഹളം)....... അക്രമം കാട്ടുന്നവർ എത്ര നല്ല ലക്ഷ്യം പറഞ്ഞാലും അതിനെ ഒരു വിധത്തിലും ഞങ്ങൾ ന്യായീകരിക്കുകയില്ല. ഞങ്ങൾ 'കൈവെട്ടും തലവെട്ടും' ഒരുപോലെ എതിർക്കും. പോപ്പുലർ ഫ്രണ്ട് ഇവിടെ കാട്ടിയിട്ടുള്ള തെറ്റായ കാര്യങ്ങൾക്കെതിരെ ഗവൺമെന്റ് എടുക്കുന്ന നടപടികൾക്ക് ഞങ്ങളുടെ പൂർണ്ണ പിന്തുണയുണ്ടാകുമെന്നു പറഞ്ഞു. അത് കേട്ടില്ലേ ? .....(ബഹളം)........ അത് കേട്ടില്ലേ? ഞങ്ങൾക്ക് അതിനൊന്നും ഒരു മടിയുമില്ല. പ്രതിപക്ഷത്തിരിക്കുന്ന ഞങ്ങൾ പറയുകയാണ് പോപ്പുലർ ഫ്രണ്ടിനെതിരെ ഗവൺമെന്റ് എടുക്കുന്ന എന്ത് നടപടികൾക്കും എന്തിനും ഞങ്ങൾ പിന്തുണ കൊടുക്കുമെന്ന് പറഞ്ഞു. അത് കേട്ടില്ലേ ?

ശ്രീ. പി. ജയരാജൻ : സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പോപ്പുലർ ഫ്രണ്ട് നടത്തുന്ന തീവ്രവാദ പ്രവർത്തനത്തെപ്പറ്റി ഇവിടെ പറഞ്ഞു. പേര് പറഞ്ഞു. പോപ്പുലർ ഫ്രണ്ടിന്റെ വോട്ടു വേണ്ട എന്ന് ശ്രീ. ആര്യാടൻ പറഞ്ഞ ധിക്കാരം ഞാൻ പറയുകയില്ല എന്ന് അദ്ദേഹം പരസ്യമായി പറഞ്ഞത് ബഹുമാനപ്പെട്ട പ്രകാശൻ മാസ്റ്റർ ഓർക്കുന്നുണ്ടോ ?

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : എന്നു മാത്രമല്ല, കൈവെട്ടിയ സംഭവം ഇപ്പോൾ നടത്തിയിരിക്കുന്നത് പോപ്പുലർ ഫ്രണ്ടാണെന്നുള്ളത് വളരെ വ്യക്തമാണല്ലോ ? ഇന്നുവരെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് അത് ചെയ്തത് പോപ്പുലർ ഫ്രണ്ടാണെന്ന് പറഞ്ഞിട്ടില്ല. നിങ്ങൾ പറയാനും പോകുന്നില്ല. യഥാർത്ഥത്തിൽ ഞാൻ ചോദിക്കട്ടെ, എസ്.ഡി.പി.ഐ.യുടേയോ എൻ.ഡി.എഫിന്റേയോ വോട്ട് വാങ്ങാതെ വന്ന ഏതെങ്കിലും കോൺഗ്രസ് എം.എൽ.എ. ഇവിടെ ഇരിക്കുന്നുണ്ടോ ? ഒരു എം. എൽ.എ.യും ഇല്ല. എല്ലാവരും വാങ്ങിയിരിക്കുന്നത് എൻ.ഡി.എഫിന്റെയും അതുപോലെ പോപ്പുലർ ഫ്രണ്ടിന്റേയും വോട്ടുതന്നെയാണ്. അതുകൊണ്ടുതന്നെ നിങ്ങൾക്ക് ഒരു കാരണവശാലും അവർക്കെതിരായി സംസാരിക്കുവാൻ കഴിയുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ : അങ്ങ് അവസാനിപ്പിക്കണം.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : ഞാൻ അവസാനിപ്പിക്കാം. കോൺഗ്രസ് ഇപ്പോൾ അവരുടെ ഐക്യത്തെക്കുറിച്ചാണ് പറയുന്നത്. കോൺഗ്രസ്സിനകത്ത് ഐക്യത്തിന്റെ കലങ്ങിമറിയൽ നടക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : അങ്ങ് അവസാനിപ്പിക്കണം. ... പ്ലീസ്........

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : സംഘടനാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഒരാളെ ചവിട്ടിക്കൊന്ന സംഭവം ഈ കേരളത്തിൽ എപ്പോഴാണ് ഉണ്ടായിട്ടുള്ളത് ? കോൺഗ്രസ് പാർട്ടിക്കകത്ത് കോൺഗ്രസ് ഐ-ക്കാർ ജനാധിപത്യം നടപ്പിലാക്കിയതിന്റെ മനോഹരമായ ചിത്രം പരസ്യമായി നമ്മൾ പത്രങ്ങളിൽ കണ്ടു. ഇവിടെ ഈ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടു കൊണ്ടുള്ള രണ്ട് കാര്യങ്ങൾ പറഞ്ഞ് അവസാനിപ്പിക്കാം. ഇവിടെ ശ്രീ. പി. സി. ചാക്കോ പറഞ്ഞു, ശ്രീ. രമേശ് ചെന്നിത്തലയെ ഒരു ഡസൻ നേതാക്കൾ പോലും പിന്തുണയ്ക്കുന്നില്ല, സംഘടനാ തെരഞ്ഞെടുപ്പ് പ്രഹസനം, പങ്കാളിയായതിൽ ലജ്ജിക്കുന്നു - കരുണാകരൻ, കോൺഗ്രസ് ജില്ലാ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് പാലക്കാട് മുനിസിഫ് കോടതി സ്റ്റേ ചെയ്തു.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. പ്രകാശൻ മാസ്റ്റർ അങ്ങേക്ക് അനുവദിച്ച സമയം കഴിഞ്ഞു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : ഞാൻ അവസാനിപ്പിക്കാം. കേന്ദ്രത്തിൽ പരസ്യ പ്രസ്താവന ഒഴിവാക്കണം. അച്ചടക്ക ലംഘനത്തെ എന്ത് വില കൊടുത്തും ചെറുക്കും, ആരാണ് പറഞ്ഞത് ?

മി. ഡെപ്യൂട്ടി സ്പീക്കർ : അങ്ങ് അവസാനിപ്പിക്കണം........

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : ഒരു കാര്യംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. .... (ബഹളം)...........

മി. ഡെപ്യൂട്ടി സ്പീക്കർ : ... അങ്ങ് അവസാനിപ്പിക്കണം. എനിക്കറിയാം. അങ്ങയെ പ്രോത്സാഹിപ്പിക്കുകയാണെന്ന്, അതങ്ങ് നീട്ടാൻവേണ്ടി.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : യു.ഡി.എഫിനെ സംബന്ധിച്ച് അവർ ആക്ഷേപം ഉന്നയിക്കുന്നത്, യു.ഡി.എഫ് നകത്തെ പടല പിണക്കങ്ങൾ മറച്ചുവയ്ക്കുന്നതിനു വേണ്ടിയാണ്. അതുപോലെ കോൺഗ്രസ്സിനകത്തുള്ള ഈ തമ്മിൽത്തല്ല് അത് മറച്ചുപിടിക്കുവാൻ വേണ്ടിയാണ്. ഒരു കാര്യം ഞാൻ ഉറപ്പിച്ചു പറയാം,

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. ഡൊമിനിക് പ്രസന്റേഷൻ .... അത് നിറുത്തുകയില്ല, മാഷാണ്. .... അങ്ങേക്ക് തുടങ്ങാം.....

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : .... തീർച്ചയായും. ...... (ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ : ..... നോ.....നോ....... ദുഃസൂചനയല്ല ഉദ്ദേശിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

മാഷോട് ഫ്രണ്ട്‌ലിയായി പറഞ്ഞതാണ്...... ഇത് ദുഃസൂചനയല്ല. പ്രകാശൻ മാസ്റ്ററിനെ അടുത്തറിയാം എന്നുള്ളതുകൊണ്ട് പറഞ്ഞതാണ്.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : ഒറ്റ വാക്ക്, അവസാനിപ്പിക്കാം. ഞാൻ പറയുന്നത്, ഇതുകൊണ്ടൊന്നും ജനങ്ങളിൽനിന്നും നിങ്ങൾ രക്ഷപ്പെടാൻ പോകുന്നില്ല. വരാൻ പോകുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പ് ചരിത്രത്തിലെ ഏറ്റവും വലിയ തിരിച്ചടിയായി യു.ഡി. എഫ്-നെ സംബന്ധിച്ച് അനുഭവപ്പെടും. അതിന്റെ കേളികൊട്ട് ഈ നാട്ടിലാകെ മുഴങ്ങുകയാണെന്നുള്ള യാഥാർത്ഥ്യം നിങ്ങളുടെ മുമ്പാകെ ഓർമ്മിപ്പിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്തുണക്കുകയാണ്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. നഗരവികസനം എന്ന ധനാഭ്യർത്ഥനയെ എങ്ങനെ അനുകൂലിക്കുവാൻ കഴിയും. കേരളം ഇന്ന് എക്സ്റ്റന്റഡ് സിറ്റിയായി മാറിക്കൊണ്ടിരിക്കുകയാണ്. പഞ്ചായത്തോ സിറ്റിയോ ഏതെന്നറിയാൻ കഴിയില്ല. അങ്ങനെയുള്ള നമ്മുടെ സംസ്ഥാനത്ത് ഏറ്റവും ഫലപ്രദമായി പ്രവർത്തി ക്കേണ്ട ഈ വകുപ്പ് കുത്തഴിഞ്ഞ വകുപ്പായി മാറിയിരിക്കുകയാണ്. നമ്മുടെ ലോക്കൽ ബോഡീസിലേക്ക് നാലാമത്തെ ഇലക്ഷൻ നടക്കുവാൻ പോകുക യാണ്. ഇപ്പോഴും വോട്ടർ പട്ടികയിൽ തിരുത്ത് നടന്നുകൊണ്ടിരിക്കുകയാണ്. ആ സമയത്ത് എന്തിനാണ് ഈ നഗരസഭയിലേയും പഞ്ചായത്തിലേയും ഉദ്യോഗസ്ഥരെ ഇങ്ങോട്ട് വിളിക്കുന്നത്? എന്തിനാണ് സർ നമ്മുടെ ഇലക്ഷൻ കമ്മീഷന്റെ ഓഫീസ് മാറ്റണമെന്ന് പറയുന്നത് ? അപ്പോൾ അതൊക്കെ ഒരു ദുഃസൂചനയല്ലേ ? ആശങ്ക ഉളവാക്കുന്നില്ലേ ? അങ്ങ് അതിന് മറുപടി പറ യുമെന്നാണ് എന്റെ പ്രതീക്ഷ. ഇവിടെ ഈ കഴിഞ്ഞ പതിനഞ്ചു വർഷത്തെ റിവ്യൂ നടന്നുകൊണ്ടിരിക്കുകയാണ്. നമ്മുടെ പല പഞ്ചായത്ത് പ്രസിഡന്റു മാരും കോർപ്പറേഷൻ മേയർമാരും ഉൾപ്പെടെ വിജിലൻസ് കേസ്സിൽ പ്രതി യായി മാറാൻ പോകുകയല്ലേ സർ ? കൊല്ലം നഗരസഭയിലെ മേയറേയും അനുകൂലമായ തീരുമാനമെടുത്ത കൗൺസിലർമാരുടെയും കയ്യിൽനിന്നും മിസ് അപ്രോപ്രിയേഷന് പണം തിരിച്ചുപിടിക്കുവാൻ തീരുമാനമെടുത്തിരിക്കുകയാണ്. ആ നിലയ്ക്ക് അല്ലേ നമ്മുടെ പല നഗരസഭകളിലേയും പഞ്ചായത്തിലേയും അംഗങ്ങൾവരെ എത്തിയിരിക്കുന്നത്. എന്തുകൊണ്ട് ഇങ്ങനെ സംഭവിച്ചു ? ഇതിനെ നയിക്കേണ്ട അങ്ങയുടെ വകുപ്പ് വർക്ക് ചെയ്യുന്നില്ല. അത് ഒരു പ്രത്യേക ഗതിയിൽ മുന്നോട്ടുപോകുന്നു.

2009 മാർച്ചിലാണ് കൊച്ചി നഗരത്തിനുവേണ്ടിയുള്ള മാസ്റ്റർ പ്ലാൻ ഇവിടേയ്ക്ക് അയച്ചത്. ഇപ്പോൾ ഒരു വർഷം കഴിഞ്ഞു. ഇതുവരെ തീരു മാനമെടുത്തിട്ടില്ല കാരണമെന്താണ്? അതുകൊണ്ട് കൊച്ചി നഗരത്തിൽ ഒരു പ്ലാനിംഗും നിയന്ത്രണവുമില്ലാതെ കെട്ടിടങ്ങൾ വരുന്നു. നാലു മീറ്റർ വീതി യുള്ള റോഡിൽ അഞ്ചു നില കെട്ടിടം വന്നാൽ കഷ്ടകാലത്തിന് തീപിടുത്തം ഉണ്ടായാൽ ഒരു ഫയർ എഞ്ചിന് പോകുവാൻ കഴിയുകയില്ല. മാസ്റ്റർ പ്ളാൻ അംഗീകരിക്കാതെ നീട്ടിക്കൊണ്ടു പോകുകയാണ്. കൊച്ചി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

യുടെ കാര്യത്തിൽ മാത്രമല്ല, സംസ്ഥാനത്തൊട്ടാകെ വികസന ഏജൻസികൾ ഉണ്ട്, എന്താണ് നിങ്ങളുടെ നയം ? ട്രിഡ തിരുവനന്തപുരത്തുണ്ട്. കൊച്ചിയിൽ ജി.സി.ഡി.എ. ഉണ്ട്. കോഴിക്കോട്ട് ഉണ്ട്. എല്ലായിടത്തും ഉണ്ട്. ഈ നഗരാസൂത്രണ ഏജൻസികളെ നിങ്ങൾ ഞെക്കിക്കൊല്ലുകയല്ലേ ? 98 കോടി രൂപ ബാങ്കിലിട്ടിരിക്കുന്ന സ്ഥാപനമാണ് ജി.സി.ഡി.എ. വൈറ്റില ട്രാൻസ്പോർട്ട് ഹബ്ബിന് നിങ്ങളൊക്കെ വന്ന് കല്ലിട്ടല്ലോ ? അതിനുപകരം സ്ഥലം കൊടുത്തത് ജി.സി.ഡി.എ. ആണ്. അതുപോലെതന്നെ കൊച്ചി നഗരസഭക്ക് പ്ലാന്റ് കൊടുത്തത്, ശ്രീ. ദിനേശ്മണിക്ക് അറിയാം. സ്വീവേജ് പ്ലാന്റ് പണിയാൻ സ്ഥലം കൊടുത്തത് ജി.സി.ഡി.എ. ആണ്. ആ ജി.സി.ഡി.എ.-യെ നിങ്ങൾ ഇങ്ങനെ ഞെക്കിക്കൊല്ലണോ ? നമ്മുടെ നഗരസഭകൾക്ക് ചെയ്യാൻ കഴിയാത്ത കാര്യമാണ് നഗരസഭാ ഏജൻസി ചെയ്യുന്നത്. ഡൽഹിയിൽ ഡൽഹി ഡെവലപ്മെന്റ് അതോറിട്ടിയുണ്ട്. ചെന്നൈയിൽ എം.എം.ഡി.എ. ഉണ്ട്. ഹൈദ്രാബാദിലുണ്ട്. ബാംഗ്ലൂരുണ്ട്. ബോംബെയിൽ നവീൻ ബോംബെ ഏജൻസിയുണ്ട്. നഗരസഭക്ക് ചെയ്യാൻ കഴിയാത്ത കാര്യങ്ങൾ ചെയ്യാനാണ് നമ്മുടെ നഗര വികസന ഏജൻസികൾ. എറണാകുളത്ത് കൊച്ചിയുടെ മുഖച്ഛായ മാറ്റിയത് ജി.സി.ഡി.എ. അല്ലേ ? മറൈൻ ഡ്രൈവ് പദ്ധതി, അന്താരാഷ്ട്ര സ്റ്റേഡിയം, പാർപ്പിട സമുച്ചയങ്ങൾ. അതുപോലെ ശ്രീ. ബാലചന്ദ്രൻ ഉണ്ടായിരുന്നപ്പോൾ ഞാനും ശ്രീ. ബാബുവുമൊക്കെ സഹകരിച്ചാണ് രണ്ട് റോഡ് അവിടെ ഉണ്ടായത്. അതുകൊണ്ട് വികസന ഏജൻസികളോടുള്ള ഈ സർക്കാരിന്റെ വിരുദ്ധ നയം മാറ്റണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. അതുപോലെ കൊച്ചി മെട്രോയെപ്പറ്റി പറഞ്ഞു. കൊച്ചി മെട്രോ ശ്രീ. ഉമ്മൻചാണ്ടി മുഖ്യമന്ത്രിയായിരുന്നപ്പോൾ വന്ന ആശയമാണ്. അന്ന് പ്രൈവറ്റ് പബ്ലിക് പാർട്ടിസിപ്പേഷൻ ആയിരുന്നു. എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് പ്രഖ്യാപിച്ചതാണ്. 1,800 കോടി രൂപയായിരുന്നു അതിന്റെ അന്നത്തെ എസ്റ്റിമേറ്റ്. ആ ഗവൺമെന്റ് മാറി നിങ്ങളുടെ ഗവൺമെന്റ് വന്നപ്പോൾ ആരാണ് ഇതിന് തുരങ്കം വച്ചത്? നിങ്ങളുടെ പ്ലാനിംഗ് ബോർഡ് ഉപാദ്ധ്യക്ഷൻ അല്ലേ ഫയൽ എഴുതിയത്? This is not economically feasible. അതല്ലേ ഇതിന്റെ യാഥാർത്ഥ്യം ? രണ്ട് കൊല്ലം അടയിരുന്നതാണ്. ഇലക്ഷൻ അടുക്കുന്തോറും അതൊരു പൊളിറ്റിക്കൽ ഇഷ്യൂ ആക്കുകയാണ്. ഇക്കാര്യത്തിൽ കേന്ദ്രത്തിന്റെ നയം വളരെ വ്യക്തമല്ലേ ? ഡൽഹി നാഷണൽ ക്യാപ്പിറ്റലിൽ മാത്രമേ കേന്ദ്ര ഗവൺമെന്റിന് പാർട്ടിസിപ്പേഷനുള്ളൂ. ബാക്കി കൽക്കട്ടയിൽ ജ്യോതിബാസുവിന്റെ കാലത്ത് പണി ആരംഭിച്ച മെട്രോയുണ്ട്. അത് സ്റ്റേറ്റിന്റേതാണ്. കേന്ദ്രത്തിന്റെ കുറച്ച് സഹായം കിട്ടും. കേന്ദ്രത്തിന്റെ നയം അതാണ്. കൊച്ചി അടക്കമുള്ള നഗരങ്ങൾക്ക് പ്രയോജനപ്പെടുന്ന വയബിലിറ്റി ഗ്യാപ് എന്നുപറയുന്ന ഒരു സ്കീമുണ്ട്. നാം മുടക്കുന്ന എസ്റ്റിമേറ്റിന്റെ ഇരുപത് ശതമാനം അവിടെനിന്ന് കിട്ടും. എന്തുകൊണ്ട് അത് നിങ്ങൾ ഏറ്റെടുക്കുന്നില്ല ? അതിനു പകരം അവസാനം വരെ കൊണ്ടുവന്ന് രാഷ്ട്രീയമായി കേന്ദ്രം അവഗണിക്കുന്നു എന്ന രീതിയിലേക്ക് പോകുന്നത് ശരിയല്ല എന്ന് പറയുകയാണ്. അതുകൊണ്ട് കൊച്ചി മെട്രോ അടിയന്തരമായി അവിടെ

വരണമെന്നുണ്ടെങ്കിൽ ആ നഗരത്തിൽ ചെയ്യേണ്ട രണ്ട് കാര്യങ്ങൾ ഉണ്ട്. ഒന്ന്, അലൈൻമെന്റ് രണ്ടാമത്, റോഡിന്റെ വീതി കൂട്ടണം. നാല് ആർ.ഒ.ബി.-കൾ വരണം. ഡൽഹി മെട്രോയുടെ തലവൻ ശ്രീ. ശ്രീധരൻ തന്നെ സർക്കാരിന് അയച്ച കത്തുണ്ട്. അദ്ദേഹം പറഞ്ഞത് മെട്രോയുടെ പണി ആരംഭിക്കുന്നതിനു മുൻപ് അവിടെ ഗവൺമെന്റ് ചില കാര്യങ്ങൾ ചെയ്യണം. അതിനുവേണ്ടി ഗവൺമെന്റ് എന്തെങ്കിലും ചെയ്തിട്ടുണ്ടോ ? ധനകാര്യ മന്ത്രി മീറ്റിംഗ് വിളിച്ചപ്പോൾ ഞാനും പങ്കെടുത്തതാണ്. അദ്ദേഹം പറഞ്ഞത് ആരെങ്കിലും റോഡ് പണിതാൽ അവരെ സഹായിക്കാമെന്നാണ്. ഒന്നുകിൽ ബി.ഒ.ടി. യിൽ പണിയേണ്ടേ? സ്വകാര്യ വ്യക്തികൾ റോഡും പാലവും ഉണ്ടാക്കിയാൽ അവർക്ക് ആര് പണം കൊടുക്കും ? അവ്യക്തമായ നിലപാടെടുത്തുകൊണ്ട് പോയാൽ കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട നഗരമായ കൊച്ചി നഗരത്തിലെ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയില്ല.

അതുപോലെ അവിടുത്തെ ഗാർബേജിന്റെ കാര്യം. കേന്ദ്ര ഗവൺമെന്റിന്റെ 60 ശതമാനം ഹെൽപ്പോടുകൂടിയാണ് ബ്രഹ്മപുരത്ത് പ്ലാന്റ് പണിതത്. ഞാൻ വളരെ ആധികാരികമായി പറയുന്നു അവിടത്തെ പ്ലാന്റ് വർക്ക് ചെയ്യുന്നില്ല. ഇപ്പോൾ അവിടെ കൊണ്ടുപോകുന്ന ചവർ മുഴുവൻ കുഴിച്ചുമൂടുന്നു. ആരാണ് ഉത്തരവാദി ? അതിന്റെ നിർമ്മാണ തകരാറിനെക്കുറിച്ച് അങ്ങ് ഒരന്വേഷണം ഏർപ്പെടുത്തണം. കൊച്ചി നഗരത്തിൽ ചവർ എടുക്കുന്ന സംവിധാനമുണ്ട്. 28 കൊല്ലമായി നിങ്ങൾ ഭരിക്കുന്ന സ്ഥലമാണ് കൊച്ചി നഗരം. ഞങ്ങൾക്ക് അതിൽ പങ്കൊന്നുമില്ല. ചവറടിക്കുന്നതിന്റെ പേരിൽ ലക്ഷക്കണക്കിന് രൂപ എഴുതിയെടുക്കുകയാണ്. വലിയ അഴിമതിയാണ് നടക്കുന്നത്. കളക്കുറടക്കം അത് പ്രയോജനപ്പെടുത്തുകയല്ലേ ? അന്നദ്ദേഹം ചവറടിച്ചപ്പോൾ ഈ പറയുന്നതിന്റെ പകുതി ചവറേയുള്ളൂ. അതിന് അർത്ഥം എന്താ ? എഴുതി എടുത്തുകൊണ്ടിരിക്കുകയാണ്. ആ ലോബിയുമായി നിങ്ങളുടെ ആളുകൾ കൂട്ടുനിന്നു എന്നുള്ളതാണ്. ഇപ്പോൾ ബ്രഹ്മപുരത്തെ പ്ലാന്റ് പോലും വർക്ക് ചെയ്യുന്നില്ല. കൊച്ചി നഗരത്തിൽ കണ്ണായ ഭൂമിയൊക്കെ ട്രസ്റ്റുണ്ടാക്കി മാറ്റുകയാണ്. അൻപത്-അറുപത് ലക്ഷം രൂപ വിലപിടിപ്പുള്ള ഭൂമി കൊച്ചി നഗരസഭ പ്രമേയം പാസാക്കി പ്രാദേശിക നേതാക്കളുടെ പേരിൽ ട്രസ്റ്റുണ്ടാക്കി മാറ്റാൻ തീരുമാനിച്ചു. ഗവൺമെന്റ് നടപടിയെടുത്തില്ല. അങ്ങ് ഇടപെട്ടില്ല. അങ്ങ് അതിന് കൂട്ടുനിന്നു. കോർപ്പറേഷന്റെ പ്രതിപക്ഷ നേതാവ് ഹൈക്കോടതിയിൽ പോയാണ് അത് തടഞ്ഞത്. ഇപ്പോഴും വേറൊന്ന് നിൽക്കുന്നു. ടി. കെ. രാമകൃഷ്ണനോട് എനിക്ക് വലിയ ആദരവാണ്. തൃപ്പൂണിത്തുറയിൽ അദ്ദേഹത്തിന് ഒരു സ്മാരകമുണ്ട്. വീണ്ടും എന്തിനാണ് മറൈൻ ഡ്രൈവിലെ കണ്ണായ സ്ഥലത്ത് പതിനഞ്ച് സെന്റ് ഭൂമി, ടി. കെ. രാമകൃഷ്ണന്റെ സ്മാരക ട്രസ്റ്റിനുവേണ്ടി കൊടുക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ആ സ്ഥലത്തിന്റെ വില എത്ര കോടി രൂപയാണ്? ബോട്ട്ജെട്ടിക്കുവേണ്ടിയുള്ള ഭൂമിയാണ്. പാർക്കിനടുത്തുള്ള ഭൂമിയാണ്. വിലമതിക്കാനാകാത്ത ഭൂമിസ്വകാര്യ ട്രസ്റ്റിനുവേണ്ടി കൊടുക്കുന്ന സംവിധാനം ശരിയല്ല. ആരൊക്കെയാണ് ട്രസ്റ്റിമാർ ? സാനു മാഷ്

LIBRARY ARCHIVES Kerala Legislative Assembly

ചെയർമാൻ. അദ്ദേഹം എൽ.ഡി.എഫ്. എം.എൽ.എ. ആയി വന്നിട്ടുള്ള ആളാണ്. എനിക്ക് ബഹുമാനമുള്ള ആളാണ്. അദ്ദേഹത്തെ ചെയർമാനാക്കി ബാക്കി പാർട്ടിക്കാരെ മുഴുവൻ ഉൾപ്പെടുത്തി ട്രസ്റ്റുണ്ടാക്കി കോടികൾ വിലപിടിപ്പുള്ള കണ്ണായ ഈ മറൈൻഡ്രൈവിലെ ഭൂമി ഇതിലേക്ക് കൊടുക്കുന്നത് ശരിയല്ല. ഗവൺമെന്റ് പിൻമാറണം. ഇല്ലെങ്കിൽ ഞങ്ങൾക്ക് വീണ്ടും കോടതിയിൽ പോകേണ്ടി വരുമെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. അതുപോലെ കൊച്ചി നഗരത്തിൽ അനധികൃത കയ്യേറ്റങ്ങൾക്ക് സാധൂകരിക്കുന്നതിനുവേണ്ടി പുതിയ അമെന്റുമെന്റ് വരികയാണ്. അത് അംഗീകരിക്കാൻ കഴിയുമോ ? അവിടെ കായൽ കയ്യേറ്റം വ്യാപകമാകുന്നു. നിയന്ത്രിക്കേണ്ടത് നഗരസഭയാണ്. ഇത് നിയന്ത്രിക്കാൻ അങ്ങ് ഇടപെടുന്നുണ്ടോ ? ഈയിടെ പത്രത്തിൽ വായിച്ചു. അങ്ങ് നൂറ് മഹല്ലുകളുടെ ഖാസി ആകാൻ പോകുന്നു എന്ന്. അങ്ങ് ഈശ്വര വിശ്വാസിയായത് എനിക്ക് സന്തോഷം. ഞാനും ഒരു ഈശ്വര വിശ്വാസിയാണ്. അങ്ങ് യഥാർത്ഥത്തിൽ സ്വയം ആലോചിക്കണ്ടേ. നഗര വികസന മന്ത്രിയാണെങ്കിൽ അങ്ങ് ഇടപെടേണ്ടെ ? അഴിമതിക്ക് എതിരായി ശബ്ദിക്കേണ്ടേ? കൊച്ചി നഗരത്തിലും കേരളത്തിലെ പല നഗരങ്ങളിലും ഇന്ന് വലിയ അഴിമതിയിലേക്ക് പോയിക്കൊണ്ടിരിക്കുകയാണ്. അതിന്റെയൊക്കെ പേര് പറയുന്നത് ജനകീയാസൂത്രണം. 1995-ൽ ശ്രീ. എ. കെ. ആന്റണിയുടെ ഗവൺമെന്റ് കൊടുത്തതിനപ്പുറം ഏതെങ്കിലും അധികാരം നിങ്ങൾ താഴേയ്ക്ക് കൊടുത്തിട്ടുണ്ടോ ? കൊടുത്ത അധികാരം തിരിച്ചെടുത്തിട്ടല്ലേ ഉള്ളൂ. നഗരസഭകൾക്കും പഞ്ചായത്തുകൾക്കും ഒക്കെ ലൈസൻസിംഗ് അതോറിറ്റി ഉണ്ടായിരുന്നു. അത് തിരിച്ചെടുത്തതല്ലാതെ വേറെ എന്താണ് നിങ്ങൾ കൊടുത്തത് ? ആ കാലഘട്ടത്തിൽ കൊടുത്തതിനുശേഷം വേറൊന്നും കൊടുത്തിട്ടില്ല. അതുവച്ചാണ് ഇപ്പോഴും മുന്നോട്ടുപോകുന്നത്.

ഇലക്ഷൻ നടക്കാൻ പോകുന്ന ഈ സമയത്ത് വോട്ടർ പട്ടികയിലെ അപാകതകൾ മാറ്റി നീതിപൂർവ്വമായ തരത്തിൽ കുറ്റമറ്റ വോട്ടർ പട്ടിക ഉണ്ടാക്കി ഇലക്ഷൻ നടത്താൻ അങ്ങ് തയ്യാറാകുമെന്ന് ഈ സഭയ്ക്ക് ഒരു ഉറപ്പ് നൽകുമോ ? തയ്യാറാകുമെങ്കിൽ യാതൊരു സംശയവുമില്ല ഫലം ഞങ്ങൾക്ക് അനുകൂലമാകും. 2000-ലെ ഇലക്ഷന് ഞങ്ങൾ ജയിച്ചു. നിങ്ങൾ പറയുന്നത്, 'ഞങ്ങൾ ആടും കോഴിയും താറാവും കൊടുത്തു, പെൻഷനും കൂട്ടി' എന്നൊക്കെയാണ്. അതുകൊണ്ട് ജനം വോട്ട് ചെയ്യണമെന്നുണ്ടോ ? കഴിഞ്ഞ ബൈ ഇലക്ഷന് നിങ്ങളുടെ 16 മന്ത്രിമാർ എറണാകുളത്ത് വന്ന് കൊടുക്കാത്ത ഓഫർ വല്ലതും ഉണ്ടായിരുന്നോ ? എന്നിട്ട് എന്തായി ? അതുകൊണ്ട് ഒരിക്കലും ജയിക്കാൻ കഴിയില്ല. ചൈനീസിൽ ഒരു പ്രോവെർബുണ്ട്, 'If somebody asks for a fish, give him a hook'. മൽസ്യം ചോദിച്ചാൽ ചൂണ്ട കൊടുക്കണമെന്നാണ് . മൽസ്യം കൊടുത്താൽ അത് കഴിച്ചുപോകും. പിന്നെ അതുകൊണ്ട് അവസാനിച്ചു. ചൂണ്ട കൊടുത്താൽ അതുകൊണ്ട് ഒരു ജീവിത മാർഗ്ഗം കണ്ടെത്തും എന്നാണ്. അതുകൊണ്ട് നിങ്ങൾ കൊടുക്കുന്ന ആനുകൂല്യങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങളെ രക്ഷിക്കില്ല മറിച്ച് ഈ ജനവിരുദ്ധ ഗവൺമെന്റിനെതിരായി ജനങ്ങൾ വിധിയെഴുതും. അത് ഞങ്ങൾക്ക് അനുകൂലമാകുമെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ ധാനഭ്യർത്ഥനകളെ എതിർക്കുന്നു.

ശ്രീ. യു. സി. രാമൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ദയനീയ പരാജയം മുന്നിൽ കണ്ടു സി.പി.ഐ.(എം) എല്ലാ മര്യാദകളേയും മാനദണ്ഡങ്ങളേയും ലംഘിച്ചുകൊണ്ടാണ് തെരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ ഇപ്പോൾ നടത്തിക്കൊണ്ടുപോകുന്നത്. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടുകൊണ്ട് വാർഡ് വിഭജനം ആരംഭിക്കുകയും വോട്ടേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ സി.പി.ഐ(എം)-ന്റെ ഉദ്യോഗസ്ഥൻമാരെ മാത്രം വിന്യസിപ്പിച്ചുകൊണ്ട് മറ്റാളുകളെ ഒക്കെ മാറ്റിനിർത്തുന്ന കാഴ്ചയാണ് ഞങ്ങൾ ഇവിടെ കണ്ടത്. ജനാധിപത്യ മാർഗ്ഗത്തിൽ ഉറച്ചുനിന്ന് നിഷ്പക്ഷ നിലപാട് സ്വീകരിച്ച എല്ലാ ആളുകളേയും സ്ഥലം മാറ്റിയെന്നു മാത്രമല്ല നിങ്ങൾ അവരെ കൈകാര്യം ചെയ്യുകയും ചെയ്തു. എന്റെ നിയോജകമണ്ഡലത്തിലെ പെരുമണ്ണയിൽ, വളരെ നീതിപൂർവ്വം തെരഞ്ഞെടുപ്പ് പ്രവർത്തനം നടത്തിയ പെരുമണ്ണ പഞ്ചായത്ത് സെക്രട്ടറിയുടെ വീട്ടിൽ നട്ടപ്പാതിരക്ക് പോയി സെക്രട്ടറിയുടെ ഭർത്താവിനെ ക്രൂരമായി തല്ലി. വേളത്ത് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരെ ക്രൂരമായി മർദ്ദിച്ചു. ജനാധിപത്യത്തിന്റെ ശ്രീകോവിൽ എന്ന് വിളിക്കുന്ന കേരളത്തിലാണ് സി.പി.ഐ(എം)-ന്റെ മാൻ പവറും മസിൽ പവറും കാണിച്ച് ജനാധിപത്യ സംവിധാനത്തെ തകർക്കുന്നു എന്നാണ് ഞാൻ സൂചിപ്പിക്കുന്നത്. പുള്ളിപ്പുലിയുടെ പുള്ളി മായാത്തതുപോലെ സി.പി.ഐ.(എം)-ന്റെ ജാധിപത്യ വിരുദ്ധനയം ഒരിക്കലും മാറില്ല. ഇടയ്ക്കിടക്ക് പുറത്ത് വരികയാണ്. ഇതാണ് കണ്ടുകൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി നാല് വർഷമായി അദ്ദേഹം നടത്തിയ ഏക പ്രവർത്തനം തെരഞ്ഞെടുപ്പിന് അപാകത ഉണ്ടാക്കുന്നതിനുവേണ്ടി എന്തൊക്കെ ചെയ്യാൻ പറ്റുമോ അതൊക്കെ ചെയ്തു. ഭരണത്തിന്റെ നാല് വർഷം പൂർത്തിയാകുമ്പോൾ ജനം എല്ലാം വെറുക്കും. നാലാൾ പോലും നല്ലതു പറയാൻ നാട്ടിൽ ഉണ്ടാകില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രിക്കറിയാം. അതുകൊണ്ടാണ് ഈ രൂപത്തിലുള്ള വൃത്തികേടുകളൊക്കെ ചെയ്ത് പഞ്ചായത്ത് ഭരണം പിടിച്ചെടുക്കുന്നതിനുവേണ്ടിയുള്ള ശ്രമവുമായി മുന്നോട്ട് പോകാൻ തീരുമാനിച്ചത്. ഇതെല്ലാം വൃഥാ പ്രവർത്തനമായി മാറാൻ പോകുകയാണ് എന്നാണ് സൂചിപ്പിക്കാനുള്ളത്. വാർഡ് വിഭജനം നടത്തി എല്ലാ പഞ്ചായത്തിലും ഓരോ വാർഡ് കൂട്ടിയതും എന്തിനാണെന്ന് ഇപ്പോഴാണ് മനസ്സിലായത്. അവിഹിതമായ ഇടപെടൽ നടത്താൻ വേണ്ടിയാണ്. 2001-ലെ സെൻസസ് അനുസരിച്ചല്ലേ 2005-ലെ വാർഡ് വിഭജനവും വോട്ടേഴ്സ് ലിസ്റ്റും തയ്യാറാക്കിയത്. പിന്നീട് സെൻസസ് പൂർത്തിയായിട്ടുണ്ടോ ? ഇല്ല. ഇല്ലാതെ നിങ്ങൾ നടത്തിയ ഇടപെടൽ ജനാധിപത്യത്തെ കശാപ്പ് ചെയ്യാനാണ്, കൊല ചെയ്യാനാണെന്ന് ബോധ്യമായിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രി നേരത്തെ ഇക്കാര്യം സൂചിപ്പിച്ചു. ബഹുമാനപ്പെട്ട വി. ഡി. സതീശൻ അടിയന്തര പ്രമേയം കൊണ്ടുവന്നപ്പോൾ മന്ത്രി പറഞ്ഞു, ഇതെല്ലാം തെരഞ്ഞെടുപ്പ് കമ്മീഷന്റെ നടപടിയാണ്, ഗവൺമെന്റിന് യാതൊരു ബാധ്യതയുമില്ലെന്ന്. നേരെ മറിച്ച്, തെരഞ്ഞെടുപ്പ് കമ്മീഷന്റെ മാനദണ്ഡമല്ല, എ.കെ.ജി. സെന്ററിലെ നിർദ്ദേശമനുസരിച്ചാണ് സി.പി.ഐ. (എം) നേതാക്കൻമാരുടെ നേതൃത്വത്തിലാണ് ഇതെല്ലാം പൂർത്തിയാക്കിയത്. എന്റെ മണ്ഡലത്തിലെ പെരുവൽ പഞ്ചായത്തിൽ സി.പി.ഐ.(എം)-ന്റെ പഞ്ചായത്ത് പ്രസിഡന്റും ലോക്കൽ കമ്മിറ്റി സെക്രട്ടറിയും മറ്റ് ആളുകളുമെല്ലാംചേർന്ന് ഒരു സി.പി.ഐ.(എം) കാരന്റെ വീട്ടിൽവച്ചാണ് നട്ടപ്പാതിരായ്ക്ക് വാർഡ് വിഭജന പ്രവർത്തനം നടത്തിയത്. അത് ജനം അറിഞ്ഞു. അവർ തടിച്ചുകൂടി, പോലീസ് വന്നു, അവസാനം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് അവിടെ വരികയും പ്രശ്നത്തിൽ ഇടപെടുകയും ചെയ്തു. അദ്ദേഹം കളക്ടറുമായും ബന്ധപ്പെട്ടു. കളക്ടർ പറഞ്ഞു, പരാതിയൊക്കെ പരിഹരിക്കാം എന്തുവേണമെങ്കിലും ചെയ്യാമെന്ന് പറഞ്ഞതല്ലാതെ പരാതിക്കു പുറത്ത് യാതൊരു പരിഹാരവുമുണ്ടായില്ലെന്ന് മാത്രമല്ല, നടപടിയും ഉണ്ടായില്ല. പഞ്ചായത്തുകളുടെ അതിരുകൾ തങ്ങൾക്ക് അനുകൂലമായി മുറിച്ചാലും മുറിവേറ്റ ജനമനസ്സുകളെ തങ്ങൾക്ക് അനുകൂലമായി മുറിച്ചെടുക്കാൻ കഴിയുമെന്ന് നിങ്ങൾ വിശ്വസിക്കരുതെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. യാതൊരു മാനദണ്ഡവുമില്ലാതെ ജനാധിപത്യത്തെ പരസ്യമായി പട്ടാപ്പകൽ വ്യഭിചരിക്കേണ്ടിവന്നത് ഈ ഗവൺമെന്റിൽ നിങ്ങൾക്കുതന്നെ വിശ്വാസമില്ലാതെപോയതുകൊണ്ടാണ് എന്നാണ് എനിക്ക് പറയാനുള്ളത്. ഈ മന്ത്രിമാരെല്ലാവരുംകൂടി ഇവിടെ നല്ല ഭരണം കാഴ്ചവച്ചാൽ ജനങ്ങൾ നിങ്ങൾക്ക് വോട്ടു ചെയ്യും. അതിൽ യാതൊരു തർക്കവുമില്ല, ഇവിടെ ജനങ്ങൾ നിങ്ങൾക്ക് എതിരാണെന്ന് നിങ്ങൾക്കുതന്നെ അറിയാം. അതുകൊണ്ടാണ് നിങ്ങളിപ്പോൾ ഇതിനൊക്കെ മുതിരുന്നത്.

കുരങ്ങന്റെ കയ്യിൽ പൊതിയാത്തേങ്ങ കിട്ടിയതുപോലെ നാലു വർഷമായി ബി.പി.എൽ. ലിസ്റ്റുമായി നിൽക്കുന്നു. ബി.പി.എൽ. അന്തിമ ലിസ്റ്റ് പുറത്തുവിടാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. ആ ലിസ്റ്റ് വരാത്തതുകൊണ്ട് പാവപ്പെട്ടവന് ഒരാശുപത്രിയിൽ പോയാൽപ്പോലും ചികിത്സാ സൗകര്യം കിട്ടുന്നില്ല. ഈ ലിസ്റ്റില്ലാത്തതുകൊണ്ട് വില്ലേജോഫീസിൽ പോയി സർട്ടിഫിക്കറ്റ് വാങ്ങണം. അങ്ങനെ എന്തൊക്കെ ദുരിതങ്ങളാണ് നിങ്ങളുടെ കാലത്തുണ്ടായത് എന്ന് നിങ്ങൾ അറിയുന്നുണ്ടോ ? അങ്ങ് ഈ മന്ത്രിസഭയിലെ പ്രായം കൂടിയ ഒരു മനുഷ്യനാണ്. അതുകൊണ്ടുതന്നെ ഒരുപാട് പക്വതയുള്ള ആളാണ്. ഈ ബി.പി.എൽ. പട്ടിക പൂർണ്ണമല്ലാത്തതുകൊണ്ട് സംസ്ഥാനത്ത് ഒരു വർഷമായി വാർദ്ധക്യകാല പെൻഷന് അപേക്ഷപോലും സ്വീകരിക്കുന്നില്ല. പാവപ്പെട്ട ആളുകൾക്ക് അർഹമായി കിട്ടേണ്ട ആനുകൂല്യംപോലും നിങ്ങളുടെ പിടിപ്പുകേടുകൊണ്ട് കിട്ടുന്നില്ലെന്നുള്ളതാണ് യാഥാർത്ഥ്യം.

LIBRARY ARCHIVES Kerala Legislative Assembly

ഇ.എം.എസ്. ഭവന പദ്ധതി എന്ന പേരിൽ സംസ്ഥാനത്ത് വീടില്ലാത്ത മുഴുവൻ പേർക്കും വീടും ഭൂമിയും നൽകുമെന്ന് പറഞ്ഞ് സംസ്ഥാനത്തെ പതിനായിരക്കണക്കിന് ഭവന രഹിതരായവരെ പ്രതീക്ഷയുടെ മുൾമുനയിൽ നിർത്തിയ സർക്കാരാണ് ഈ സർക്കാർ. അപേക്ഷ നൽകിയതിൽ പത്തു ശതമാനം പേരെയെങ്കിലും നിങ്ങൾ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തോ.? ഗുണഭോക്താക്കളായി തെരഞ്ഞെടുത്ത ആളുകളിൽ പത്തുശതമാനം പേർക്കു പോലും ഒന്നാം ഗഡു കിട്ടിയിട്ടില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. കടുത്ത നിബന്ധനകളേർപ്പെടുത്തി ഇതിൽനിന്ന് എല്ലാ ആളുകളേയും അകറ്റി നിർത്താൻ മാത്രമാണ് കഴിഞ്ഞ കാലത്തെ നിങ്ങളുടെ പ്രവർത്തനം കൊണ്ട് ഉപകരിച്ചത്. അത് നമ്മൾ ചിന്തിക്കണം. വിളിച്ചുണർത്തി ചോറില്ലെന്ന് പറയുന്ന അവസ്ഥയിലായ ജനങ്ങൾ തെരഞ്ഞെടുപ്പ് വരുമ്പോൾ നിങ്ങൾക്കെതിരെ വോട്ട് ചെയ്യാൻ തയ്യാറായി പുറത്തു നിൽക്കുന്ന കാഴ്ച ഞങ്ങൾ കാണുകയാണ്. ശ്രീ. എം. പ്രകാശൻ മാസ്റ്റർ പറഞ്ഞു, കേളി കൊട്ടാണെന്ന്. ഇത് കേളികൊട്ടല്ല, അവരുടെ മനസ്സിനുള്ളിലെ വികാരം സർക്കാരിനെതിരെ രേഖപ്പെടുത്താനുള്ള അവസരത്തിനായി അവർ കാത്തിരിക്കുകയാണ്. കെട്ടിട നികുതിയും കച്ചവടക്കാരുടെ ലൈസൻസ് ഫീസും വർദ്ധിപ്പിച്ചത് പിൻവലിക്കാൻ ഇതുവരെ സർക്കാർ തയ്യാറായിട്ടില്ല. പശ്ചാത്തല മേഖലയിലെ ഫണ്ട് വെട്ടിക്കുറച്ചതുമൂലം അടിസ്ഥാന വികസനം ഗ്രാമപ്രദേശങ്ങളിൽ അവതാളത്തിലായി. ഉത്പാദന മേഖലയിൽ ഫണ്ട് വർദ്ധിപ്പിച്ചുവെങ്കിലും ഫലപ്രദമായി ഇടപെടാത്തതുകൊണ്ട് നാട്ടുകാർക്ക് അതിന്റെ ഗുണമുണ്ടാക്കാൻ പറ്റിയിട്ടില്ല.

ഭക്ഷ്യസുരക്ഷാ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് സ്വയംഭരണ സ്ഥാപനങ്ങൾവഴി വിത്തിറക്കുമെന്നാണ് മന്ത്രി പറഞ്ഞത്. എത്ര ഏക്കർ സ്ഥലത്ത് വിത്തിറക്കിയെന്ന് അദ്ദേഹത്തിന്റെ മറുപടി പ്രസംഗത്തിൽ പറയുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് നേരത്തെ ഇവിടെ സൂചിപ്പിച്ചു. ഇത്രയും നല്ലയൊരു പദ്ധതി സംസ്ഥാനത്ത് കിട്ടിയിട്ട് ശാസ്ത്രീയമായി ഉപയോഗിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ആ പിടിപ്പുകേട് ഈ സർക്കാരിന്റെ ഭാഗത്തുനിന്നുള്ള വലിയൊരു കുറവായി നിഴലിച്ചു കാണുകയാണ്. കേരളം പകർച്ചപ്പനിയുടെ പിടിയിൽ അമർന്നു നിൽക്കുമ്പോഴും മാലിന്യംകൊണ്ട് നാടും നഗരവും ചീഞ്ഞ് നാറുകയാണ്. ഇതിന്റെ പൂർണ്ണമായ ഉത്തരവാദിത്തം ഇവിടെയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. പ്രഖ്യാപനങ്ങളല്ലാതെ ഇടപെടലുകളില്ല.

അതിഥി സൽക്കാരത്തിന് മൂന്നു വർഷംകൊണ്ട് 30,000 രൂപയേ ചെലവഴിക്കാൻ പാടുള്ളുവെന്ന് നിബന്ധനയുണ്ടെങ്കിലും കോഴിക്കോട് കോർപ്പറേഷനിൽ മേയർ ചെലവഴിച്ചത് 16 ലക്ഷം രൂപയാണ്. ആ ഹറാമൊക്കെ ഹലാലാക്കിക്കൊടുക്കാൻ മന്ത്രിക്ക് യാതൊരു മടിയുമുണ്ടായില്ല. അതിനൊക്കെ വലിയ ഉത്സാഹമാണ്. പക്ഷേ ആ ഉത്സാഹം മാലിന്യം

LIBRARY ARCHIVES Kerala Legislative Assembly

നീക്കം ചെയ്യുന്ന കാര്യത്തിൽ കാണിച്ചിട്ടില്ല. കോർപ്പറേഷനിൽ സജീവമായി ഇടപെടൽകൂടി ഉണ്ടാവണം. കോഴിക്കോട് കോർപ്പറേഷനിലെ സ്ഥിതി വളരെ മോശമാണ്.

അതുപോലെ ഞങ്ങളുടെയൊക്കെ മണ്ഡലത്തിൽ വോട്ടർ പട്ടികയുമായി ബന്ധപ്പെട്ട വിഷയമുണ്ടായി. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഉൾപ്പെടെ അവിടെ വന്ന് പരിശോധിച്ചു, ബന്ധപ്പെട്ട ആളുകൾക്ക് നിർദ്ദേശം നൽകി. യാതൊരു ഫലവുമുണ്ടായിട്ടില്ല. ഒരു വീട്ടിൽ ഭർത്താവ് ഒരു വാർഡിൽ, ഭാര്യ മറ്റൊരു വാർഡിൽ. ആ രൂപത്തിൽ വോട്ടർ പട്ടിക ഉണ്ടാക്കിയതിൽ അപാകത വന്നിട്ടുണ്ട്. സഖാവ് വി. എസ്. അച്ചുതാനന്ദൻ വെട്ടിനിരത്തൽ നടത്തി. ആ വെട്ടി നിരത്തൽ ഇപ്പോൾ ശ്രീ. പാലോളി മുഹമ്മദ് കുട്ടി ഏറ്റെടുത്ത കാഴ്ച നമ്മൾ കാണുകയാണ്. ലിസ്റ്റിൽ പേര് ചേർക്കാൻ പഞ്ചായത്ത് ഓഫീസിനു മുമ്പിൽ ഇപ്പോൾ നീണ്ട ക്യൂവാണ്. ജനങ്ങളുടെ അപാകതകൊണ്ടല്ല, കഴിഞ്ഞ ലിസ്റ്റിൽ പേരുള്ളവരാണ്. അശാസ്ത്രീയമായി പാർട്ടിവത്ക്കരിച്ചുകൊണ്ട് നടത്തിയിട്ടുള്ള വോട്ടേഴ്സ് ലിസ്റ്റിൽ നിരവധിയാളുകളെ വിട്ടുപോയിരിക്കുകയാണ്. അവരൊക്കെ വീണ്ടും ലിസ്റ്റിൽ പേരുചേർക്കാൻ വേണ്ടി പഞ്ചായത്ത് ഓഫീസിനുമുമ്പിൽ ക്യൂ നിൽക്കുന്ന കാഴ്ച നമ്മൾ കാണുകയാണ്. ഇവിടെയുള്ള എല്ലാ പഞ്ചായത്തുകളിലും ഉദ്യോഗസ്ഥർ കുറവുണ്ട്. ജോലിഭാരം കൂടിയിട്ടുണ്ട്. അതുകൊണ്ടു തന്നെ ജനങ്ങൾക്കാവശ്യമായ സൗകര്യവും സഹായവും ലഭ്യമാകുന്നില്ല. ആവശ്യമായ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിന് സംവിധാനമുണ്ടാക്കണമെന്നു കൂടി ഞാൻ ആവശ്യപ്പെടുന്നു.

പല പഞ്ചായത്തുകളിലും പൊതു ശ്മശാനങ്ങളുണ്ട്. മിക്ക ശ്മശാനങ്ങളും ഏതെങ്കിലും കുന്നിന്റെ മുകളിലാണ്. അങ്ങോട്ട് വാഹനത്തിൽ പോകാനോ നടന്നുപോകാനോ കഴിയില്ല, ശവശരീരം കൊണ്ടുപോകാൻ കഴിയില്ല. അങ്ങനെയുള്ള ദുരവസ്ഥ പഞ്ചായത്ത് ശ്മശാനവുമായി ബന്ധപ്പെട്ട് നിലനിൽക്കുകയാണ്. ജനങ്ങൾക്ക് വരാൻ കഴിയുന്ന ഭാഗത്തോ അല്ലെങ്കിൽ ഉള്ള ശ്മശാനങ്ങൾക്കാവശ്യമായ റോഡ് സൗകര്യമുണ്ടാക്കിയോ ജനങ്ങൾക്ക് അത് ഫലപ്രദമായി ഉപയോഗിക്കാനുള്ള. സംവിധാനമുണ്ടാക്കണം. ശ്മശാനങ്ങളില്ലാത്ത പഞ്ചായത്തുകളിൽ ശ്മശാനങ്ങൾ ഉണ്ടാക്കാനാവശ്യമായ സംവിധാനമുണ്ടാക്കണം. അതുപോലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മെമ്പർമാർക്ക് ഇരുപത്തിനാല് മണിക്കൂറും പണിയാണ്. എന്നാൽ തുച്ഛമായ വേതനമാണ് ലഭിക്കുന്നത്. ഈ പഞ്ചായത്ത് മെമ്പർമാരുടെയും ഈ സർക്കാരിന്റെയും കാലാവധി കഴിയാൻ പോകുകയാണ്. അതുകൊണ്ട് രണ്ട് കാലാവധികളും അവസാനിക്കാൻ പോകുന്ന ഈ സന്ദർഭത്തിലെങ്കിലും ത്രിതല പഞ്ചായത്ത് മെമ്പർമാരുടെ ഓണറേറിയം വർദ്ധിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്.

<u>ശ്രീ. കെ. രാജു</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. ഈ സർക്കാരിന്റെ കാലാവധി തീരാൻ പോകുകയാണ്,

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് എന്റെ സുഹൃത്ത് ശ്രീ. യു. സി. രാമൻ സന്തോഷിക്കേണ്ട ഒരു കാര്യവുമില്ല. ഈ സർക്കാരിന്റെ കാലാവധി തീർന്നാൽ തുടർന്നു വരുന്ന സർക്കാരും ഈ സർക്കാരിന്റെ പിന്തുടർച്ചയായിട്ടുള്ള സർക്കാർ തന്നെയായിരിക്കും. ആ കാര്യത്തിൽ ഒരു തർക്കവും വേണ്ട. അതുകൊണ്ട് മറ്റെന്തെങ്കിലും കരുതി ശ്രീ. യു. സി. രാമൻ അടക്കമുള്ളവർ വെള്ളം അടുപ്പത്ത് വച്ചിട്ടുണ്ടെങ്കിൽ അത് വാങ്ങി വച്ചേര് എന്നാണ് ആദ്യമായി എനിക്ക് പറയാനുള്ളത്. പ്രതിപക്ഷ നിരയിലുള്ളവരുടെ പ്രസംഗത്തിനിടയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിലും അവ നടപ്പിലാക്കുന്ന പദ്ധതികളിലും എന്തെങ്കിലും പോരായ്മകളുണ്ടെങ്കിൽ അത് മെച്ചപ്പെടുത്തുന്നതിനുള്ള ക്രിയാത്മകമായ യാതൊരു നിർദ്ദേശവും ഉയർന്നു വന്നില്ലെന്ന് മാത്രമല്ല, അവരുടെ പ്രസംഗത്തിലുടനീളം പ്രതിഫലിച്ചത് വരാൻ പോകുന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പിനെ നേരിടുന്നതിനുള്ള ആശങ്കയാണ്. അത് ഏറ്റവും അവസാനം സംസാരിച്ച ആൾ മുതൽ അതിനു മുമ്പ് സംസാരിച്ച പ്രതിപക്ഷങ്ങളെല്ലാം പറയുന്നത് വോട്ടർ പട്ടികയിൽ പേര് ചേർക്കാൻ സമയം കിട്ടുന്നില്ലെന്നാണ്. വോട്ടർ പട്ടികയിൽ പേര് ചേർക്കാൻ ആദ്യമായി ഒരു സമയം തീരുമാനിച്ചു, 15-ാം തീയതി തീരുമാനിച്ചു, അതു കഴിഞ്ഞ് 16-ഉം 17-ഉം തീരുമാനിച്ചു ശനിയും ഞായറും അടക്കമുള്ള അവധി ദിവസങ്ങളിൽ പേര് ചേർക്കാം. ഇപ്പോൾ 20-ാം തീയതി തീരുമാനിച്ചിരിക്കുകയാണ്. അർഹരായവരുടെ പേര് വിട്ടു പോയിട്ടുണ്ടെങ്കിൽ ചേർത്തു കൂടേ ? പിന്നെ എന്തിനാണ് ഈ അങ്കലാപ്പ്? പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടക്കും, അത് കൃത്യസമയത്തുതന്നെ നടക്കും. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഈ സംസ്ഥാനം ഭരിക്കുന്നിടത്തോളം കാലം പഞ്ചായത്ത് തെരഞ്ഞെടുപ്പ് കൃത്യമായ സമയത്ത് ഒരു മാറ്റവുമില്ലാതെ നടക്കും. അതിനുള്ള മുന്നൊരുക്കങ്ങളെല്ലാംതന്നെ നടത്തി ഗവൺമെന്റ് ചെയ്യേണ്ട കാര്യങ്ങൾ ഗവൺമെന്റും അതോടൊപ്പം ഇലക്ഷൻ കമ്മീഷൻ ചെയ്യേണ്ട കാര്യങ്ങൾ ഇലക്ഷൻ കമ്മീഷനും ചെയ്യും. അതിന് നിങ്ങൾ ഇത്ര അങ്കലാപ്പെടുക്കേണ്ട കാര്യമില്ല. പഞ്ചായത്ത് തെരഞ്ഞെടുപ്പ് കഴിയുമ്പോൾ നിങ്ങൾക്കും ചില പഞ്ചായത്തുകളിൽ അധികാരത്തിൽ വരാൻ കഴിയും. അല്ലാതെ എല്ലാ പഞ്ചായത്തുകളിലും ഇടതുപക്ഷ ജനാധിപത്യ മുന്നണി തന്നെ അധികാരത്തിൽ വരുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നില്ല. ഇപ്പോൾ കുറെ പഞ്ചായത്തുകളിൽ യു.ഡി.എഫ്. അല്ലേ ഭരിക്കുന്നത്? എന്റെ മണ്ഡലത്തിൽ യു.ഡി.എഫ്. ഭരിക്കുന്ന ഒരു പഞ്ചായത്തിൽ കഴിഞ്ഞ മാസം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് വന്നാണ് അവിടെ ഇ.എം.എസ്. ഭവന പദ്ധതിയുമായി ബന്ധപ്പെട്ട ഗുണഭോക്തൃ സംഗമത്തിന്റെ ഉദ്ഘാടനം നടത്തിയത്. എന്നിട്ടും എവിടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്? എവിടെയെങ്കിലും ലിസ്റ്റ് തയ്യാറായോ ? എവിടെയെങ്കിലും പൂർത്തിയായോ എന്നെല്ലാം ആവർത്തിച്ചാവർത്തിച്ച് ചോദിക്കുകയാണ്. അവരോട് എനിക്ക് ചോദിക്കാനുള്ളത്, എന്റെ മണ്ഡലത്തിൽപ്പെട്ട യു.ഡി.എഫ്. ഭരിക്കുന്ന പഞ്ചായത്തിൽ ഗുണഭോക്തൃ സംഗമം നടത്തിയപ്പോൾ ആ സംഗമം ഉദ്ഘാടനം ചെയ്തത് ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി സാറാണ്. അതിനപ്പുറത്ത് പ്രത്യേകിച്ച് എന്തെങ്കിലും പറയേണ്ട കാര്യമുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞ നാലുവർഷക്കാലം ഇടതുമുന്നണി സർക്കാരിന്റെ നേതൃത്വത്തിൽ പ്രാദേശികതലത്തിൽ നടത്തിയിട്ടുള്ള വികസന പ്രവർത്തനങ്ങൾക്ക് കിട്ടിയ ഒരു ജനകീയ അംഗീകാരമുണ്ട്. ആ ജനകീയ അംഗീകാരമാണ് കേരളത്തിലെ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയ്ക്ക് അധികാരവികേന്ദ്രീകരണ പ്രവർത്തനങ്ങൾക്കുള്ള ദേശീയപുരസ്ക്കാരമായി കേന്ദ്രഗവൺമെന്റ് നൽകിയത്. നിഷേധിക്കാൻവേണ്ടി കഴിയുമോ ? അങ്ങനെയൊരു സംഭവത്തെക്കുറിച്ചുപോലും യഥാർത്ഥത്തിൽ പ്രതിപക്ഷ നിരയിൽ നിന്ന് സംസാരിക്കുന്നവർ കണ്ടെത്തുപോലുമില്ല. ഇടതുപക്ഷജനാധിപത്യമുന്നണി ആവശ്യപ്പെട്ടിട്ടാണോ അധികാരവികേന്ദ്രീകരണത്തിനുവേണ്ടിയിട്ടുള്ള അംഗീകാരം നൽകാൻ കേന്ദ്രഗവൺമെന്റ് തയ്യാറായത് ? ഇന്ത്യക്ക് ആകെ മാതൃകയായിട്ടാണ് കേരളത്തിൽ അധികാരവികേന്ദ്രീകരണവും അതുപോലെ പഞ്ചായത്തുകളുടെ പ്രവർത്തനവും നടത്തുന്നത് എന്നുള്ളതുകൊണ്ടല്ലേ കോൺഗ്രസ്സും ബി.ജെ.പി.-യും ഭരിക്കുന്ന സംസ്ഥാനങ്ങളിലേയും അതുപോലെ വിദേശരാജ്യങ്ങളടക്കമുള്ള പ്രവർത്തകന്മാർ കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ മനസ്സിലാക്കാൻവേണ്ടി കേരളത്തിൽ വരുന്നത്. അതെന്താണ് നിങ്ങൾ മറന്നുപോകുന്നത് ? ഇവിടെ തദ്ദേശസ്വയംഭരണ സ്ഥാപന വകുപ്പിൽനിന്ന് പത്തോ പതിനേഴോ ഉത്തരവുകൾ ഇറങ്ങിയെന്നാണ് ഇവർ കുറ്റം പറയുന്നത്. ശരിയാണ്. ഉത്തരവുകൾ ധാരാളമുണ്ടായിരുന്നു. ജനകീയാസൂത്രണപ്രസ്ഥാനത്തിന് മുൻമാതൃകകളൊന്നുമില്ല. 1998-ൽ ഇ. കെ. നായനാർ ഇവിടെ ഭരിക്കുമ്പോൾ ഇടതുപക്ഷ ജനാധിപത്യമുന്നണിയാണ് ജനകീയാസൂത്രണ പദ്ധതി നടപ്പിലാക്കിയത്. അതിനുമുമ്പ് ഇന്ത്യയിലെതന്നെ മറ്റ് ഇതര സംസ്ഥാനങ്ങളിലൊന്നും ഇങ്ങനെയൊരു പദ്ധതി നടപ്പിലാക്കിയിട്ടില്ല. അപ്പോൾ മുൻമാതൃകകളൊന്നുമില്ല. പ്രായോഗികമായി പദ്ധതികൾ ആസൂത്രണംചെയ്യാൻ, ജനകീയ പങ്കാളിത്തം ഉറപ്പാക്കാൻ, അവിടെ പ്രോജക്ടുകൾ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് എങ്ങനെവേണം, എങ്ങനെ ചെയ്യണം, അതുപോലെ മേഖലാ വിഭജനമടക്കമുള്ള കാര്യങ്ങളെ സംബന്ധിച്ചുള്ള ഉത്തരവുകൾ പുറപ്പെടുവിക്കണം. സ്വാഭാവികമായും അത്തരം പ്രവർത്തനങ്ങളുടെ ഭാഗമായി ആ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് സഹായകരമായി, ജനപ്രതിനിധികളിൽനിന്നും പഞ്ചായത്തുതലത്തിൽ നടത്തുന്ന സെമിനാറുകളിൽനിന്നും ഉയർന്നുവരുന്ന പ്രായോഗികമായ വൈഷമ്യങ്ങൾക്കൊക്കെ പരിഹരിക്കുന്നതിനുവേണ്ടിയുള്ള പുതിയ ഉത്തരവുകൾ വേണ്ടിവരും. ജനകീയാസൂത്രണ പ്രക്രിയയുടെ ആരംഭ ഘട്ടങ്ങളിൽ ശരിയായ രീതിയിൽ മുൻമാതൃകയില്ലാത്തതുകൊണ്ടു പുതിയ പുതിയ ഉത്തരവുകൾ ഈ പറയുന്ന കാര്യങ്ങൾ നടപ്പിലാക്കാൻ വേണ്ടിവരും. ഇവിടെ ഇറങ്ങിയിട്ടുള്ള എല്ലാ ഉത്തരവുകളുമെടുത്ത് പരിശോധിക്കണം. ഉത്തരവ്, ഉത്തരവ് എന്നുപറഞ്ഞാൽ പോര. ഓരോ ഉത്തരവും എന്തിനുവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

ഇറക്കിയിട്ടുള്ളതാണെന്നുള്ളത് പരിശോധിക്കണം. കൂടുതൽ മെച്ചപ്പെട്ട നിലയിൽ താഴെത്തട്ടിലുള്ള തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ഉത്തരവാദിത്വം നിർവ്വഹിക്കാൻ ഉതകുന്ന തരത്തിൽ, അവരെ സഹായിക്കുന്നതിനുവേണ്ടിയുള്ള ഉത്തരവാണ് ഇറങ്ങിയിട്ടുള്ളത്. അതല്ലാതെ പഞ്ചായത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൊടുത്തിട്ടുള്ള ഏതെങ്കിലും അധികാരം പിൻവലിച്ചുകൊണ്ടുള്ള ഒരു ഉത്തരവ് ഉണ്ടായിട്ടില്ല. തദ്ദേശസ്വയംഭരണസ്ഥാപന ങ്ങൾക്ക് കൊടുത്തിട്ടുള്ള പണം പിൻവലിച്ചുകൊണ്ടുള്ള ഏതെങ്കിലും ഉത്തരവ് ഉണ്ടായിട്ടില്ല എന്നുമാത്രമല്ല, തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് അവരുടെ ഭരണ നിർവ്വഹണം ശക്തിപ്പെടുത്താൻ ഉതകുന്ന നിരവധി ഉത്തരവുകളുണ്ടാകും. അതു ശരിയാണ്. ഇനിയും എന്തെങ്കിലും പോരായ്മകളുണ്ടെങ്കിൽ ബഹുമാനപ്പെട്ട മന്ത്രി മുൻകയ്യെടുത്ത് ഉത്തരവ് ഇറക്കണമെന്നാണ് എനിക്ക് അതുസംബന്ധിച്ച് പറയാനുള്ളത്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടാണ് നമ്മുടെ നാട്ടിൽ കുടുംബശ്രീ പ്രവർത്തനവും അതുപോലെ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനവുമെല്ലാം നടക്കുന്നത്. കേന്ദ്ര ഗവൺമെന്റ് അടക്കം നമ്മുടെ സംസ്ഥാനത്തേയും മറ്റിതര സംസ്ഥാനങ്ങളി ലേയും എല്ലാവിഭാഗം ജനങ്ങളും പറയുന്നത് മാതൃകാപരമെന്നാണ്. കേരളത്തിൽ സ്ത്രീകളുടെ പദവി ഉയർത്താൻവേണ്ടി ഇവിടെ ആവിഷ്ക്കരി ച്ചിട്ടുള്ള കുടുംബശ്രീ പദ്ധതി നടപ്പിലാക്കുന്നത് തദ്ദേശസ്വയംഭരണ വകുപ്പിന്റെ മേൽനോട്ടത്തിലാണ്. അടുക്കളയിൽമാത്രം കഴിഞ്ഞിരുന്ന കേരളത്തിലെ സ്ത്രീകളെ പൊതുപ്രവർത്തന രംഗത്തേക്ക് കൊണ്ടുവരാനും കമ്മിറ്റികളിലൊക്കെ പങ്കെടുപ്പിക്കാനും വർത്തമാനം പറയാനും സമ്പാദ്യ പദ്ധതി ആരംഭിക്കാനും ഒക്കെ അവസരം നൽകിയ ഒരു സംരംഭമാണ് കുടുംബശ്രീ പ്രസ്ഥാനം. ആ കുടുംബശ്രീ പ്രസ്ഥാനം ഇന്ന് കേരളത്തിൽ ലോകത്തിന് തന്നെ മാതൃകയായി പ്രവർത്തിക്കുകയാണ്. പഞ്ചായത്തു കളാണ് അതിന് നേതൃത്വം നൽകുന്നത്. അതിനെ പൊളിക്കാനല്ലേ ശ്രീ. എം. എം. ഹസ്സന്റെ നേതൃത്വത്തിൽ ജനശ്രീ പദ്ധതിയുമായി രംഗത്ത് വന്നിരിക്കുന്നത്. സ്വയംതൊഴിലിന്റെ ഭാഗമായി പുതിയ തൊഴിൽ സംരംഭങ്ങ ളെല്ലാം നടപ്പിലാക്കിക്കൊണ്ട് സാമ്പത്തികമായി കുറച്ചെങ്കിലും സ്വന്തം കാലിൽനിൽക്കാൻ കഴിയുന്ന നിലയിലേക്ക് കേരളത്തിലെ സ്ത്രീകൾ വന്നിട്ടുണ്ട്. അനുഭവത്തിന്റെ അടിസ്ഥാനത്തിൽ പറഞ്ഞാൽ ഞാൻ താമസിക്കുന്ന പഞ്ചായത്തിൽത്തന്നെ ലക്ഷക്കണക്കിന് രൂപയാണ് വിവിധ ധന കാര്യസ്ഥാപനങ്ങൾ ഈ കുടുംബശ്രീ യൂണിറ്റുകൾക്ക് സ്വയംതൊഴിലും മറ്റും കണ്ടെത്തുന്നതിന് കൊടുത്തിട്ടുള്ളത്. ഏറ്റവും നല്ല തിരിച്ചടവ് ഇവരുടെ ഭാഗ ത്തുനിന്ന് ഉണ്ടാകുന്നുണ്ടെന്നാണ് ധനകാര്യസ്ഥാപനങ്ങളും ബാങ്കും പറയുന്ന ത്, പ്രത്യേകിച്ച് സ്ത്രീകൾ. പുരുഷന്മാർ ലോൺ എടുത്താൽ അതിന്റെയൊരു പങ്കുംകൊണ്ട് നമ്മുടെ ബിവറേജസ് കോർപ്പറേഷന്റെ മുമ്പിൽ ക്യൂവിൽ പോകും. പക്ഷേ സ്ത്രീകൾ വളരെ കൃത്യമായി ലോൺ തിരിച്ചടയ്ക്കുന്നു. അതുകൊണ്ട് ഇവർക്ക് എത്രവേണമെങ്കിലും ലോൺ കൊടുക്കാൻ ഇന്ന്

LIBRARY ARCHIVES Kerala Legislative Assembly

ബാങ്കുകൾ തയ്യാറാണ്. ആ നിലയിൽ സ്ത്രീകളെ ശാക്തീകരിക്കാൻ, അവരുടെ പദവി ഉയർത്താൻ ഇന്ന് ഈ ഗവൺമെന്റ് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ കാണുമ്പോൾ അതിനെതിരെ കൊഞ്ഞനംകുത്തിക്കാണിക്കുന്നത് ശരിയല്ല. തീർച്ചയായും 50% സംവരണം ഏർപ്പെടുത്തിയ, പ്രത്യേകിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 50% സംവരണം ഏർപ്പെടുത്തിയ ഈ ഗവൺമെന്റിന്റെ നടപടിക്ക് പിന്നിൽ കേരളത്തിലെ മുഴുവൻ സ്ത്രീകളും അണിനിരക്കുമെന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട. അതുകൊണ്ടാണ് പ്രതിപക്ഷത്തിന് ഈ അങ്കലാപ്പ്. 50% സ്ത്രീകളെന്നുപറയുമ്പോൾ 500 പഞ്ചായത്ത് പ്രസിഡന്റുമാർ, 500 പഞ്ചായത്ത് വൈസ് പ്രസിഡന്റുമാർ, 1000 സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ, എന്നിവർ അടുത്ത ഒക്ടോബർ മാസം രണ്ട് കഴിയുമ്പോൾ അധികാരത്തിൽ വരികയാണ്. കേരളത്തിലെ സ്ത്രീകൾ അവർ പ്രബുദ്ധരാണ്. പഴയതുപോലെയല്ല, അവർ സംസ്ക്കാരസമ്പന്നരാണ്. അവർ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ പിന്നിൽ അണിനിരക്കുമെന്നുള്ള കാര്യത്തിൽ ഒരു സംശയവും വേണ്ട. തൊഴിലുറപ്പുപദ്ധതി ഇത്ര മാതൃകാപരമായ രീതിയിൽ നടപ്പിലാക്കുന്ന ഇന്ത്യയിൽ വേറെ ഒരു സംസ്ഥാനവുമില്ലെന്ന് കേന്ദ്രത്തിന്റെ വക്താക്കളടക്കം പറഞ്ഞിട്ടുണ്ട്. കൂടുതൽ തൊഴിൽ ദിവസങ്ങൾ അവർക്ക് നൽകണം. അത് വളരെ ന്യായമാണ്. ഗവൺമെന്റ് അടിയന്തരമായും അതിനാവശ്യമായ നിർദ്ദേശങ്ങൾ നടപ്പിലാക്കണം. മിനിമം നൂറു ദിവസം. അതുപോര. ഒരു വർഷത്തിൽ 365 ദിവസമില്ലേ. അതിൽ 100 ദിവസം മാത്രം പണി കിട്ടിയാൽ പോര. അവർക്ക് പരമാവധി തൊഴിൽ കൊടുക്കാനാവശ്യമായ സംവിധാനം തൊഴിലുറപ്പുപദ്ധതി വഴി ഉണ്ടാകണം. അതിന് കേന്ദ്രസംസ്ഥാന സർക്കാരുകൾ ചർച്ച ചെയ്ത് നിബന്ധനകളിൽ മാറ്റം വരുത്തിക്കൊണ്ട് പുതിയ തൊഴിലവസരങ്ങൾ കണ്ടെത്താനാവശ്യമായ നടപടികളുമായി മുന്നോട്ടുപോകണം. തൊഴിലുറപ്പ് പദ്ധതിയിൽ 125 രൂപയാണ് ഒരു ദിവസത്തെ കൂലി. കേന്ദ്ര ഗവൺമെന്റാണ് ഈ 125 രൂപ നിശ്ചയിച്ചിട്ടുള്ളത്. 125 രൂപ നിശ്ചയിച്ചപ്പോൾ കേരളത്തിലെ കർഷകത്തൊഴിലാളിക്ക് മിനിമം കൂലി ഇവിടെ കുറവായിരുന്നുവെന്നതുകൊണ്ടാണ് അന്ന് ആ നിലയിൽ തീരുമാനിച്ചത്. എന്നാൽ കർഷകത്തൊഴിലാളികളുടെ മിനിമം കൂലി ഇപ്പോൾ 200 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. മിനിമം കൂലി വർദ്ധിപ്പിച്ച സാഹചര്യത്തിൽ കേരളത്തിലെ തൊഴിലുറപ്പുപദ്ധതിയിലും ഒരു ദിവസത്തെ കൂലി 200 രൂപയായി വർദ്ധിപ്പിക്കണം. ഒരു വർഷത്തിൽ കുറഞ്ഞത് 200 ദിവസം ജോലി കൊടുക്കണം. ഇന്ത്യയിലെ ഇടതുപക്ഷകക്ഷികളടക്കം കേന്ദ്രത്തിൽ പിന്തുണ നൽകിയിരുന്ന സാഹചര്യത്തിൽ കേന്ദ്രത്തിൽ കൊണ്ടുവന്ന പ്രധാനപ്പെട്ട 2 നിയമങ്ങളിലൊന്നാണ് തൊഴിലുറപ്പ് പദ്ധതി, മറ്റൊന്ന് വനാവകാശനിയമം. ഇതുരണ്ടും പാസ്സാക്കി നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള നടപടികളുമായി പാർലമെന്റിൽ വരുമ്പോൾ കേന്ദ്രഗവൺമെന്റിനെ പിൻതാങ്ങാൻ ഈ ഇന്ത്യാരാജ്യത്ത് ഇടതുപക്ഷപ്രസ്ഥാനങ്ങളുണ്ടായിരുന്നു. ഞങ്ങളുടെ പിന്തുണയില്ലാതെ നിങ്ങളിപ്പോൾ ഭരിക്കുന്നു. സ്ത്രീകൾക്കുവേണ്ടി പാർലമെന്റിലും അസംബ്ലിയിലുമെല്ലാം 33% റിസർവേഷൻ ഏർപ്പെടുത്തുമെന്ന് പറഞ്ഞിട്ട്

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തില്ലെന്നുമാത്രമല്ല അതിൽനിന്നും പിൻമാറുകയും ചെയ്തു. ഈ രാജ്യത്തെ തൊഴിലാളികളെ മുഴുവൻ പലപ്പോഴായി വഞ്ചിക്കുന്നതുപോലെ ഇന്ത്യാരാജ്യത്തെ ജനസംഖ്യയിൽ പകുതിയിലധികം വരുന്ന സ്ത്രീകളെയും കോൺഗ്രസ്സുകാർ വഞ്ചിച്ചു. കേരളത്തിൽ 50% റിസർവ്വേഷൻ കൊടുത്തു കൊണ്ട് സ്ത്രീകളെ ഭരണ രംഗത്തും മറ്റും കൊണ്ടുവരികയാണ്. ഹൗസിംഗ് പദ്ധതികൾ, മാതൃകാപരമായി നടപ്പിലാക്കാനാണ് ഗവൺമെന്റ് നടപടികൾ സ്വീകരിക്കുന്നത്. എന്റെ മണ്ഡലത്തിൽപ്പെടുന്ന കുളത്തൂപ്പുഴ പഞ്ചായത്തിൽ ഒന്നാം ഗഡുവിന്റെ ചെക്കുവിതരണം ഉദ്ഘാടനം നടത്തിയ ഞാൻ തന്നെയാണ് 851 പേർക്ക് ആ പഞ്ചായത്തിൽ വീടുകൊടുക്കാൻ വേണ്ടി തീരുമാനിച്ചിട്ടുള്ളത്. ഈ വർഷം അതായത് 2010-11 വർഷം ഈ 851 കുടുംബങ്ങൾക്കും അവിടെ വീട് നൽകും. മനഃപൂർവ്വം ഈ പദ്ധതിയെ തോൽപ്പിക്കാൻവേണ്ടി യു.ഡി.എഫ്. ഭരിക്കുന്ന പഞ്ചായത്തുകളിൽ നിങ്ങൾ ചവിട്ടിപ്പിടിക്കരുത്. പാവപ്പെട്ട ജനങ്ങളോട് കാണിക്കുന്ന വലിയ ദോഷമായിരിക്കുമത്. വലിയ സങ്കടമായിരിക്കുമത്. ആ നിലയിൽ നിങ്ങൾ പോയാൽ കഴിഞ്ഞ പഞ്ചായത്ത് തെരഞ്ഞെടുപ്പിനേക്കാൾ മോശപ്പെട്ട സ്ഥിതിയായിരിക്കും വരാൻ പോകുന്ന തെരഞ്ഞെടുപ്പിൽ നിങ്ങളുടേത് എന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

പഞ്ചായത്തിന്റെ കർത്തവ്യങ്ങൾ ഇപ്പോൾ ഒരുപാട് കൂടിയിട്ടുണ്ട്. അതുകൊണ്ടുതന്നെ പഞ്ചായത്തുകളെ ശക്തിപ്പെടുത്തണം. ഉദ്യോഗസ്ഥരെ ആവശ്യത്തിന് കൊടുക്കണം. ഇടതുപക്ഷ മുന്നണി ഓരോ അക്കൗണ്ടന്റുമാരെ കൊടുത്തു. യു.ഡി.എഫ്. ചെയ്തിട്ടില്ല. അവർ ജനകീയാസൂത്രണം എന്ന പേരുതന്നെ മാറ്റി, കേരള വികസനം എന്ന് പറഞ്ഞു. അവർ ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി 40% തുക ഉത്പാദനമേഖലക്ക് വച്ചിരുന്നുവെങ്കിൽ അത് കേരള വികസനമായപ്പോൾ 30% ആയി കുറച്ചു. നിങ്ങൾക്ക് അത് നിഷേധിക്കാൻ കഴിയുമോ ? ഒരു ജില്ലാ പഞ്ചായത്ത് മെമ്പറായി പ്രവർത്തിച്ചിരുന്ന ആളാണ് ഞാൻ, അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ് സൂചിപ്പിക്കുന്നത്. അത് വീണ്ടും പുനഃസ്ഥാപിച്ച ഗവൺമെന്റാണ് എൽ.ഡി.എഫ്. ഗവൺമെന്റ്. ഇത് നല്ലതുപോലെ നടപ്പാക്കണമെങ്കിൽ നല്ല എഞ്ചിനീയറിംഗ് സംവിധാനം യഥാർത്ഥത്തിൽ പഞ്ചായത്തുകളിൽ വേണം. ഒട്ടേറെ പോരായ്മകളുണ്ടെങ്കിലും പഞ്ചായത്തിന് പ്രത്യേകമായ എഞ്ചിനീയറിംഗ് വിംഗ് രൂപീകരിച്ച ഗവൺമെന്റാണിത്. യു.ഡി.എഫ്-ന് നിഷേധിക്കാൻ കഴിയില്ല. ഇവിടെ അക്കൗണ്ടന്റുമാരെ കൊടുത്തു, എഞ്ചിനീയറിംഗ് വിംഗ് ശക്തിപ്പെടുത്തി ഒക്കെയാണെങ്കിലും പലയിടത്തും ഇനിയും വേണ്ടത്ര എഞ്ചിനീയറിംഗ് സ്റ്റാഫില്ല. അതിന് അടിയന്തരമായി പരിഹാരം കാണണം. പഞ്ചായത്തുകളിലെ അവരുടെ പ്രോജക്ടുകൾ കൃത്യസമയത്ത് നടപ്പിലാക്കി പോകണമെങ്കിൽ കുറച്ചുകൂടി മെച്ചപ്പെട്ട സ്റ്റാഫ് അവർക്കാവശ്യമാണ്. അതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. നേരത്തെ ആവശ്യപ്പെട്ടപോലെ പഞ്ചായത്ത് സെക്രട്ടറിയെ കഴിയുമെങ്കിൽ ഗസറ്റഡ് റാങ്കിലേക്ക് ഉയർത്തണം.

LIBRARY ARCHIVES Kerala Legislative Assembly

വിട്ടുകിട്ടിയ സ്ഥാപനങ്ങളിലെ ഗസറ്റഡ് ഉദ്യോഗസ്ഥരാണ് പലപ്പോഴും ഇംപ്ലിമെന്റിംഗ് ഓഫീസറായും മറ്റും വരുന്നത്. അവർ പഞ്ചായത്ത് സെക്രട്ടറിയുടെ കീഴിൽ പ്രവർത്തിക്കണമെന്നല്ല ഞാൻ പറയുന്നതിന്റെ അർത്ഥം, പക്ഷേ ആ തുല്യ സ്റ്റാറ്റസ് എങ്കിലും പഞ്ചായത്ത് സെക്രട്ടറിക്ക് നിലനിർത്തിക്കൊണ്ട് മുന്നോട്ടുപോകണം. മാത്രമല്ല കോടിക്കണക്കിന് രൂപ യാണ് ഒരു പഞ്ചായത്തിൽ ഇപ്പോൾ കൈകാര്യം ചെയ്യപ്പെടുന്നത് എന്നുള്ളതു കൊണ്ടുതന്നെ പഞ്ചായത്ത് സെക്രട്ടറിമാരെ ഗസറ്റഡ് ഓഫീസർമാരായി മാറ്റണം. ഒരു കാര്യംകൂടി പറയട്ടെ. നമ്മുടെ എല്ലാ പഞ്ചായത്തുകളിലും ഇപ്പോൾ വാഹനമുണ്ട്. ചിലപ്പോൾ എട്ടോപത്തോ പഞ്ചായത്തുകളിൽ വാഹ നമില്ലായിരിക്കും. വാഹനമൊരു അത്യാവശ്യമാണ്. എല്ലാ പഞ്ചായത്തിലേക്കും വാഹനം വാങ്ങുന്നതിന് അനുവാദം കൊടുക്കണമെന്ന് മാത്രമല്ല, വാഹനങ്ങൾ ഡ്രൈവ് ചെയ്യുന്നവരെല്ലാം പതിനഞ്ചും ഇരുപതും ഇരുപത്തഞ്ചും കൊല്ല മായി യു.ഡി.എഫ്. ഭരിച്ചിരുന്ന കാലത്ത് എടുത്തവരാണ്. എൽ.ഡി.എഫ്. ഭരിച്ചിരുന്ന കാലത്ത് എടുത്തവരുമുണ്ട്. പത്തിരുപത്തഞ്ച് വർഷമായി ഡ്രൈവ് ചെയ്യുന്ന ഡ്രൈവർമാരെയെല്ലാം സ്ഥിരപ്പെടുത്തണം. അവർക്ക് ഇനി വേറെ പി.എസ്.സി. ടെസ്റ്റ് എഴുതാൻ കഴിയില്ല. സാറിന്റെ മണ്ഡലത്തിലും ഇതുത ന്നെയായിരിക്കും സ്ഥിതി. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് പറയാനുള്ളത് പഞ്ചായത്തിൽ പത്തിരുപത്തഞ്ച് കൊല്ലമായി വണ്ടി ഓടിച്ചു കൊണ്ടിരിക്കുന്ന ഡ്രൈവർമാർക്ക് ഒരു മാനദണ്ഡം നിശ്ചയിച്ചുകൊണ്ട് അവരെ സ്ഥിരപ്പെടുത്താൻ ആവശ്യമായ ഉത്തരവ് അങ്ങ് നൽകണം. തദ്ദേശ ഭരണവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുന്ന ഈ ഗവൺമെന്റിന്റെ ധനാഭ്യർത്ഥനയെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. പി. ജയരാജൻ : സർ, ധനാഭ്യർത്ഥനകളെ ഞാൻ അങ്ങേയറ്റത്തെ അഭിമാനപൂർവ്വം പിൻതുണയ്ക്കുകയാണ്. ഇവിടെ തദ്ദേശഭരണ സ്ഥാപനങ്ങൾ ഇന്ന് സ്വയംഭരണ സ്ഥാപനങ്ങളായി മാറിയിരിക്കുകയാണ്. നമ്മുടെ രാജ്യത്തെ ഭരണഘടന ഭേദഗതി ചെയ്തുകൊണ്ട് സ്വയംഭരണ സ്ഥാപനങ്ങളായി തദ്ദേശഭരണ സ്ഥാപനങ്ങളെ മാറ്റണം എന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ എത്രമാത്രം അധികാരം നൽകിയിട്ടുണ്ട്. എത്ര മാത്രം സ്വയംഭരണം നൽകിയിട്ടുണ്ട്. ഇവിടെ കോൺഗ്രസ്സിന്റെ നേതൃത്വത്തി ലുള്ള ഗവൺമെന്റാണ് ഇൻഡ്യ ഭരിക്കുന്നത്. എന്നാൽ കേരളത്തിലെ ഗവൺമെന്റാണ് അധികാര വികേന്ദ്രീകരണ പ്രക്രിയക്ക് ആവശ്യമായ എല്ലാ നടപടികളും കൈക്കൊണ്ട് പ്രവർത്തനത്തിന്റെ കാര്യത്തിൽ ഇൻഡ്യാ രാജ്യത്ത് ഒന്നാം സ്ഥാനത്ത് നിൽക്കുന്നത്. രണ്ടരക്കോടി രൂപയാണ് അതിന്റെ പാരിതോഷികമായി ഈ ഗവൺമെന്റിന് കൊടുക്കുന്നത്. അത്തരത്തിൽ ഒരു കേന്ദ്ര ഗവൺമെന്റിനെ നയിക്കുന്ന കോൺഗ്രസ്സിന് എങ്ങനെ ഈ ധനാഭ്യർത്ഥനകളെ എതിർക്കാൻ കഴിയും. നിങ്ങൾ മനസ്സാക്ഷിയെ വഞ്ചിക്കു കയാണ് ചെയ്യുന്നത്. അതുകൊണ്ട് ഞാൻ മറ്റ് കൂടുതൽ കാര്യങ്ങളിലേക്ക് കടക്കുന്നില്ല. ഇവിടെ തദ്ദേശഭരണ സ്ഥാപനവുമായി ബന്ധപ്പെട്ട നിരവധി കാര്യങ്ങൾക്ക് ഗവൺമെന്റ് നേതൃത്വം കൊടുത്തു മാറ്റങ്ങൾ വരുത്തി. തദ്ദേശ

LIBRARY ARCHIVES Kerala Legislative Assembly

ഭരണ സ്ഥാപനങ്ങളുടെ റവന്യൂ വരവിൽ 1996-97 കാലത്തേക്കാളും 50 ശതമാനത്തിന്റെ വർദ്ധനവുണ്ടായിരിക്കുകയാണ്. അതുപോലെതന്നെ തദ്ദേശഭരണ സ്ഥാപനങ്ങളെ ഭക്ഷ്യസുരക്ഷാപദ്ധതി നടപ്പാക്കുന്നതിനുള്ള ഏജൻസിയായി തീരുമാനിച്ചതിൽ വലിയ നിലയ്ക്കുള്ള മാറ്റമാണുണ്ടായത്. കാർഷിക മേഖലയിൽ ഒട്ടനവധി പരിമിതിയുണ്ട്. ആ പരിമിതിക്കുള്ളിൽനിന്നുകൊണ്ട് കുടുംബശ്രീ സംവിധാനത്തെ ഉപയോഗിച്ചുകൊണ്ട് 50,000 ഏക്കറിലാണ് സംഘ കൃഷി നടത്തിയിട്ടുള്ളത്. പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതിയും തദ്ദേശഭരണസ്ഥാപനങ്ങൾ വഴി നടപ്പാക്കുകയുണ്ടായി.

ഈ ഗവൺമെന്റിന്റെ തലയിൽ തിളങ്ങുന്ന ഒരു തൂവലായി കണക്കാക്കുന്ന ഇ.എം.എസ്. ഭവന പദ്ധതിക്ക് എത്ര ലക്ഷം കൊടുത്തു എന്നൊക്കെ ആക്ഷേപിക്കുന്നത് കേട്ടു. നമ്മുടെ സംസ്ഥാനത്ത് അഞ്ച് ലക്ഷം ആളുകൾ ഭവനരഹിതരും ഒന്നരലക്ഷം ആളുകൾ ഭൂരഹിത ഭവനരഹിതരായിട്ടും ഉണ്ടെന്നാണ് കണക്ക്. അവർക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി വീട് കൊടുക്കുന്നതിനുള്ള ഒരു പദ്ധതി ഈ ഗവൺമെന്റ് നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. നിങ്ങളുടെ ആക്ഷേപം ഇതുമായി ബന്ധപ്പെട്ടുകൊണ്ട് കുറെ സർക്കുലർ ഇറക്കി എന്നാണ്. ഒരു കുട്ടി നടന്നു തുടങ്ങുന്ന അവസരത്തിൽ ചിലപ്പോൾ വീഴും. ചില പോരായ്മകൾ സംഭവിക്കും. പക്ഷേ ഇൻഡ്യാ രാജ്യത്ത് കോൺഗ്രസ്സോ ബി.ജെ.പി.യോ ഭരിക്കുന്ന ഒരു സംസ്ഥാനത്തും ചെയ്യാൻ കഴിയാത്തവിധം ഈ സംസ്ഥാനത്തിലെ ഭൂരഹിതരായ ആളുകൾക്ക് ഭൂമിയും വീടും നൽകുക. ഭൂമിയുള്ളവർക്ക് വീടില്ല. വീട് വയ്ക്കാനുള്ള സാമ്പത്തികശേഷിയും ഇല്ലാത്തവർക്ക് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പത്ത് വർഷത്തിനകം കൊടുക്കുന്ന പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തിയിട്ട് മുഴുവൻ ആളുകൾക്കും വീട് കൊടുക്കാനാണ് ഈ പദ്ധതി. അതിനെ അനുകൂലിക്കാനുള്ള ഒരു മനോഭാവം, ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ കാണിക്കണമെന്നാണ് പറയാനുള്ളത്. ഇ.എം.എസ്. ഭവന പദ്ധതിയുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾക്ക് ഭരണ പ്രതിപക്ഷ വ്യത്യാസമില്ലാതെ ചർച്ച ചെയ്ത് പരിഹരിക്കേണ്ടതുണ്ട്. അതിന്റെ പരമാവധി വിസ്തൃതി 430 ചതുരശ്ര അടി, അതിന് അപ്പുറത്ത് വന്നുകഴിഞ്ഞാൻ പൊളിക്കണമെന്നൊക്കെ ചില ഉദ്യോഗസ്ഥൻമാർ നിർദ്ദേശിക്കുന്നുണ്ട്. അതൊരിക്കലും പ്രായോഗികമല്ല. അപ്പോൾ അത്തരത്തിലുള്ള നിർദ്ദേശങ്ങൾ ഉണ്ടെങ്കിൽ അത് തിരുത്തുകതന്നെ വേണമെന്നാണ് എനിക്ക് പറയാനുള്ളത്.

ഇവിടെ നമ്മുടെ സംസ്ഥാനത്ത് നടപ്പാക്കുന്ന തൊഴിലുറപ്പ് പദ്ധതിയിൽ, ഇപ്പോൾ വൻപിച്ച പുരോഗതിയുണ്ടായി. കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് പുരോഗതിയുണ്ടായി. ഒരു വർഷത്തിൽ നാൽപ്പത്തിരണ്ട് ദിവസം തൊഴിൽ കൊടുക്കാനുള്ള സംവിധാനം ലക്ഷ്യം വച്ചുകൊണ്ട് പ്രവർത്തിച്ചു. 35 ദിവസം കൊടുത്തു. ഇവിടെ നേരത്തെ ബഹുമാനപ്പെട്ട അംഗം ശ്രീ. രാജു പറഞ്ഞതുപോലെ 200 രൂപ കൊടുക്കാതെ ഇന്ന് കേരളത്തിൽ തൊഴിലുറപ്പ് പദ്ധതിയിലേക്ക് ആളെ കിട്ടില്ല. അപ്പോൾ 125 രൂപ മാത്രമേ കൊടുക്കുന്നുള്ളൂ. കേന്ദ്ര നിയമ പ്രകാരം അതത് സംസ്ഥാനത്തെ

LIBRARY ARCHIVES Kerala Legislative Assembly

മിനിമം കൂലി ഉറപ്പ് ചെയ്യപ്പെടേണ്ടതാണ് എങ്കിലും കേന്ദ്ര ഗവൺമെന്റ് അത് അനുവദിക്കുന്നില്ല. അപ്പോൾ നമ്മൾ യോജിച്ച് ആവശ്യപ്പെടേണ്ടതാണ്. അങ്ങനെ വന്നാൽ നല്ല രീതിയിൽ ഈ തൊഴിലുറപ്പ് പദ്ധതിയെ കേരളത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാൻ കഴിയും. അതുപോലെതന്നെ നീർത്തടാധിഷ്ടിത പരിപാടികൾ, അതുകൂടി അംഗീകരിച്ചു കഴിഞ്ഞാൽ ഈ തൊഴിലുറപ്പ് പദ്ധതി നമ്മുടെ കേരളത്തിലെ ഗ്രാമീണ മേഖലയിൽ വമ്പിച്ച മാറ്റമുണ്ടാക്കുന്ന ഒന്നാക്കി മാറ്റാൻ കഴിയും. അതുപോലെതന്നെ ഈ ഗവൺമെന്റിന്റെ ഭാവനാപൂർണ്ണമായിട്ടുള്ള നടപടിയാണ് നഗര തൊഴിലുറപ്പുപദ്ധതി. ആ നഗര തൊഴിലുറപ്പ് പദ്ധതി കൂടി നടപ്പാക്കിക്കഴിഞ്ഞാൽ ഈ തൊഴിലുറപ്പുമേഖലയിൽ കേരളം വളരെയധികം മുന്നോട്ടുപോകും. മാലിന്യ മുക്തകേരളം പരിപാടിയൊക്കെ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ഇതൊക്കെ നടത്തണമെങ്കിൽ നമ്മുടെ തദ്ദേശ ഭരണ സ്ഥാപനങ്ങളെ ഇനിയും ശക്തിപ്പെടുത്തണം. ഇവിടെയാണ് യു.ഡി.എഫും എൽ.ഡി.എഫും തമ്മിലുള്ള നയപരമായ വ്യത്യാസം. പ്രാദേശിക സ്വയംഭരണസ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക എന്നുള്ളതാണ് എൽ.ഡി.എഫ്-ന്റെ നയം. ഞാനൊക്കെ ജില്ലാ കൗൺസിൽ മെമ്പറായിരുന്നു. ശ്രീ. കെ. കരുണാകരൻ യു.ഡി.എഫ്-ന്റെ മുഖ്യമന്ത്രിയായി വന്നപ്പോൾ ആ ജില്ലാ കൗൺസിൽ പിരിച്ചുവിട്ടു. അന്ന് മൂന്ന് ബാലൻമാരാണ് കേരളത്തിലെ ജില്ലാകൗൺസിൽ പ്രസിഡണ്ടുമാർ. ആ ബാലൻമാരെ വധിച്ചുവെന്നാണ് ശ്രീ. സുകുമാർ അഴീക്കോട് പോലും പറഞ്ഞത്. ബാലവധം നടത്തിയെന്നാണ്. അതിൽ രണ്ടാൾ ഇപ്പോൾ ജീവിച്ചിരിപ്പില്ല. കോഴിക്കോട്ടെ ബാലൻ മാഷും കണ്ണൂരിലെ ജില്ലാപഞ്ചായത്ത് പ്രസിഡായിരുന്ന ടി. കെ. ബാലേട്ടനും ഇല്ല. ഇപ്പോൾ ശ്രീ. എ. കെ. ബാലൻ മാത്രമേ ആ ബാലൻമാരിൽ ഇപ്പോൾ ബാക്കിയുള്ളു. അപ്പോൾ അധികാര വികേന്ദ്രീകരണത്തോട് യു.ഡി.എഫും. എൽ.ഡി.എഫും. കൈക്കൊണ്ട നിലപാട് എന്തായിരുന്നു എന്നുള്ള കാര്യമാണ് നമ്മൾ മനസ്സിലാക്കേണ്ടത്. ഇന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾ വളരെ ശക്തവും വിപുലമായിട്ടുള്ള നിലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. അതിന് തക്കനിലയിൽ അവരുടെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കണം. ഇന്ന് ജനനമരണ രജിസ്ട്രേഷൻ അടക്കം നടത്തുന്ന സ്ഥാപനമെന്ന നിലക്ക് ഒട്ടേറെ തിരക്കുപിടിച്ച പ്രവർത്തനമാണ് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നടന്നുകൊണ്ടിരിക്കുന്നത്. അതിന് ആവശ്യമായ സ്റ്റാഫിനെ നൽകാൻ കഴിയണം. മറ്റൊരു മേഖലയാണ് നഗര വികസനം, പഞ്ചായത്തുമായി ബന്ധപ്പെട്ട കുറേ നേട്ടങ്ങൾ ഇവിടെ പറഞ്ഞുകഴിഞ്ഞു. ഞാൻ അത് ആവർത്തിക്കുന്നില്ല. സാമൂഹ്യ വികസന മേഖലയിൽ ഈ ഗവൺമെന്റ് ചെയ്തതുപോലെ മുൻഗവൺമെന്റ് ചെയ്തിട്ടുണ്ടോ എന്ന് നമുക്കൊന്ന് താരതമ്യം ചെയ്തുനോക്കാം. കേരളത്തിലെ ന്യൂനപക്ഷ മേഖലയിൽ ഈ ഗവൺമെന്റ് നടത്തിയിട്ടുള്ള പ്രവർത്തനം തിളങ്ങിനിൽക്കുകയാണ് ഇൻഡ്യാരാജ്യത്ത്. ഒട്ടേറെ കമ്മിഷനുകൾ വന്നിട്ടുണ്ട്. ന്യൂനപക്ഷ ക്ഷേമം സംബന്ധിച്ച്. ജസ്റ്റീസ് രജീന്ദ്ര സച്ചാർ കമ്മീഷൻ. ശുപാർശകൾ വന്നിട്ടുണ്ട്, പക്ഷേ ശുപാർശകൾ നടപ്പാക്കുന്ന കാര്യത്തിൽ ഈ കേരളത്തിലെ എൽ.ഡി.എഫ്. ഗവൺമെന്റാണ് വളരെയധികം മുൻപിൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്നിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിലാണ് പാലോളി കമ്മിറ്റി രൂപീകരിച്ചത്. ആ പാലോളി കമ്മിറ്റി നടത്തിയിട്ടുള്ള നടപടികൾ നമ്മളൊന്ന് പരിശോധിച്ചു നോക്കുക. മുസ്ലീം പെൺകുട്ടികൾക്കുള്ള സ്കോളർഷിപ്പ്, അതുപോലെതന്നെ മത്സര പരീക്ഷക്ക് യോഗ്യത, കഴിവ് വർദ്ധിപ്പിക്കുന്നതിനുള്ള കോച്ചിംഗ് സെന്ററുകൾ, മദ്രസ്സാ അദ്ധ്യാപകർക്ക് ക്ഷേമനിധിയും പെൻഷനും അതുപോലെത്തന്നെ ദലിത്, കച്ചിമേമൻ വിഭാഗങ്ങൾക്ക് സംവരണത്തിന്റെ ആനുകൂല്യം. ഇതുമാത്രമല്ല വിദ്യാഭ്യാസപരമായി പിന്നോക്കാവസ്ഥയുള്ള മുസ്ലീം കേന്ദ്രീകൃത പ്രദേശങ്ങളിൽ വിദ്യാഭ്യാസ അസൗകര്യങ്ങൾ പരിഗണിച്ചുകൊണ്ട് അവ പരിഹരിക്കുന്നതിനുള്ള നടപടി, ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് വന്നിരിക്കുകയാണ്.

സർ, ഈ മുസ്ലീമിന്റെ പേരു പറഞ്ഞിട്ടുള്ള പാർട്ടി മുമ്പ് ഈ സംസ്ഥാനം ഭരിച്ചിട്ടുണ്ട്. മുസ്ളീം ജനവിഭാഗങ്ങളുടെ പ്രധാനപ്പെട്ട ആരാധനാ കേന്ദ്രമായ മെക്കയിലേക്ക് ഹജ്ജിന് പോകുന്നയാളുകൾക്ക് കോഴിക്കോട് കരിപ്പൂർ വിമാനത്താവളത്തിനടുത്ത് ഉണ്ടാക്കിയ ഹജ്ജ് ഹൗസിന്റെ നിർമ്മാണം എത്ര വേഗമാണ് ഈ ഗവൺമെന്റ് പൂർത്തീകരിച്ചത്? ഇന്ന് ആയിരത്തിലധികം ആളുകൾക്ക് നിസ്ക്കരിക്കാനും താമസിക്കാനുമൊക്കെയുള്ള സൗകര്യങ്ങൾ നൽകുന്ന ഒരു ഹജ്ജ് ഹൗസ് അവിടെ രൂപീകരിച്ചത് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ നേട്ടമാണ്. .കേരളത്തിൽ ന്യൂനപക്ഷ വകുപ്പ് രൂപീകരിച്ചു. സ്പെഷ്യൽ ഓഫീസറെ നിശ്ചയിച്ചു. അത് മാത്രമല്ല, വഖഫ് സ്വത്തുകൾ സംരക്ഷിക്കണം, രാജ്യത്ത് വഖഫ് നിയമമുണ്ട്, നമ്മുടെ സംസ്ഥാനങ്ങളിൽ വഖഫ് ചട്ടങ്ങളുണ്ട്. അതനുസരിച്ച് വഖഫ് സ്വത്തുകൾ സംരക്ഷിക്കാൻ വേണ്ടി ഈ ഗവൺമെന്റ് നടത്തിയ പ്രവർത്തനത്തെ ആർക്കും വില കുറച്ച് കാണാൻ കഴിയുകയില്ല. വഖഫ് സ്വത്തുകൾ സംരക്ഷിക്കുന്ന കാര്യത്തിൽ മുൻകാലത്ത് നടന്നിട്ടുള്ള ഒട്ടേറെ ക്രമക്കേടുകളാണ് ഇപ്പോൾ ജസ്റ്റിസ് നിസ്സാർ കമ്മിറ്റിയുടെ പരിശോധനയുടെ ഭാഗമായി ഈ സഭയുടെ മേശപ്പുറത്ത് വന്നിട്ടുള്ളത് അതിനകത്ത് പ്രധാനപ്പെട്ട ചില ക്രമക്കേടുകൾ പറഞ്ഞിരിക്കുകയാണ്. തളിപ്പറമ്പിലെ ഒരു മുസ്ലീം മഹല്ല് കമ്മിറ്റി, വഖഫ് ബോർഡല്ല, ഒരു വഖഫ് ഇൻസ്റ്റിറ്റ്യൂഷൻ 50,000 രൂപയാണ് മുസ്ലീംലീഗിന്റെ ജില്ലാ കമ്മറ്റിക്ക് കൊടുത്തതായി പറയുന്നത്. നാണക്കേടല്ലേ ഇത്? മതം വേറെ രാഷ്ട്രീയം വേറെ. മുസ്ലീം ലീഗിന്റെ ജില്ലാ കമ്മിറ്റിക്ക് 50,000 രൂപ കൊടുത്തു. അതുമാത്രമാണോ ? വഖഫ് സ്വത്തുകൾ ശരിയായി കൈകാര്യം ചെയ്യുന്നതിനുപകരം അത് സ്ഥലം മാറ്റം ചെയ്യുക, കച്ചവടം നടത്തുക. 118 ഏക്കർ എസ്റ്റേറ്റ് ഒരു കെട്ടിടമടക്കം കൈമാറ്റം ചെയ്യുക. എന്തെല്ലാം ക്രമക്കേടുകളാണ് വഖഫിന്റെ മേഖലയിൽ നടന്നത് ?

ശ്രീ. എം. ഉമ്മർ : സർ, പോയിന്റ് ഓഫ് ഓർഡർ, വസ്തുതാ വിരുദ്ധമായ കാര്യമാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിക്കുന്നത്. തളിപ്പറമ്പിലെ ഒരു മുസ്ലീം മഹല്ല് കമ്മിറ്റി, 50,000 രൂപ വഖഫ് ഇൻസ്റ്റിറ്റ്യൂഷൻ എടുത്തുകൊടുത്തു എന്നാണ് പറഞ്ഞത്. ആ നടപടിയെ സംബന്ധിച്ച്, ഈ സഭയിലെ അംഗമായ ശ്രീ. കെ. വി. അബ്ദുൾഖാദർ ചെയർമാനായ വഖഫ്

LIBRARY ARCHIVES Kerala Legislative Assembly

ബോർഡിന്റെ തീരുമാനം ശരിയായിരുന്നു, അത് ശരിയായ നടപടിയായിരുന്നു, അതിൽ തെറ്റില്ല എന്നുപറഞ്ഞ് വിധി പ്രസ്താവിച്ചിരിക്കുകയാണ്. അങ്ങനെയുള്ള വസ്തുതക്ക് തെറ്റായ രീതിയിൽ പറഞ്ഞത് സഭാ രേഖയിൽ കാണാൻ പാടില്ല. ആ രേഖ വേണമെങ്കിൽ മേശപ്പുറത്തുവയ്ക്കാം.

ശ്രീ. പി. ജയരാജൻ: സർ, സഭയുടെ രേഖയിൽ ഈ റിപ്പോർട്ടുണ്ടല്ലോ, സർപ്പം പോറ്റാനത്തെ രേഖയുണ്ടല്ലോ ഇവിടെ. അതിനപ്പുറം വേറെ എന്താണ് വേണ്ടത്? 50,000 രൂപ മുസ്ലീംലീഗിന്റെ ജില്ലാ കമ്മിറ്റിക്ക് കൊടുത്തിരിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: അത് പരിശോധിക്കാം.†

ശ്രീ. പി. ജയരാജൻ: മതം വേറെ, രാഷ്ട്രീയം വേറെ.

മി. ഡെപ്യൂട്ടി സ്പീക്കർ : പരിശോധിക്കാം......

ശ്രീ. പി. ജയരാജൻ: സർ, ഞാൻ വഴങ്ങുന്നില്ല വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ്. ഭരണപക്ഷമോ പ്രതിപക്ഷമോ വ്യത്യാസമില്ലാതെ സഭയാകെ ചർച്ച ചെയ്യേണ്ട ഒരു വിഷയത്തിലേക്കാണ് ഞാൻ കടക്കുന്നത്. ഇവിടെ ഈശ്വര വിശ്വാസത്തെ വോട്ടിനായിട്ട് ഉപയോഗിക്കുകയാണ്. .... (ബഹളം)...........

മി. ഡെപ്യൂട്ടി സ്പീക്കർ: അത് പരിശോധിച്ച് വേണ്ടത് ചെയ്യും.†

ശ്രീ. പി. ജയരാജൻ: ഇവിടെ ഇന്നലെ... ഇന്നലെ....എനിക്ക് സമയം തരണം സർ. ....(ബഹളം)..............

മി. ഡെപ്യൂട്ടി സ്പീക്കർ : ഇല്ല, ഇല്ല,.......... അത് പറഞ്ഞുകഴിഞ്ഞു. അത് പരിശോധിച്ച് രേഖയിൽ നിന്ന് നീക്കേണ്ടതാണെങ്കിൽ ഉറപ്പായി ചെയ്യും.

ശ്രീ. പി. ജയരാജൻ: സർ, പ്രസക്തമായിട്ടുള്ള ഭാഗം ഞാൻ വായിക്കാം. ......(ബഹളം)......

മി. ഡെപ്യൂട്ടി സ്പീക്കർ: അത് പറഞ്ഞു കഴിഞ്ഞു.

ശ്രീ. പി. ജയരാജൻ: ഈ രേഖയിൽതന്നെ വ്യക്തമായിട്ട് പറഞ്ഞിട്ടുള്ളതാണ്. അതായത് ഈ തളിപ്പറമ്പിലെ മുസ്ലീം മഹല്ല് കമ്മിറ്റി, ലീഗിന്റെ ഒരു സുവനീറിന് 50,000 രൂപ കൊടുത്തിരിക്കുന്നു എന്ന് വ്യക്തമായി പറഞ്ഞിട്ടുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: ചെയർ റൂളിംഗ് നൽകിയതാണ്. വീണ്ടും അത് പറയേണ്ട. അത് പരിശോധിക്കാമെന്നു പറഞ്ഞല്ലോ. അങ്ങ് സംസാരിക്കൂ.... പ്ലീസ്, പ്ലീസ്

† ഫയൽ നമ്പർ 3517/ഇ.ബി./2010 ലെജി. 3-9-2010 ഉത്തരവുപ്രകാരം നിലനിറുത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജയരാജൻ : ഈശ്വരവിശ്വാസത്തെ വോട്ടിനായിട്ട് ദുരുപയോഗപ്പെടുത്താൻ പാടില്ല. റോമൻ കത്തോലിക്കാ വിഭാഗത്തിന്റെ പള്ളികളിൽ ഒരു ഇടയലേഖനം വായിച്ചതായി ഇന്ന് പത്രങ്ങളിൽ വന്നു. ഈശ്വരവിശ്വാസത്തെ രാഷ്ട്രീയ നേട്ടത്തിനുവേണ്ടി ദുരുപയോഗം ചെയ്യുന്ന ഒരു പ്രവണതയാണ്. കേരളത്തിലെ ക്രിസ്ത്യൻ വിഭാഗത്തിൽ ലാറ്റിൻ കത്തോലിക്കാ വിഭാഗമുണ്ട്. അവർ പറഞ്ഞു, തെരഞ്ഞെടുപ്പിൽ ഇന്ന പാർട്ടിക്ക് വോട്ട് ചെയ്യണമെന്നൊന്നും ഞങ്ങൾ പറയുന്നില്ല. പിന്നെയോ സമദൂരം. പക്ഷേ റോമൻ കത്തോലിക്കാ വിഭാഗ പള്ളികളിൽ നിരീശ്വരവാദ പ്രസ്ഥാനം എന്ന് സൂചിപ്പിച്ചുകൊണ്ട് ഇടതുപക്ഷത്തെ എതിർക്കാൻ വേണ്ടി ആഹ്വാനം ചെയ്യുകയാണ്. ഇത് മതനിരപേക്ഷതയുടെ സത്തയ്ക്ക് കനത്ത ആഘാതം ഏൽപ്പിക്കുന്ന നടപടിയാണ്. ഇതേക്കുറിച്ച് കോൺഗ്രസ്സിന്റെ അഭിപ്രായം അറിയണം. മാറാട് കമ്മീഷൻ റിപ്പോർട്ടിലടക്കം എഴുതിവച്ചിട്ടുണ്ട്. മതം വേറെ, രാഷ്ട്രീയം വേറെ. മതസ്ഥാപനങ്ങളിൽ രാഷ്ട്രീയമായിട്ടുള്ള താൽപര്യംവച്ച് ഇടപെടാൻ പാടുണ്ടോ ? ഇത് വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ്. ഈ സഭ ചർച്ച ചെയ്യേണ്ട വിഷയമാണ്. നിങ്ങൾക്ക് നാല് വോട്ട് കിട്ടുമെന്ന് വിചാരിച്ച് ഇത്തരം കാര്യങ്ങളെ പ്രോത്സാഹിപ്പിക്കരുതെന്നാണ് ഞാൻ പറയുന്നത്. അങ്ങനെ പ്രോത്സാഹിപ്പിച്ചതിന്റെ ദുരന്തഫലമാണല്ലോ ഇപ്പോൾ ഒരു അദ്ധ്യാപകന്റെ കൈപ്പത്തി വെട്ടിമാറ്റുന്നതിലേയ്ക്കെത്തിയത്. ആ മതതീവ്രവാദികളെ നിങ്ങൾ പ്രോത്സാഹിപ്പിച്ചു. ഇവിടെ അദ്ധ്യാപകന്റെ കൈവെട്ടിമാറ്റിയത് പോപ്പുലർ ഫ്രണ്ട് ആണ്. നേരത്തെ അതിന്റെ പേര് എൻ.ഡി.എഫ്. എന്നാണ്. ആരാണ് പഠിപ്പിച്ചതെന്ന് ഞാൻ പറഞ്ഞുതരാം. ശ്രീ. പി. സി. ജോർജ്ജ്, ക്ഷമിച്ച് കേൾക്ക്. ഇത് സത്യധാര എന്നുപറയുന്ന ദ്വൈവാരികയാണ്. (ദ്വൈവാരിക ഉയർത്തിക്കാട്ടി) എസ്.കെ.എസ്.എസ്.എഫ്. 'സമസ്ത' അതായത് ലീഗിനെ എല്ലായ്പ്പോഴും അനുകൂലിച്ച്, ലീഗിന് ഉപദേശം നൽകുന്ന ഒരു മതസംഘടനയാണ് ഈ സംഘടന. ഓരോ നിർണ്ണായക ഘട്ടങ്ങളിലും പാർട്ടി ജനറൽ സെക്രട്ടറി ഈ തീവ്രവാദ സംഘടനയുടെ തുണയ്ക്കെത്തി. ഏറ്റവും അവസാനം കോഴിക്കോട് പാർട്ടി നടത്തിയ സംവരണ സമ്മേളനത്തിൽ സമുദായം അകറ്റി നിർത്തിയിരുന്ന എൻ.ഡി.എഫി-നെ ക്ഷണിച്ചുകൊണ്ട് തീവ്രവാദികൾക്ക് ഔദ്യോഗികമായ അംഗീകാരം നേടിക്കൊടുത്തത് ശ്രീ. ഉമ്മൻ ചാണ്ടിയുടെ വലത് ഭാഗത്ത് യു.ഡി.എഫ്.-ന്റെ ഒപ്പം ഇരിക്കുന്ന ലീഗിന്റെ ജനറൽ സെക്രട്ടറി ശ്രീ. കുഞ്ഞാലിക്കുട്ടിയാണ്. അദ്ദേഹത്തിന് എൻ.ഡി.എഫ്.-മായിട്ടുള്ള അവിഹിതബന്ധം ഞാൻ പറഞ്ഞു. എൻ.ഡി.എഫ്-കാരന് പാർട്ടി മെമ്പർഷിപ്പ്പോലും നൽകില്ലെന്നാണ് ഹൈപവ്വർ കമ്മിറ്റി തീരുമാനം. പക്ഷേ തീരുമാനം കടലാസിൽ മാത്രം. എൻ.ഡി.എഫ്.-ന് വളരാനുള്ള എല്ലാം ചെയ്തുകൊടുത്തത് പാർട്ടിയുടെ ഉന്നത സ്ഥാനത്തിരിക്കുന്ന ചിലരായിരുന്നു. അഖിലേന്ത്യാ മുസ്ലീം പേഴ്സണൽ ലാ ബോർഡിന്റെ സമ്മേളനം എൻ.ഡി.എഫ്.-ന്റെ കാർമ്മികത്വത്തിൽ കേരളത്തിൽ നടത്താൻ നിശ്ചയിച്ചപ്പോൾ കേരളത്തിലെ എല്ലാ മുസ്ലീം സംഘടനകളും അതിനെ എതിർത്തു. എന്നാൽ മുസ്ലീംലീഗിന്റെ സമുന്നതരായ ചിലർ ഇടപെട്ട് ആ സമ്മേളനം

1212/13

LIBRARY ARCHIVES Kerala Legislative Assembly

നടത്താൻ എൻ.ഡി.എഫ്-ന് പിന്തുണ വാഗ്ദാനം ചെയ്യുകയായിരുന്നു. അപ്പോൾ "സമസ്തയും" കീഴ്ഘടകങ്ങളും ഉറച്ച സമീപനം സ്വീകരിച്ചതു കൊണ്ടുമാത്രമാണ് ആ സമ്മേളനം നടത്താൻ എൻ.ഡി.എഫ്-ന് കഴിയാതെ പോയത്. ഓരോ നിർണ്ണായക ഘട്ടത്തിലും, പാർട്ടി ജനറൽ സെക്രട്ടറി, ഈ തീവ്രവാദ സംഘടനയുടെ തുണയ്ക്കെത്തി. ഏറ്റവും അവസാനം കോഴിക്കോട് പാർട്ടി നടത്തിയ സംവരണ സമ്മേളനത്തിൽ സമുദായം അകറ്റി നിർത്തിയിരുന്ന എൻ.ഡി.എഫ്.-നെ ക്ഷണിച്ചുകൊണ്ട് തീവ്രവാദികൾക്ക് ഔദ്യോഗികമായി അംഗീകാരം നേടിക്കൊടുത്തു. എൻ.ഡി.എഫും പാർട്ടിയും തമ്മിലുണ്ടാക്കിയ അവിഹിതബന്ധത്തിന്റെ ആഴം അറിയുമ്പോൾ പാർട്ടിയെ സ്നേഹിക്കുന്ന ഒരാൾക്കും ഞെട്ടാതിരിക്കാനാവില്ല. പാർട്ടിയുടെ ഉന്നത സ്ഥാപനത്തിൽ ഏറ്റവും ഉയർന്ന പോസ്റ്റിൽ അവരോധിച്ചിരിക്കുന്നത് എൻ.ഡി.എഫ്. നേതാവിനെയാണ്. ഇവിടെ ഈ കുഞ്ഞാലിക്കുട്ടി എന്നു പറയുന്ന ഒരു ലീഗ് നേതാവിന്റെ നേതൃത്വത്തിൽ മതതീവ്രവാദത്തെ പ്രോത്സാഹിപ്പിക്കുന്ന നിലപാടാണ് സ്വീകരിക്കുന്നത്.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, പോയിന്റ് ഓഫ് ഓർഡർ, സഭയെ തെറ്റിദ്ധരിപ്പിക്കുന്ന ചില പരാമർശങ്ങളാണ് ഇവിടെ ബഹുമാനപ്പെട്ട മെമ്പർ നടത്തിയത്. നേതാക്കന്മാരുടെ പരിശ്രമഫലമായിട്ടാണ് ഈ സത്യധാര എന്നുപറയുന്ന 'സമസ്താ' ഇങ്ങനെയുണ്ടായത് എന്ന് പറഞ്ഞു. ഈ 'സമസ്ത' യുടെ നേതാക്കന്മാരെയും നിങ്ങൾക്കറിയാം പാണക്കാട് സയ്യിദ് അലി ഷിഹാബ് തങ്ങളേയും ഹൈദർ അലി ഷിഹാബ് തങ്ങളെയുംപോലെയുള്ളവരാണ് അതിന് നേതൃത്വം കൊടുക്കുന്നത്. ഇവിടെ തെറ്റായ രീതിയിൽ എൻ.ഡി.എഫ്-കാരെക്കുറിച്ച് പരാമർശം നടത്തുകയാണ്. എൻ.ഡി.എഫി-ന്റെ നേതാവായിരുന്ന സെൻട്രൽ കമ്മിറ്റിയംഗം ഇക്കറാമുൽ ഹഖിനെ എടരിക്കോട് പഞ്ചായത്തിന്റെ പ്രസിഡന്റാക്കിയത് മാർക്സിസ്റ്റ് പാർട്ടിയുടെ പിന്തുണയോടുകൂടിയാണ് എന്ന കാര്യം മറക്കരുത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ജയരാജൻ, അങ്ങയുടെ പ്രസംഗം അവസാനിപ്പിക്കുക.

ശ്രീ. പി. ജയരാജൻ: എന്റെ സമയം നഷ്ടപ്പെടുത്തരുത്................ (ബഹളം)...............

ശ്രീ. പി. ടി. എ. റഹിം: ഈ ഇക്കറാമുൽ ഹഖ് ഇപ്പോൾ കോൺഗ്രസ്സാണെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. പി. ജയരാജൻ: 2006-ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ ലീഗിന്റെ തോൽവി സംബന്ധിച്ചാണ് അവർ വിശകലനം ചെയ്തത്. അതിനുശേഷം 2008 ഏപ്രിൽ 14, 15 തീയതികളിൽ എൻ.ഡി.എഫ്. പോപ്പുലർ ഫ്രണ്ടായി. അത് നിങ്ങൾ മനസ്സിലാക്കണം. നിങ്ങൾ സി.പി.ഐ.(എം.) വിരോധം കൊണ്ടോ ഇടതുപക്ഷ വിരോധം കൊണ്ടോ വസ്തുതകൾ കാണാതിരിക്കരുത്. നിങ്ങളുടെ കൂടെയിരിക്കുന്ന ലീഗിനകത്ത്, മുസ്ലീം തീവ്രവാദത്തെ പ്രോത്സാഹിപ്പിക്കുന്ന ചില ശക്തികളുണ്ട്. അതിന്,

LIBRARY ARCHIVES Kerala Legislative Assembly

നേതൃത്വം കൊടുക്കുന്നത് കുഞ്ഞാലികുട്ടി എന്ന് പറയുന്ന ലീഗിന്റെ നേതാവാണ്......... (ബഹളം)........ആ പോപ്പുലർ ഫ്രണ്ടിന് ഒട്ടേറെ സംഘടനകളുണ്ട്. അതിലൊന്ന് ക്യാമ്പസ് ഫ്രണ്ട്, മറ്റൊന്ന് വിമെൻസ് ഫ്രണ്ട്. ആ വിമെൻസ് ഫ്രണ്ട്, 2008 ഏപ്രിൽ 14,15 തീയതികളിൽ മലപ്പുറം ജില്ലയിലെ പുത്തനത്താണിയിൽ ഒരു സമ്മേളനം നടത്തിയിരുന്നു. അത് ഉദ്ഘാടനം ചെയ്യാൻ വന്നത് വിദേശത്തുനിന്നൊരു വനിതയാണ്. മലേഷ്യയിൽ നിന്നുള്ള ഡോ. മറിയം മുഹമ്മദ്. ആ മറിയം മുഹമ്മദിനെ സ്വീകരിക്കാൻ പോയത് വനിതാ ലീഗിന്റെ സംസ്ഥാന നേതാവായ ഖമറുന്നീസാ അൻവർ. ഇത് നിഷേധിക്കാൻ കഴിയുമോ ? ലീഗുകാരെ ഞാൻ വെല്ലുവിളിക്കുകയാണ്. നിഷേധിക്കാൻ കഴിയുമോ ? 1993-ൽ എൻ.ഡി.എഫ്. രൂപംകൊണ്ടതിനു ശേഷം പതിനാറ് വർഷക്കാലത്തിനിടക്ക് കേരളത്തിലെ 22 ചെറുപ്പക്കാരെയാണ് വധിച്ചത്. എൻ.ഡി.എഫ്-ന് ഒരു മതകോടതിയുണ്ട്. വധശിക്ഷ നടപ്പാക്കാൻ വിധിക്കുന്ന ഒരു കോടതിയുണ്ട്. അതിന്റെ പേരാണ് ദാറുൽ ഹുദ. ദാറുൽ ഹുദ എന്നുപറയുന്ന ആ കോടതി രൂപീകരിക്കുന്നതിനു വേണ്ടിയുള്ള സമ്മേളനത്തിൽ മലപ്പുറം ജില്ലയിലെ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ലീഗിന്റെ നേതാവ് പങ്കെടുത്തു. ഇവിടെ ബഹുമാനപ്പെട്ട പി. വിശ്വൻ, പറഞ്ഞു ; മനുഷ്യാവകാശ സംഘടനകളെ ഉപയോഗിച്ചുകൊണ്ട് തീവ്രവാദ പ്രവർത്തനം നടത്തുന്നു. കേരളത്തിലെ കോൺഫഡറേഷൻ ഓഫ് ഹ്യൂമൻ റൈറ്റ്സ് എന്നുപറയുന്ന ഒരു സംഘടനയുടെ ചെയർമാനായിരുന്നു ബഹുമാന്യനായിട്ടുള്ള കെ. ഭാനു. കേരളത്തിലെ ആദിവാസികളുടെ ജീവിതത്തെക്കുറിച്ച് "കേരളത്തിലെ ആഫ്രിക്ക" എന്ന പുസ്തകമെഴുതി നമ്മുടെ സമൂഹത്തെ അറിയിച്ചിട്ടുള്ള ആ കെ. ഭാനുവിനെ സമീപിച്ചു.

മി. ഡെപ്യൂട്ടി സ്പീക്കർ : പോയിന്റ് ഓഫ് ഓർഡർ. അങ്ങേക്ക് ഒരു പ്രാവശ്യം അനുവദിച്ചു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : പോയിന്റ് ഓഫ് ഓർഡർ. ദാറുൽ ഹുദാ ഇസ്ലാമിക് അക്കാഡമി കേരളത്തിൽ അറിയപ്പെടുന്ന, നല്ലനിലയിൽ പ്രവർത്തിക്കുന്ന അന്താരാഷ്ട്ര പ്രശസ്തിയാർജ്ജിച്ച ഒരു സ്ഥാപനമാണ്. ആ സ്ഥാപനത്തിന്റെ പേര് ഇതുപോലൊരു തീവ്രവാദ സംഘടനയുമായി ബന്ധപ്പെടുത്തി ഇവിടെ ഉപയോഗിച്ചത് ഓർഡറിലാണോ.........(ബഹളം).......

മി. ഡെപ്യൂട്ടി സ്പീക്കർ : ഇത് വേറെ, അത് വേറെയായിരിക്കും. ....(ബഹളം)..........

ശ്രീ. പി. . ജയരാജൻ : ....(ബഹളം).........ഞാനൊരു അക്കാഡമിയെപ്പറ്റിയല്ല പറഞ്ഞത്. ഈ പറഞ്ഞ അക്കാഡമിയെപ്പറ്റിയല്ല പറഞ്ഞത്. കേരളത്തിൽ എൻ.ഡി.എഫ്. നടത്തുന്ന കൊലപാതകങ്ങൾക്ക് ശിക്ഷ വിധിക്കുന്ന കോടതിയെക്കുറിച്ചാണ് ഞാൻ പറഞ്ഞത്.....(ബഹളം)....... എൻ.ഡി.എഫ്.-ന്റെ കോടതിയെക്കുറിച്ച് പറയുമ്പോൾ എന്തിനാണ് ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണിക്ക് പ്രതിഷേധം.

മി. ഡെപ്യൂട്ടി സ്പീക്കർ : അറിയാത്ത വിഷയങ്ങൾ പരിശോധിക്കാനേ പറ്റൂ. അറിയാത്തൊരു വിഷയമായതുകൊണ്ട് പരിശോധിക്കയല്ലാതെ വേറെ മാർഗ്ഗമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജയരാജൻ : എന്റെ സമയമൊക്കെ അപഹരിച്ചു.

മി. ഡെപ്യൂട്ടി സ്പീക്കർ : അങ്ങ് ഒരു പോയിന്റ് കൂടി പറഞ്ഞ് അവസാനിപ്പിക്കുക.

ശ്രീ. പി. ജയരാജൻ : ഈ സമീപ കാലത്ത് ഏറ്റവും വലിയ വിപത്തായി വന്നിരിക്കുന്നത് മതതീവ്രവാദമാണ്. ആ മത തീവ്രവാദത്തെക്കുറിച്ച് പറയുന്ന അവസരത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഉമ്മൻ ചാണ്ടി പറയുന്നത് രാഷ്ട്രീയ ഭീകരതയെക്കുറിച്ച് ചർച്ചചെയ്യണമെന്നാണ്. നമ്മുടെ വീട്ടിൽ വന്ന് ദ്രോഹം ചെയ്യുന്ന എലിയെക്കുറിച്ച് പറയുന്ന അവസരത്തിൽ ഉടനെ പൂച്ച, പൂച്ച എന്ന് പറഞ്ഞ് അട്ടഹസിക്കുകയാണ്, എലിക്ക് ഓടി രക്ഷപ്പെടാനുള്ള അവസരം ഉണ്ടാക്കിക്കൊടുക്കുകയാണ്. കേരളത്തിന്റെ സാമൂഹ്യ ജീവിതത്തിൽ വലിയ രീതിയിൽ വിപത്തുണ്ടാക്കുന്ന മത തീവ്രവാദവും അക്രമ പ്രവർത്തനങ്ങളും നടത്തുന്ന പോപ്പുലർ ഫ്രണ്ടിന്റെ പേര് പറയാൻപോലും ഭയപ്പെടുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : അങ്ങ് കൺക്ലൂഡ് ചെയ്യൂ.........പ്ലീസ് അങ്ങ് സഹകരിക്കണം.

ശ്രീ. പി. ജയരാജൻ : ആ പോപ്പുലർ ഫ്രണ്ടിനെ രാഷ്ട്രീയത്തിൽ കൂട്ടുകെട്ടാൻ വേണ്ടി കുഞ്ഞാലികുട്ടി പുറപ്പെടുന്നു. ജമാ അത്ത് ഇസ്ലാമിക് കൂട്ടുകെട്ടാൻ പുറപ്പെടുന്നു. അതിന്റെ കൂടെയാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഉമ്മൻ ചാണ്ടി നിർഭാഗ്യവശാൽ പെട്ടിരിക്കുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ : അങ്ങ് അവസാനിപ്പിക്കൂ.

ശ്രീ. പി. ജയരാജൻ : ഞാൻ അവസാനിപ്പിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് സെപ്തംബർ മാസത്തിൽ തെരഞ്ഞെടുപ്പ് നടക്കാൻ പോവുകയാണ്. ആ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി നിൽക്കുന്നത് അധികാരവികേന്ദ്രീകരണം ശക്തിപ്പെടുത്തുവാൻ വേണ്ടിയാണ്. അതിനെതിരായിട്ടുള്ള നിലപാടാണ് അപ്പുറത്തുള്ളത്. അതുമാത്രമല്ല, നമ്മുടെ സമൂഹത്തിന് അപകടകരമായിട്ടുള്ള മത തീവ്രവാദ ശക്തികളെ പ്രോത്സാഹിപ്പിച്ച സമീപനമാണ് യു.ഡി.എഫ്. സ്വീകരിക്കുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. പി. കൃഷ്ണപ്രസാദ് അങ്ങേക്ക് സംസാരിക്കാം.

ശ്രീ. പി. ജയരാജൻ : അക്രമികൾക്ക് പ്രോത്സാഹനം നൽകുന്ന ഒരു പാർട്ടിയിലെ ഒരു വിഭാഗമാണ് കുഞ്ഞാലികുട്ടിയുടെ നേതൃത്വത്തിലുള്ളത്. ഇതിനെതിരായി കോൺഗ്രസ്സിന്റെയും പ്രതിപക്ഷ നേതാവിന്റെയും സമീപനം എന്താണെന്ന് ഇതുവരെ വ്യക്തമാക്കിയിട്ടില്ല. ആ കാര്യം ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് ഈ ധനാഭ്യർത്ഥനയെ ഞാൻ ഒരിക്കൽ കൂടി അനുകൂലിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കൃഷ്ണപ്രസാദ് : സർ, കഴിഞ്ഞ നാലുവർഷക്കാലത്തെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നേതൃത്വത്തിൽ ത്രിതല പഞ്ചായത്തുകൾക്ക് നേതൃത്വം കൊടുക്കുന്ന തദ്ദേശ സ്വയംഭരണ വകുപ്പ് വളരെ അഭിമാനത്തോടുകൂടിയാണ് പ്രവർത്തിച്ചുവരുന്നത്. സാമൂഹ്യ വികസനത്തിൽ ത്രിതല പഞ്ചായത്തുകളുടെ പങ്ക് തിരിച്ചുപിടിക്കാൻ സാധിച്ചു എന്നുള്ളതാണ് ഈ നാലുവർഷത്തെ ഏറ്റവും പ്രധാനപ്പെട്ട കാര്യം. പദ്ധതിവിഹിതങ്ങൾ എടുത്തു പരിശോധിച്ചാൽ കഴിഞ്ഞ നാലുവർഷക്കാലം കൊണ്ട് 6,497 കോടി രൂപ പഞ്ചായത്തുകളിലൂടെ നമുക്ക് ചെലവഴിക്കാൻ സാധിച്ചിട്ടുണ്ട്. 2009-10-ൽ 2,855 കോടി രൂപയാണ് ചെലവ്. കാർഷിക മേഖലയ്ക്ക് അങ്ങേയറ്റം പ്രാധാന്യം കൊടുക്കാൻ ഈ ഘട്ടത്തിൽ സാധിച്ചിട്ടുണ്ട്. 2007-08-ൽ 259 കോടി രൂപ, 2008-09-ൽ 375 കോടി രൂപ, 2009-10-ൽ 450 കോടി രൂപ ഇങ്ങനെ ഓരോ വർഷവും കാർഷിക മേഖലയ്ക്ക് കൂടുതൽ തുക വകയിരുത്തുവാൻ ഈ ഗവൺമെന്റ് തയ്യാറായി. ജനകീയാസൂത്രണം നിശ്ചയിച്ചപ്പോൾത്തന്നെ കാർഷിക മേഖലയ്ക്ക് പ്രാധാന്യം കൊടുക്കണമെന്നാണ് നിശ്ചയിച്ചിരുന്നത്. ആരാധ്യനായ ആദ്യത്തെ കേരള മുഖ്യമന്ത്രി ബഹുമാനപ്പെട്ട ഇ.എം.എസ്. നമ്പൂതിരിപ്പാട് കേരളത്തിന്റെ സമ്പദ്ഘടനയെക്കുറിച്ച് സംസാരിച്ചപ്പോൾ പറഞ്ഞ ഒരു പ്രധാനപ്പെട്ട കാര്യം നാം കേരള മാതൃകയെ വളരെയേറെ ഉയർത്തിക്കാണിക്കുകയും അഭിമാനത്തോടുകൂടി പറയുകയും ചെയ്യുന്നതൊക്കെ ശരിയാണ്. പക്ഷേ, അങ്ങനെ പറയുമ്പോൾതന്നെ അതിലുള്ള ന്യൂനതകളേയും നമ്മൾ കാണാതിരിക്കരുത്. നമ്മുടെ കേരള മാതൃകാ വികസനത്തിന്റെ ഏറ്റവും വലിയ ന്യൂനത എന്നുപറയുന്നത് ഉൽപ്പാദനമേഖലകളിൽ നാം അഭിമുഖീകരിക്കുന്ന തകർച്ചയാണ്. പ്രത്യേകിച്ച് കാർഷിക മേഖലയും വ്യാവസായിക മേഖലയും കേരളത്തിൽ കടുത്ത തകർച്ച നേരിടുകയാണ്. സ്വന്തം കാലിൽ നിൽക്കാൻ കഴിയണമെങ്കിൽ ഉൽപ്പാദന മേഖലയെ ശക്തിപ്പെടുത്തണം. അതിന് കാർഷിക മേഖലയ്ക്ക് അങ്ങേയറ്റത്തെ പ്രാധാന്യം കൊടുക്കണം. കക്ഷി രാഷ്ട്രീയത്തിനധീതമായി കേരളത്തിലെ മുഴുവൻ രാഷ്ട്രീയ പാർട്ടികളും എടുക്കേണ്ട പൊതു സമീപനമാണത്. അതുകൊണ്ടാണ് ത്രിതല പഞ്ചായത്തുകൾ പദ്ധതി വിഹിതത്തിൽ 40 ശതമാനം തുക കാർഷിക മേഖലയ്ക്ക് നീക്കിവയ്ക്കണമെന്ന് തീരുമാനിച്ചത്. ഇപ്പോൾ കാർഷിക മേഖലയെക്കുറിച്ച് വളരെയേറെ കുണ്ഠിതപ്പെടുകയും ഈ ഗവൺമെന്റിനെതിരെ ഒരുപാട് വിമർശനങ്ങൾ പറയുകയും ചെയ്യുന്ന ശ്രീ. ഉമ്മൻ ചാണ്ടിയും, ശ്രീ. എ. കെ. ആന്റണിയും മുഖ്യമന്ത്രിമാരായിരുന്ന യു.ഡി.എഫ്.-ന്റെ ഭരണമെടുത്ത് പരിശോധിച്ചാൽ, ജനകീയാസൂത്രണ പദ്ധതി വിഹിതത്തിന്റെ 40 ശതമാനം കാർഷിക മേഖലയ്ക്ക് നീക്കിവയ്ക്കണമെന്നുള്ളത് തിരുത്തി 30 ശതമാനമായി വെട്ടിക്കുറച്ചതായി കാണാം. ആ 30 ശതമാനംപോലും കാർഷികമേഖലയിൽ ചെലവഴിക്കുന്നു എന്ന് ഉറപ്പുവരുത്തുവാൻ വേണ്ടിയുള്ള നിശ്ചയദാർഢ്യം ആ ഗവൺമെന്റ് കാണിച്ചില്ല. എൽ.ഡി.എഫ് ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ 30 ശതമാനത്തിൽനിന്നും വീണ്ടും 40 ശതമാനമാക്കി വർദ്ധിപ്പിക്കാൻ തയ്യാറായി. കൂടാതെ ഭക്ഷ്യസുരക്ഷാ പദ്ധതി, നെൽക്കൃഷിക്ക് പ്രോത്സാഹനം, തരിശ്ശുഭൂമി വിളഭൂമിയാക്കുവാൻ നടീൽയന്ത്രങ്ങൾ, കൊയ്ത്ത്

LIBRARY ARCHIVES Kerala Legislative Assembly

യന്ത്രങ്ങൾ, മെതിയന്ത്രങ്ങൾ, 12 രൂപക്ക് ഒരു കിലോ നെല്ല് കൊടുക്കുന്ന പദ്ധതി, തരിശ്ശുഭൂമിയെ നെൽക്കൃഷിയിലേക്ക് തിരിച്ചുകൊണ്ടുവരുന്നതിന് പഞ്ചായത്തുകൾക്ക് പ്രഖ്യാപിച്ച പ്രത്യേക സബ്സിഡികൾ, ഇവയൊക്കെ നടപ്പാക്കിക്കൊണ്ട് നെൽക്കൃഷി ലാഭകരമാക്കാൻ കഴിയുമെന്ന് തെളിയിച്ചു. ഇപ്പോൾ നെൽക്കൃഷിയിലേക്ക് ആളുകൾ തിരിച്ചു വരികയാണ്. കുടുംബശ്രീയുടെ നേതൃത്വത്തിൽ 50,000 ഏക്കർ ഭൂമിയിലാണ് നെൽക്കൃഷി ചെയ്തിട്ടുള്ളത്. കേരളത്തിൽ നെൽക്കൃഷിയിൽ പിടിച്ചുനിൽക്കാൻ ഇനി കഴിയുമെന്നുള്ള ഒരു ആത്മവിശ്വാസം കർഷകർക്ക്കൊടുക്കാൻ എൽ.ഡി.എഫ്. ഗവൺമെന്റിന് സാധിച്ചു. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് 223 കോടി രൂപയാണ് അഞ്ചു വർഷംകൊണ്ട് നെൽക്കൃഷിക്കുവേണ്ടി ചെലവഴിച്ചത്. എന്നാൽ 2008-09, 2009-10 എന്നീ രണ്ട് വർഷത്തിനകത്ത് ഈ ഗവൺമെന്റ് 282 കോടി രൂപ ചെലവഴിച്ചു കഴിഞ്ഞു. യു.ഡി.എഫ്. അഞ്ചുവർഷം കൊണ്ട് മൃഗപരിപാലന മേഖലയിൽ 259 കോടി രൂപ ചെലവഴിച്ചപ്പോൾ ഈ ഗവൺമെന്റ് 2009-10-ൽ മാത്രം 223 കോടി രൂപ ചെലവഴിച്ചു.

അതിൽ അഞ്ച് വർഷംകൊണ്ട് അവർ ചെലവഴിച്ച തുക ഒരു വർഷം കൊണ്ട് നമുക്ക് ചെലവഴിക്കാൻ കഴിയുന്നവിധത്തിൽ മൃഗപരിപാലനത്തിന് പ്രാധാന്യം കൊടുക്കാൻ കഴിഞ്ഞു. ഇതൊക്കെ പഞ്ചായത്തുകളിലൂടെ എൽ.ഡി.എഫ്. ഗവൺമെന്റ് ചെലവഴിച്ച തുകയാണ്. എൽ.ഡി.എഫ്. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫലപ്രദമായ പ്രവർത്തനത്തിലൂടെ ഗ്രാമീണ മേഖലയിലെ ദാരിദ്ര്യം ഒഴിവാക്കാനും കാർഷിക മേഖലയെ ശക്തിപ്പെടുത്താനും തൊഴിലുറപ്പ് പദ്ധതി ഏറ്റവും ഫലപ്രദമായി നടപ്പിലാക്കാനും നമുക്ക് സാധിച്ചു എന്ന് അഭിമാനത്തോടെ പറയാൻ കഴിയും.

കേരളത്തിൽ ആദ്യമായി തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കിയത് വയനാട് ജില്ലയിലാണ്. ഈ വർഷം തൊഴിലുറപ്പ് പദ്ധതിക്കുവേണ്ടി ദേശീയനിലവാരത്തിൽത്തന്നെ ഏറ്റവും കൂടുതൽ പണം ചെലവഴിച്ചത് വയനാട് ജില്ലയിലാണ്. ഏറ്റവും കൂടുതൽ തൊഴിൽ ദിനങ്ങൾ നൽകി ഒന്നും രണ്ടും സ്ഥാനത്ത് നിൽക്കുന്ന പഞ്ചായത്തുകളും വയനാട് ജില്ലയിലാണ് എന്നത് വളരെ ശ്രദ്ധേയമായ കാര്യമാണ്. ഒന്നാം സ്ഥാനത്തെത്തിയ തവിഞ്ഞാൽ പഞ്ചായത്ത് 5 കോടിയിലേറെ രൂപ ചെലവഴിച്ചു. ഇടവക പഞ്ചായത്ത് 4 കോടി 80 ലക്ഷം രൂപ ചെലവഴിച്ചു. ഇൻഡ്യാരാജ്യത്തുതന്നെ എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും മാതൃകയാകുന്ന വിധത്തിൽ വയനാട്ടിലെ രണ്ട് പഞ്ചായത്തുകൾക്ക് ദേശീയ നിലവാരത്തിൽ ഒന്നാം സ്ഥാനത്തും രണ്ടാം സ്ഥാനത്തും വരാൻ കഴിഞ്ഞുവെന്നുള്ളത് ഈ സംസ്ഥാന ഗവൺമെന്റും തദ്ദേശസ്വയംഭരണ വകുപ്പും നൽകിയ ഏറ്റവും ഫലപ്രദമായ നേതൃത്വം കൊണ്ടാണ്. അതുപോലെ തന്നെ തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുക്കുന്നവരുടെ കൂലി 125 രൂപയാണ്. 250-300 രൂപയിൽ കുറഞ്ഞ കൂലി ഇന്ന് കേരളത്തിൽ ഇല്ല. അതുകൊണ്ടുതന്നെ ആ 125 രൂപ എന്നുള്ളത് 200

LIBRARY ARCHIVES Kerala Legislative Assembly

രൂപയാക്കി വർദ്ധിപ്പിക്കണമെന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ നിലപാട്. എന്നാൽ ഇടതുപക്ഷത്തിന്റെ പിന്തുണയോടുകൂടി അധികാരത്തിലിരുന്ന കഴിഞ്ഞ യു.പി.എ. ഗവൺമെന്റാണ് തൊഴിലുറപ്പ് പദ്ധതിയും കടമെഴുതിത്തള്ളൽ പദ്ധതിയും ആദിവാസികളുടെ വനാവകാശ നിയമം ഉൾപ്പെടെയുള്ള ജനോപകാരപ്രദമായ നടപടികൾ നടപ്പിലാക്കിയതെങ്കിൽ ഇടതുപക്ഷത്തിന്റെ പിന്തുണയില്ലാതെ ഇപ്പോൾ കേന്ദ്രം ഭരിക്കുന്നുന്ന മൻമോഹൻസിംഗിന്റെ സർക്കാർ പെട്രോളിന്റേയും ഡീസലിന്റേയും വില വർദ്ധനവ് പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കൽ ഉൾപ്പെടെയുള്ള അങ്ങേയറ്റം തെറ്റായ തൊഴിലാളി-കർഷക വിരുദ്ധ നയങ്ങളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അതിനാൽ 125 രൂപ എന്നുള്ളത് വീണ്ടും കുറച്ച് 100 രൂപയാക്കുക എന്നുള്ളതാണ് കേന്ദ്ര ഗവൺമെന്റിന്റെ ഇപ്പോഴത്തെ സമീപനം. കേന്ദ്രത്തിൽ ഇടതുപക്ഷത്തിന്റെ പിന്തുണയോടുകൂടിയാണ് തൊഴിലുറപ്പ് പദ്ധതി നടപ്പാക്കാൻ തീരുമാനം എടുത്തത്. ഇന്ന് കേന്ദ്രസർക്കാർ തൊഴിലുറപ്പ് പദ്ധതിയുടെ അന്തഃസത്ത നശിപ്പിച്ചു. ഇപ്പോൾ പുരുഷന്മാർ ആ പദ്ധതിക്ക് വരുന്നില്ല. സ്ത്രീകൾ മാത്രമാണ് വരുന്നത്. സ്ത്രീകളും ആ മേഖലയിലേക്ക് വരാതെയിരിക്കാനുള്ള ശ്രമമാണ് കേന്ദ്ര ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. സ്ത്രീകൾക്ക് 50 ശതമാനം സംവരണം പ്രഖ്യാപിച്ചു. 50 ശതമാനം സംവരണമെന്ന് പറഞ്ഞാൽ ഈ പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടക്കുമ്പോൾ കേരളത്തിലെ പതിനാല് ജില്ലാ പഞ്ചായത്തുകളിൽ ഏഴ് ജില്ലാ പഞ്ചായത്തുകളിൽ സ്ത്രീകൾ പ്രസിഡന്റ് ഭാഗത്തേക്ക് വരാൻ പോകുകയാണ്. ആയിരത്തോളം ഗ്രാമപഞ്ചായത്തുള്ളതിൽ പകുതിയിലേറെ ഗ്രാമപഞ്ചായത്തുകളിൽ സ്ത്രീകൾ പ്രസിഡന്റുമാരായി വരാൻ പോകുകയാണ്. കേന്ദ്രത്തിലെ യു. പി. എ. ഗവൺമെന്റ് 100 ദിവസം കൊണ്ട് വനിതാ സംവരണ ബിൽകൊണ്ടുവരുമെന്ന് പ്രഖ്യാപിച്ചിട്ട് ഇപ്പോൾ വർഷം ഒന്ന് കഴിഞ്ഞു. ഇതുവരെ വനിതാ സംവരണ ബിൽ യാഥാർത്ഥ്യമാക്കാൻ അവർക്ക് സാധിച്ചിട്ടില്ല. പക്ഷേ സംസ്ഥാന സർക്കാർ വനിതകൾക്ക് 50 ശതമാനം സംവരണം പ്രഖ്യാപിച്ചു.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽ അഴിമതിരഹിതമായ ഭരണമാണ് താഴെത്തട്ടിൽ നടന്നത് എന്നുള്ളതുകൊണ്ടുതന്നെ വലിയ സാമൂഹ്യ മാറ്റമാണ് ഇവിടെയുണ്ടാകാൻ പോകുന്നതെന്ന് നമുക്കറിയാം. അഴിമതിയുള്ള പഞ്ചായത്തുകളൊക്കെയുണ്ടാകാം. പക്ഷേ തദ്ദേശസ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ അഴിമതിക്കെതിരെയുള്ള ശക്തമായ നിലപാട്, അതിന്റെ ഭാഗമായി പരമാവധി ആനുകൂല്യങ്ങൾ സാധാരണക്കാർക്ക് എത്തിച്ചുകൊടുക്കാൻ ഈ പഞ്ചായത്തുകളുടെ ഭരണസമിതികൾക്ക് കഴിഞ്ഞിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളെടുത്ത് പരിശോധിച്ചാൽ കാണാൻ കഴിയും, കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഏറ്റവും വലിയൊരു അപകടം നമുക്കറിയാം, നമ്മുടെ രാജ്യത്തിന്റെ ഫെഡറൽ സ്വഭാവത്തെ തന്നെ നിഷേധിച്ചുകൊണ്ട് കേരള സംസ്ഥാനത്തിന്റെ സവിശേഷമായിട്ടുള്ള വികസന ഇൻഡക്സുകളൊന്നും തന്നെ പരിഗണിക്കാതെ അവർ ആവിഷ്ക്കരിക്കുന്ന പല പദ്ധതികളും കേരളത്തിന് അനുകൂലമല്ല. വിദ്യാഭ്യാസ മേഖലയിലും ആരോഗ്യ

LIBRARY ARCHIVES Kerala Legislative Assembly

മേഖലയിലുമെല്ലാമുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ കേരളത്തിന് അപകടമാണ്. കേരളം വളരെ മുമ്പുതന്നെ ആ നേട്ടങ്ങളെല്ലാം നേടിക്കഴിഞ്ഞു എന്നതുകൊണ്ട് അഖിലേന്ത്യാടിസ്ഥാനത്തിലുള്ള പാക്കേജുകളായി കേന്ദ്രാവിഷ്കൃത പദ്ധതികൾ കൊണ്ടുവന്ന് നടപ്പിലാക്കുമ്പോൾ അത് കേരളത്തിന് അപകടകരമായിട്ടാണ് വരുന്നത്. ഇങ്ങനെയുള്ള അവസ്ഥയിൽപ്പോലും യു.ഡി.എഫ്.-ന്റെ കാലത്ത് ഉള്ളതിനേക്കാളും മെച്ചപ്പെട്ടവിധത്തിൽ കേന്ദ്ര പദ്ധതികൾ വാങ്ങിയെടുക്കാനും നടപ്പിലാക്കാനും ഈ ഗവൺമെന്റിന് സാധിച്ചു. ഉദാഹരണത്തിന്, യു. ഡി. എഫ്.-ന്റെ കാലത്ത് പ്രധാനമന്ത്രി ഗ്രാമീൺ സഡക്ക് യോജനയുടെ ഭാഗമായി 815 കിലോമീറ്റർ ദൂരത്തിൽ 431 റോഡുകൾക്കായി 195 കോടി രൂപയുടെ അനുമതിയേ അവർക്ക് വാങ്ങാൻകഴിഞ്ഞുള്ളൂ. അതിൽത്തന്നെ 194 റോഡ് 375 കിലോമീറ്റർ ദൂരത്തേക്ക് 78 കോടി രൂപ ചെലവഴിക്കാനേ അവർക്ക് സാധിച്ചുള്ളൂ. എന്നാൽ ഈ കഴിഞ്ഞ നാല് വർഷക്കാലംകൊണ്ട് 525 കോടി രൂപയുടെ ഭരണാനുമതി വാങ്ങിയെടുത്തു. അവർ 195 വാങ്ങിയെടുത്തപ്പോൾ ഇവിടെ 525 കോടി രൂപയുടെ ഭരണാനുമതി വാങ്ങി. യു. ഡി. എഫ്.-ന്റെ അഞ്ച് വർഷക്കാലത്ത് 78 കോടി രൂപ ചെലവഴിച്ചപ്പോൾ കഴിഞ്ഞ നാല് വർഷക്കാലത്തിനകത്ത് 282 കോടി രൂപ ഇവിടെ ചെലവഴിച്ചു. ആരാണ് കേന്ദ്രാവിഷ്കൃത പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നത് ? കേന്ദ്ര ഗവൺമെന്റ് അനുവദിക്കുന്ന പദ്ധതികൾ ഏറ്റവും നന്നായി നടപ്പിലാക്കാൻ ഇവിടെ സാധിച്ചിട്ടുണ്ട്. നമ്മുടെ നാട്ടിലെ ഏറ്റവും പ്രധാനമായിട്ടുള്ള ഒരു വിഷയമാണ് ത്രിതല പഞ്ചായത്തുകളിലേക്ക് തെരഞ്ഞെടുപ്പ് നടക്കാൻ പോകുന്നു എന്നുള്ളത്. ആ ത്രിതല പഞ്ചായത്തുകളിലെ തെരഞ്ഞെടുപ്പ് നോക്കുമ്പോൾ നമുക്കറിയാം ഇന്ന് കേരളത്തിൽ ഏറ്റവും ഫലപ്രദമായിത്തന്നെ ആ ത്രിതലപഞ്ചായത്തുകൾ വികസനത്തിനു വേണ്ടി കക്ഷിരാഷ്ട്രീയത്തിനതീതമായി പ്രവർത്തിക്കുന്ന പഞ്ചായത്തുകളായി പ്രവർത്തിക്കുകയാണ്. നമ്മുടെ നാട്ടിൽ കഴിഞ്ഞ ജൂൺ ഒന്നാം തീയതി മുതൽ 36 ലക്ഷം കുടുംബങ്ങൾക്ക് 2 രൂപയ്ക്ക് അരി കൊടുത്തുകൊണ്ടിരിക്കുകയാണ്. രണ്ട് രൂപയ്ക്ക് അരി കൊടുക്കുന്ന ഈ 36 ലക്ഷം കുടുംബങ്ങൾ എന്നുപറഞ്ഞാൽ 70 ലക്ഷം കുടുംബങ്ങളുടെ പകുതി വരും. എ. പി. എൽ., ബി. പി. എൽ. വ്യത്യാസമില്ലാതെ മുഴുവൻ ആദിവാസി കുടുംബങ്ങളും വരും. ഇതിൽ എല്ലാ പട്ടികജാതി കുടുംബങ്ങളും മത്സ്യത്തൊഴിലാളി കുടുംബങ്ങളും ചെറുകിട-ദരിദ്ര-കർഷക-ത്തൊഴിലാളി കുടുംബങ്ങളും കർഷക കുടുംബങ്ങളും വരും. അതിലൊക്കെ കോൺഗ്രസ്സുകാർ ഉണ്ടാകില്ലേ ? അതിലൊക്കെ മുസ്ലീംലീഗുകാരുണ്ടാകില്ലേ? ബി.ജെ.പി.-ക്കാരുണ്ടാകില്ലേ ? ഈ പറഞ്ഞ വർഗ്ഗപരമായി പരിശോധിക്കുമ്പോൾ ഏത് രാഷ്ട്രീയ പാർട്ടിയിൽ വിശ്വസിക്കുന്നവരാണെങ്കിലും അവരൊക്കെ തൊഴിലാളികളും പാവപ്പെട്ടവരുമാണല്ലോ? ആ പാവപ്പെട്ട കുടുംബങ്ങൾക്ക് രണ്ട് രൂപയ്ക്ക് അരി കൊടുക്കുകയാണ്. അതുപോലെ തന്നെ ആ കുടുംബങ്ങൾക്കെല്ലാം 30,000 രൂപ വച്ച് ഒരു വർഷത്തിൽ ചികിത്സാ ചെലവിനുവേണ്ടിയുള്ള സമഗ്ര ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

സമഗ്ര ഇൻഷ്വറൻസ് പദ്ധതിയുടെ ഭാഗമായി 35-36 ലക്ഷം കുടുംബങ്ങൾക്ക് ഒരു വർഷം 30,000 രൂപ മെഡിക്കൽച്ചെലവ് വരുമ്പോഴുണ്ടാകുന്ന ചെലവ് ഗവൺമെന്റ് കൊടുക്കുകയാണ്. ഗുരുതരമായ രോഗമാണെങ്കിൽ 70,000 രൂപവരെ കൊടുക്കുകയാണ്. ആ രൂപത്തിലുള്ള നടപടികളിലൂടെ താഴെത്തട്ടിൽ കക്ഷിരാഷ്ട്രീയത്തിനതീതമായി എല്ലാവിധത്തിലുള്ള പെൻഷനുകളും കാലേക്കൂട്ടിത്തന്നെ കൊടുക്കുകയാണ്. യു.ഡി.എഫ്. ഭരിച്ചിരുന്നകാലത്തേതുപോലെ പത്തും ഇരുപത്തിയേഴും മാസക്കാലത്തെ കുടിശ്ശിക ഇപ്പോൾ ഇല്ല. എല്ലാം കൃത്യമായി കൊടുത്തിരിക്കുകയാണ്. കക്ഷിരാഷ്ട്രീയത്തിനതീതമായി ബഹുജനങ്ങളുടെ വികസന നായകന്മാരായി മാറാൻ ഈ കഴിഞ്ഞ നാല് വർഷക്കാലത്തെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ സാധിച്ചുവെന്നുള്ളത് വലിയൊരു രാഷ്ട്രീയ മാറ്റമുണ്ടാക്കാൻവേണ്ടി പോകുകയാണ്. കേരളത്തിലെ ജനങ്ങൾ കക്ഷിരാഷ്ട്രീയം നോക്കിയിട്ടല്ല ത്രിതല പഞ്ചായത്തുകളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിൽ നേതാക്കളെ തെരഞ്ഞെടുക്കുന്നതെന്ന് നമുക്കറിയാം. അവർക്കുവേണ്ടി ആരാണ് പ്രവർത്തിക്കുന്നതെന്നാണ് അവർ പരിശോധിക്കുന്നത്. ആ ത്രിതല പഞ്ചായത്തുകളുടെ നേതൃത്വമാകെ ബഹുജനങ്ങളോടൊപ്പം നിന്ന് ജനങ്ങൾക്കുവേണ്ടി പ്രവർത്തിക്കാൻ വേണ്ടി തയ്യാറായ ഈ സന്ദർഭത്തിൽ തീർച്ചയായും ഈ ത്രിതല പഞ്ചായത്തുകളിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ജനോപകാരപ്രദമായിട്ടുള്ള നടപടികളുടെ ഗുണം അനുഭവിക്കുന്ന സാധാരണക്കാരായിട്ടുള്ള കുടുംബങ്ങൾ ഈ ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പുകളിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഉജ്ജ്വലമായ വിജയത്തിനുള്ള അടിത്തറയായി മാറിക്കഴിഞ്ഞിട്ടുണ്ടെന്ന കാര്യത്തിൽ തർക്കമില്ല. ഈ പശ്ചാത്തലത്തിലാണ് വലിയതോതിലുള്ള സാമുദായിക വർഗ്ഗീയ ചേരിതിരിവുണ്ടാക്കാൻവേണ്ടിയുള്ള നടപടികളിലേക്ക് ഇവർ പോകുന്നത്. ആ സാമുദായിക വർഗ്ഗീയ ചേരിതിരിവ് എവിടംവരെ എത്തും എന്നതിന്റെ ഏറ്റവും വലിയ ഉദാഹരണമായി ഇന്ന് കൈവെട്ടൽ സംഭവം മാറിയിരിക്കുകയാണ്. ആ കൈ വെട്ടൽ സംഭവം കേരളത്തിലെ മുഴുവൻ വിശ്വാസികളേയും ഇരുത്തിച്ചിന്തിപ്പിക്കുന്ന സംഭവമായി മാറിയിരിക്കുകയാണ്. കേരളത്തിൽ മുമ്പൊരിക്കലുമുണ്ടായിട്ടില്ലാത്തവിധത്തിൽ വർഗ്ഗീയതയ്ക്കെതിരേയും സാമുദായികതയ്ക്കെതിരേയും സമുദായത്തിന്റേയും മതത്തിന്റേയും അടിസ്ഥാനത്തിൽ വോട്ട് ബാങ്കുകളുണ്ടാക്കുന്ന രാഷ്ട്രീയ പാർട്ടികൾക്കെതിരായി അതായത് മുസ്ലീം ലീഗിനെതിരെയും അതിശക്തമായ വികാരം താഴെത്തട്ടിൽ വിശ്വാസികളുടെ ഇടയിലുണ്ട്. എന്തിനാണ് മതവിശ്വാസത്തിന്റെ പേര് രാഷ്ട്രീയത്തിലേക്ക് വലിച്ചിഴയ്ക്കുന്നത് ? നിരീശ്വരവാദിയാണോ വിശ്വാസിയാണോ എന്നുള്ളത് പഞ്ചായത്തു തെരഞ്ഞെടുപ്പിലെ പ്രധാനപ്പെട്ട ക്രൈറ്റീരിയയാക്കി മാറ്റാൻ, എങ്ങനെയാണ് മതപുരോഹിതന്മാർക്ക് നേതൃത്വം കൊടുക്കാൻവേണ്ടി കഴിയുക ? എങ്ങനെയാണ് ഇടയലേഖനങ്ങൾ വായിക്കുക? കോൺഗ്രസ്സിനെപ്പോലെയുള്ള ഒരു നേതൃത്വം ജവഹർലാൽ നെഹ്റുവിനേയും ശ്രീ. എ കെ. ആന്റണിയേയും പോലെയുള്ള ആളുകൾ ദൈവനാമത്തിൽ സത്യപ്രതിജ്ഞ ചെയ്തവരല്ല. മതേതര നിലപാട് ശക്തമായി ഉയർത്തിപ്പിടിച്ചവരാണ്. ആ മതേതരമായ നിലപാട് എടുത്തുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ബാബ്റി മസ്ജിദിനകത്ത് ബിംബം കൊണ്ടുവച്ചപ്പോൾ ആ ബിംബമെടുത്ത് സരയൂ നദിയിലേക്ക് ഒഴുക്കിക്കളയൂ എന്ന് പറയാൻ ആർജ്ജവം കാണിച്ച ആ നേതൃത്വത്തിന്റെ പിന്നിലാണ് കോൺഗ്രസ്സുകാർ യഥാർത്ഥത്തിൽ നിൽക്കേണ്ടത്. പക്ഷേ ഇപ്പോഴോ ? ഇപ്പോൾ എല്ലാ സാമുദായിക രാഷ്ട്രീയ പാർട്ടികളുടേയും പിന്നാലെ പോയി. എൻ.ഡി.എഫ്.-ന്റെ ഉൾപ്പെടെ പിന്നാലെ പോയി. മുസ്ലീം ലീഗിന്റെ പിന്നാലെ പോയി. ആ സാമുദായികതയുടെ അടിസ്ഥാനത്തിൽ വോട്ട് ബാങ്ക് ഉണ്ടാക്കിയെടുക്കാൻ വേണ്ടിയിട്ടുള്ള കോൺഗ്രസ്സിന്റെ സമീപനം ഇവിടെ നടക്കുമ്പോൾ

മി. ഡെപ്യൂട്ടി സ്പീക്കർ: യേസ് .....അങ്ങ് അവസാനിപ്പിക്കുക.

ശ്രീ. പി. കൃഷ്ണപ്രസാദ്: ഈ കാര്യം പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. ഞാൻ ഒരു കാര്യം മാത്രമേ ചോദിക്കുന്നുള്ളൂ. 1980-കളിൽ ഇൻഡ്യയിൽ ബി. ജെ. പി. ശക്തമായി വന്നപ്പോൾ സി.പി.ഐ.(എം)-ന് അഖിലേന്ത്യാ മുസ്ലീം ലീഗുമായി ബന്ധമുണ്ടായ അവസരങ്ങളുണ്ടായിട്ടുണ്ട്. പക്ഷേ ഇടതുപക്ഷ പ്രസ്ഥാനങ്ങളും സി.പി.ഐ.(എം) തീരുമാനിച്ചു, ഒരു സാമുദായിക രാഷ്ട്രീയ പാർട്ടിയുമായി ഇനി മുന്നണിയുണ്ടാകുകയില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് പറഞ്ഞ് അവസാനിപ്പിക്കുക.....പ്ലീസ്....

ശ്രീ. പി. കൃഷ്ണപ്രസാദ്: കാരണം ഹിന്ദു വർഗ്ഗീയതയെ ചെറുത്തു തോൽപ്പിക്കണമെങ്കിൽ ന്യൂനപക്ഷവർഗ്ഗീയതയെയും ശക്തമായി ചെറുത്തു തോൽപ്പിക്കേണ്ടതുണ്ട്. ഞാൻ സൂചിപ്പിച്ചത് ഇത്ര മാത്രമേയുള്ളൂ. വർഗ്ഗീയതയെ ചെറുത്തുതോൽപ്പിക്കാനുള്ള ഏറ്റവും വലിയ ഉത്തരവാദിത്വം വിശ്വാസികൾക്കാണ്. ഹിന്ദുവർഗ്ഗീയതയെ ചെറുത്തുതോൽപ്പിക്കാനുള്ള ഉത്തരവാദിത്വം ഹിന്ദുമത വിശ്വാസികൾക്കുണ്ട്. മുസ്ലീം വർഗ്ഗീയതയെ ചെറുത്തുതോൽപ്പിക്കാനുള്ള ഉത്തരവാദിത്വം മുസ്ലീം മത വിശ്വാസികൾക്കുണ്ട്. ക്രിസ്ത്യൻ വർഗ്ഗീയതയെ ചെറുത്തുതോൽപ്പിക്കാനുള്ള ഉത്തരവാദിത്വം ക്രിസ്ത്യൻ മത വിശ്വാസികൾക്കുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: യേസ്...........ശ്രീ. എ. പി. അനിൽകുമാർ.....

ശ്രീ. പി. കൃഷ്ണപ്രസാദ്: തെരഞ്ഞെടുപ്പിൽ ഭിന്നിപ്പുണ്ടാക്കാൻ ഈശ്വര വിശ്വാസത്തെ മാനദണ്ഡമാക്കുന്നതിനോടുള്ള കോൺഗ്രസ്സിന്റെ നിലപാട് പറയണം. കോൺഗ്രസ്സ്.....(തടസ്സം).....ഇടയലേഖനത്തിലൂടെ വിശ്വാസികൾക്കുമാത്രമേ വോട്ട് ചെയ്യാൻ പാടുള്ളൂ എന്നൊരു മതനേതൃത്വം പറയുമ്പോൾ കോൺഗ്രസ്സിന്റെ നിലപാട് വ്യക്തമാക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എ. പി. അനിൽകുമാർ അങ്ങേക്ക് സംസാരിക്കാം.

ശ്രീ. പി. കൃഷ്ണപ്രസാദ്: ....(തടസ്സം).......കോൺഗ്രസ്സ് വ്യക്തമാക്കണം. അല്ലെങ്കിൽ കോൺഗ്രസ്സ് ഇവർക്ക് പിന്തുണ കൊടുക്കുന്ന വളരെ കൗശലമുള്ളൊരു രാഷ്ട്രീയ നിലപാട് എടുക്കരുത് എന്നാണ് എനിക്ക് പറയാനുള്ളത് ....(തടസ്സം)...........

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എ. പി. അനിൽകുമാർ അങ്ങേക്ക് സംസാരിക്കാം.

ശ്രീ. പി. കൃഷ്ണപ്രസാദ്: ഈ ഗവൺമെന്റിന്റെ ശക്തമായ നിലപാടുകൾക്ക് എല്ലാവിധ പിന്തുണയും കൊടുത്തുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനയെ പിന്തുണയ്ക്കുകയാണ്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. കേരള ഗവൺമെന്റിന്റെ നാല് വർഷത്തെ ഭരണം വിലയിരുത്തുന്ന ജനങ്ങൾ, ഈ ഗവൺമെന്റിന്റെ ജനവിരുദ്ധ നയങ്ങളെക്കാൾ ജനാധിപത്യത്തെ അട്ടിമറിക്കാൻ എൽ.ഡി.എഫ്. സർക്കാർ നടത്തിയ പ്രവർത്തനങ്ങൾക്കായിരിക്കും ഏറ്റവും പ്രാധാന്യം നൽകുന്നത് എന്ന കാര്യത്തിൽ സംശയമില്ല. ജനാധിപത്യത്തെ അട്ടിമറിക്കൽ, അധികാര വികേന്ദ്രീകരണത്തെക്കുറിച്ച് വാതോരാതെ സംസാരിക്കുകയും, കേന്ദ്രീകരണത്തിലേക്ക് കൊണ്ടുപോകുകയും ചെയ്യുക എന്നീ സമീപനമാണ് കഴിഞ്ഞ 4 വർഷക്കാലമായി കേരളത്തിലെ എൽ.ഡി.എഫ്. ഗവൺമെന്റ് എടുത്തുകൊണ്ടിരിക്കുന്നത്. ഇതിനകം ഈ ഗവൺമെന്റിനെതിരായിട്ടുള്ള വിധിയെഴുത്തുകൾ പലതും കേരളത്തിലുണ്ടായി. പാർലമെന്റ് തെരഞ്ഞെടുപ്പിൽ ദയനീയ പരാജയമേറ്റുവാങ്ങി. അതിനുശേഷം നടന്ന നിയമസഭ ഉപതെരഞ്ഞെടുപ്പിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള ഉപതെരഞ്ഞെടുപ്പുകളിലും തുടർച്ചയായി പരാജയപ്പെട്ടിട്ടും വരാനിരിക്കുന്ന ഈ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ജനകീയ വികാരങ്ങളെ അട്ടിമറിച്ചുകൊണ്ടും വാർഡ് വിഭജനത്തിലൂടെ വോട്ടർ പട്ടികയിൽ ക്രമക്കേട് നടത്തിക്കൊണ്ടും അതിജീവിക്കാമെന്നാണ് വ്യാമോഹിക്കുന്നതെങ്കിൽ കണ്ണൂർ നിങ്ങൾക്ക് ഒരു പാഠമായിട്ടില്ലായെന്ന് ഓർമ്മിപ്പിക്കുവാൻ ഈ സന്ദർഭം ഞാൻ ഉപയോഗിക്കുകയാണ്. അങ്ങേക്ക് അറിയാം, കണ്ണൂർ ജില്ലയിൽ വോട്ടർ പട്ടികയിൽ ഇല്ലാത്ത വീടുകളുടേയും ക്വാർട്ടേഴ്സുകളുടേയും പേര് ചേർത്തുകൊണ്ട് തെരഞ്ഞെടുപ്പ് നടത്തിയിട്ടും അവിടെ ജനവിധി നിങ്ങൾക്ക് എതിരായി എന്നുള്ളത് നിങ്ങൾ ഇപ്പോഴും പഠിക്കുന്നില്ല, അനുഭവങ്ങൾ എത്ര കിട്ടിയാലും പഠിക്കുകയില്ല, അതാണ് എൽ.ഡി.എഫ്.-ന്റെ സമീപനം. അതുകൊണ്ട് എങ്ങനെ വാർഡ് വിഭജനം നടത്തിയാലും വോട്ടേഴ്സ് ലിസ്റ്റിൽ നിന്ന് പേര് നീക്കിയാലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പ് ഫലം, വരാൻ പോകുന്ന നിയമസഭാ തെരഞ്ഞെടുപ്പിന് മുൻപുള്ള, എൽ.ഡി.എഫ്. സർക്കാരിന്റെ ദയനീയമായ പരാജയമായിരിക്കും എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല.

ശ്രീ. വി. ഡി. സതീശൻ: സർ, ഭരണഘടനാ സ്ഥാപനമായ തെരഞ്ഞെടുപ്പ് കമ്മീഷനാണ് തെരഞ്ഞെടുപ്പ് നടത്തേണ്ടത്. തെരഞ്ഞെടുപ്പ് കമ്മീഷന് എല്ലാവിധ സഹായങ്ങളും ചെയ്തുകൊടുക്കാൻ ബാധ്യതയുള്ള സംസ്ഥാന ഗവൺമെന്റ് വോട്ടർ പട്ടികയിൽ പേര് ചേർക്കലും മറ്റും നടക്കുമ്പോൾ തന്നെ മുനിസിപ്പൽ സെക്രട്ടറിമാരെയും എൻജിനീയർമാരെയും, തിരുവനന്തപുരത്തേക്ക് മീറ്റിംഗിന് വിളിക്കുക, ഇലക്ഷൻ കമ്മീഷന്റെ ഓഫീസ് ഒഴിഞ്ഞ്

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കാൻ വേണ്ടി അവരുടെ മേൽ സമ്മർദ്ദം ചെലുത്തുക തുടങ്ങിയ കാര്യങ്ങൾ ചെയ്യുകയാണ്. തെരഞ്ഞെടുപ്പ് കമ്മീഷന് തെരഞ്ഞെടുപ്പ് നടത്തുന്നതിന് ആവശ്യമായ സഹായം ചെയ്തു കൊടുക്കണമെന്നാണ് ബഹുമാനപ്പെട്ട സുപ്രീം കോടതി പറഞ്ഞിരിക്കുന്നത്. മാത്രമല്ല അവരെ ഏതെങ്കിലും ഗവൺമെന്റ് ബുദ്ധിമുട്ടിലാക്കിയാൽ, അത് ഭരണഘടനാ വിരുദ്ധമായിരുക്കും എന്നുള്ള സുപ്രീം കോടതിയുടെ വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. എ. പി. അനിൽകുമാർ : സർ, അങ്ങ് തന്നെ നേരത്തെ സംസാരിച്ചതാണ്. യഥാർത്ഥത്തിൽ ഒരു ഭരണഘടനാലംഘനം കൂടി തന്നെയാണ് ഇവിടെ നടത്തിക്കൊണ്ടിരിക്കുന്നത്. അങ്ങേക്ക് അറിയാം, സ്വതന്ത്രമായി തെരഞ്ഞെടുപ്പ് നടത്തേണ്ട തെരഞ്ഞെടുപ്പ് കമ്മീഷൻ യഥാർത്ഥത്തിൽ തെരഞ്ഞെടുപ്പ് അട്ടിമറി കമ്മീഷനായി മാറിയിരിക്കുകയാണ്. ഗവൺമെന്റിന്റെ താല്പര്യങ്ങൾ മാത്രമാണ് ഇന്ന് തെരഞ്ഞെടുപ്പ് കമ്മീഷണർ നടപ്പാക്കുന്നത് എന്ന് പറയുന്നതിൽ ഏറെ പ്രയാസമുണ്ട്. മലപ്പുറം ജില്ലയിലെ പല പഞ്ചായത്തുകളും എടുത്ത് നോക്കി കഴിഞ്ഞാൽ, എന്റെ നിയോജകമണ്ഡലമായ വണ്ടൂർ നിയോജകമണ്ഡലത്തിലെ പോരൂർ പഞ്ചായത്തിലെ പല വാർഡുകളിൽ ഉൾപ്പെട്ടവർ ഇന്ന് നാലും-അഞ്ചും കിലോമീറ്റർ സഞ്ചരിച്ചാണ് വോട്ട് ചെയ്യാൻ പോകേണ്ടത്. ഒരു വീട്ടിലുള്ളവർക്ക് തന്നെ രണ്ടു ബൂത്തുകളിൽ വോട്ട് ചെയ്യേണ്ട സാഹചര്യമാണുള്ളത്. എക്സ്പ്രസ്സ് ഹൈവേ വന്നു കഴിഞ്ഞാൽ ഇവിടെ വലിയ വിഭജനം നടക്കുമെന്നാണ് പറഞ്ഞത്; പക്ഷേ എക്സ്പ്രസ്സ് ഹൈവേ വരാതെ തന്നെ നിങ്ങളുടെ തെരഞ്ഞെടുപ്പ് പട്ടിക പ്രസിദ്ധീകരിച്ചപ്പോൾ തന്നെ വിഭജനം ഇവിടെ നടന്നിരിക്കുകയാണ്. ഒരു വീട്ടിൽപ്പെട്ടവർ തന്നെ രണ്ട് വാർഡുകളിൽ നിൽക്കുന്ന സാഹചര്യം, അങ്ങനെ തെരഞ്ഞെടുപ്പ് ലിസ്റ്റുണ്ടാക്കുന്നതിൽ യാതൊരു മാനദണ്ഡവും കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി സ്വീകരിച്ചില്ലായെന്നുള്ളത് ഈ തെരഞ്ഞെടുപ്പിലൂടെ എങ്ങനെയെങ്കിലും അധികാരം പിടിച്ചെടുക്കാം എന്നുള്ള ഒരു വ്യാമോഹം കൊണ്ടു മാത്രമാണ്.

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): ഗവൺമെന്റ് ഇടപെടുന്നു ഗവൺമെന്റ് ഇടപെടുന്നു എന്ന് പറയുന്നു. ഇലക്ഷൻ കമ്മീഷനെ അങ്ങനെ ആക്ഷേപം ഉന്നയിക്കാം, വോട്ടർ പട്ടികയിൽ പേര് ചേർക്കുന്ന സൂപ്പർവിഷൻ ഗവൺമെന്റിനല്ല ഇലക്ഷൻ കമ്മീഷനാണെന്നുള്ളത് അങ്ങേക്ക് അറിയാമോ ?

ശ്രീ. എ. പി. അനിൽകുമാർ : സർ, ഞാൻ പറഞ്ഞല്ലോ തെരഞ്ഞെടുപ്പ് കമ്മീഷണർമാരും ഗവൺമെന്റ് ഉദ്യോഗസ്ഥന്മാരും ഇന്ന് പൂർണ്ണമായും ഈ ഗവൺമെന്റിനെ വച്ചുകൊണ്ട് ഗവൺമെന്റിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് വേണ്ടിയുള്ള ശ്രമങ്ങളാണ് നടത്തുന്നത്. ഞാൻ സൂചിപ്പിച്ചല്ലോ, നിങ്ങൾ തെരഞ്ഞെടുപ്പ് കമ്മീഷണർമാരെവച്ചും ഉദ്യോഗസ്ഥന്മാരെവച്ചും ഏത് രീതിയിൽ വാർഡ് പുനർ നിർണ്ണയം നടത്തിയാലും ക്രമക്കേട് നടത്തിയാലും ഈ തെരഞ്ഞെടുപ്പിനെ സംബന്ധിച്ചിടത്തോളം നിങ്ങൾക്ക് എതിരായ വിലയിരുത്തൽ ഉണ്ടാകും എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ കൂടുതൽ കാര്യങ്ങളിലേക്ക് കടന്നുപോകുന്നില്ല. ഒരു കാര്യം ഉറപ്പാണ്, തെരഞ്ഞെടുപ്പ് അട്ടിമറിക്കാനുള്ള ശ്രമമാണ് നിങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. എന്റെ നിയോജകമണ്ഡലത്തിലെ ബ്ലോക്ക് പഞ്ചായത്തിൽ പുനഃസംഘടന നടന്നു. വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത് രണ്ട് ബ്ലോക്ക് പഞ്ചായത്തുകളാക്കി..........(തടസ്സം)......എന്റെ സമയം പോകരുത്.........

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. അനിൽ.........പോയിന്റ് ഓഫ് ഓർഡറാണ് എനിക്ക് ഒന്നും ചെയ്യാൻ കഴിയില്ല.........

ശ്രീ. ജി. സുധാകരൻ : ഞാൻ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുകയാണ് ഓർഡറിലല്ലാത്ത രണ്ട് പരാമർശമുണ്ടായത് ഞാൻ ചൂണ്ടിക്കാണിക്കുന്നു. ഒന്ന്, സുപ്രീം കോടതി പറഞ്ഞു, മറ്റേത് ****പാടില്ല............(തടസ്സം)....... പറഞ്ഞു എന്ന് പറഞ്ഞാൽ ചില ചട്ടങ്ങളുടെ കാര്യം പറഞ്ഞു, കേരളത്തെപ്പറ്റി അങ്ങനെ പറഞ്ഞിട്ടേയില്ല. പക്ഷേ അവിടെ നിന്നുള്ള സൂചന കേരളത്തെപ്പറ്റി പറഞ്ഞു. രണ്ടാമത്, ഇലക്ഷൻ കമ്മീഷനെ അത് ചെയ്യുന്നു ഇതു ചെയ്യുന്നു, ഇപ്പോൾ ഇലക്ഷൻ കമ്മീഷന്റെ ഉത്തരവാദിത്വമുള്ള വോട്ടർ പട്ടികയിൽ പേര് ചേർക്കുന്ന ഉത്തരവാദിത്വം ഗവൺമെന്റിനാണെന്ന് പറയുകയാണ്. ഇത് ഓർഡറിലാണോ ? ഇലക്ഷനെപ്പറ്റി ഇങ്ങനെ സംസാരിക്കാമോ ?

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. അനിലിന്റെ സമയം..............

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ശ്രീ. അനിലിന്റെ സമയം പോവില്ല. ഇവിടെ പ്രധാനപ്പെട്ട പ്രശ്നം, ഇവിടെ ഉത്തരവാദിത്വപ്പെട്ട ഒരു മന്ത്രി പറയുന്നു സുപ്രീം കോടതി ****പറയരുത് എന്ന് പറയുന്നു, ഏതാണ് ഈ ****അത് വളരെ പ്രധാനപ്പെട്ട പ്രശ്നമല്ലേ ? അത് ചെയ്യരുത് ഇത് ചെയ്യരുത്; പിന്നെ ചെയ്യേണ്ടത് ഏതാ ? ഞാൻ പറയുന്നത്, നമ്മുടെ പ്രശ്നമെന്താണ് ശ്രീ. അനിൽ കുമാർ ഇവിടെ പറഞ്ഞുകൊണ്ടിരുന്ന പ്രധാനപ്പെട്ട പ്രശ്നം, ചില ആളുകളെ ഇലക്ഷൻ കമ്മീഷൻ മുന്നോട്ട് വയ്ക്കുക താഴെയുള്ള ഉദ്യോഗസ്ഥന്മാരെ വച്ചുകൊണ്ട് ഇതെല്ലാം വിഴുങ്ങിക്കുന്നതാണ്. അതിനുവേണ്ടിയുള്ള പരിശ്രമം നടക്കുമ്പോൾ ഒരു പൗര പ്രതിരോധംകൂടി ഉയരുകയാണ്. അവിടെയാണ് പ്രധാനപ്പെട്ട പ്രശ്നം, അതാണ് ശ്രീ. അനിൽ കുമാർ ഉദ്ദേശിച്ചത് എന്ന് ഞാൻ കണക്കാക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : യെസ്............നോ നോ............ഇല്ല, രണ്ടും മന്ത്രി പറഞ്ഞ **** ശ്രീ. തിരുവഞ്ചൂർ റിപ്പീറ്റ് ചെയ്ത ****രേഖയിൽ ഉണ്ടാവില്ല, പോരെ..........യെസ്....

ശ്രീ. വി. ഡി. സതീശൻ : സർ, ഇവിടെ ബഹുമാനപ്പെട്ട മന്ത്രി സുപ്രീം കോടതി വിധി ഇവിടെ തെറ്റായിട്ട് വ്യാഖ്യാനിച്ചു എന്നാണ് പറഞ്ഞത്. അത് ശരിയല്ല. ആ സുപ്രീം കോടതി വിധിയുടെ പകർപ്പ് എന്റെ കയ്യിലുണ്ട്.

† സഭാദ്ധ്യക്ഷന്റെ ഉത്തരവുപ്രകാരം രേഖയിൽനിന്നും നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

2005-ലെ 5756 എന്നുള്ള കേസ്സിൽ ബഹുമാനപ്പെട്ട അന്നത്തെ ചീഫ് ജസ്റ്റിസ് ആയിരുന്ന ശ്രീ. കെ. ജി. ബാലകൃഷ്ണന്റെ വിധിയാണ്. ഈ വിധിയിൽ വളരെ കൃത്യമായി പറഞ്ഞിരിക്കുന്നത് തെരഞ്ഞെടുപ്പ് കമ്മീഷന്റെ നടപടി ക്രമങ്ങളെ സഹായിക്കേണ്ടത് സംസ്ഥാന ഗവൺമെന്റാണെന്നാണ്. ഇവിടെ സംസ്ഥാന ഗവൺമെന്റ് സഹായിക്കണം. പക്ഷേ ഇവിടെ എന്താ ചെയ്തത്, ഞങ്ങൾ കഴിഞ്ഞ ദിവസം ആരോപണം ഉന്നയിച്ചു ; ഡീ-ലിമിറ്റേഷൻ കമ്മീഷന്റെ ഓഫീസിൽ മാർക്സിസ്റ്റ് പാർട്ടിയുടെ പോഷക സംഘടനയായ എൻ.ജി.ഒ. യൂണിയനിൽ അംഗം അല്ലാത്ത ഒരാളെ കാണിച്ചു തന്നാൽ ഞാൻ ഈ പരാമർശം പിൻവലിക്കാം. മുഴുവൻ പാർട്ടിയുടെ പിന്തുണയോടുകൂടി യാണ് ക്രമക്കേട് നടക്കുന്നത്. അതുകൊണ്ട് ഈ ജഡ്ജ്മെന്റ് ഉദ്ധരിച്ചത് ഓർഡറിലല്ലായെന്ന് പറഞ്ഞത് ശരിയല്ല, ഈ ജഡ്ജ്മെന്റ് ഉദ്ധരിച്ചത് ഓർഡറിൽ തന്നെയാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : യെസ്..........ശ്രീ. അനിൽ കുമാർ സംസാരിക്കു..........

<u>ശ്രീ. എ. പി. അനിൽ കുമാർ</u> : എന്റെ നിയോജകമണ്ഡലത്തിലെ 9 പഞ്ചായത്തുകൾ ഇപ്പോൾ 4 ബ്ലോക്കുകളിലായിട്ടാണ് കിടക്കുന്നത്. 9 പഞ്ചായത്തും 9 ബ്ലോക്കുകളിലാക്കി മാറ്റിയല്ലോ എന്നുള്ളതിന് അങ്ങയെ അഭിനന്ദിക്കുകയാണ്. അതുപോലെ തൊട്ടടുത്തുള്ള മഞ്ചേരി ബ്ലോക്ക് പഞ്ചായത്ത്, മമ്പാട്, തൃക്കലങ്ങോട്, എടവണ്ണ, പാണ്ടിക്കാട് അങ്ങനെ ഒരുമിച്ച് കിടക്കുന്ന പഞ്ചായത്തിൽ നിന്ന് എടവണ്ണ പഞ്ചായത്തിനെ മാത്രം അങ്ങ് എന്തിന്റെ പേരിലാണ് എടുത്ത് മാറ്റിയത് ? യു.ഡി.എഫ്.-ന് അയ്യായിര ത്തിൽപ്പരം വോട്ടിന്റെ ഭൂരിപക്ഷമുള്ള പഞ്ചായത്താണ് അത് എന്ന് അങ്ങേക്ക് അറിയാം, ബ്ലോക്ക് പുനഃസംഘടന എന്ന് പറഞ്ഞ് യാതൊരു മാനദണ്ഡവു മില്ലാത്ത ലിസ്റ്റിന്റെ പേരിലാണ് ആ പ്രശ്നം ഉണ്ടായിട്ടുള്ളത്. മഞ്ചേരി ബ്ലോക്കിൽ വരുന്ന പഞ്ചായത്തുകളിൽ ബ്ലോക്ക് പഞ്ചായത്ത് എടപ്പറ്റ കിടക്കുന്നത് എന്റെ നിയോജകമണ്ഡലത്തിലെ കാളികാവ് ബ്ലോക്കിലാണ്. അതുപോലെ തൃക്കലങ്ങോട് കിടക്കുന്നത് ഇപ്പുറത്താണ്. കീഴാറ്റൂർ കിടക്കുന്നത് പെരുന്തൽമണ്ണയിലാണ്. ബ്ലോക്ക് പഞ്ചായത്തിനെത്തന്നെ ഇല്ലാതാക്കുന്ന സമീപനമാണ്. ഇവിടെ അധികാര വികേന്ദ്രീകരണത്തെക്കുറിച്ച് പറഞ്ഞല്ലോ ; ബ്ലോക്ക് പഞ്ചായത്തിലെ എൻജിനീയറിംഗ് വിംഗ് ഈ ഗവൺമെന്റ് നിർത്തലാക്കി. ബ്ലോക്ക് പഞ്ചായത്തിൽ ഇന്ന് ഒരു എൻജിനീയ റിംഗ് വിംഗ് ഇല്ല. ഇന്ന് കേന്ദ്രാവിഷ്കൃത പദ്ധതികൾ നമുക്ക് ലഭിക്കുമ്പോൾ ഇങ്ങനെ നാല് പഞ്ചായത്തുകളിലായി കിടക്കുന്ന രണ്ട് പഞ്ചായത്തുകളെ കൂട്ടി യോജിപ്പിച്ചുകൊണ്ടുള്ള ഒരു റോഡ്-ഗ്രാമീൺ സഡക്ക് യോജന വന്ന് കഴിഞ്ഞാൽ ഏത് എൻജിനീയറിംഗ് വിംഗാണ് അതെടുക്കേണ്ടത് എന്ന് ബഹു മാനപ്പെട്ട മന്ത്രി വ്യക്തമാക്കണം. ഒരു ബ്ലോക്കിന്റെ കീഴിലായിരുന്നുവെങ്കിൽ ഒരു പ്രയാസവുമില്ല. എടപ്പറ്റ, കീഴാറ്റൂർ എന്നീ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന ഒരു റോഡ് വന്ന് കഴിഞ്ഞാൽ ആ റോഡ് ആരെടുക്കും ? ഏത് ബ്ലോക്കിൽപ്പെടും രണ്ട് പഞ്ചായത്താണ്, രണ്ട് എഞ്ചിനീയറിംഗ്

LIBRARY ARCHIVES Kerala Legislative Assembly

വിംഗാണ്, ആരെടുക്കും ഇത് ? അങ്ങനെ യാതൊരു തത്വദീക്ഷയും ഇല്ലാതെ എങ്ങനെയെങ്കിലും തെരഞ്ഞെടുപ്പിൽ വിജയിച്ചു കയറുക എന്നല്ലാതെ അതിനപ്പുറത്ത് ഒരു താല്പര്യവും ഇല്ല.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

അധികാര വികേന്ദ്രീകരണം എന്ന പേരിൽ ബ്ലോക്കുകളെ അങ്ങ് ഇല്ലാതാക്കി. അതുപോലെ ഗ്രാമസഭകളെക്കുറിച്ച് പറഞ്ഞ് ആവേശം കൊള്ളുന്നവരാണ് ഇടതുപക്ഷം. ഗ്രാമസഭകളിൽനിന്ന് സെലക്ട് ചെയ്യുന്ന ലിസ്റ്റ് ആണോ ഇ.എം.എസ്. ഭവന പദ്ധതിക്ക് കൊടുക്കുന്നത്? ഇ.എം.എസ്. ഭവന പദ്ധതിയെക്കുറിച്ച് എല്ലാവരും പറഞ്ഞു. ഞാൻ പറയുന്നില്ല. ഈ ഗവൺമെന്റിന്റെ കുറേ ഉത്തരവുകളും ഒരു കൈ പുസ്തകവും മന്ത്രിമാരുടെ ബഡായികളുമല്ലാതെ എന്ത് മൂലധനമാണ് ഇ.എം.എസ്. ഭവന പദ്ധതിയിലുള്ളത്. ഇ.എം.എസ്. ഭവന പദ്ധതിയുമായി ബന്ധപ്പെട്ട് ഇന്നത്തെ പത്രവാർത്ത അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടുകാണും. കാലിക്കറ്റ് യൂണിവേഴ്സിറ്റി ജീവനക്കാരുടെ ഒരു ദിവസത്തെ വേതനം കൊടുക്കുവാൻ സിൻഡിക്കേറ്റ് തീരുമാനം എടുത്തിരിക്കുന്നു, കൊടുക്കുവാൻ കഴിയാത്തവർ, നേരത്തെ കൊടുക്കുവാൻ കഴിയുന്നവർ ഒക്കെ എഴുതിക്കൊടുത്താൻ മതി, ഇപ്പോൾ കൊടുക്കുവാൻ കഴിയാത്തവരും രേഖാമൂലം എഴുതി കൊടുക്കണമെന്ന് പറയുന്നു. അവിടെ ഒരു ഭീഷണിയുടെ സ്വരമുണ്ട്. അങ്ങനെ എല്ലാ രീതിയിലും ഇ.എം.എസ്. ഭവന പദ്ധതി നാട്ടുകാരുടെ ചുമലിലാണ് നിങ്ങൾ ഉണ്ടാക്കുന്നത്. ഐ.എ.വൈ. (ഇന്ദിരാ ആവാസ് യോജന)-ക്ക് സെലക്ട് ചെയ്ത ആളുകൾക്കു പോലും സഹായം കിട്ടുന്നില്ല. ഗ്രാമസഭയിൽ ഇ.എം.എസ്. ഭവന പദ്ധതിയുടെ ലിസ്റ്റിൽ പേരുണ്ടോ ? എങ്കിൽ മാത്രമേ അവർക്ക് ഐ.എ.വൈ.യുടെ സഹായം ലഭിക്കുന്നുള്ളൂ. ഗ്രാമസഭയിൽനിന്ന് ലഭിക്കുന്ന ലിസ്റ്റാണെങ്കിൽ, ഉദ്യോഗസ്ഥൻമാർ തീരുമാനമെടുത്ത് കൊടുക്കുന്ന ലിസ്റ്റാണ്. മഞ്ചേരി മുനിസിപ്പൽ ഭരണ സമിതിയുടെ കൗൺസിലർമാരുമായി സംസാരിച്ചപ്പോൾ അവർ പറയുന്നത് ഇ.എം.എസ്. ഭവന പദ്ധതിയിൽ ആർക്ക് വീട് വേണമോ ഞങ്ങൾക്ക് കൊടുക്കുവാൻ പണമുണ്ട്. പക്ഷേ ഞങ്ങൾക്ക് അപേക്ഷകരില്ല. എന്താണ് അപേക്ഷകർ ഇല്ലാത്തത്? 18 ശതമാനം മാർക്ക് ഇല്ല. അവർ പറയുന്നു മാർക്കുണ്ടോ വീട് ഉണ്ടെന്നാണ് പറയുന്നത്. എന്തു കൊണ്ട് മാർക്ക് ഉണ്ടാകുന്നില്ല. നിങ്ങൾ വയ്ക്കുന്ന നിബന്ധനകൾ, നിങ്ങൾ വയ്ക്കുന്ന കൈ പുസ്തകങ്ങൾ. അതിലെ കാര്യങ്ങളൊക്കെ അത്രമാത്രം കഠിനമായ രീതിയിലുള്ളതാണ്. കൈ പുസ്തകം വായിച്ച് കഴിഞ്ഞാൽ ഒരു ഉദ്യോഗസ്ഥനും ഇതിന് അനുകൂലമായ നിലപാട് എടുക്കില്ല. അതിനകത്ത് പ്രത്യേകം പറയുന്നു എന്തെങ്കിലും പാളിച്ചകൾ വന്നുകഴിഞ്ഞാൽ പലിശ സഹിതം ഞങ്ങൾ ഇത് തിരിച്ച് പിടിക്കുമെന്ന് ഉദ്യോഗസ്ഥൻമാരോട് പറയു ന്നതുകൊണ്ട് ഉദ്യോഗസ്ഥൻമാർ ഓരോ കാര്യവും വളരെ ആഴത്തിൽ നോക്കുന്നതുമൂലം പാവപ്പെട്ടവന് വീട് ലഭിക്കാത്ത സന്ദർഭമുണ്ടാകുന്നു. അതുകൊണ്ട് മാർക്ക് ലഭിക്കാത്ത സാഹചര്യമുണ്ടാകുന്നു. മഞ്ചേരിപോലുള്ള മുനിസിപ്പാലിറ്റിയിൽ ഫണ്ട് ഉണ്ടായിട്ടും പണം കൊടുക്കുവാൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിയാത്ത സാഹചര്യമുണ്ടാകുന്നു. ഇ.എം.എസ്. ഭവന പദ്ധതി ഈ ഗവൺമെന്റിന്റെ ആദ്യത്തെ ബഡ്ജറ്റ് സമ്മേളനത്തിൽത്തന്നെ എത്ര ആവേശത്തോടുകൂടി കൊണ്ടുവന്നതാണ്. അതിനുവേണ്ടി നിങ്ങൾ ഒരു ചില്ലിക്കാശുപോലും നീക്കിവച്ചിട്ടില്ല. അത് നിങ്ങൾ പഞ്ചായത്തുകളുടെ ചുമലിലേയ്ക്കിട്ടു. അവസാനം സഹകരണ വകുപ്പിന്റെ ചുമലിലേയ്ക്കിട്ടു. തൊഴിലുറപ്പ് പദ്ധതിയെക്കുറിച്ചൊക്കെ ഇവിടെ പറഞ്ഞല്ലോ. ഏതായാലും ശ്രീ. പി. ജയരാജൻ സംസാരിച്ചപ്പോൾ തൊഴിലുറപ്പ് പദ്ധതി നല്ല രീതിയിൽ നടത്തിക്കഴിഞ്ഞാൽ ഏറ്റവും വലിയ വിപ്ലവകരമായ മാറ്റമുണ്ടാക്കാൻ കഴിയുമെന്ന് പറഞ്ഞതിനെ ഞാൻ സ്വാഗതം ചെയ്യുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെ ഏത് പദ്ധതികളാണ് വിപ്ലവകരമായ മാറ്റമുണ്ടാക്കാത്തത് ? കേരളത്തിന്റെ സാമൂഹിക മാറ്റത്തിന് വളരെയധികം സഹായിക്കുന്ന പദ്ധതികളല്ലേ കേന്ദ്ര പദ്ധതികളൊക്കെ. അത് വേണ്ടതുപോലെ വിനിയോഗിക്കുന്നില്ല എന്നുള്ളതല്ലേ ഈ ഗവൺമെന്റിന്റെ ഏറ്റവും വലിയ തെറ്റ്. ലഭിക്കേണ്ട കാര്യങ്ങൾ വാങ്ങിയെടുക്കുവാനുള്ള ശ്രമം നടത്തുന്നതിന് പകരം കേന്ദ്ര ഗവൺമെന്റിനെ കുറ്റം പറയുന്ന സമീപനം മാത്രമാണ് ഗവൺമെന്റിനുള്ളത്. കഴിഞ്ഞ 2008-09-നേക്കാൾ കൂടുതൽ ഞങ്ങൾ ഇപ്പോൾ വാങ്ങിയില്ലേ എന്നാണ് പറയുന്നത്. അത്രയും വാങ്ങിച്ചാൽ മതിയോ ? ലഭിക്കേണ്ടത് പൂർണ്ണമായും നമ്മൾ വാങ്ങിച്ചെടുക്കണ്ടേ ?

മി. സ്പീക്കർ : യെസ്.

ശ്രീ. എ. പി. അനിൽ കുമാർ : സർ, മൂന്ന് മിനിട്ടേ ആയുള്ളൂ.

മി. സ്പീക്കർ : എത്ര സമയമെടുത്തു എന്നുള്ളത് പ്രശ്നമല്ല. എന്ത് പറയുന്നു എന്നുള്ളതാണ് പ്രശ്നം.

ശ്രീ. എ. പി. അനിൽകുമാർ : ഇപ്പോൾ അവസാനിപ്പിക്കാം. അധികാര വികേന്ദ്രീകരണത്തെക്കുറിച്ച് പറയുമ്പോൾ ഇവിടെ ഗ്രാമസഭകളുടെ കഴിഞ്ഞ കാലത്തുണ്ടായിരുന്ന ശക്തി അല്ലെങ്കിൽ ജനാധിപത്യമായ കരുത്ത് ഈ ഗവൺമെന്റ് ഇല്ലാതാക്കുന്നു. ബ്ലോക്ക് പഞ്ചായത്തുകളുടെ എഞ്ചിനീയറിംഗ് വിംഗ് പിരിച്ചുവിട്ടുകൊണ്ട് ഇവിടെ ബ്ലോക്ക് പഞ്ചായത്തിനെ വെറും നോക്കുകുത്തിയാക്കി മാറ്റുന്നു. ഗ്രാമപഞ്ചായത്തുകൾ അനുവദിക്കുന്ന പണം ഗവൺമെന്റ് കൊടുക്കുന്ന ചീട്ടിന് അനുസരിച്ച് നടപ്പാക്കുക എന്നല്ലാതെ മറ്റൊരു കാര്യവും നടപ്പാക്കരുത് എന്ന് നിർദ്ദേശം നൽകുന്നു. അങ്ങനെ എല്ലാംകൊണ്ടും ജനാധിപത്യത്തെ തകർക്കുന്ന ഒരു സമീപനമാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഈ കഴിഞ്ഞ നാല് വർഷമായി സ്വീകരിച്ചിട്ടുള്ളത്. ജനകീയ ആസൂത്രണത്തെക്കുറിച്ചും ജനകീയ മുന്നേറ്റത്തെക്കുറിച്ചും പ്രസംഗിക്കുന്ന ഇടതുപക്ഷ മുന്നണി കഴിഞ്ഞ നാല് വർഷമായി കേരളത്തിലെ ജനങ്ങൾക്ക് താഴെത്തട്ടിലുള്ള അധികാരം നൽകുവാൻ വൈമനസ്യം കാണിച്ചു എന്നുള്ളതിന് ഇതിനപ്പുറം തെളിവ് ഇല്ല എന്നിട്ടാണ് അധികാര വികേന്ദ്രീകരണത്തെക്കുറിച്ച് ഇപ്പോഴും പുരപ്പുറത്ത് കയറി നിന്ന് പ്രസംഗിക്കുന്നത്. ഞാൻ അവസാനിപ്പിക്കുകയാണ്. കഴിഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly

നാലുവർഷക്കാലമായി കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഒട്ടനവധി ജനവിരുദ്ധ പ്രവർത്തനങ്ങൾ നടത്തി. ആ ജനവിരുദ്ധ പ്രവർത്തനങ്ങളുടെ പട്ടികയിൽ ഒന്നാം സ്ഥാനത്തുള്ളത് ജനകീയ ധ്വംസനം തന്നെയാണ്, അതിൽ തദ്ദേശസ്വയംഭരണ വകുപ്പാണ് ഒന്നാം പ്രതി എന്നുള്ളതുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): സർ, ഈ ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചിട്ടുള്ള ബഹുമാനപ്പെട്ട മെമ്പർമാരോട് ഞാൻ ആദ്യമായി നന്ദി രേഖപ്പെടുത്തുകയാണ്. തദ്ദേശസ്വയംഭരണ വകുപ്പിൽ നടക്കുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച് ശ്രദ്ധിക്കേണ്ടതും തിരുത്തേണ്ടതുമായ ചില വിമർശനങ്ങൾ ഇവിടെ വന്നു. തീർച്ചയായിട്ടും ഗവൺമെന്റ് അത് ഉൾക്കൊള്ളും. പിന്നെ സാധാരണഗതിയിൽ ചർച്ചയിൽ നടക്കുന്ന വിമർശനങ്ങളാണ്. അത് ഞാൻ കേട്ടു. ഈ കഴിഞ്ഞ നാലു വർഷക്കാലം ഗവൺമെന്റ് കാര്യമായി ശ്രദ്ധിച്ചത് തദ്ദേശഭരണ വകുപ്പിനെ ശാക്തീകരിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ എടുക്കുക എന്നുള്ളതിലാണ്. കഴിഞ്ഞ കാലങ്ങളിൽ ആ രംഗത്ത് കണ്ടുവന്നിട്ടുള്ള വൈകല്യങ്ങൾ പരമാവധി തിരുത്തുവാനുള്ള നടപടിയാണ് ഗവൺമെന്റ് എടുത്തത്. ആവശ്യത്തിന് ജീവനക്കാരില്ല എന്നുള്ള പരാതി നിരന്തരമായി ഉയർന്ന് വരാറുണ്ട്. അതുപോലെ വിവിധ മേഖല തിരിച്ച് നൽകുന്ന പണം വകമാറ്റി ചെലവഴിക്കുന്നു എന്നുള്ള പരാതി കേൾക്കാറുണ്ട്. എസ്.സി/എസ്.ടി. വിഭാഗത്തിന് നീക്കിവച്ചിട്ടുള്ള പണം ചെലവഴിക്കാതെ പോകുന്നു എന്നുള്ള അതിശക്തമായിട്ടുള്ള വിമർശനങ്ങളും ഉയർന്ന് വന്നിട്ടുണ്ടായിരുന്നു. അതു പോലെ അഴിമതി. അത്തരം തെറ്റായ പ്രവണതകൾ പരമാവധി പരിഹരിക്കുന്നതിന് ആവശ്യമായിട്ടുള്ള നടപടികളാണ് ഈ ഗവൺമെന്റ് ആദ്യഘട്ടത്തിൽത്തന്നെ ആരംഭിച്ചത്. അതിൽ പലതും കണ്ടുവെന്നുള്ളതാണ് ഈ നാലു വർഷക്കാലത്തെ അനുഭവം. ഇവിടെ വർഷങ്ങളായി കൃത്യമായി കണക്കുകൾ സൂക്ഷിക്കാത്ത സമിതി പഞ്ചായത്തുകളെ സംബന്ധിച്ച് പലപ്പോഴും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതാണ്. കൃത്യമായി അതാത് വർഷത്തെ കണക്കുകൾ സൂക്ഷിക്കണമെന്നുള്ള നിർബന്ധം ഈ ഗവൺമെന്റ് കാണിച്ചു. ഇപ്പോൾ കേരളത്തിൽ 1224 തദ്ദേശസ്ഥാപനങ്ങളിൽ 24 എണ്ണത്തിന്റെ കണക്കാണ് കൃത്യമായി കിട്ടാത്തത്. ബാക്കി മുഴുവനും അപ്ഡേറ്റായി. അത് ഈ കഴിഞ്ഞ നാല് വർഷക്കാലത്തെ കഠിനമായ പരിശ്രമത്തിന്റെ ഭാഗമായി വന്നിട്ടുള്ള മാറ്റമാണ്. തദ്ദേശഭരണസ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം ആവശ്യമായിട്ടുള്ള ജീവനക്കാരെ നിയമിച്ചുകൊണ്ടുള്ള നടപടിയല്ല ആദ്യം മുതലേ ആരംഭിച്ചത്, പുനർ വിന്യസിപ്പിക്കുകയായിരുന്നു. ആ പുനർവിന്യാസത്തിൽ മന്ദഗതി പരിഹരിക്കാനുള്ള നടപടി സ്വീകരിച്ച് ഏതാണ്ട് ആ രംഗത്തെകാര്യങ്ങളെല്ലാം ശരിപ്പെട്ട് വരുന്നുവെന്നുള്ളതാണ് അവസ്ഥ. ഇങ്ങനെയൊക്കെ പ്രവർത്തിച്ചിട്ടുള്ളതിന്റെ ഭാഗമായി പഞ്ചായത്തിന്റെ പ്ലാൻ പ്രവർത്തനങ്ങൾ കഴിഞ്ഞ കാലത്തേക്കാളും മെച്ചപ്പെട്ട നിലയിൽ സുതാര്യമായി കൊണ്ടുപോകുന്നതിനും

LIBRARY ARCHIVES Kerala Legislative Assembly

കണക്കുകൾ സൂക്ഷിക്കുന്നതിനും ഉദ്യോഗസ്ഥൻമാരെ പുനർവിന്യസിപ്പിക്കുന്ന കാര്യങ്ങളിലുമെല്ലാം ഫലപ്രദമായ രീതിയിൽ പ്രവർത്തിക്കാൻ ഈ നടപടി സഹായിച്ചു. അതിന്റെ ഭാഗമായിട്ടുള്ള പ്രവർത്തനങ്ങൾ നടക്കുന്നു എന്നുള്ളതിന്റെ അടിസ്ഥാനത്തിലാണ് കേന്ദ്ര ഗവൺമെന്റ് തദ്ദേശ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ വിലയിരുത്തിക്കൊണ്ട് ഏറ്റവും നല്ല പഞ്ചായത്തീ രാജ് സംവിധാനം കേരളത്തിലാണ് നടപ്പിലാക്കിയത് എന്നുള്ള അംഗീകാരം നമുക്ക് നൽകിയത്. ഇവിടെ കേട്ടത് നൽകിയിട്ടുള്ള ആളുകൾ പൊട്ടൻമാരായിരുന്നു എന്നുള്ളതാണ്. അതിലേക്ക് ഞാൻ പോകുന്നില്ല.

പതിനൊന്നാം പദ്ധതിയിൽ തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ 40% ഉൽപ്പാദന മേഖലയിൽ ചെലവഴിക്കണമെന്നുള്ളത് നിർബന്ധമാണ്. അതിനുമുമ്പുള്ള വർഷങ്ങളിൽ അതിന്റെ ശതമാനം വെട്ടിക്കുറച്ചു. വെട്ടിക്കുറച്ച ശതമാനംപോലും ആ മേഖലയിൽ ചെലവഴിക്കാതെ ഉൽപ്പാദനമേഖലയെ ആകെ തളർത്തിയിട്ടുള്ള ഒരു അനുഭവമാണ് ഉണ്ടായത്. അതിൽ മാറ്റം വരുത്തിയതിന്റെ ഫലമായി കാർഷിക മേഖലയിൽ ഒരു പുതിയ ഉണർവ്വ് ഈ കഴിഞ്ഞ നാല് കൊല്ലക്കാലത്തിനിടയിൽ ദൃശ്യമായിട്ടുണ്ട്. പത്താം പഞ്ചവത്സര പദ്ധതിയുടെ അഞ്ച് വർഷത്തെ ആകെ ചെലവ് 831 കോടി രൂപയാണ്. എന്നാൽ പതിനൊന്നാം പദ്ധതിയുടെ കാലയളവിൽ മൂന്ന് വർഷം കൊണ്ട് 994 കോടി രൂപയിലധികം ചെലവിടാൻ കഴിഞ്ഞുവെന്നുള്ളത് ഇതിന്റെയൊക്കെ ഫലമായി വന്നിട്ടുള്ള മാറ്റമാണ്.

ഇതിന് പുറമേയാണ് തൊഴിൽ ഉറപ്പ് പദ്ധതിയിലൂടെ സൃഷ്ടിച്ചിട്ടുള്ള കായികാധ്വാനം. അതിന്റെ സംഭാവന വലിയ തോതിൽത്തന്നെ കാർഷിക മേഖലയ്ക്ക് കിട്ടിയിട്ടുണ്ട്. അതുകൊണ്ട് കാർഷികവൃത്തി നഷ്ടമാണെന്ന മുറവിളി ഗ്രാമപ്രദേശങ്ങളിൽ നിന്ന് ഇന്ന് അത്രത്തോളം ഉയർന്നുവരുന്നില്ലായെന്നുള്ള ഒരു മാറ്റമുണ്ട്.

ഈ കഴിഞ്ഞ നിയമസഭാ സമ്മേളനം നടക്കുന്ന സമയത്ത് സ്ത്രീകൾക്ക് 50% സംവരണം എന്നുള്ള ബിൽ ഇവിടെ കൊണ്ടുവന്ന് ചർച്ച ചെയ്തു. അതിൽ അന്ന് നമ്മുടെ ബഹുമാനപ്പെട്ട പ്രതിപക്ഷം മോശപ്പെട്ട രീതിയിലുള്ള ഒരു പ്രതികരണം കാണിച്ചു. മോശപ്പെട്ടത് എന്ന് പറഞ്ഞാൽ നിങ്ങളുടെ കേന്ദ്രത്തെ കൊച്ചാക്കാൻ വേണ്ടിയാണെന്ന് പറഞ്ഞു, അത്രയേയുള്ളു. അങ്ങനെയല്ല ഉദ്ദേശിച്ചത്. കാലേക്കൂട്ടി വളരെ വലിയ കേന്ദ്രം നിയമം കൊണ്ടുവരാൻ പോകുന്നു എന്നുപറഞ്ഞ് ഇനി ഒരു അഞ്ച് കൊല്ലത്തേയ്ക്കില്ലായെന്നുള്ളത് എല്ലാവർക്കും ബോദ്ധ്യപ്പെട്ടില്ലേ. ഇനി അഞ്ച് കൊല്ലം കഴിഞ്ഞേ അവിടെ 50% ഉള്ളു, അത് കാലേക്കൂട്ടി നമ്മുടെ കേരളത്തിൽ നടപ്പാക്കുന്നതിനുവേണ്ടി ഒരു ശ്രമം നമ്മൾ നടത്തിയപ്പോൾ അതിനെ ആ അർത്ഥത്തിലല്ല നിങ്ങൾ സ്വീകരിച്ചത്. വളരെ പരിഹാസത്തോടുകൂടി കേന്ദ്ര ഗവൺമെന്റിനെ കൊച്ചാക്കുന്നതിനുവേണ്ടി,

LIBRARY ARCHIVES Kerala Legislative Assembly

പേരെടുക്കാൻ വേണ്ടി എന്നുള്ള രീതിയിലൊക്കെ വളരെ മോശപ്പെട്ട രീതിയിലാണ് അന്ന് പ്രതികരിച്ചത്. 51%-ൽ അധികം വനിതകൾ വരാൻ പോകുന്നു എന്നുള്ള ഗുണപരമായിട്ടുള്ള ഒരുമാറ്റം കേരളത്തിൽ വരാൻ പോകുകയാണ്. കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും ഫ്രണ്ട് ഓഫീസ് നിലവിൽ വന്നു. 99%-ഉം ഫലപ്രദമായിട്ട് പ്രവർത്തിക്കുന്നുണ്ട് എന്നുള്ളതാണ് എനിക്ക് കിട്ടുന്ന റിപ്പോർട്ട്. അത് സാധാരണ ജനങ്ങളെ സംബന്ധിച്ചിടത്തോളം, പഞ്ചായത്തുകളിൽ വന്ന് കാര്യങ്ങൾ നേടിപ്പോകുന്ന ആളുകളെ സംബന്ധിച്ചിടത്തോളം വളരെ ഗുണകരമായിട്ടുണ്ട് എന്നുള്ളതാണ് അനുഭവം.

ബ്ളോക്ക് ഓഫീസുകൾ പുനഃസംഘടിപ്പിച്ച കാര്യമാണ് ഇവിടെ പറഞ്ഞത്. അത് കടുത്തിട്ടുണ്ട്. എന്താണ് ചെയ്യുക. 152 ബ്ളോക്കാണ് കേരളത്തിലുള്ളത്. അത് 153 ആക്കാനോ 151 ആക്കാനോ നമുക്ക് അധികാരമില്ല. അത് അതിൽ നിലനിറുത്തണം. കഴിഞ്ഞ കാലത്ത് ഉണ്ടായിരുന്നത്, 1963 കാലഘട്ടത്തിലുള്ള ബ്ളോക്കുകളെയാണ് പിന്നീട് അതേപടി നിലനിറുത്തി പഞ്ചായത്ത് ബ്ളോക്കുകളാക്കി നമ്മൾ മാറ്റിയത്. അതിൽ 14 പഞ്ചായത്തുകളുള്ള ബ്ളോക്ക് കേരളത്തിലുണ്ട്. രണ്ട് പഞ്ചായത്തുകളുള്ള ബ്ളോക്കുകൾ ഉണ്ടായിരുന്നു. ഇപ്പോൾ ഇവിടെ പറഞ്ഞല്ലോ ജനസംഖ്യ ക്രമാതീതമായി അങ്ങോട്ടുമിങ്ങോട്ടും വർദ്ധിച്ചുവെന്നുള്ളത്. 14 പഞ്ചായത്ത്, രണ്ട് പഞ്ചായത്തുകളുള്ള നാലോ അഞ്ചോ ബ്ളോക്കുകൾ. ഇതാണ് കേരളത്തിൽ ഉണ്ടായിരുന്നത്. എന്നിട്ടും നമ്മൾ ഈ മാറ്റം വരുത്താൻ ഇടവന്നതെന്താണ്? കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും പഞ്ചായത്തുകൾ കൂട്ടിച്ചേർക്കുന്ന ഒരു നടപടി നമ്മൾ സ്വീകരിച്ചു. അപ്പോൾ ബ്ളോക്കുകൾ ഇല്ലാതായി. അത് കോർപ്പറേഷനോട് കൂട്ടിച്ചേർന്നു.

ശ്രീ. പി. സി. ജോർജ്: സർ, കോർപ്പറേഷൻ ഒന്നുമില്ലാത്ത പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ ഈരാറ്റുപേട്ട ബ്ളോക്കിലുണ്ടായിരുന്ന ഒമ്പത് പഞ്ചായത്തുകളിൽ അങ്ങേയറ്റത്തുകിടന്ന, തിടനാട് പഞ്ചായത്ത് ളാലം ബ്ളോക്കിൽ കൊണ്ടിട്ടിരിക്കുകയാണ്. ഇത് പാപമാണ്.

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: ഒരു പാപവുമില്ല. ഞാൻ പറയാം. ചിലതെല്ലാം നമ്മൾ സഹിക്കേണ്ടിവരും... അങ്ങനെ വന്ന സമയത്ത് പുനഃസംഘടിപ്പിക്കേണ്ടിവന്നു. തൃശ്ശൂർ ജില്ലയിലെ ബ്ളോക്ക് കൊടുങ്ങല്ലൂരിന് പോകാൻ പാടില്ലേ ? അതല്ല പ്രശ്നം. തൃശ്ശൂർ ജില്ലയിൽ 17 ബ്ളോക്കുണ്ട്. 99 പഞ്ചായത്തുണ്ട്. മലപ്പുറം ജില്ലയിൽ 14 ബ്ളോക്ക്. ഒരു ശാസ്ത്രീയവും അക്കാലത്തില്ല. ഈ രീതിയിലുള്ള വിഭജനമാണ്. ഇപ്പോൾ ഏഴ്, ചിലയിടത്ത് എട്ട് വന്നിട്ടുണ്ടാകും, ചിലയിടത്ത് ആറാകും. ആ രീതിയിൽ, ജനസംഖ്യ ഏതാണ്ട് തുല്യമായ രീതിയിലാണ് വിഭജിച്ചിട്ടുള്ളത്. അതിൽ അപാകതയുണ്ടാകും. അവസാനം കിടക്കുന്ന ആസ്ഥാന കേന്ദ്രത്തിലേയ്ക്കുള്ള ദൂരത്തെ സംബന്ധിച്ച് പരാതികളുണ്ടായിരിക്കും. അത് പരമാവധി പരിഹരിക്കുന്നതിനുവേണ്ടി ശ്രമിക്കും. അങ്ങനെ ഒരു

LIBRARY ARCHIVES Kerala Legislative Assembly

പുനഃസംഘടന വരുന്ന ഘട്ടത്തിൽ ഇതുപോലുള്ള മാറ്റങ്ങൾ ഉണ്ടാക്കാൻ സാധിക്കും. എല്ലാ പഞ്ചായത്തുകളിലും കൃത്യമായിട്ട് കണക്ക് സൂക്ഷിക്കാനുള്ള എല്ലാ ഏർപ്പാടും ചെയ്തിട്ടുണ്ട്. അക്കൗണ്ടന്റുമാരെ എല്ലാ പഞ്ചായത്തുകളിലും നിയമിച്ചിട്ടുണ്ട്. എഞ്ചിനീയർമാരുടെ സംവിധാനം സംയോജിപ്പിച്ചു, ശക്തിപ്പെടുത്തി. ഇപ്പോൾ 3306 സാങ്കേതിക ജീവനക്കാർ ഈ സംവിധാനത്തിന് കീഴിലുണ്ട്.

ശ്രീ. എം. എ. വാഹിദ് : സർ, ബ്ളോക്കിൽ നിന്നും അസിസ്റ്റന്റ് എഞ്ചിനീയർമാരെ എടുത്തുമാറ്റി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും ഒരു ഓവർസിയറുമാണ് ഉണ്ടായിരുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതികൾ നടക്കുന്നത് അവിടെയാണ്. എസ്റ്റിമേറ്റ് എടുക്കാൻ ആരും തയ്യാറല്ല. എം.പി.ഫണ്ട്, എം.എൽ.എ. ഫണ്ട് എന്നിവയുടെ വിനിയോഗം മിക്കവാറും നടക്കുന്നത് ബ്ളോക്കിലാണ്. ഇത് പഞ്ചായത്തുകളിൽ കൊടുത്താൽ പഞ്ചായത്ത് പ്രസിഡന്റുമാർ പറയും നിന്റെ ജോലിയതല്ല. പഞ്ചായത്തിന്റെ പണി ചെയ്യാനാണെന്ന്. സർക്കാർ ഇറക്കുന്ന സർക്കുലർ അയച്ചു, ഓർഡർ അയച്ചു. ഒരു പഞ്ചായത്തും എസ്റ്റിമേറ്റ് എടുക്കുന്നില്ല. വർക്ക് ഇംപ്ളിമെന്റ് ചെയ്യുന്നുമില്ല. ബ്ളോക്കിൽ അസിസ്റ്റന്റ് എഞ്ചിനീയറും ഇല്ല. ഏതോ ഉദ്യോഗസ്ഥന് ഒരു അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യത്തിലുണ്ടായിരുന്ന ദേഷ്യം നിമിത്തം ഈ 152 ബ്ളോക്കുകളിലെയും അസിസ്റ്റന്റ് എഞ്ചിനീയർമാരെ മാറ്റി. ഇത് ബാധിക്കുന്നത് കേന്ദ്രാവിഷ്കൃത പദ്ധതികളെയാണ്. അത് മുഴുവൻ നിശ്ചലമായിരിക്കുകയാണ്. അതിൽ ഒരു മാറ്റം വരുത്താൻ അങ്ങേക്ക് കഴിയുമോ ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : ബ്ളോക്കിൽ നിന്ന് ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയറെയും മാറ്റിയിട്ടില്ല. നേരെമറിച്ച് പഞ്ചായത്തുകളിൽ എം.എൽ.എ. ഫണ്ട് തുടങ്ങിയ കാര്യങ്ങൾ കൊടുക്കുന്നതിന് ബന്ധപ്പെട്ട പഞ്ചായത്തിലെ എഞ്ചിനീയർക്ക് അതിന്റെ പൂർണ്ണമായിട്ടുള്ള അധികാരം കൊടുത്തിട്ടുണ്ട്. യാതൊരു തടസ്സവും ആ വർക്കിന് നേരിടുന്നില്ല. സെറിഫെഡിലുള്ള 283 ജീവനക്കാരെ, ജീവനക്കാർ കുറവുള്ള പഞ്ചായത്തുകൾ നോക്കി അവിടേക്ക് കൊടുത്തിട്ടുണ്ട്.

പതിനൊന്നിന പരിപാടി ബഹുമാനപ്പെട്ട ശ്രീ. വി. ജെ. തങ്കപ്പൻ മിനിസ്റ്റർ ആയിരിക്കുന്ന കാലഘട്ടത്തിലാണ് കൊണ്ടുവന്നത്. അന്ന് നിയമിക്കപ്പെട്ട 418 ലൈബ്രേറിയന്മാർ, 160 നഴ്സറി ടീച്ചർമാർ, 160 ഹെൽപ്പർമാർ എന്നിവരെ സർവ്വീസിൽ സ്ഥിരപ്പെടുത്തി. നമ്മുടെ സംസ്ഥാനത്തിലാദ്യമായി ആദിവാസികൾ മാത്രമുള്ള ഒരു പഞ്ചായത്ത് ഇടുക്കി ജില്ലയിലെ ഇടമലക്കുടിയിൽ രൂപീകരിച്ചു. തദ്ദേശ സ്ഥാപനങ്ങൾക്ക് ഫണ്ട് പുനർനിർണ്ണയിക്കുന്നതിനുവേണ്ടി നാലാം ധനകാര്യ കമ്മീഷനെ നിയമിച്ചു. പഞ്ചായത്തുകളിലും നഗരസഭകളിലും കോർപ്പറേഷനുകളിലും അവരുടെ ഭരണസംവിധാനം മെച്ചപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനുംവേണ്ടി സ്റ്റാന്റിംഗ് കമ്മിറ്റികളുടെ എണ്ണം പഞ്ചായത്തുകളിൽ നാല്, നഗരസഭകളിൽ ആറ്, കോർപ്പറേഷനുകളിൽ എട്ട് എന്ന നിലയിൽ വർദ്ധിപ്പിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി ഈടാക്കുന്നതിനുവേണ്ടിയുള്ള നിയമനിർമ്മാണം കൊണ്ടുവന്നു. മറ്റൊന്ന് വി.ഇ.ഒ.മാരുടെ നിയമനത്തിലും പ്രൊമോഷനിലുമുണ്ടായിരുന്ന സ്ത്രീ-പുരുഷ അസമത്വം ഇല്ലാതാക്കി. ഒറ്റ ലിസ്റ്റിൽനിന്ന് നിയമനവും സീനിയോറിറ്റി അനുസരിച്ച് പ്രൊമോഷനും നൽകുന്ന അവസരയുണ്ടാക്കി. വാഹനപെരുപ്പം, സുരക്ഷ ഇവ പരിഗണിച്ചുകൊണ്ട് കെട്ടിട നിർമ്മാണചട്ടങ്ങൾ ഭേദഗതി ചെയ്തു. തിരുവനന്തപുരം നഗരസഭയിൽ കെട്ടിട നിർമ്മാണ പെർമിറ്റ് നൽകൽ കമ്പ്യൂട്ടർവൽക്കരിച്ചു. അവിടെ മാത്രമേ ആയിട്ടുള്ളൂ. മറ്റുള്ളയിടത്ത് അടിയന്തരമായി വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. എല്ലാ നഗരസഭകളിലും ഡബിൾ എൻട്രി അക്കൗണ്ടിംഗ് ആരംഭിച്ചു. 23 നഗരസഭാ മാസ്റ്റർപ്ലാനുകൾ വ്യതിയാനങ്ങൾ വരുത്തി പൂർണ്ണതയിലെത്തി, അത് അടുത്ത ദിവസം തന്നെ പ്രസിദ്ധീകരിക്കും. ജനന- മരണ രജിസ്ട്രേഷൻ നടപടികൾ ലഘൂകരിക്കും.

ന്യൂനപക്ഷങ്ങളെ സംബന്ധിച്ച് ഞാൻ ഇവിടെ പറയുന്നില്ല. സച്ചാർ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ എന്ത് കാര്യമാണ് നടപ്പാക്കേണ്ടതെന്ന് അന്വേഷിക്കാൻ സംസ്ഥാന ഗവൺമെന്റ് നിയോഗിച്ച ഒരു കമ്മിറ്റി ഉണ്ടായിരുന്നു. അതെ, പാലോളി കമ്മിറ്റി. ആ കമ്മിറ്റി പ്രധാനമായിട്ടും ഗവൺമെന്റിന്റെ മുമ്പാകെ കൊടുത്തിട്ടുള്ള ശുപാർശകളിൽ നാലെണ്ണം നടപ്പിലാക്കി, അഞ്ചാമത്തേത് മദ്രസാ അദ്ധ്യാപകന്മാരുടെ ക്ഷേമനിധി, ഈ 24-ാം തീയതി മുതൽ അതിന്റെ നടപടികളാരംഭിക്കും. ബാക്കിയുള്ള കാര്യങ്ങളൊക്കെ നടപ്പാക്കികഴിഞ്ഞു. ചെറിയൊരു വിഭാഗമാണ് എങ്കിൽപ്പോലും അവരുടെ വളരെക്കാലത്തെ നിരന്തരമായിട്ടുള്ള ആവശ്യമായിരുന്നു ദഖ്നി, കച്ച്-മേമൻ വിഭാഗത്തെ പിന്നോക്ക സമുദായത്തിൽ ഉൾപ്പെടുത്തണമെന്നുള്ളത്. അവരെ സംവരണാനുകൂല്യം നൽകി അതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഹജ്ജുമായി ബന്ധപ്പെട്ട് സംസ്ഥാന ഗവൺമെന്റ് ചെയ്യേണ്ട കാര്യങ്ങൾ എല്ലാംതന്നെ പൂർത്തീകരിച്ചു കൊടുത്തിട്ടുണ്ട്. മറ്റു ചില കാര്യങ്ങൾ കേന്ദ്ര ഹജ്ജ് കമ്മിറ്റിയും കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ടതാണ്. പ്രശ്നങ്ങളും പ്രയാസങ്ങളുമൊക്കെ വരുന്ന സമയത്ത് അവരുടെ ശ്രദ്ധയിൽപ്പെടുത്താറുണ്ട്. ഇവിടെ ചെയ്യേണ്ട കാര്യങ്ങളൊക്കെ ചെയ്തിട്ടുണ്ട്.

ശ്രീ. പി. ജയരാജൻ : കേന്ദ്ര ഹജ്ജ് ക്വാട്ട സംബന്ധിച്ചാണ് വലിയ പരാതി. കേരളത്തിൽ ഏറ്റവും കൂടുതൽ ആവശ്യക്കാരുള്ള സാഹചര്യത്തിൽ അത് കേരള ഗവൺമെന്റിന് വിട്ടുതരണം എന്ന് ബഹുമാനപ്പെട്ട മന്ത്രിതന്നെ നേരത്തെ ആവശ്യപ്പെട്ടിരുന്നു. അക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റ് അനുകൂലമായ വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : കേന്ദ്ര ഗവൺമെന്റ് ഹജ്ജിന്റെ ക്വാട്ടയിൽ കാണിക്കുന്ന ഒരു നിലപാട് ഇൻഡ്യയ്ക്ക് കിട്ടുന്ന ക്വാട്ട ഓരോ സംസ്ഥാനത്തുമുള്ള ജനസംഖ്യാനുപാതികമായിട്ട് വീതിക്കുക എന്നുള്ളതാണ് സ്വീകരിച്ചുവരുന്ന നടപടി. അങ്ങനെ വരുമ്പോൾ വടക്കേയിന്ത്യൻ സംസ്ഥാനങ്ങളിലെല്ലാംതന്നെ പലപ്പോഴും അനുവദിക്കപ്പെട്ട ക്വാട്ടയ്ക്ക് പൂർണ്ണമായി

ആളില്ലാതെ വരികയും കേരളത്തിൽ ആവശ്യപ്പെട്ടവർക്ക് കിട്ടാതെ പോകുകയും ചെയ്യുന്ന ഒരു സ്ഥിതിയാണ് ഉണ്ടാകാറുള്ളത്. ഇതുവച്ച് പല പ്രാവശ്യം കേന്ദ്ര ഗവൺമെന്റിനോടും ഹജ്ജ് കമ്മിറ്റിയോടും നമ്മൾ അപേക്ഷ കൊടുക്കുന്ന ആളുകളുടെ ശതമാനം നോക്കി ക്വാട്ട നിർണ്ണയിക്കണമെന്നുള്ളത് ആവശ്യപ്പെട്ടതാണ്. പക്ഷേ ഇതുവരെ അനുവദിച്ചിട്ടില്ല. അതാണ് സ്ഥിതി. വഖഫ് സ്വത്തുക്കൾ പരിപാലിക്കപ്പെടുന്നില്ല, അന്യാധീനപ്പെട്ടു പോകുന്നു, അഴിമതി കാണിക്കുന്നു എന്ന രീതിയിലുള്ള പത്ത് അറുന്നൂറിൽപ്പരം പരാതികൾ ഈ ഗവൺമെന്റ് വന്നതിനുശേഷം ലഭിച്ചിട്ടുണ്ട്. ആ പരാതികളിൽ പലതിലും നിരവധി തവണ പരാതിപ്പെട്ടിട്ടും പരിഹാരം കാണുന്നില്ല എന്ന് സൂചിപ്പിച്ചിട്ടുള്ളതിന്റെയടിസ്ഥാനത്തിലാണ് സമഗ്രമായിട്ടുള്ള ഒരു അന്വേഷണം നടത്താൻ ഒരു കമ്മീഷനെ വച്ചത്. ആ കമ്മീഷന്റെ റിപ്പോർട്ട് ഗവൺമെന്റിനു കിട്ടി. മന്ത്രിസഭ അത് അംഗീകരിച്ചു. അതിന്മേലുള്ള നടപടികൾ ഗവൺമെന്റ് തുടർന്ന് ആരംഭിക്കുന്നതായിരിക്കും.

ശ്രീ. പി. സി. ജോർജ്: കമ്മീഷന്റെ ചെയർമാൻ ഒരു റിപ്പോർട്ട് സമർപ്പിക്കുകയും മെമ്പർ സെക്രട്ടറി വേറൊരു റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്താൽ അതിൽ അങ്ങ് ഏതിനാണ് പ്രാമുഖ്യം കൊടുക്കുന്നത്? സാധാരണഗതിയിൽ ഒരു കമ്മീഷൻ റിപ്പോർട്ട് എന്നു പറഞ്ഞാൽ ആ കമ്മീഷനാണ് റിപ്പോർട്ട് സമർപ്പിക്കുന്നത്. ഈ കമ്മീഷൻ റിപ്പോർട്ടിൽ ചെയർമാനായ നിസ്സാറും മെമ്പർ സെക്രട്ടറിയും വെവ്വേറെ റിപ്പോർട്ടുകൾ എഴുതിയിരിക്കുകയാണ്. കേരളത്തിന്റെ ചരിത്രത്തിൽ ഇങ്ങനെയൊരു റിപ്പോർട്ടുണ്ടായിട്ടില്ല. ഇത് ശരിയാണെന്നു പറഞ്ഞ് അങ്ങ് നടപടി സ്വീകരിക്കുകയാണ്.

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: ബഹുമാനപ്പെട്ട മെമ്പർ മനസ്സിലാക്കേണ്ട ഒരു കാര്യം, ഗവൺമെന്റ് ഒരു കമ്മീഷനെ വച്ചു. ആ കമ്മീഷന്റെ റിപ്പോർട്ട് കിട്ടി. അതിന്മേൽ നടപടി സ്വീകരിക്കുമെന്നാണ് ഞാൻ പറഞ്ഞത്. ആ കമ്മീഷൻ തന്നിട്ടുള്ള റിപ്പോർട്ടിൽത്തന്നെ എല്ലാ കാര്യത്തിലും ഭിന്നാഭിപ്രായമില്ല. ഒരു കാര്യത്തെ സംബന്ധിച്ച് വ്യത്യസ്ത അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്. അത് സാധാരണ പതിവുള്ളതാണ്. അതിലൊന്നും ബേജാറാകേണ്ട കാര്യമില്ല. ഇവിടെ ഒരു തെറ്റിദ്ധാരണ സഭയിൽ കഴിഞ്ഞ തവണ നടന്ന ചർച്ചയിൽ വന്നു.

ശ്രീ. ടി. ഡി. സതീശൻ: കമ്മീഷൻ റിപ്പോർട്ടിൽ അഴിമതി അന്വേഷിക്കാനാണെന്നു പറഞ്ഞു. പക്ഷേ രാഷ്ട്രീയമായ വിരോധം തീർക്കാൻ വേണ്ടി എൽ.ഡി.എഫിന്റെ സ്ഥാനാർത്ഥിയായി മത്സരിച്ചുതോറ്റ ഒരാളെ ഈ കമ്മീഷനാക്കിയിട്ട് സമർപ്പിച്ച റിപ്പോർട്ടല്ലേ. ഇതിനകത്ത് രാഷ്ട്രീയമല്ലാതെ വേറെ എന്താണുള്ളത് ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: ആ ഒരു സമാധാനത്തിൽ ബഹുമാനപ്പെട്ട മെമ്പർക്ക് ഇരിക്കാം. ഞാൻ പറയാം. ഇവിടെ കഴിഞ്ഞ തവണ നിയമസഭയിൽ ചോദ്യോത്തരവേളയിൽ സച്ചാർ കമ്മീഷൻ റിപ്പോർട്ടിനെ സംബന്ധിച്ച് ഞാൻ സംസാരിക്കുന്ന ഘട്ടത്തിൽ ഞാനൊരു

LIBRARY ARCHIVES Kerala Legislative Assembly

വസ്തുത പറഞ്ഞു. കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതിയുടെ ഭാഗമായിട്ടു വരുന്ന ന്യൂനപക്ഷ വിഭാഗത്തിനുള്ള ആനുകൂല്യങ്ങൾ ധാരാളമുണ്ട്. അത് ഇവിടെ നടപ്പാക്കുന്നുമുണ്ട്. സച്ചാർ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇവിടെ രൂപീകൃതമായിട്ടുള്ള കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്കുവേണ്ടി ഒരു നയാപൈസയും കേന്ദ്ര ഗവൺമെന്റ് തന്നിട്ടില്ല, സംസ്ഥാന പദ്ധതി വിഹിതമാണ് എന്നു പറഞ്ഞു. അതാണ് വസ്തുത. അത് കേൾക്കുമ്പോഴേക്കും ബേജാറാണ്. എന്തു വന്നാലും കേന്ദ്രം എന്നു പറയുന്ന ഒരു സമിതി, അത് ശരിയല്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഇവിടെ മുസ്ലീം മത വിഭാഗത്തിൽപ്പെട്ട ആളുകൾക്കുള്ള പിന്നോക്കാവസ്ഥ മാറ്റുന്നതിനുവേണ്ടി വച്ച സച്ചാർ കമ്മിറ്റി ചില പ്രൊപ്പോസൽസ് ഗവൺമെന്റിന്റെ മുമ്പിൽ വച്ചു. ആ സച്ചാർ കമ്മിറ്റിക്കുള്ള പണമല്ലേ കൊടുക്കേണ്ടത്. അല്ലാതെ സച്ചാർ കമ്മിറ്റിയുടെ പേരിൽ മറ്റൊരു കമ്മിറ്റി വച്ചാൽ ആ കമ്മിറ്റിക്കും പണം കൊടുക്കുന്നതിനുള്ള ബാദ്ധ്യത ആർക്കെങ്കിലുമുണ്ടോ ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : സച്ചാർ കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ഗവൺമെന്റ് ഒരു സംസ്ഥാനത്തിനും ഒരു നയാപൈസയും ഇതുവരെ കൊടുത്തിട്ടില്ല. തദ്ദേശഭരണ വകുപ്പിൽ കഴിഞ്ഞ നാലു വർഷങ്ങളിലായി 4485 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇതിനു പുറമേയാണ് മൂവായിരത്തോളം എഞ്ചിനീയർമാരെയും ഓവർസിയർമാരെയും നിയമിച്ചിട്ടുള്ളത്. അതുകൊണ്ട് പൂർണ്ണമായി എന്നുള്ളതല്ല. ഇപ്പോഴും ജീവനക്കാരുടെ കുറവ് പലസ്ഥലങ്ങളിൽ റിപ്പോർട്ട് ചെയ്യുന്നുണ്ട്. അതിനാവശ്യമായ നടപടി എടുക്കുന്നതായിരിക്കും. ഇനി പ്രധാനമായും നടപ്പാക്കാനുദ്ദേശിക്കുന്ന ചില കാര്യങ്ങളുണ്ട്. തദ്ദേശഭരണ വകുപ്പിൽ വിവിധ വകുപ്പുതലവൻമാരുടെ ഓഫീസ് സമുച്ചയം, "സ്വരാജ് ഭവൻ" ഈ വർഷം പ്രവർത്തനക്ഷമമാകും. പതിനേഴോളം ഓഫീസുകൾ അങ്ങോട്ടുമാറ്റും. പഞ്ചായത്ത് ഡയറക്ടറേറ്റ്, മുൻസിപ്പൽ ഡയറക്ടറേറ്റ്, ഗ്രാമ വികസന കമ്മീഷൻ, സി.ടി.പി., കുടുംബശ്രീ തുടങ്ങിയ എല്ലാ സംവിധാനങ്ങളും അതിനകത്ത് പ്രവർത്തിക്കുന്നതായിരിക്കും. ജനന-മരണ സർട്ടിഫിക്കറ്റുകൾ ഓൺലൈനിലൂടെ ലഭ്യമാക്കും. നഗരസഭകളിൽ കമ്പ്യൂട്ടർ സഹായത്തോടെ കെട്ടിട നിർമ്മാണ പെർമിറ്റ് സംവിധാനം ഏർപ്പെടുത്തും. തിരുവനന്തപുരത്ത് നടപ്പാക്കികഴിഞ്ഞു. മറ്റ് എല്ലാ നഗരസഭകളിലും അത് വ്യാപിപ്പിക്കുന്നതിനുവേണ്ടി നടപടി സ്വീകരിക്കും.

ഡബിൾ എൻട്രി അക്കൗണ്ടിംഗ് എല്ലാ പഞ്ചായത്തുകളിലും നടപ്പാക്കും. എഞ്ചിനീയറിംഗ് പണികൾക്കുള്ള 'സുഗമ സോഫ്റ്റ് വെയർ'

3.00 PM] -ന്റെ പ്രവർത്തനം പുരോഗമിച്ചുവരുന്നുണ്ട്. സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ വിതരണം കമ്പ്യൂട്ടർ വഴിയാക്കും. ചെറിയ വ്യതിയാനങ്ങളുള്ള കെട്ടിടങ്ങൾ പിഴ വസൂലാക്കി ക്രമവൽക്കരിക്കും. അതിനെ സംബന്ധിച്ചുള്ള വ്യക്തമായ നിർദ്ദേശങ്ങൾ തയ്യാറാക്കും. നിയമത്തിലെ വ്യവസ്ഥകൾ ചെറുതായി ലംഘിക്കപ്പെട്ടതിന്റെ പേരിൽ ആ കെട്ടിടങ്ങൾ പൊളിച്ചു നീക്കണോ തൽക്കാലം ക്രമവൽക്കരിച്ചു നിർത്തണോ

LIBRARY ARCHIVES Kerala Legislative Assembly

എന്നുള്ളതാണ് പ്രശ്നം വന്നത്. ആ അടിസ്ഥാനത്തിൽ ക്രമീകരണം ഏർപ്പെടുത്തും. അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി നഗരസഭകളിൽ ഒക്ടോബറിൽ പ്രവർത്തനമാരംഭിക്കും. 'കില' -യെ കേന്ദ്രീകൃത ആസൂത്രണത്തിനുള്ള ദേശീയ കേന്ദ്രമായി അംഗീകരിച്ചുകഴിഞ്ഞിട്ടുണ്ട്. അതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചെടുക്കും.

കുടുംബശ്രീ ഇപ്പോൾ അറുപതിനായിരത്തിൽപ്പരം ഏക്കറിൽ കൃഷി നടത്തുന്നുണ്ട്. ഇത് ഒരു ലക്ഷം ഏക്കറായി വർദ്ധിപ്പിക്കും. ആശ്രയ പദ്ധതികൾ വിപുലീകരിക്കും. ആശ്രയ ഗുണഭോക്താക്കളുടെ ആവശ്യങ്ങൾക്കനുസരിച്ച് കൂടുതൽ സേവനങ്ങൾ ആ പദ്ധതിയിൽ ഉൾപ്പെടുത്തും. കൂടുതൽ മൈക്രോ സംരംഭങ്ങളും വിപണന കേന്ദ്രങ്ങളും ആരംഭിക്കും. മുസ്ലീം യുവജനങ്ങൾക്ക് പരിശീലനം നൽകാനുള്ള കേന്ദ്രങ്ങൾ തിരുവനന്തപുരം, എറണാകുളം, വയനാട് എന്നീ ജില്ലകളിൽ അടുത്തവർഷം ആരംഭിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർമാർ ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ള പല പ്രശ്നങ്ങൾ ഗവൺമെന്റ് വളരെ ഗൗരവമായി പരിഗണിക്കും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കുറെ പ്രശ്നങ്ങൾ പരിഹരിക്കാനുണ്ടെങ്കിൽപ്പോലും മുൻകാലങ്ങളെ അപേക്ഷിച്ച് കുറെ മെച്ചപ്പെട്ടിട്ടുണ്ട്. കൂടുതൽ ശക്തിപ്പെടുത്താനാവശ്യമായ നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്. ഇവിടെ പലരും അധികാര വികേന്ദ്രീകരണമല്ല കേന്ദ്രീകരണമാണ് നടക്കുന്നത് എന്നുപറഞ്ഞു. ഏതാണ്ട് വില്ലേജ് ആഫീസുപോലെയും പോലീസ് സ്റ്റേഷൻ പോലെയും ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ച് നടപ്പാക്കുന്ന സ്ഥാപനമായി കണ്ടു എന്ന സംശയവും പല അംഗങ്ങളും പറഞ്ഞു. വ്യക്തമായ മാനദണ്ഡങ്ങൾ വച്ചുകൊണ്ട് ചില അധികാരങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൊടുത്തിട്ടുണ്ട്. അത് വച്ചുകൊണ്ടാണ് അവർ പ്രവർത്തിക്കുന്നത്. അങ്ങനെ പ്രവർത്തിക്കുന്നത് ഏതെങ്കിലും പ്രത്യേക രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ ആളുകൾ മാത്രമല്ല, പഞ്ചായത്തും ഭരിക്കുന്നുണ്ട്. ഇവിടെ മെമ്പർമാർ സംസാരിക്കുന്ന കൂട്ടത്തിൽ ഒന്നും നടക്കുന്നില്ല എന്ന് ഒരു ഭാഗത്ത് പറയുമ്പോൾ, വടകര മെമ്പർ, അദ്ദേഹത്തിന്റെ മണ്ഡലത്തിൽ നടക്കുന്ന കണ്ണഞ്ചിപ്പിക്കുന്ന പുരോഗതിയെ സംബന്ധിച്ചാണ് പറഞ്ഞത്. യു.ഡി.എഫ്., എൽ.ഡി.എഫ്. വ്യത്യാസമില്ലാതെ നല്ല രീതിയിലും മോശപ്പെട്ട പട്ടികയിലും പ്രവർത്തിക്കുന്ന ധാരാളം പഞ്ചായത്തുകളുണ്ട്. ആ മോശപ്പെട്ടത് മെച്ചപ്പെടുത്താനാവശ്യമായ ശ്രമമാണ് ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ആദ്യഘട്ടത്തിൽ കണ്ടിരുന്ന ജനപങ്കാളിത്തം കുറഞ്ഞുവരുന്നു. അത് നല്ല ലക്ഷണമല്ല. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടണമെങ്കിൽ, വലിയ തോതിലുള്ള ജനപങ്കാളിത്തം വേണം എന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല. ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ജനങ്ങളെ സഹകരിപ്പിക്കുന്നതിനും വേണ്ടിയുള്ള ഇടപെടൽ ആവശ്യമാണ്.

ശ്രീ. പി. സി. ജോർജ്: ബഹുമാനപ്പെട്ട വാഴൂർ എം.എൽ.എ. പ്രൊഫ. എൻ. ജയരാജ് സംസാരിച്ചപ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചെലവ് സംബന്ധമായ കണക്കുകൾ ഇക്കണോമിക് റിവ്യൂവിലും മറ്റു

LIBRARY ARCHIVES Kerala Legislative Assembly

പുസ്തകങ്ങളിലും രണ്ടും രണ്ടാണ്, അതിൽ ഏതാണ് ശരി എന്ന് അങ്ങയോട് ചോദിച്ചു. അങ്ങ് അതിനെപ്പറ്റി മറുപടി പറഞ്ഞില്ല.

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: ചെറിയതിനെ സംബന്ധിച്ചിടത്തോളം ഇവിടെ പുതിയ ഒരു തർക്കമില്ല. എ.ജി പറയുന്ന പല കണക്കുകളിലും റിപ്പോർട്ടുകളിലും വരുന്ന കാര്യങ്ങൾ ആദ്യത്തെ റിപ്പോർട്ടാണ്. പത്രങ്ങളിൽ വരുന്നതിനെ സംബന്ധിച്ചിടത്തോളം ബന്ധപ്പെട്ടവർ അവർക്ക് പറയാനുള്ളതുകൂടി കേട്ടുകഴിഞ്ഞതിനുശേഷം വരുന്ന റിപ്പോർട്ട് അതിൽനിന്നും വ്യത്യസ്തമായിട്ടുള്ളതാണ്. അതിന്റെയർത്ഥം ആദ്യത്തെ റിപ്പോർട്ട് പൂർണ്ണമല്ല എന്നുള്ളതാണ്. ആ അടിസ്ഥാനത്തിലുള്ള പിശക് ഉണ്ടായിട്ടുണ്ട്.

പ്രൊഫ. എൻ. ജയരാജ്: 73.28 ശതമാനമാണ് ഇക്കണോമിക് റിവ്യൂയിൽ കാണിച്ചിരിക്കുന്നത്. വെബ്സൈറ്റിനകത്ത് 86.13 എന്നാണ്. 12 ശതമാനത്തിന്റെ ഡിഫറൻസ് വരുന്നു. അത് എന്തുകൊണ്ടാണ് ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: അത് പരിശോധിക്കാം. ബഹുമാനപ്പെട്ട മെമ്പർമാരിൽ ചിലർ ഇവിടെ വളരെ ആവേശത്തോടകൂടിയാണ് സംസാരിച്ച് ഉപസംഹരിച്ചത്. എല്ലാം തീർന്നു എന്നുള്ള മട്ടിലാണ്. അങ്ങനെയൊരു ആവേശത്തിന്റെ കാര്യമില്ല. അതിന് ഉദാഹരണം പറയുന്നത് കണ്ണൂരാണ്. കണ്ണൂർ എല്ലാവർക്കും അറിയുന്നതല്ലേ ? നിയമസഭാ തെരഞ്ഞെടുപ്പ് നടന്നതിനുശേഷം ഇതേവരെ ഇടതുപക്ഷം ജയിച്ചു എന്ന് കേട്ടിട്ടില്ല. നിങ്ങൾ സ്ഥിരമായി ജയിക്കുന്ന ചില മണ്ഡലങ്ങളുണ്ട്. ഞങ്ങൾ സ്ഥിരമായി ജയിക്കുന്ന മണ്ഡലങ്ങളുമുണ്ട്. മറ്റുള്ളത് അങ്ങോട്ടുമിങ്ങോട്ടും മാറിയെന്ന് വരും. അതുവച്ച് ഊറ്റം കൊള്ളേണ്ട. ഇവിടെ തദ്ദേശ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പിൽ നിങ്ങൾ ജയിക്കുമെന്നാണല്ലോ പറയുന്നത്. പക്ഷേ ഞങ്ങൾക്ക് ഒന്നേ പറയാനുള്ളൂ. തോൽക്കാൻ ഞങ്ങൾക്ക് മനസ്സില്ല. അങ്ങനെ തോറ്റുതരാൻ ഞങ്ങൾ തയ്യാറല്ല. അത്തരത്തിലുള്ള അവകാശവാദം കൊണ്ടൊന്നും കാര്യം ശരിയാവില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണി കഴിഞ്ഞ നാലുവർഷക്കാലത്തെ ഭരണംകൊണ്ട് ഒരുപക്ഷേ കേരളത്തിന്റെ ചരിത്രത്തിൽ ഇന്നേവരെ നടക്കാത്ത രീതിയിലുള്ള വികസന പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്. നിങ്ങളുടെ നേതാക്കന്മാർ ഇപ്പുറത്തിരുന്ന് ഭരിക്കുന്ന കാലഘട്ടത്തിൽ നിങ്ങളുടെ മണ്ഡലത്തിൽ കിട്ടിയതിന്റെ നൂറിരട്ടിയാണ് ഇപ്പോൾ കിട്ടിയിട്ടുള്ളത്. അന്ന് ലക്ഷങ്ങൾ തികയാതെ നടക്കുന്നവരായിരുന്നു നിങ്ങൾ. അത് എല്ലാ മണ്ഡലങ്ങളിലുമുണ്ട്. വികസനത്തിന്റെ കാര്യത്തിൽ വ്യത്യസ്തമായ ഒരു നിലപാട് ഞങ്ങൾക്കുണ്ട്. നമ്മുടെ സമൂഹത്തിൽ കാണുന്ന ആളുകൾ ഒരുപോലെയല്ല, പല തരക്കാരാണ്. ഭൂരിപക്ഷവും അന്നന്ന് ജീവിക്കാൻ പ്രയാസപ്പെടുന്നവരാണ്. ആ പാവപ്പെട്ടവരുടെ ജീവിതം മെച്ചപ്പെടുത്താനുള്ള വികസന പദ്ധതികളാണ് ഈ ഗവൺമെന്റ് കൊണ്ടുവരുന്നത്. ഈ ഗവൺമെന്റിന്റെ കാലത്ത് വികസന പ്രവർത്തനങ്ങൾക്ക് പണം ഒരു തടസ്സമായിട്ടില്ല. രാജ്യത്തിന്റെ കാർഷിക മേഖലയ്ക്ക് പുതിയ ഉണർവ്വ് നൽകി, വ്യവസായരംഗം, ആരോഗ്യരംഗം, ഏത് രംഗത്തായാലും ഇന്നേവരെ കാണാത്ത രീതിയിലുള്ള മുന്നേറ്റമുണ്ടാക്കി.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ചിക്കുൻഗുനിയ. . . . . . .

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : ചിക്കുൻ ഗുനിയയെന്ന്..... ആനക്കാര്യം പറയുമ്പോൾ ചേനക്കാര്യം പറയുകയാണ്, ഇതെന്തു വർത്തമാനമാണ് ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഞാൻ ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നു. കേരള സംസ്ഥാനത്തെ ജനങ്ങൾ പനി കൊണ്ട് വളരെ വിഷമിച്ചിരിക്കുകയാണ്. ചിക്കുൻഗുനിയയുണ്ട്, ഡെങ്കിപ്പനിയുണ്ട്, എലിപ്പനിയുണ്ട്. എല്ലാവിധ സാംക്രമിക രോഗങ്ങളുമുണ്ട്. ആ രോഗമുള്ള ആളുകളെ ഇങ്ങനെയൊരു മന്ത്രി എഴുന്നേറ്റു നിന്ന് അധിക്ഷേപിക്കുന്നത് ശരിയാണോ ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : ബഹുമാനപ്പെട്ട സഭയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്നാണ്.

ധനാഭ്യർത്ഥന നമ്പർ XXII- നഗരവികസനം

മി. സ്പീക്കർ : സർവ്വശ്രീ. എൻ. ശക്തൻ, പി. സി. വിഷ്ണുനാഥ്, എ. പി. അബ്ദുള്ളക്കുട്ടി, എം. എ. വാഹിദ്, ജി. കാർത്തികേയൻ, ജോർജ്ജ് മേഴ്സിയർ, റ്റി. എൻ. പ്രതാപൻ, തിരുവഞ്ചൂർ രാധാകൃഷ്ണൻ, എ. എ. ഷുക്കൂർ, അബ്ദുറഹിമാൻ രണ്ടത്താണി, എം. ഉമ്മർ, തോമസ് ഉണ്ണിയാടൻ, ജോസഫ് എം. പുതുശ്ശേരി, കെ. ബി. ഗണേഷ് കുമാർ, റോഷി അഗസ്റ്റിൻ, കെ. പി. മോഹനൻ, ഡൊമിനിക് പ്രസന്റേഷൻ, തേറമ്പിൽ രാമകൃഷ്ണൻ, അടൂർ പ്രകാശ്, കെ. ബാബു, കെ. സി. ജോസഫ്, ആര്യാടൻ മുഹമ്മദ് പ്രൊഫ. എൻ. ജയരാജ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനക്ക് അവതരിപ്പിച്ച കട്ട്മോഷനുകൾ പ്രസ്സ് ചെയ്യുന്നുണ്ടോ ?

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ...................

* കട്ട്മോഷനുകൾ സഭ തള്ളിയിരിക്കുന്നു.

നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2010-2011 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കാനായി അനുവദിക്കണമെന്ന പ്രമേയത്തെ..............

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ.................

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെ പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അനുകൂലിക്കുന്നവർ :

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. മഞ്ഞളാംകുഴി അലി
5. " അൽഫോൺസ് കണ്ണന്താനം
6. " ആനത്തലവട്ടം ആനന്ദൻ
7. " എൻ. അനിരുദ്ധൻ
8. " എ. എം. ആരിഫ്
9. ശ്രീമതി ജെ. അരുന്ധതി
10. ശ്രീ. ബാബു എം. പാലിശ്ശേരി
11. " ബാബു പോൾ
12. " എം. എ. ബേബി
13. " കോടിയേരി ബാലകൃഷ്ണൻ
14. " എ. കെ. ബാലൻ
15. " പള്ളിപ്രം ബാലൻ
16. " ബിനോയ് വിശ്വം
17. " എ. കെ. ചന്ദ്രൻ
18. " എം. ചന്ദ്രൻ
19. " വി. ചെന്താമരാക്ഷൻ
20. " ബി. ഡി. ദേവസ്സി
21. " സി. എം. ദിനേശ് മണി
22. " പി. കെ. ഗുരുദാസൻ
23. " എം. ഹംസ
24. " എം. ജെ. ജേക്കബ്
25. " കെ. കെ. ജയചന്ദ്രൻ
26. " പി. ജയരാജൻ

27. ശ്രീ. ജോസ് തെറ്റയിൽ
28. " എളമരം കരീം
29. " പി. കൃഷ്ണപ്രസാദ്
30. " സി. എച്ച്. കുഞ്ഞമ്പു
31. " കെ. കുഞ്ഞഹമ്മത് മാസ്റ്റർ
32. " കെ. വി. കുഞ്ഞിരാമൻ
33. ശ്രീമതി കെ. കെ. ലതിക
34. ശ്രീ. പാലോളി മുഹമ്മദ് കുട്ടി
35. " എ. സി. മൊയ്തീൻ
36. " മുരളി പെരുനെല്ലി
37. " സി. കെ. പി. പത്മനാഭൻ
38. " എ. പ്രദീപ്കുമാർ
39. " എം. പ്രകാശൻ മാസ്റ്റർ
40. " എം. കെ. പുരുഷോത്തമൻ
41. " കോലിയക്കോട് രാധാകൃഷ്ണൻ
42. " കെ. സി. രാജഗോപാലൻ
43. " രാജാജി മാത്യു തോമസ്
44. " കെ. പി. രാജേന്ദ്രൻ
45. " എസ്. രാജേന്ദ്രൻ
46. " രാജു എബ്രഹാം
47. " കെ. രാജു
48. " രാമചന്ദ്രൻ കടന്നപ്പള്ളി
49. " സി. കെ. സദാശിവൻ
50. " സാജു പോൾ
51. ശ്രീമതി കെ. എസ്. സലീഖ
52. ശ്രീ. വി. ശശികുമാർ
53. " എസ്. ശർമ്മ
54. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

LIBRARY ARCHIVES Kerala Legislative Assembly

55. ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്

56. " വി. ശിവൻകുട്ടി

57. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ

58. ശ്രീ. ജി. സുധാകരൻ

59. " വി. എസ്. സുനിൽ കുമാർ

60. " വി. സുരേന്ദ്രൻപിള്ള

61. " വി. ജെ. തങ്കപ്പൻ

62. " പി. തിലോത്തമൻ

63. ഡോ. തോമസ് ഐസക്

64. ശ്രീ. വി. എൻ. വാസവൻ

65. " എം. വിജയകുമാർ

66. " പി. വിശ്വൻ

67. " എ. എം. യൂസഫ്

പ്രതികൂലിക്കുന്നവർ :

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

2. " അബ്ദുറഹിമാൻ രണ്ടത്താണി

3. " എ. പി. അനിൽകുമാർ

4. " കെ. ബാബു

5. " ഡൊമിനിക് പ്രസന്റേഷൻ

6. " പി. സി. ജോർജ്

7. " ജോർജ് മേഴ്സിയർ

8. പ്രൊഫ. എൻ. ജയരാജ്

9. ശ്രീ. കെ. സി. ജോസഫ്

10. " ജോസഫ് എം. പുതുശ്ശേരി

11. " വർക്കല കഹാർ

12. " ജി. കാർത്തികേയൻ

13. " റ്റി. യു. കുരുവിള

14. " കെ. പി. മോഹനൻ

LIBRARY ARCHIVES Kerala Legislative Assembly

15. ശ്രീ. സി. പി. മുഹമ്മദ്

16. " എം. മുരളി

17. " ഉമ്മൻ ചാണ്ടി

18. " റ്റി. എൻ. പ്രതാപൻ

19. " തിരുവഞ്ചൂർ രാധാകൃഷ്ണൻ

20. " തേറമ്പിൽ രാമകൃഷ്ണൻ

21. " യു. സി. രാമൻ

22. " റോഷി അഗസ്റ്റിൻ

23. " എൻ. ശക്തൻ

24. " വി. ഡി. സതീശൻ

25. " കെ. ശിവദാസൻ നായർ

26. " തോമസ് ഉണ്ണിയാടൻ

27. " എം. ഉമ്മർ

28. " എം. എ. വാഹിദ്

29. " പി. സി. വിഷ്ണുനാഥ്

നിഷ്പക്ഷത പാലിക്കുന്നവർ -ആരുമില്ല

മി. സ്പീക്കർ : അനുകൂലിക്കുന്നവർ -67

പ്രതികൂലിക്കുന്നവർ -29

നിഷ്പക്ഷത പാലിക്കുന്നവർ- ആരുമില്ല.

പ്രമേയം പാസ്സായിരിക്കുന്നു ; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXV - പഞ്ചായത്ത്

മി. സ്പീക്കർ : സർവ്വശ്രീ ഡൊമിനിക് പ്രസന്റേഷൻ, തേറമ്പിൽ രാമകൃഷ്ണൻ, കെ. ബാബു, അടൂർ പ്രകാശ്, കെ. സി. ജോസഫ്, ആര്യാടൻ മുഹമ്മദ്, പി. സി. വിഷ്ണുനാഥ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, എൻ. ശക്തൻ, എം. എ. വാഹിദ്, എം. ഉമ്മർ, അബ്ദുറഹിമാൻ രണ്ടത്താണി, ജി. കാർത്തികേയൻ, ജോർജ് മേഴ്സിയർ, റ്റി. എൻ. പ്രതാപൻ, എ. എ. ഷുക്കൂർ, തോമസ് ഉണ്ണിയാടൻ, ജോസഫ് എം. പുതുശ്ശേരി, കെ. ബി. ഗണേശ് കുമാർ, റോഷി അഗസ്റ്റിൻ, കെ. പി. മോഹനൻ, പ്രൊഫ. എൻ. ജയരാജ്, എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച കട്ട്മോഷനുകൾ പ്രസ്സ് ചെയ്യുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ...................

കട്ട്മോഷനുകൾ സഭ തള്ളിയിരിക്കുന്നു.

പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2010-11 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കാനായി അനുവദിക്കണമെന്ന പ്രമേയത്തെ.............

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ.................

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ :

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. " പി. ബി. അബ്ദുള്ളക്കുട്ടി
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. മഞ്ഞളാംകുഴി അലി
5. " അൽഫോൺസ് കണ്ണന്താനം
6. " ആനത്തലവട്ടം ആനന്ദൻ
7. " എൻ. അനിരുദ്ധൻ
8. " എ. എം. ആരിഫ്
9. ശ്രീമതി ജെ. അരുന്ധതി
10. ശ്രീ. ബാബു എം. പാലിശ്ശേരി
11. " ബാബു പോൾ
12. " എം. എ. ബേബി
13. " കോടിയേരി ബാലകൃഷ്ണൻ
14. " എ. കെ. ബാലൻ
15. " പള്ളിപ്രം ബാലൻ
16. " ബിനോയ് വിശ്വം

LIBRARY ARCHIVES Kerala Legislative Assembly

17. ശ്രീ. എ. കെ. ചന്ദ്രൻ
18. " എം. ചന്ദ്രൻ
19. " വി. ചെന്താമരാക്ഷൻ
20. " ബി. ഡി. ദേവസ്സി
21. " സി. എം. ദിനേശ് മണി
22. " പി. കെ. ഗുരുദാസൻ
23. " എം. ഹംസ
24. " എം. ജെ. ജേക്കബ്
25. " കെ. ടി. ജലീൽ
26. " കെ. കെ. ജയചന്ദ്രൻ
27. " പി. ജയരാജൻ
28. " ജോസ് ബേബി
29. " എളമരം കരീം
30. " പി. കൃഷ്ണപ്രസാദ്
31. " സി. എച്ച്. കുഞ്ഞമ്പു
32. " കെ. കുഞ്ഞമ്മത് മാസ്റ്റർ
33. " കെ. വി. കുഞ്ഞിരാമൻ
34. ശ്രീമതി കെ. കെ. ലതിക
35. ശ്രീ. പാലോളി മുഹമ്മദ് കുട്ടി
36. " എ. സി. മൊയ്തീൻ
37. " എം. എം. മോനായി
38. " മുരളി പെരുനെല്ലി
39. " സി. കെ. പി. പത്മനാഭൻ
40. " എ. പ്രദീപ്കുമാർ
41. " എം. പ്രകാശൻ മാസ്റ്റർ
42. " എം. കെ. പുരുഷോത്തമൻ
43. " മാങ്കോട് രാധാകൃഷ്ണൻ
44. " പി. ടി. എ. റഹീം

LIBRARY ARCHIVES Kerala Legislative Assembly

45. ശ്രീ. കെ. സി. രാജഗോപാലൻ
46. " രാജാജി മാത്യു തോമസ്
47. " കെ. പി. രാജേന്ദ്രൻ
48. " എസ്. രാജേന്ദ്രൻ
49. " രാജു എബ്രഹാം
50. " കെ. രാജു
51. " രാമചന്ദ്രൻ കടന്നപ്പള്ളി
52. " സി. കെ. സദാശിവൻ
53. " സാജു പോൾ
54. ശ്രീമതി കെ. എസ്. സലീഖ
55. ശ്രീ. വി. ശശികുമാർ
56. " എസ്. ശർമ്മ
57. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
58. ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്
59. " വി. ശിവൻകുട്ടി
60. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
61. ശ്രീ. ജി. സുധാകരൻ
62. " വി. എസ്. സുനിൽ കുമാർ
63. " വി. സുരേന്ദ്രൻപിള്ള
64. " വി. ജെ. തങ്കപ്പൻ
65. " പി. തിലോത്തമൻ
66. ഡോ. തോമസ് ഐസക്
67. ശ്രീ. വി. എൻ. വാസവൻ
68. " എം. വിജയകുമാർ
69. " പി. വിശ്വൻ
70. " എ. എം. യൂസഫ്

1212/13

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പ്രതികൂലിക്കുന്നവർ :

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. " അബ്ദുറഹിമാൻ രണ്ടത്താണി
3. " എ. പി. അനിൽ കുമാർ
4. " കെ. ബാബു
5. " ഡൊമിനിക് പ്രസന്റേഷൻ
6. " പി. സി. ജോർജ്
7. " ജോർജ് മേഴ്സിയർ
8. പ്രൊഫ. എൻ. ജയരാജ്
9. ശ്രീ. കെ. സി. ജോസഫ്
10. " ജോസഫ് എം. പുതുശ്ശേരി
11. " വർക്കല കഹാർ
12. " ജി. കാർത്തികേയൻ
13. " റ്റി. യു. കുരുവിള
14. " കെ. പി. മോഹനൻ
15. " സി. പി. മുഹമ്മദ്
16. " എം. മുരളി
17. " ഉമ്മൻ ചാണ്ടി
18. " റ്റി. എൻ. പ്രതാപൻ
19. " തിരുവഞ്ചൂർ രാധാകൃഷ്ണൻ
20. " തേറമ്പിൽ രാമകൃഷ്ണൻ
21. " യു. സി. രാമൻ
22. " റോഷി അഗസ്റ്റിൻ
23. " എൻ. ശക്തൻ
24. " വി. ഡി. സതീശൻ
25. " കെ. ശിവദാസൻ നായർ
26. " തോമസ് ഉണ്ണിയാടൻ

27. ശ്രീ. എം. ഉമ്മർ

28. " എം. എ. വാഹിദ്

29. " പി. സി. വിഷ്ണുനാഥ്

നിഷ്പക്ഷത പാലിക്കുന്നവർ -ആരുമില്ല

മി. സ്പീക്കർ : അനുകൂലിക്കുന്നവർ -70

പ്രതികൂലിക്കുന്നവർ -29

നിഷ്പക്ഷത പാലിക്കുന്നവർ- ആരുമില്ല.

പ്രമേയം പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXVI -സാമൂഹ്യവികസനം

മി. സ്പീക്കർ : സർവ്വശ്രീ എ. പി. അനിൽകുമാർ, എ. പി. അബ്ദുള്ളക്കുട്ടി, ജി. കാർത്തികേയൻ, എൻ. ശക്തൻ, പി. സി. വിഷ്ണുനാഥ്, എം. എ. വാഹിദ്, ജോർജ് മേഴ്സിയർ, റ്റി. എൻ. പ്രതാപൻ, തിരുവഞ്ചൂർ രാധാകൃഷ്ണൻ, എ. എ. ഷുക്കൂർ, ഡൊമിനിക് പ്രസന്റേഷൻ, തേറമ്പിൽ രാമകൃഷ്ണൻ, തോമസ് ഉണ്ണിയാടൻ, കെ. ബി. ഗണേശ് കുമാർ, റോഷി അഗസ്റ്റിൻ, എം. ഉമ്മർ, അബ്ദുറഹിമാൻ രണ്ടത്താണി, കെ. പി. മോഹനൻ, പ്രൊഫ. എൻ. ജയരാജ്, എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ സാമൂഹ്യവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച കട്ട്മോഷനുകൾ പ്രസ്സ് ചെയ്യുന്നുണ്ടോ ?

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ..............

കട്ട്മോഷനുകൾ സഭ തള്ളിയിരിക്കുന്നു.

സാമൂഹ്യവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2010-11 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കാനായി അനുവദിക്കണമെന്ന പ്രമേയത്തെ.............

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ................

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

1212/13

LIBRARY ARCHIVES Kerala Legislative Assembly

അനുകൂലിക്കുന്നവർ :

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. " പി. പി. അബ്ദുള്ളക്കുട്ടി
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. മഞ്ഞളാംകുഴി അലി
5. " അൽഫോൺസ് കണ്ണന്താനം
6. " ആനത്തലവട്ടം ആനന്ദൻ
7. " എൻ. അനിരുദ്ധൻ
8. " എ. എം. ആരിഫ്
9. ശ്രീമതി ജെ. അരുന്ധതി
10. ശ്രീ. ബാബു എം. പാലിശ്ശേരി
11. " ബാബു പോൾ
12. " എം. എ. ബേബി
13. " കോടിയേരി ബാലകൃഷ്ണൻ
14. " എ. കെ. ബാലൻ
15. " പള്ളിപ്രം ബാലൻ
16. " ബിനോയ് വിശ്വം
17. " എ. കെ. ചന്ദ്രൻ
18. " എം. ചന്ദ്രൻ
19. " വി. ചെന്താമരാക്ഷൻ
20. " ബി. ഡി. ദേവസ്സി
21. " സി. എം. ദിനേശ് മണി
22. " പി. കെ. ഗുരുദാസൻ
23. " എം. ഹംസ
24. " എം. ജെ. ജേക്കബ്
25. " കെ. ടി. ജലീൽ
26. " കെ. കെ. ജയചന്ദ്രൻ

LIBRARY ARCHIVES Kerala Legislative Assembly

27. ശ്രീ. പി. ജയരാജൻ
28. " ജോസ് ബേബി
29. " എളമരം കരീം
30. " പി. കൃഷ്ണപ്രസാദ്
31. " സി. എച്ച്. കുഞ്ഞമ്പു
32. " കെ. കുഞ്ഞമ്മത് മാസ്റ്റർ
33. " കെ. വി. കുഞ്ഞിരാമൻ
34. ശ്രീമതി കെ. കെ. ലതിക
35. ശ്രീ. പാലോളി മുഹമ്മദ് കുട്ടി
36. " എ. സി. മൊയ്തീൻ
37. " എം. എം. മോനായി
38. " മുരളി പെരുനെല്ലി
39. " സി. കെ. പി. പത്മനാഭൻ
40. " എ. പ്രദീപ്കുമാർ
41. " എം. പ്രകാശൻ മാസ്റ്റർ
42. " എം. കെ. പുരുഷോത്തമൻ
43. " മാങ്കോട് രാധാകൃഷ്ണൻ
44. " പി. ടി. എ. റഹീം
45. " കെ. സി. രാജഗോപാലൻ
46. " രാജാജി മാത്യു തോമസ്
47. " കെ. പി. രാജേന്ദ്രൻ
48. " എസ്. രാജേന്ദ്രൻ
49. " രാജു എബ്രഹാം
50. ". കെ. രാജു
51. " രാമചന്ദ്രൻ കടന്നപ്പള്ളി
52. " സി. കെ. സദാശിവൻ
53. " സാജു പോൾ

LIBRARY ARCHIVES Kerala Legislative Assembly

54. ശ്രീമതി കെ. എസ്. സലീഖ

55. ശ്രീ. വി. ശശികുമാർ

56. " എസ്. ശർമ്മ

57. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

58. ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്

59. " വി. ശിവൻകുട്ടി

60. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ

61. ശ്രീ. ജി. സുധാകരൻ

62. " വി. എസ്. സുനിൽ കുമാർ

63. " വി. സുരേന്ദ്രൻപിള്ള

64. " വി. ജെ. തങ്കപ്പൻ

65. " പി. തിലോത്തമൻ

66. ഡോ. തോമസ് ഐസക്

67. ശ്രീ. വി. എൻ. വാസവൻ

68. " എം. വിജയകുമാർ

69. " പി. വിശ്വൻ

70. " എ. എം. യൂസഫ്

പ്രതികൂലിക്കുന്നവർ :

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

2. " അബ്ദുറഹിമാൻ രണ്ടത്താണി

3. " എ. പി. അനിൽ കുമാർ

4. " കെ. ബാബു

5. " ഡൊമിനിക് പ്രസന്റേഷൻ

6. " പി. സി. ജോർജ്

7. " ജോർജ് മേഴ്സിയർ

8. പ്രൊഫ. എൻ. ജയരാജ്

9. ശ്രീ. കെ. സി. ജോസഫ്

10. " ജോസഫ് എം. പുതുശ്ശേരി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

11. ശ്രീ. വർക്കല കഹാർ

12. " ജി. കാർത്തികേയൻ

13. " റ്റി. യു. കുരുവിള

14. " കെ. പി. മോഹനൻ

15. " സി. പി. മുഹമ്മദ്

16. " എം. മുരളി

17. " ഉമ്മൻ ചാണ്ടി

18. " റ്റി. എൻ. പ്രതാപൻ

19. " തിരുവഞ്ചൂർ രാധാകൃഷ്ണൻ

20. " തേറമ്പിൽ രാമകൃഷ്ണൻ

21. " യു. സി. രാമൻ

22. " റോഷി അഗസ്റ്റിൻ

23. " എൻ. ശക്തൻ

24. " വി. ഡി. സതീശൻ

25. " കെ. ശിവദാസൻ നായർ

26. " തോമസ് ഉണ്ണിയാടൻ

27. " എം. ഉമ്മർ

28. " എം. എ. വാഹീദ്

29. " പി. സി. വിഷ്ണുനാഥ്

നിഷ്പക്ഷത പാലിക്കുന്നവർ -ആരുമില്ല

മി. സ്പീക്കർ : അനുകൂലിക്കുന്നവർ -70

പ്രതികൂലിക്കുന്നവർ -29

നിഷ്പക്ഷത പാലിക്കുന്നവർ- ആരുമില്ല.

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ..................ഓർഡർ സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2010 ജൂലൈമാസം 20-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ വൈകുന്നേരം 3.15-ന് പിരിഞ്ഞു)